KNM
PUBLISHING WING
KERALA NADVATHUL MUJAHIDEEN



# ഫാത്തിഹയുടെ തീരത്ത്

കെ. ഉമർ മൗലവി



**FATHIHAYUDE THEERATH** (MALAYALAM)

| | | |
|---|---|---|
| Author | : | **K. UMAR MOULAVI** |
| Revised Edition | : | 2010 APRIL |
| Published by | : | K.N.M. Publishing Wing,<br>Mujahid Centre, Calicut-2. |
| Printed at | : | Premier Offset Prints, Calicut. |
| Arabic Dtp | : | Shanavas |
| Price | : | **Rs. 55.00/-** |

# ഫാത്തിഹയുടെ തീരത്ത്

കെ. ഉമർ മൗലവി

കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്
മുജാഹിദ് സെന്റർ, കോഴിക്കോട്-2

# പ്രസ്താവന

പണ്ഡിതനും, എഴുത്തുകാരനും, പത്ര പ്രവർത്തകനും മറ്റു പലതുമായിരുന്ന പരേതനായ കെ. ഉമർ മൗലവിയുടെ പ്രശസ്ത രചനകളിലൊന്നാണ് 'ഫാത്തിഹയുടെ തീരത്ത്'' എന്ന ഈ ഗ്രന്ഥം. പതിറ്റാണ്ടുകൾ നീണ്ടു നിന്ന രചനാ സപര്യക്കിടയിൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും നിർഗളിച്ച മഹത്തായ അക്ഷരങ്ങളുടെ കോർവയാണ് ഈ കൃതി. വിശ്വാസി അറിഞ്ഞിരിക്കേണ്ട നിരവധി കാര്യങ്ങൾ ഇതിലുണ്ട്. ക്വുർആനും, ഹദീഥും പൻബലമാക്കിയുള്ള ചർച്ചകളും, ചിന്തകളുമായി നമ്മോട് സംവദിക്കുകയാണ് ഗ്രന്ഥകാരൻ.

ഈ മഹദ് രചനയുടെ പിന്നിലെ ശ്രമങ്ങൾക്ക് അദ്ദേഹത്തിന്ന് കരുണാവാരിധി അർഹമായ പ്രതിഫലം നല്കട്ടെ. ഗ്രന്ഥം അഭിമാന പൂർവം അനുവാചർക്കായി സമർപ്പിക്കുന്നു.

*- പ്രസാധകർ*

# താളുകൾ മറിക്കുമ്പോൾ


പേജ്

1. ബിസ്മില്ലാഹി.............

അല്ലാഹുവിന്റെ പേരിൽ എന്നതിന്റെ സാരം 11

2. വെള്ളം കുടിക്കുമ്പോൾ ബിസ്മിചൊല്ലലിൽഅടങ്ങിയ മൂന്നു തത്വങ്ങൾ 12

3. നേർച്ചജീവിയെ അറുക്കുമ്പോൾ ബിസ്മിചൊല്ലൽ 13

4. റഹ്മാൻ എന്ന പദത്തിന്റെ അർത്ഥം 15

5. മഹാകാരുണികൻ സിംഹാസനത്തിൽ ഇരുന്നു 16

6. അല്ലാഹുവിന്റെ ഗുണങ്ങളെ സംബന്ധിച്ച് അഹ്ലുസ്സുന്നത്തിന്റെനിലപാട് 17

7. റഹീം എന്ന പദത്തിന്റെ അർത്ഥം 17

8 ബിസ്മിയിലെ തവസ്സുൽ 18

9 ബിസ്മിയിൽ അടങ്ങിയ യഥാർത്ഥ തൗഹീദ് 18

10 സുന്നികളുടെ കാര്യം മഹാകഷ്ടം 18

11 അൽഹംദുലില്ലാഹി റബ്ബിൽആലമീൻ 19

12 സ്തുതിക്കുന്നതിന്റെ കാരണം 20

13 വർഗ്ഗീയതക്കപ്പുറം 21

14 അന്യരെ അറിയുക 22

15 അർറഹ്മാനിർറഹീം 23

16 നന്ദികേടും ഫലവും 23

17 അല്ലാഹുവിന്റെ അത്ഭുതകരമായ ക്ഷമ 24

18 ക്രിസ്ത്യാനികൾ അല്ലാഹുവിനെപറ്റി പറയുന്ന അപവാദം 24

19 ഖുർആൻ മഹത്തായ കരുണ 27

20 കരുണയുടെ ആഴവും പരപ്പും 28

21 മാലികി യൗമിദ്ദീൻ 30

22 പരലോകത്തിന്റെ പ്രസക്തി 30

23 പരീക്ഷാഫലം അനാവശ്യമോ? 32

24 അത്ഭുതകരം 34
25 പരലോക കാരുണ്യം 35
26 മനുഷ്യക്കോടതിയുടെ പരാജയം 36
27 മനഃസാക്ഷിയുടെ താൽപര്യം 37
28 പ്രവചനം കാത്തിരിക്കുക 39
29 ഇയ്യാകനഅ്ബുദു വഇയ്യാക്കനസ്തഈൻ 42
30 ആരാധനയുടെ കഴമ്പ് 48
31 മറഞ്ഞതിലെ വിശ്വാസം 50
32 മന്ത്രവാദം 54
33 രണ്ടു പിശകുകൾ 1. സി.എൻ് മൗലവിയുടേത് 55
2. മൗദൂദി സാഹിബിന്റേത് 56
34 ദുർവ്യാഖ്യാനത്തിന്റെ അപകടം 58
35 ദിവ്യസഹായത്തിന്റെ ആവശ്യകത 58
36 സൃഷ്ടിയുടെ കഴിവും സ്രഷ്ടാവിന്റെ കഴിവും 56
37 ഇഹ്ദിനസ്വിറാത്വൽമുസ്തഖീം 64
38 കാണിക്കലും നയിക്കലും 64
39 രണ്ടുപേർ ഇവിടേയും 65
40 നയിക്കാൻ തേടുന്നതെന്തിന്? 66
41 സ്വിറാത്വല്ലദീന അൻഅംത അലൈഹിം 69
42 ഗൈരിൽ മഗ്ദൂബി അലൈഹിം 71
43 നിഷിദ്ധംതടയുക 71
44 ഉപദേശവും ഫലവും 77
45 അറിവ് നൽകുന്ന കടമ 78
46 വാക്കും പ്രവൃത്തിയും 79
47 സത്യം മറച്ചുവെക്കൽ 80
48 പലിശ 82

49 സ്വർഗ്ഗഭോഗം 82
50 അളവും തൂക്കവും 83
51 ചീത്ത കൂട്ടുകാർ 83
52 പ്രാവർത്തികമാക്കാത്ത ഓത്ത് 87
53 വർഗ്ഗീയത 87
54 ദുർവ്യാഖ്യാനം 88
55 ആഭിചാരവും മന്ത്രവാദവും 90
56 ജിബ്രീലിനോട് ശത്രുത 93
57 ഗ്രന്ഥംചുമക്കുന്ന കഴുതകൾ 97
58 ജാറം 99
59 കൈക്കൂലി 102
60 കോപത്തിനു കാരണമായ തുണി താഴ്ത്തിയിടൽ 106
61 ദാനത്തിലൂടെ ഉപദ്രവം 108
62 കള്ളക്കച്ചവടം 108
63 വഴിപിഴച്ചവർ 109
64 ബിദ്അത്തുകൾ 110
65 ബിദ്അത്തുകാരനെ ഒറ്റപ്പെടുത്തുക 116
66 സംഘടിത തറാവീഹ് ബിദ്അത്തല്ല 118
67 ബിദ്അത്തിൽ നല്ലതോ ? 119
68 ദീനിൽ പുതിയതും ദുനിയാവിൽ പുതിയതും 123
69 വിശ്വാസങ്ങളിലെ ബിദ്അത്ത് 125
70 അല്ലാഹു മുകളിൽ 126
71 അമ്പത് അഖീദഃ 128
72 ഇടയാളന്മാർ 131
73 തഖ്ലീദ് 131

بسم الله الرحمن الرحيم

## ബിസ്മില്ലാഹിർറഹ്മാനിർറഹീം

## (മഹാ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ പേരിൽ)

"അല്ലാഹുവിന്റെ പേരിൽ" എന്നുവെച്ചാൽ ഞാൻ ഈ വിഷയം ആരംഭിക്കുന്നത് ഇത് അല്ലാഹു അനുവദിച്ചിട്ടുള്ളതുകൊണ്ടും (അല്ലെങ്കിൽ അല്ലാഹു ആജ്ഞാപിച്ചതായതുകൊണ്ടും) ഇത് പൂർത്തിയാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും എന്നെ അവൻ സഹായിക്കുമെന്ന വിശ്വാസത്തോടും ആശയോടുംകൂടിയുമാകുന്നു. അവന്റെ അനുവാദം (അല്ലെങ്കിൽ കല്പന) ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഇതിനു മുതിരുകയില്ലായിരുന്നു. ഞാൻ യാതൊന്നിനും കഴിയാത്തവനാണെങ്കിലും എന്റെ യജമാനനായ അല്ലാഹു എല്ലാറ്റിനും കഴിയുന്നവനാകുന്നു. എനിക്ക് യാതൊരു കഴിവുമില്ലാത്തതുപോലെതന്നെ എന്നെ സഹായിക്കാൻ കഴിയുന്നവരായി വേറെ ആരുമില്ല. അതുകൊണ്ട് അല്ലാഹുവിനെ മുൻനിറുത്തി ഈ കാര്യത്തിൽ ഞാൻ ഏർപ്പെടുന്നു.

ഇതാണ് ഒരു വിഷയം തുടങ്ങുമ്പോൾ "അല്ലാഹുവിന്റെ പേരിൽ" എന്നു പറയുന്നതിന്റെ സാരം. 'പേരിൽ' എന്ന പദം വളരെ അർത്ഥപുഷ്ടിയുള്ളതാണ്. ഗുരുതരമായ ഒരു കാര്യത്തെകുറിച്ച് വിവരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു പ്രാസംഗികൻ "ഇസ്ലാമിന്റെ പേരിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു" എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം വളരെ വ്യക്തമാണ്. നിങ്ങളോട് ഇത് പറയുന്നത് ഞാനാണെങ്കിലും വാസ്തവത്തിൽ ഞാനല്ല ഇത് ആവശ്യപ്പെടുന്നത്; ഇത് ഇസ്ലാമിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഞാനിങ്ങിനെ പറയുന്നത്. അല്ലാതെ എന്റെ സ്വന്തം നിലക്ക് എനിക്കിത് പറയാൻ അവകാശമില്ല. ഇത് നിങ്ങൾ കൈകൊള്ളുന്ന പക്ഷം വാസ്തവത്തിൽ ഇസ്ലാംദീനിന്റെ കല്പനകൾ നിങ്ങൾ നിരസിച്ചു എന്നുവരും.

"അല്ലാഹുവിന്റെ പേരിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു" എന്ന് പ്രാസംഗികൻ പറഞ്ഞാലും ഇതേമാതിരി താൽപര്യംതന്നെയാണ് ഉദ്ദേശിക്കപ്പെടുന്നത്.

ഒരു ഗവണ്മെന്റ് പ്രതിനിധി കാര്യമായ ഒരു സംഗതി ഔദ്യോഗികമായി പ്രവർത്തിക്കുകയോ പറയുകയോ ചെയ്യുമ്പോൾ ഇന്ത്യാഗവണ്മെൻറിന്റെ പേരിൽ എന്ന് പറഞ്ഞാലും സാരം ഇതുപോലെതന്നെയാണ്.ഈ പ്രയോഗം എല്ലാ ഭാഷകളിലും ഉണ്ടായിരിക്കും.

## വെള്ളം കുടിക്കുമ്പോൾ ബിസ്മിചൊല്ലുന്നതിലടങ്ങിയ മൂന്നു തത്വങ്ങൾ

ഏതൊരു നല്ല കാര്യം ആരംഭിക്കുമ്പോഴും ബിസ്മി ചൊല്ല ണമല്ലോ. ഓരോ കാര്യത്തെ സംബന്ധിച്ചും അതാതിന് യോജിച്ച നില യിൽ പല സാരാംശങ്ങളും കണക്കിലെടുക്കേണ്ടതുണ്ടായിരിക്കും. ഉദാഹരണമായി വെള്ളം കുടിക്കുമ്പോൾ ബിസ്മി ചൊല്ലിയാൽ അർത്ഥം "അല്ലാഹുവിന്റെ പേരിൽ ഞാൻ വെള്ളം കുടിക്കുന്നു" വെന്നാണല്ലോ. ഇവിടെ പ്രധാനപ്പെട്ട മൂന്നുതത്വങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

ഒന്ന്. ഈ വെള്ളം എനിക്ക് കുടിക്കാൻ കിട്ടിയത് മഹാകാരുണി കനായ അല്ലാഹു ഔദാര്യപൂർവ്വം തന്നതുകൊണ്ടാണ്. മഴ വർഷിപ്പിച്ചും ഭൂമിയിൽനിന്ന് അരുവികൾ ഉത്ഭവിപ്പിച്ചും അതിവിശിഷ്ടമായ വെള്ളം അവൻ നമുക്ക് നൽകുന്നു. കുറച്ചുകാലം മഴപെയ്യാതിരുന്നാൽ നാമെന്ത് ചെയ്യും? മഴ പെയ്യാൻ അൽപം താമസിച്ചതുമൂലം ചൂട് വർദ്ധിക്കുകയും കുടിക്കാൻ ഇഷ്ടംപോലെ വെള്ളം കിട്ടാതെ നാം അത്യധികം വിഷമി ക്കുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങൾ ഓർത്തുനോക്കുക. അതോടുകൂടി ഈ പെയ്യുന്ന മഴവെള്ളം കുടിക്കാൻ പറ്റാതെ അരോചകമായിരുന്നുവെ ങ്കിൽ നാമെന്ത് ചെയ്യുമെന്ന് ചിന്തിക്കുക. നാൽക്കാലികളെപ്പോലെ നാം ആയാൽ ഒക്കുമോ? ഏതൊരു ബുദ്ധിയുള്ളവന്റെയും ചിന്തയെ ചലിപ്പി ക്കാൻ തക്കവണ്ണം അല്ലാഹു പറയുന്നു:

أَفَرَأَيْتُمُ الْمَاءَ الَّذِي تَشْرَبُونَ أَأَنتُمْ أَنْزَلْتُمُوهُ مِنَ الْمُزْنِ أَمْ نَحْنُ

الْمُنْزِلُونَ. لَوْ نَشَاءُ لَجَعَلْنَاهُ أُجَاجًا فَلَوْلَا تَشْكُرُونَ (الواقعة)

"നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? മേഘ ത്തിൽനിന്ന് അത് ഇറക്കിയത് നിങ്ങളാണോ? അതോ നാം തന്നെയാണോ ഇറക്കുന്നവർ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ നാം അതിനെ വളരെ കയ്പു ള്ളതാക്കുമായിരുന്നു. നിങ്ങൾ നന്ദി കാണിക്കാത്തതെന്ത്? (അൽവാ ഖിഅഃ 68,69,70)

അപ്പോൾ നമുക്ക് ഈ വെള്ളം കുടിക്കാൻ കിട്ടിയത് അല്ലാഹു വിന്റെ ഔദാര്യത്തിൽ മാത്രമാകുന്നു. അതിനാൽ കുടിക്കുന്ന സമയത്ത് അല്ലാഹുവിന്റെ ഔദാര്യത്തിന്റെ മഹത്വം ചിന്തിച്ച് നന്ദിപൂർവ്വം അവനെ സ്മരിച്ചുകൊണ്ട് അവന്റെ നാമം ജപിക്കൽ ഒരു സാമാന്യ മര്യാദയാകു ന്നു. ബുദ്ധിയുള്ള മനുഷ്യന്റെ കടമയുമാകുന്നു. ഇതൊരു അതിപുണ്യ

ത്തിന്റെ വിഷയമല്ല. ഇത് ചെയ്യാത്തവൻ മര്യാദയില്ലാത്തവനും നന്ദികെട്ടവനും നാൽക്കാലിയെപ്പോലെ ബോധമില്ലാത്തവനുമാകുന്നു. നാൽക്കാലി വെള്ളം കുടിക്കുമ്പോൾ ഒന്നും ചൊല്ലുകയില്ലല്ലോ. അഥവാ നാമറിയാതെ ചൊല്ലുന്നുണ്ടോ എന്തോ? മതശാസനയില്ല.

രണ്ട്: ഇത് കുടിക്കാൻ അല്ലാഹു അനുവദിച്ചിട്ടുള്ളതുകൊണ്ടാണ് ഞാൻ കുടിക്കുന്നത്. അല്ലെങ്കിൽ കുടിക്കുകയില്ലായിരുന്നു. റമളാൻ മാസത്തിൽ പകൽസമയത്തും, അതുപോലെ നമസ്കരിച്ചുകൊണ്ടിരിക്കുന്ന സമയത്തും കുടിക്കുകയില്ലല്ലോ. കാരണം അത് അല്ലാഹു നിരോധിച്ചിരിക്കുന്നു. അപ്പോൾ കുടിക്കാൻ അനുവദിച്ചതിനെ സംബന്ധിച്ച് നന്ദി രേഖപ്പെടുത്തിക്കൊണ്ട് കുടിക്കണം എന്നുള്ളത് വ്യക്തമാണ്.

മൂന്ന്: അനുവാദമുണ്ടെങ്കിലും രോഗം നിമിത്തം വെള്ളം കുടിക്കാൻ കഴിയാതെ ചിലപ്പോൾ വിഷമിക്കുന്നുണ്ടല്ലോ. അത്തരം ബുദ്ധിമുട്ടുകളൊക്കെ അല്ലാഹു ഒഴിവാക്കിത്തന്നതുകൊണ്ടാണ് സുഖമായി ഇത് കുടിച്ച് ദാഹത്തിന്റെ കെടുതിയിൽനിന്ന് മോചനം നേടാൻ എനിക്ക് സാധിക്കുന്നത്. ഇങ്ങിനെയുള്ള സാരങ്ങളൊക്കെയും വെള്ളം കുടിക്കുമ്പോൾ 'ബിസ്മി' ചൊല്ലുന്നതിൽ അടങ്ങിയിട്ടുള്ളതുപോലെ ഓരോ സന്ദർഭത്തിലും യോജിച്ചവണ്ണം മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. ഒന്നു രണ്ട് ഉദാഹരണങ്ങൾ കൂടി പറയാം. ആടിനേയോ കോഴിയേയോ നാം അറുക്കുമ്പോൾ ബിസ്മി ചൊല്ലുന്നതിന്റെ സാരം - ഞാൻ ഈ ജീവിയെ അറുക്കുന്നത് എന്റെ അധികാരത്തിൽ അല്ല. യഥാർത്ഥ ഉടമസ്ഥനായ അല്ലാഹു സമ്മതം തന്നിട്ടുള്ളതുകൊണ്ടാണ്. അല്ലങ്കിൽ ഞാൻ അറുക്കുകയില്ലായിരുന്നു.

## നേർച്ചജീവിയെ അറുക്കുമ്പോൾ ബിസ്മിചൊല്ലൽ

ഇനി ബലികർമ്മം എന്ന നിലക്കുള്ള അറവാണെങ്കിൽ അല്ലാഹുവിന്റെ പൊരുത്തത്തിനുവേണ്ടി എന്ന സാരവും കൂടി ഉദ്ദേശിക്കാം. എന്നാൽ പലരും അല്ലാഹു അല്ലാത്തവരുടെ പേരിൽ ജീവകളെ ബലിയർപ്പിക്കുന്നുണ്ടല്ലോ. ആരുടെ പേരിലാണോ ബലിയർപ്പിക്കുന്നത് ആ നേർച്ചക്കാരുടെ പേരിലാണ് അവയെ അറുക്കുന്ന സമയത്ത് ബിസ്മി ചൊല്ലേണ്ടത്. 'ബിസ്മി ശൈഖി മുഹ്‌യിദ്ദീൻ' എന്നപോലെ. സത്യപ്രകാരം അങ്ങനെയാണ് വേണ്ടത്. ശൈഖിന്റെ പൊരുത്തം കിട്ടാൻ വേണ്ടിയാണല്ലോ ബലികർമ്മം നടത്തുന്നത്. എന്നാൽ ശൈഖിന്റെ പേരിൽ നേർച്ചയാക്കുകയും നേർച്ച വീട്ടുവാനായി അറുക്കുന്ന സമയത്ത് ബിസ്മില്ലാഹി എന്നു ചൊല്ലുകയും

ചെയ്യുന്നത് ഒരിക്കലും ശരിയല്ല. അതിൽ സത്യമില്ല. അങ്ങനെ ചെയ്യുന്നതിന്റെ അർത്ഥം ഈ നേർച്ച അല്ലാഹു അനുവദിച്ചതും അവന്റെ പൊരുത്തം ലഭിക്കത്തക്കതുമാണെന്നാണല്ലോ. ഇതൊരിക്കലും അല്ലാഹു അനുവദിച്ചിട്ടില്ല. കഠിനമായി വിരോധിക്കുകയാണ് ചെയ്തിരിക്കുന്നത്. അല്ലാഹുവല്ലാത്തവരെ ആരാധിക്കുകയെന്ന ശിർക്കിന്റെ ഇനത്തിൽ പെട്ടതാണ് ആ ബലികർമ്മം. ആ നേർച്ചയാക്കിയവൻ കാഫിറാണ്. അതുകൊണ്ട് ആ നേർച്ച വീടുന്ന സമയത്ത് ബിസ്മില്ലാഹി എന്നചൊല്ലൽ ബിംബത്തിന് സുജൂദ് ചെയ്യുന്ന സമയത്ത് ബിസ്മി ചൊല്ലുന്നതുപോലെയാകുന്നു.

ഭാര്യാ-ഭർത്താക്കന്മാർ തമ്മിലുള്ള സമീപനത്തിൽ ബിസ്മിചൊല്ലുന്നതിന്റെ സാരം, അല്ലാഹു അനുവദിക്കുകയും തൃപ്തിപ്പെടുകയും ചെയ്തിട്ടുള്ളതുകൊണ്ടാണ് ഞാൻ ഇത് ചെയ്യുന്നത്. അല്ലെങ്കിൽ ചെയ്യുകയില്ലായിരുന്നു. ഈ സമീപനത്തിൽ സന്താനത്തെ നൽകുവാൻ അല്ലാഹുവിനോട് ഞാൻ അപേക്ഷിക്കുന്നു. ഔദാര്യപൂർവ്വം അവൻ എനിക്ക് സന്താനത്തെ തരികയാണെങ്കിൽ നന്ദിപൂർവ്വം ഏറ്റുവാങ്ങി ചുമതലകൾ നിർവ്വഹിക്കുവാൻ ഞാനൊരുക്കമാണ്. അതിന് ഞാൻ അല്ലാഹുവിന്റെ സഹായം തേടുന്നു. ഇതെല്ലാം ഇവിടെ ഉദ്ദേശിക്കാം. അപ്പോൾ സന്താനലാഭത്തിനുവേണ്ടി ബീമാപള്ളിയിലും ഏർവാടിയിലും അജ്മീറിലും നാഗൂരിലും പോകുന്നവരുടെ കാര്യം മഹാ കഷ്ടംതന്നെ. അവരുടെയെല്ലാം ബിസ്മി അർത്ഥവത്തായിരിക്കുകയില്ല. സന്താനത്തെ ചില ദർഗ്ഗകളിലേക്ക് അടിമയാക്കുന്നവരുണ്ടല്ലോ. അവർ ഇസ്‌ലാം ദീനിൽ നിന്ന് ബഹുദൂരത്തിലാകുന്നു.

വിത്തുവിതക്കുകയോ തൈ നടുകയോ ചെയ്യുമ്പോൾ ബിസ്മി ചൊല്ലുന്നതിന്റെ സാരം, ഇത് അല്ലാഹു അനുവദിക്കുകയും തൃപ്തിപ്പെടുകയും ചെയ്തിട്ടുള്ളതുകൊണ്ടാണ് ഞാൻ ചെയ്യുന്നത്. ഇത് മുളപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതിനും ഫലപ്രദമായ നിലയിൽ ആക്കിത്തരുന്നതിനുമെല്ലാം അല്ലാഹുവിന്റെ സഹായം ഞാൻ തേടുന്നു. അവന്റെ സഹായം ലഭിക്കാത്ത പക്ഷം യാതൊരു കാര്യവും നടക്കുകയില്ല എന്നൊക്കെയാകുന്നു. അപ്പോൾ ഈ ഉൽപന്നങ്ങളിൽ നിന്ന് അല്ലാഹുവിന്റെ വിധിയനുസരിച്ചുള്ള സക്കാത്തിന്റെ വിഹിതം കൊടുക്കുവാനുള്ള പ്രേരണ ബോധവാനായ മനുഷ്യന്റെ മനസ്സിൽ ഉദിക്കുന്നു. അതുപോലെതന്നെ നേർച്ചക്കാരുടെ പൊരുത്തത്തിനുവേണ്ടി അന്ധവിശ്വാസികൾ ഈ ഉല്പന്നങ്ങളിൽ ചെയ്യുന്ന കാര്യങ്ങൾ ബിസ്മിയുടെ പൊരുളുമായി പൊരുത്തപ്പെടാത്തതാകുന്നു. ഏറ്റവും വലിയ ക്രമക്കേടും നന്ദികേടുമാകുന്നു.

ഏതു നല്ല കാര്യം ആരംഭിക്കുമ്പോഴും ബിസ്മി ചൊല്ലുവാൻ കൽപിച്ചിട്ടുള്ളത് വളരെ യുക്തമായിട്ടുള്ളതാണെന്നു ഈ വിശദീകരണത്തിൽനിന്നു മനസ്സിലാക്കാം.

## റഹ്മാനിന്റെ അർത്ഥം

മഹാകാരുണികൻ (റഹ്മാൻ) എന്നുവെച്ചാൽ മഹത്തായ കാരുണ്യം നൽകുന്നവൻ, ശത്രുക്കളേയും മിത്രങ്ങളേയും, സ്നേഹപ്പെട്ടവരേയും വെറുക്കപ്പെട്ടവരേയും, ഉപകാരസ്മരണ ഉള്ളവരേയും ഇല്ലാത്തവരേയും വേർതിരിക്കാതെ എല്ലാവർക്കും വ്യാപകമായ നിലയിൽ സാർവ്വത്രികമായി കാരുണ്യം നൽകുന്നവൻ. മഴയെപ്പറ്റിയും കാറ്റിനെപ്പറ്റിയും ചിന്തിക്കുക: അല്ലാഹുവിനെ നിഷേധിക്കുന്നവരും, ആക്ഷേപിക്കുന്നവരും, ധിക്കരിക്കുന്നവരുമായ ദുഷ്ടജനങ്ങളും അതിന്റെ ഗുണം അനുഭവിക്കുന്നുണ്ടല്ലോ. ഇത് അല്ലാഹുവിന്റെ റഹ്മാനിയ്യത്താകുന്നു.

കഠിനശത്രുക്കൾക്കുപോലും ഈവിധം അനുഗ്രഹം നൽകുന്ന ഈ മഹത്തായ സ്വഭാവം വേറെ ആർക്കും ഇല്ല. എന്നുമാത്രമല്ല, നിഷേധികളും ശത്രുക്കളുമായിട്ടുള്ളവർക്കാണ് ഈ ലോകത്ത് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനായി നാം കാണുന്നത്. അത് അവരോടുള്ള സ്നേഹം നിമിത്തം സന്തോഷപൂർവ്വം ചെയ്യുന്നതല്ല. അവർ അതാവശ്യപ്പെട്ടു. അതിനുവേണ്ടി അദ്ധ്വാനിച്ചു. അപ്പോൾ അവർക്ക് കുറെയങ്ങ് കൊടുത്തു എന്നുമാത്രം. പരലോകത്ത് അവർക്ക് യാതൊരു ഓഹരിയും ഇല്ല. അപ്പോൾ ഇഹലോകത്ത് അവർ കുറെ അനുഭവിച്ചുകൊള്ളട്ടെയെന്ന് വെച്ചതാണ്. ഇതിനേക്കാൾ കൂടുതൽ സൗകര്യങ്ങളും ആഢംബരങ്ങളും അവർക്ക് നൽകാതിരുന്നത്; സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള ബംഗ്ലാവുകൾ അവർക്കുണ്ടാക്കിക്കൊടുക്കാതിരുന്നത്; ആളുകളൊക്കെ അതുപോലുള്ളത് മോഹിച്ച് നിഷേധികളായിപോകുമെന്നുള്ളതുകൊണ്ടാണ്. ഈ നിലയിൽ അതിവിശാലവും സാർവ്വത്രികവുമായ വിധത്തിൽ കാരുണ്യം നൽകുന്നവനെന്നുള്ള അതിമഹത്തായ വിശേഷണമാണ് റഹ്മാൻ എന്ന പദം കുറിക്കുന്നത്. ഇതിന്റെ അർത്ഥപുഷ്ടി വളരെ വമ്പിച്ചതാണ്. അതുകൊണ്ട് ഒരു സൃഷ്ടിയെസംബന്ധിച്ച് ആ വാക്ക് പറയുവാൻ യാതൊരു നിവൃത്തിയുമില്ലെന്ന് വ്യക്തമാണല്ലോ. അങ്ങനെ ഏതെങ്കിലും സൃഷ്ടിയെ സംബന്ധിച്ച് ഈ പദം പറയപ്പെട്ടതായ സംഭവം ഇതേവരെ അറിയപ്പെട്ടിട്ടില്ല. കള്ളപ്രവാചകനായ മുസൈലിമത്തിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ആളുകൾ യമാമയിലെ റഹ്മാൻ എന്നു പറഞ്ഞിട്ടുണ്ട്. യമാമയിലെ എന്നു പറഞ്ഞപ്പോൾ പരിമിതമായല്ലോ. ലോകത്തിലെ എന്ന് അവരും വ്യാപകമാക്കി പറഞ്ഞിട്ടില്ല. എന്നാൽ മുസൈലിമത്ത് അവന്റെ വീട്ടിൽ പോലും റഹ്മാനല്ല. അവർ പറഞ്ഞത് വലിയ അക്രമമാകുന്നു.

ഈ മഹത്തായ നാമധേയത്തിന്റെ ഉടയവനായിരിക്കുവാൻ അർഹതയുള്ളവൻ അല്ലാഹു മാത്രമാകുന്നു. ശത്രുക്കളേയും മിത്രങ്ങളേയും വേർതിരിക്കാതെ അറ്റമില്ലാത്ത അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നവർ എന്നാണല്ലൊ ഈ പദത്തിന്റെ അർത്ഥം. ലോകരക്ഷിതാവല്ലാതെ അതിനു കഴിവുള്ളവരായി മറ്റാരുമില്ല എന്നുള്ളത് തീർച്ചയാണ്.

## മഹാകാരുണികൻ സിംഹാസനത്തിലിരുന്നു

അതുകൊണ്ടാണ് സർവ്വലോകങ്ങളേയും ഔദാര്യപൂർവ്വം സംരക്ഷിച്ചു നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് പറയുന്നേടത്ത് റഹ്മാൻ എന്ന നാമം പരിശുദ്ധഖുർആനിൽ ഉപയോഗിച്ചുകാണുന്നതെന്നു മനസ്സിലാകുന്നു.

الرَّحْمَنُ عَلَى الْعَرْشِ اسْتَوَى (طه)

"മഹാകാരുണികൻ സിംഹാസനത്തിൽ ഇരുന്നു." (ത്വാഹാ:5) ഇരുന്നു എന്നു പറയുമ്പോൾ മനുഷ്യനെ സംബന്ധിച്ച് പറയുന്നതുപോലെ ഒരിക്കലും മനസ്സിലാക്കരുത്. അവന്റെ സിംഹാസനം ഭൂലോകരാജാക്കന്മാരുടെ സിംഹാസനങ്ങൾപോലെയാണെന്നും മനസ്സിലാക്കരുത്. അല്ലാഹുവിനെ സംബന്ധിച്ചും അവന്റെ വിശേഷണങ്ങളെ സംബന്ധിച്ചും നമുക്ക് പരിചയമുള്ളയാതൊന്നിനോടും ഉപമിച്ച് യാതൊന്നും പറയാൻ പാടില്ലാത്തതാകുന്നു. അങ്ങനെയുള്ള കണക്കുകൂട്ടലുകളെല്ലാം അബദ്ധമാകുന്നു. രാജ്യഭരണം ഏറ്റെടുത്ത് നടപ്പിൽ വരുത്തി എന്ന അർത്ഥം ഉദ്ദേശിച്ച് അലങ്കാരഭാഷയിൽ 'സിംഹാസത്തിൽ ഇരുന്നു' വെന്ന് പറയാവുന്നതാണ്. ഹിജ്റ 13ൽ ഉമർ ؓ ഇസ്ലാമികസാമ്രാജ്യത്തിന്റെ സിംഹാസനത്തിൽ ഇരുന്നു എന്നു പറഞ്ഞാൽ അതിന് ശരിയായ അർത്ഥമുണ്ട്. എല്ലാവർക്കുമത് വ്യക്തമായി മനസ്സിലാകുകയും ചെയ്യും. ഭരണാധികാരം ഏറ്റെടുത്തു എന്നാണതിന്റെ സാരം. എന്നാൽ അവിടെ കൊട്ടാരവുമില്ല, സിംഹാസനവുമില്ല എന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. ഈ ആലങ്കാരിക പ്രയോഗം സർവ്വസാധാരണവും നിരാക്ഷേപവുമാണ്. എന്നാൽ മഹാകാരുണികൻ സിംഹാസനത്തിൽ ഇരുന്നു എന്ന് പറയുന്നേടത്ത് ഇതുപോലുള്ള അർത്ഥം മാത്രമാണുദ്ദേശിക്കപ്പെടുന്നതെന്ന് പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന് അർശ് എന്ന ഒരു സൃഷ്ടിയുണ്ട് ഖിയാമത്തുനാളിൽ അതിനെ എട്ട് മലക്കുകൾ വഹിക്കുമെന്ന് ഖുർആനിൽ വന്നിട്ടുണ്ട്. പക്ഷെ ഒരു കാര്യം ഖുർആനിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതായത് ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചതിനെപ്പറ്റി പറഞ്ഞതിനുശേഷം സൂറത്ത് യൂനുസിൽ പറയുന്നു.

ثُمَّ اسْتَوَى عَلَى الْعَرْشِ يُدَبِّرُ الْأَمْرَ (يونس :٣)

"പിന്നെ അവർ കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനത്തിൽ ഇരുന്നു."
(യൂനുസ്: 3)

ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതിനുശേഷംമുണ്ടായ ഒരു കാര്യമാണ്. സിംഹാസനാരോഹണമെന്ന് ധ്വനിപ്പിക്കുന്ന നിലയിൽ ഇതുപോലെ വേറെ പല സ്ഥലത്തും പറഞ്ഞിട്ടുണ്ട്. അതോടുകൂടു. കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് എന്ന വാക്കും ഈ ആശയം വ്യക്തമാക്കുന്നുണ്ട്. അപ്പോൾ ലോകനിയന്ത്രണവും സിംഹാസനാരോഹണവും തമ്മിൽ ബന്ധമുണ്ടെന്ന് തീർച്ചതന്നെ. അത് ആകാശഭൂമികളെ സൃഷ്ടിച്ചതിനുശേഷം ഉണ്ടായതാണ്. ഏതായാലും മഹാകാരുണികൻ സിംഹാസനത്തിൽ ഇരുന്നു. എന്നു പറയുമ്പോൾ ഒന്നും തെറ്റിദ്ധരിക്കരുത്. അല്ലാഹുവിനെ പറ്റിയോ അവന്റെ വിശേഷണങ്ങളെ പറ്റിയോ യതാർത്ഥ രൂപത്തിൽ നമുക്ക് മുനസ്സിലാകുകയില്ല. സൃഷ്ടികളോട് ഉപമിച്ച് യാതൊന്നും പറയാനും പാടില്ല. അല്ലാഹു കേൾക്കുന്നു, കാണുന്നു എന്നു പറമ്പോൾ നമ്മുടെ കേൾവിയും കാഴ്ചയും പോലെയാണോ അത്? ഒരിക്കലുമല്ലെന്ന് തീർച്ച തന്നെ. പിന്നെ എങ്ങിനെയാണ്? എന്നു ചോദിച്ചാൽ അറിഞ്ഞുകൂടാ എന്നാണ് മറുപടി.

## അല്ലാഹുവിന്റെ ഗുണങ്ങളെ സംബന്ധിച്ച് അഹ്‌ലുസ്സുന്നത്തിന്റെ നിലപാട്

എല്ലാകാര്യങ്ങളെ സംബന്ധിച്ചും ഇതാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ നിലപാട്. അത് നാം മുറുകെ പിടിക്കണം. സിഹാസനത്തിൽ ഇരുന്നു എന്ന് പറയാൻ പാടില്ല എന്ന് ചിലർ പറയാറുണ്ട്. അതവരുടെ വിവരക്കേടാണ്. എന്തുകൊണ്ടെന്നാൽ ഇരുന്നു എന്ന് അല്ലാഹു പറഞ്ഞതാണ്. അങ്ങനെതന്നെ പറയാനേ നമുക്ക് നിവൃത്തിയുള്ളു. അതിനപ്പുറം ഒന്നും നമ്മൾ പറയുകയില്ല. എങ്ങിനെയാണ് ആ ഇരുത്തമെന്ന് ചോദിച്ചാൽ നമുക്കറിഞ്ഞുകൂടാ എന്നു മാത്രമാണ് മറുപടി. ആ ചോദ്യം അനാവശ്യവും വർജ്ജ്യവുമാണ്.

## റഹീമിന്റെ അർത്ഥം

'റഹീം' എന്നതിന്റെ അർത്ഥമായിട്ടാണ് 'കരുണാനിധി' യെന്നു പറഞ്ഞത്. കാരുണ്യഗുണമുള്ളവനെന്ന് സാരം. മനസ്സിൽ മറ്റുള്ളവരോട് ദയ തോന്നുന്ന ആളെപറ്റി റഹീം എന്നു പറയാം. എല്ലായ്പോഴും അത് വെളിപ്പെടുത്തിക്കൊള്ളണമെന്നില്ല. മക്കളെ മര്യാദപഠിപ്പിക്കാൻ ചിലപ്പോൾ അവരെ ശിക്ഷിക്കുന്ന മാതാപിതാക്കൾ കരുണയില്ലാത്തവരെന്നു പറഞ്ഞുകൂടാ. ശിഷ്യന്മാർക്ക് വിജ്ഞാനവും സംസ്കാരവും

വളരുവാൻ വേണ്ടി ചിലപ്പോൾ അവരെ ശിക്ഷിക്കുന്ന ഗുരുനാഥൻ നിഷ്കരുണൻ എന്നു പറഞ്ഞുകൂടാ. നാട്ടിൽ ശാന്തിയും സമാധനവും വിലസുവാൻവേണ്ടി കുറ്റവാളികളെ ശിക്ഷിക്കുന്ന രാജാവ് 'പ്രജാവത്സലൻ' അല്ലെന്നു പറഞ്ഞുകൂടാ. 'റഹ്മാൻ' 'റഹീം' എന്നിവ രണ്ടും തമ്മിലുള്ള അർത്ഥവ്യത്യാസം ഈ വിവരണത്തിൽ നിന്നും മനസ്സി ലാക്കാം. വിതരണം ചെയ്യപ്പെടുന്ന കാരുണ്യത്തെ യാണ്. 'റഹ്മാൻ' എന്ന പദം കുറിക്കുന്നത്. മനസ്സിൽ സ്ഥിരപ്പെട്ട ഗുണവിശേഷമായ കാരുണ്യത്തെ റഹീം എന്ന പദവും. അപ്പോൾ റഹ്മാൻ എന്നതിനുശേഷം റഹീം എന്നു പറഞ്ഞത് അനാവശ്യമായ ആവർത്തനമല്ല.

## ബിസ്മിയിലെ തവസ്സുൽ

ഒരു വിഷയം തുടങ്ങുമ്പോൾ ബിസ്മില്ലാഹി എന്നു ചൊല്ലുന്നത് ആ കാര്യം പൂർത്തിയാക്കുന്നതിലേക്ക് അല്ലാഹുവിന്റെ സഹായം തേടലാണല്ലോ. അനന്തരം അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് രണ്ടു തവണ പറഞ്ഞു. അപ്പോൾ അതിന്റെ സാരം ഏതാണ്ട് ഇപ്രകാരമാണ്. അല്ലാഹുവേ, നിന്റെ കാരുണ്യം വളരെ മഹത്തും അതിവിശാലവുമാണല്ലോ. ശത്രുക്കൾക്കുപോലും കാരുണ്യത്തെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. പാവപ്പെട്ട ഈയുള്ളവനാകട്ടെ നിന്നിൽ യാഥാർത്ഥമായി വിശ്വസിച്ചവനാകുന്നു. എന്നെ സഹായിക്കാൻ വേറെ ആരുമില്ല. എനിക്ക് യാതൊരു കഴിവുമില്ല. അതുകൊണ്ട് ഈ കാര്യം എനിക്ക് നിറവേറ്റിത്തരണേ; എന്നെ അനുഗ്രഹിക്കണേ. അപ്പോൾ ഇത് യഥാർത്ഥമായ തവസ്സുൽ ആണ്. അല്ലാഹുവിന്റെ അതിവിശിഷ്ടമായ നാമങ്ങളെക്കൊണ്ടും, അതിമഹത്തായ വിശേഷണങ്ങളെക്കൊണ്ടും അല്ലാഹുവിന്റെ അടിമ അല്ലാഹുവിനോട് ഇടതേടുകയാണ്.

## ബിസ്മിയിലടങ്ങിയ യഥാർത്ഥ തൗഹീദ്

അഭൗതികമായ മാർഗ്ഗത്തിൽ സഹായിക്കുവാൻ അല്ലാഹുവല്ലാതെ വേറെ ആരുമില്ല. അതുകൊണ്ടാണ് ഇങ്ങനെയെല്ലാം വേണ്ടിവന്നത്. ആ വിശ്വാസക്കാർക്കാണ് ഇതിന്റെ ആവശ്യവും. എന്നാൽ അല്ലാഹുവിന്റെ ഔലിയാക്കളിൽ നിന്ന് അഭൗതികമായ മാർഗ്ഗത്തിൽ സഹായം ലഭിക്കുമെന്ന് വിശ്വസിക്കുകയും സഹായം തേടുകയും ചെയ്യുന്നവർ 'ബിസ്മില്ലാഹി' എന്ന് ചൊല്ലേണ്ടതില്ല. 'ബിസ്മിൽഔലിയാഇ' എന്നാണവർ ചൊല്ലേണ്ടത്.

## സുന്നികളുടെ കാര്യം മഹാകഷ്ടം

നമ്മുടെ ചില ആളുകൾ കത്തെഴുതാൻ തുടങ്ങുമ്പോൾ അല്ലാഹുവിന്റെയും നബിയുടെയും ഉതക്കത്തോടുകൂടി എന്നെഴുതാറുണ്ട്. അല്ലാഹു

വിന്റെയും നേർച്ചക്കാരുടെയും ഉതക്കത്താൽ എന്നും പറയാറുണ്ട്. അതെല്ലാം തെറ്റാണ്. അല്ലാഹുവിനോടൊപ്പം ആരെയും കൂട്ടിപ്പറയാൻ പാടില്ല. ഈ സുന്നികളുടെ കാര്യം മഹാകഷ്ടം തന്നെ. മക്കാമുശ്‌രിക്കുകൾ എഴുതാൻ തുടങ്ങുമ്പോൾ ബിസ്മിക്കല്ലാഹുമ്മ എന്നാണ് ആദ്യം എഴുതിയിരുന്നത്. അല്ലാഹുവേ. നിന്റെ പേരിൽ എന്നാണതിന്റെ അർത്ഥം. അല്ലാഹുവിനെ മനസ്സിൽ ധ്യാനിക്കുകയും നേരിട്ട് അവനോട് അപേക്ഷിക്കുകയും ചെയ്യലായിരുന്നു ബിംബാരാധകരായ മുശ്‌രിക്കുകളുടെ നില നമ്മുടെ ആളുകളുടെ സ്ഥിതി ഇതിനേക്കാൾ മോശമായിപ്പോയത് എത്ര വ്യസനകരം.

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ

## (സർവ്വലോകരക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും)

മനഃപൂർവ്വം ചെയ്യുന്ന നല്ലകാര്യത്തെപ്പറ്റി പുകഴ്ത്തിപ്പറയുകയാണ് 'ഹംദ്' എന്നതിന്റെ അർത്ഥം. 'മനഃപൂർവ്വം ചെയ്യുന്ന' എന്നു പറയാൻ കാരണമുണ്ട്. ഒരാളുടെ സൗന്ദര്യത്തെപറ്റി പുകഴ്ത്തിപ്പറയൽ 'ഹംദ്' അല്ല. കാരണം, അയാൾ സുന്ദരനായത് അയാളുടെ മനഃപൂർവ്വമായ പ്രവൃത്തികൊണ്ടല്ല. സൃഷ്ടികർത്താവ് അയാൾക്ക് അങ്ങിനെയുള്ള രൂപം നൽകിയതാണ്. അതിനാൽ സൃഷ്ടികർത്താവിസംബന്ധിച്ചിടത്തോളം 'മദ്ഹും' ആകുന്നു. 'ഹംദി'നും 'മദ്ഹി'നും സ്തുതി എന്നർത്ഥം പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് രണ്ടുംതമ്മിൽ മേൽസൂചിപ്പിച്ച വ്യത്യാസമുണ്ട്.

'എല്ലാസ്തുതിയും അല്ലാഹുവിന്' എന്നു വെച്ചാൽ ലോകത്ത് എന്തെല്ലാം നല്ല കാര്യങ്ങൾ നടക്കുന്നുണ്ടോ അതിനെ സംബന്ധിച്ചെല്ലാം സ്തുതിച്ച് പറയാൻ അവകാശപ്പെട്ടവൻ അല്ലാഹുവാകുന്നു. വേറെ ആർക്കും അതിന് അവകാശമില്ല. കാരണം അവയുടെയെല്ലാം യതാർത്ഥ കർത്താവ് അല്ലാഹുവാണ്. മനുഷ്യൻ വല്ലകാര്യവും ചെയ്യുന്നുണ്ടെങ്കിൽ അതൊക്കെ അല്ലാഹുവിന്റെ അനുഗ്രഹം മൂലമാണ്. ആ അനുഗ്രഹം ലഭിക്കാത്തപക്ഷം യാതൊന്നും സാദ്ധ്യമല്ല. അതിനാൽ വല്ല മനുഷ്യനേയും നാം സതുതിക്കുകയാണെങ്കിൽ അതിന് യഥാർത്ഥ അവകാശി അല്ലാഹുവാണെന്നുള്ള സത്യം നാം ഒരിക്കലും മറന്നുപോകരുത്. ആ സ്തുതിക്കപ്പെടുന്നവനും ഒരിക്കലും മറക്കരുത്. എന്റെ കയ്യാൽ ഈ അനുഭവം ഉണ്ടായത്മൂലം പ്രത്യക്ഷത്തിൽ എന്നെ നിങ്ങൾ സ്തുതിക്കാനിടയായിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ അതിന് അവകാശി അല്ലാഹുവാണ്. കാരണം അവന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ ഒരിക്കലും എനിക്കിതുചെയ്യാൻ കഴിയുകയില്ലായിരുന്നു!! എന്ന് സ്തുതിക്കുന്നവരോട് അവൻ പറയണം:

ഇല്ലാത്ത കാര്യത്തിൽ സ്തുതി പറയുവാൻ ഒരിക്കലും അനുവദിക്കരുത്. ഇല്ലാത്ത സ്തുതി പറയുന്നത് കേട്ടിട്ട് സന്തോഷംകൊള്ളൽ വളരെ നാശകരമായ ദുസ്വഭാവമാകുന്നു. അൽഹംദുലില്ലാഹി എന്ന വചനം വാർത്തയല്ല. അല്ലാഹുവിനെ സ്തുതിക്കേണ്ടതായ കടമ ഓരോരുത്തർക്കും ഉണ്ട്. ആ കടമ നിർവ്വഹിക്കലാണ് ഇതിന്റെ ഉദ്ദേശം. ഈ വചനം ഖബർ (خبر) അല്ല. ഇൻശാഅ് (إنشاء) ആണെന്ന് പണ്ഡിതന്മാർ പറയുന്നതിന്റെ സാരം ഇതാണ്.

## സ്തുതിക്കുന്നതിന്റെ കാരണം?

പിന്നീട് അല്ലാഹുവിനെ സ്തുതിക്കുന്നതിന്റെ കാരണം സൂചിപ്പിക്കുന്നു. رب العالمين (ലോകരക്ഷിതാവ്) എന്ന പദംമുഖേന. 'റബ്ബ്' എന്നതിന് രക്ഷിതാവ്, പരിപാലകൻ, ഉടമസ്ഥൻ, യജമാനൻ എന്നൊക്കെ അർത്ഥം പറയുന്നു. അതൊന്നും ശരിയായ ആശയം കുറിക്കുന്നില്ല. ഒരു സാധനത്തെ അതിന്റെ ഏറ്റവും ഇങ്ങേയറ്റത്തെ എളിയ അവസ്ഥയിൽ നിന്ന് ക്രമേണ ക്രമേണ അഭിവൃദ്ധിപ്പെടുത്തി വളർത്തിയെടുക്കുന്നവൻ എന്നാണ് 'റബ്ബ്' എന്നതിന്റെ അർത്ഥം. ഉദാഹരണം:- മനുഷ്യന്റെ അടിസ്ഥാനം ഇന്ദ്രിയബിന്ദുവാണല്ലോ. അതിനെപിന്നെ علق ആക്കി. പിന്നെ എല്ലും തൊലിയും കൊടുത്ത് രൂപപ്പെടുത്തി. അങ്ങനെ ജനിപ്പിച്ച് പ്രസവിച്ചു വീണതിനുശേഷം ക്രമേണ വളർത്തിയെടുത്തു: പരിപൂർണ്ണമായ അവസ്ഥയിലെത്തിച്ചു. അതുപോലെ ഒരു ചക്കക്കുരുവിൽനിന്ന് ഉത്ഭവിച്ച പ്ലാവ് എന്ന ഈ വലിയ വൃക്ഷത്തെപ്പറ്റി ചിന്തിക്കുക. കേവലം ഒരു കുരുവായിരുന്ന അവസ്ഥയിൽ നിന്ന് തുടങ്ങി ഇന്നത്തെ ഈ പരിപൂർണ്ണദശ പ്രാപിക്കുന്നതിനിടയിൽ കഴിഞ്ഞുപോയിട്ടുള്ള ഘട്ടങ്ങളെ സംബന്ധിച്ച് ചിന്തിക്കുക. അതെല്ലാം 'റബ്ബ്' എന്ന പദത്തിന്റെ അർത്ഥത്തിൽ ഉൾകൊള്ളുന്നു. ഇങ്ങിനെ ലോകത്തുള്ള ഓരോ സാധനത്തെപ്പറ്റിയും ചിന്തിക്കുമ്പോൾ ഈ മഹത്തായ പദത്തിന്റെ അർത്ഥപുഷ്ടിയെ കുറിക്കുന്ന ഒരു പരിഭാഷ പറയുക സാധ്യമല്ല എന്ന് മനസ്സിലാകും. 'റബ്ബ്' എന്നതിന്റെ അനുബന്ധമായി വന്നിട്ടുള്ള 'ആലമീൻ' എന്നതിൽ ലോകത്തുള്ള എല്ലാവസ്തുക്കളും ഉൾപ്പെടുന്നു. അപ്പോൾ അല്ലാഹുവിനെ നാം സ്തുക്കേണ്ടി വന്നതിന്റെ കാരണം, ഈ ഒരു പദം കൊണ്ട് സൂചിപ്പിച്ച ഈ ആശയം വളരെ വിപുലവും വിശാലവുമാകാന്നു. അത് പറഞ്ഞുതീർക്കാൻ സാധ്യമല്ല.

അല്ലാഹു സർവ്വലോകത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്നവനായതു നിമിത്തം അല്ലാഹുവിനെ സ്തുതിക്കൽ നമുക്ക് കടമയായിത്തീർന്നിരിക്കുന്നുവെന്നാണിവിടെ ഉണർത്തുന്നത്. സർവ്വലോകമെന്നുപറയുമ്പോൾ അതിൽ ഉൾപെടാത്തത് ഒന്നുമില്ലല്ലോ. സർവ്വലോകപരിപാലകനായതു നിമിത്തമാണ് നാം സ്തുതിക്കുന്നത്. നമ്മുടെ പരിപാലകനായതുകൊണ്ട് മാത്രമല്ല. റബ്ബിൽമുസ്‌ലിമീൻ മുസ്‌ലിംകളുടെ രക്ഷിതാവ് എന്നല്ലല്ലോ പറഞ്ഞത്.

## വർഗീയതക്കപ്പുറം

നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ ഓർമ്മിക്കുകയും അവയെപ്പറ്റി സ്തുതിക്കുകയും ചെയ്താൽ പോരാ. ലോകത്ത് ആർക്കെല്ലാം എന്തെല്ലാം അനുഗ്രഹങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടോ അതെല്ലാം നന്ദിപൂർവ്വം സ്മരിക്കുകയും അല്ലാഹുവിന് സ്തുതി പറയുകയും ചെയ്യേണ്ട കടമ നമുക്കുണ്ട്. രാവിലെയും വൈകുന്നേരവും പതിവായി ആചരിക്കാൻ നബി ﷺ ഉപദേശിച്ച ഒരു പ്രാർത്ഥനയുണ്ട്.

اللّٰهُمَّ مَا أَصْبَحَ بِي مِنْ نِعْمَةٍ أَوْ بِأَحَدٍ مِنْ خَلْقِكَ
فَمِنْكَ وَحْدَكَ لَا شَرِيكَ لَكَ لَكَ الْحَمْدُ وَلَكَ الشُّكْرُ.

അല്ലാഹുവേ, എനിക്ക് അല്ലെങ്കിൽ നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും ഈ പ്രഭാതവേളയിൽ എന്തെല്ലാം സുഖസന്തോഷങ്ങൾ അനഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടോ അവയെല്ലാം നിന്റെ പക്കൽനിന്നാകുന്നു. ഈ അനുഗ്രഹദാനത്തിൽ നീ ഏകനാകുന്നു. ഈ അനുഗ്രഹദാനത്തിൽ നീ ഏകനാകുന്നു. നിനക്ക് യാതൊരു കൂട്ടുകാരുമില്ല. നിനക്ക് സ്തുതി, നിനക്ക് നന്ദി.

ഇതുപോലതന്നെ വൈകുന്നേരവും ചൊല്ലണം. പക്ഷെ ما أصبح എന്നതിനു പകരം ما أمسى (സായാഹ്നവേളയിൽ) എന്നായി മാറും. അപ്പോൾ നമ്മൾ നമ്മൾ ഓരോരുത്തരും നമുക്കോ, നമ്മുടെ കുടുംബത്തിനോ, ബന്ധുമിത്രാദികൾക്കോ, അനുഭവപ്പെടുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞാൽ പോരാ. നമ്മുടെ സമുദായത്തിൽപെട്ടവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞാലും പോരാ. 'നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും' എന്ന വാക്കിൽ ഉൾപെടാത്തതൊന്നുമില്ല. എല്ലാ ജീവികൾക്കും നമ്മുടെ ശത്രുക്കൾ ഉൾപ്പെടെ എല്ലാ മനുഷ്യർക്കും ലഭിക്കുന്ന എല്ലാ സുഖസന്തോഷങ്ങളെസംബന്ധിച്ചും അല്ലാഹുവിന് നാം നന്ദിപറയുകയും അവനെ സ്തുതിക്കുകയും ചെയ്യേണമെന്നാണ് അല്ലാഹുവും റസൂലും നമ്മെ പഠിപ്പിക്കുന്നത്. എത്ര മഹത്തായ ആദർശം. ഈ നിലക്ക് വർഗ്ഗീയത എന്നുള്ളതിന് വല്ല പഴുതും ഇവിടെയുണ്ടോ? എത്ര പ്രാവശ്യമാണ് മുസ്ലിം ഒരു ദിവസം ഫാത്തിഹാസൂറത്ത് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്? ഇത് മനസ്സറിഞ്ഞ് ഉരുവിടുന്ന ഒരാൾ വർഗ്ഗീയവാദിയാകുവാൻ യാതൊരു കാരണവുമില്ല. ഈ വചനം അല്ലാഹു നമ്മെ പഠിപ്പിച്ചതോടുകൂടി നമ്മുടെ ഹൃദയങ്ങളിൽനിന്നും വർഗ്ഗീയതയുടെ വേര് അവൻ പിഴുതെറിഞ്ഞുകളഞ്ഞിരിക്കുന്നു.

എന്നാൽ ചിലപ്പോൾ ചില മനുഷ്യരേയും സർപ്പം പോലെയുള്ള വിഷജീവികളേയും കൊല്ലുന്നുണ്ടല്ലോ? അത് ഈ തത്വത്തിന് എതിരല്ല. എന്നുമാത്രമല്ല, പൊതുവായ സ്നേഹത്തിന്റേയും ജീവകാരുണ്യത്തിന്റേയും അടിസ്ഥാനത്തിലാണത്. എന്തുകൊണ്ടെന്നാൽ ആ വിഷജന്തുക്കളും ദുഷ്ടജനങ്ങളും വളരെയധികം ജീവികൾക്കും മനുഷ്യർക്കും ഉപദ്രവമേൽപ്പിക്കുമെന്നുള്ളത് നിമിത്തമാണ് ഈ കൊല. ബുദ്ധിമാനായ മനുഷ്യൻ അവന്റെ വിവേകത്തിന്റേയും ദൂരക്കാഴ്ചയുടേയും അടസ്ഥാനത്തിൽ പ്രമേഹംപിടിച്ച കാൽമുറിപ്പിക്കുന്നുണ്ടല്ലോ. ആ കാലിനോടുള്ള വിരോധം നിമിത്തമല്ലല്ലോ അത്. അത് മുറിച്ചുകളയുന്നതുകൊണ്ടേ രക്ഷയുള്ളു എന്നതിനാലാണ്.

وَقَطْعُكَ الْعُضْوَ الْمَرِيضَ إِنْ يَكُنْ بِهِ صَلَاحُ الْمَرْءِ عَيْنُ الْوَاجِبِ

രോഗം ബാധിച്ച അവയവം മുറിച്ചുകളയൽ, അതുകൊണ്ടേ മനുഷ്യന് രക്ഷയുള്ളുവെങ്കിൽ അനിവാര്യമാകുന്നു.

## അന്യരെ അറിയുക

ഈ വചനത്തിന്റെ സാരം ശരിക്ക് മനസ്സിലാക്കുകയും ബോധപൂർവ്വം ഓതുകയും ചെയ്യുന്നവർ വലിയ പരോപകാരിയും ദീനദയാലുവുമായിത്തീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ ഒരു വിഷയത്തന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിനെ സ്തുതിക്കുകയും നന്ദിപറയുകയും ചെയ്യണമെങ്കിൽ ആ വിഷയത്തിൽ സന്തോഷംതോന്നാതെ നിവൃത്തിയില്ല. അല്ലാഹു സർവ്വ ലോകത്തേയും സംരക്ഷിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ സ്തുതിക്കുന്നത്. അപ്പോൾ സർവ്വരുടേയും സന്തോഷങ്ങളിൽ നാം ആനന്ദിക്കുകയും സന്താപങ്ങളിൽ വ്യസനിക്കുകയും ചെയ്യുന്നവരായിരിക്കണം. ഏതെങ്കിലും ഒരാളുടെ കഷ്ടത അറിഞ്ഞ നമുക്ക് വ്യസനംതോന്നാതിരിക്കുന്ന പക്ഷം അത് ഈ വചനവുമായി പൊരുത്തപ്പെടുകയില്ല.

അസൂയ എന്നത് ഈ വചനം മനസ്സറിഞ്ഞ് ഓതുന്ന ഒരാളിൽ ഒരിക്കലും ഉണ്ടാകുകയില്ല. അന്യരുടെ ഗുണം നശിച്ചുകാണാൻ ആഗ്രഹിക്കലാണ് അസൂയ. ഇത് കേവലം പൈശാചികമായ മഹാ ദുർഗുണമാണ്. അതോടുകൂടി മനുഷ്യനിൽ സഹജമായി ഉള്ളതുമാണ്. രണ്ട് കുട്ടികളിൽ ഒരുവന് അഭികാമ്യമായ വല്ലതും (ഭക്ഷണമോ, കളിക്കോപ്പോ) നാം കൊടുത്താൽ മറ്റവൻ ലഹളകൂട്ടും. ഇതുപോലെ അവന് കിട്ടിയില്ലെങ്കിലും തരക്കേടില്ല, ഈ കൊടുത്തത് മടക്കിവാങ്ങിയാൽ അവൻ സമാധാനപ്പെടും. ഈ സ്വഭാവം എല്ലാ കുട്ടികളിലും കാണാം. മനുഷ്യന്റെ ഘടനയിൽ മൃഗീയമായ പല സ്വഭാവങ്ങളും ഉള്ളതുപോലെ പൈശാചികമായ സ്വഭാവങ്ങ

ളുമുണ്ട്. അവയിൽ ഒന്നാണ് അസൂയ.അസൂയാഗുണം നമ്മളിൽനിന്ന് ഒഴിവാക്കൽ വളരെ ആവശ്യമാണ്. അതിനുവേണ്ടിയും കൂടി അല്ലാഹു നമ്മെ പഠിപ്പിച്ചതാണീ വചനം എന്നുവരെ പറയാം. അല്ലാഹുവിന്റെ സൃഷ്ടികളിൽ ആർക്ക് എന്ത് അനുഗ്രഹം ലഭിച്ചാലും അതിനെപ്പറ്റി നാം അല്ലാഹുവിനെ സ്തുതിക്കണമെന്നാണല്ലോ അല്ലാഹുവും റസൂലും നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അപ്പോൾ ഈ വിഷയത്തിന്റെ മാഹാത്മ്യം വളരെ പ്രധാനപ്പെട്ടതാകുന്നു. ആപൽകരമായ വർഗ്ഗീയതയെ അത് നിഷേധിക്കുന്നു. പൈശാചികമായ അസൂയ എന്ന ദുസ്വഭാവം അത് ദൂരീകരിക്കുന്നു. പരോപകാരത്തേയും ജീവകാരുണ്യത്തേയും ദീനാനുകമ്പയേയും അത് വളർത്തുന്നു.

الرَّحْمٰنِ الرَّحِيْمِ

## (മഹാകാരുണികനും കരുണാനിധിയുമായ)

അല്ലാഹുവിനെ സ്തുതിക്കൽ നമുക്ക് കടമ ആയിത്തീർന്നതിന്റെ ഒരു കാരണം മുൻവചനത്തിൽ സൂചിപ്പിച്ചു - رَبِّ الْعَالَمِيْنَ (ലോകപരിപാലകൻ) എന്ന്. അല്ലാഹു സർവ്വലോകത്തേയും സൃഷ്ടിച്ച് പരിപാലിക്കുന്നത് മൂലം അവനെ നാം സ്തുതിക്കൽ കടമയായിത്തീർന്നിരിക്കുന്നുവെന്ന് സാരം.

ഈ വചനത്തിൽ മറ്റൊരു കാരണമാണ് സൂചിപ്പിക്കുന്നത്. അതായത് അല്ലാഹു മഹാകാരുണികനും കരുണാനിധിയുമായിരിക്കുന്നതിനാൽ അവനെ നാം സ്തുതിക്കേണ്ടിയിരിക്കുന്നു.

ബിസ്മിയിൽ അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി ഇതേ നിലയിൽ പറഞ്ഞിട്ടുള്ളതിനാൽ ഇതൊരു വെറും ആവർത്തനമാണെന്ന് തോന്നാൻ ഇടയുണ്ട് പക്ഷെ സന്ദർഭം നോക്കിയാൽ ഈ ആവർത്തനം വളരെ പ്രസക്തമാണെന്ന് ഗ്രഹിക്കാം. ബിസ്മിയിൽ ഈ പദങ്ങൾ രണ്ടും എടുത്തുപറഞ്ഞതിന്റെ ഔചിത്യം വായനക്കാർ അവിടെ മനസ്സിലാക്കിയിരിക്കും. ഇവിടുത്തെ വിഷയം വേറൊന്നാണ് അതായത് മുൻവചനത്തിൽ അല്ലാഹു ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചുവല്ലോ. ആ പരിപാലിക്കൽ അതിമഹത്തും വളരെ വിശാലവുമായ കാരുണ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഇവിടെ ഉണർത്തുന്നു. കേവലം നീതി പാലിക്കുകയെന്ന അടിസ്ഥാനത്തിലല്ല.

### നന്ദികേടും ഫലവും

ഇത് വലിയ ഒരു വിഷയമാകുന്നു. അൽപം ഒന്ന് മനസ്സിലാക്കുമ്പോൾ അല്ലാഹുവിന്റെ കരുണ്യത്തിന്റെ മുമ്പിൽ മനുഷ്യന്റെ നന്ദികേടിന്റെയും ധിക്കാരത്തിന്റെയും കാഠിന്യം എത്ര പറഞ്ഞാലും മതിയാകയില്ല. അല്ലാഹു പറയുന്നു.

وَلَوْ يُؤَاخِذُ اللّٰهُ النَّاسَ بِمَا كَسَبُوا مَا تَرَكَ عَلَىٰ ظَهْرِهَا مِنْ دَابَّةٍ (فاطر)

"മനുഷ്യർ പ്രവർത്തിക്കുന്നതിനനുസരിച്ച് അവരുടെപേരിൽ അല്ലാഹു നടപടി എടുക്കുമായിരുന്നുവെങ്കിൽ ഭൂമുഖത്ത് യാതൊരു ജീവിയേയും വിടുകയില്ലായിരുന്നു. (ഫാതിർ: 45)"

അപ്പോൾ മനുഷ്യരുടെ ദുർന്നടപ്പ് അവർക്ക് മാത്രമല്ല ലോകത്തിന് പൊതുവെ നാശകാരണമാകുന്നു. മനുഷ്യർ തെറ്റ് ചെയ്തതിന് മറ്റു ജീവികളെ ശിക്ഷിക്കുന്നതെന്തിന് എന്നൊരു ചോദ്യം ഇവിടെ ഉത്ഭവിക്കാം. അതിന്റെ മറുപടി ഇപ്രകാരമാണ്: മനുഷ്യർക്ക് വേണ്ടിയാണ് മറ്റ് ജീവികളെയെല്ലാം അല്ലാഹു സൃഷ്ടിച്ചത്. മനുഷ്യരെ നശിപ്പിക്കേണ്ടിവന്നപ്പോൾ മനുഷ്യർക്ക്വേണ്ടി ഉണ്ടാക്കപ്പെട്ട വസ്തുക്കളെ പിന്നീട് ഇവിടെ നിലനിർത്തേണ്ട ആവശ്യമില്ലല്ലോ. അതോടുകൂടി മനുഷ്യർക്കുള്ള ശിക്ഷയിൽ ഒരു ഭാഗമാണിത്. എന്നും മനസ്സിലാക്കാം. മുമ്പുണ്ടായ അനുഭവങ്ങൾ അങ്ങനെയാണ്. നൂഹ്നബി, ഹൂദ്നബി, സ്വാലിഹ് നബി عليهم السلام മുതലായ പ്രവാചകന്മാരുടെ ജനതകൾക്ക് ശിക്ഷവന്നപ്പോൾ നാടാകെ നശിപ്പിക്കപ്പെട്ടു. മറ്റൊരു കാര്യം കൂടി ഇവിടെ മനസ്സിലാക്കാം. മനുഷ്യരുടെ ദുർന്നടപ്പ് നിമിത്തം മഴ കുറയുകയോ ഇല്ലാതാകുകയോ ചെയ്യുമെന്നും അങ്ങിനെ വരുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കുറ്റം സമ്മതിക്കുകയും ഖേദം പ്രകടിപ്പിക്കുകയും പാപമോചനത്തിന്നായി പ്രാർത്ഥിക്കുകയും ചെയ്യൽ പ്രവാചകന്മാരുടേയും അവരുടെ താവഴിക്കാരുടേയും നടപടി ആയിരുന്നുവെന്നും എല്ലാവരും അറിയുന്നതാണല്ലോ. അപ്പോൾ മഴ ഇല്ലാത്തതുകൊണ്ടുള്ള വിഷമം ദുർമാർഗ്ഗികളായ മനുഷ്യർ മാത്രമല്ല അനുഭവിക്കുന്നത്. എല്ലാ ജീവികളും അനുഭവിക്കും.

## അല്ലാഹുവിന്റെ അത്ഭുതകരമായ ക്ഷമ

ചുരുക്കത്തിൽ മനുഷ്യൻ അല്ലാഹുവിനോട് അങ്ങോട്ട് ഇടപെടുന്നതനുസരിച്ചല്ല അല്ലാഹു മനുഷ്യരോട് ഇങ്ങോട്ട് ഇടപെടുന്നത്. മനുഷ്യർ അല്ലാഹുവിനോട് നന്ദികേടും നിഷേധവും ധിക്കാരവും കാണിക്കു മ്പോൾ ഈ ലോകത്ത് അല്ലാഹു മനുഷ്യരോട് കാരുണ്യവും ഔദാര്യവും ദയയും കാണിക്കുന്നു. അങ്ങനെ അല്ലായിരുന്നുവെങ്കിൽ നമുക്കിവിടെ ഒരു തുള്ളി വെള്ളം കുടിക്കാൻ കിട്ടുമായിരുന്നില്ല. ശ്വസിക്കാൻ വായു കിട്ടുമായിരുന്നില്ല. അത്ര മോശമാണ് മനുഷ്യരുടെ കാര്യം.

## ക്രസ്ത്യാനികൾ അല്ലാഹുവിനെപ്പറ്റി പറയുന്ന അപവാദം

"ദൈവത്തിനു പത്രൻ ജനിച്ചു." എന്ന് ഒരു കൂട്ടർ പറയുന്നുണ്ടല്ലോ. ലോകം മുഴുവൻ നശിക്കാൻ ആ വാക്ക് മാത്രം മതി. അത്ര ചീ

ത്തയും മഹാ അക്രമവുമായ ഒരു വാക്കാണത്. നബി ﷺ പറയുന്നു.

لا احد اصبر على أذى يسمعه من الله يدعون له
الولد ثم يعافيهم ويرزقهم (بخاري)

"ആക്ഷേപങ്ങൾ കേട്ട് അല്ലാഹുവെപോലെ സഹിക്കുന്ന യാതൊരുത്തനുമില്ല. അല്ലാഹുവിന് മക്കളുണ്ടെന്ന് അവർ വാദിക്കുന്നു. എന്നിട്ടും അല്ലാഹു അവർക്ക് സൗഖ്യവും ഉപജീവനവും നൽകുന്നു."

നോക്കുക, ലോകത്ത് ഏറ്റവും വലിയ സുഖത്തിലും ആഢംബരത്തിലും ജീവിക്കുന്ന സമ്പന്നരും സുഖലോലുപരുമായ കൂട്ടരാണ് അല്ലാഹുവിന് മക്കളുണ്ടെന്നു വാദിക്കുന്നത്. അല്ലാഹു അവരെ ഈ നിലിയിലാക്കിയത് ഏറ്റവും അത്ഭുതകരമായ ഒരു പരീക്ഷണമാകുന്നു. അല്ലാഹുവിന്റെ സഹനം നിസ്തുലമാകുന്നു. യാതൊരാൾക്കും അതുപോലെ സഹിക്കാൻ കഴിയുകയില്ല. ആലോചിച്ചുനോക്കുക: ഒരു നാട്ടിൽ അവിവാഹിതയായ ഒരു സ്ത്രീക്ക് ഒരു കുട്ടിയുണ്ടായെന്ന് വെക്കുക; അപ്പോൾ അവിഹിതബന്ധത്തിലാണെന്ന് തീർച്ചയായല്ലോ. ഈ കുട്ടിയുടെ അച്ചൻ ആരാണെന്നതിനെപ്പറ്റി പല സംസാരങ്ങളും നടന്നു. വളരെ സത്യസന്ധനും സന്മാർഗ്ഗിയുമായി അറിയപ്പെടുന്ന ഒരു മാന്യന്റെ പേരിൽ സംസാരം നടന്നാൽ അയാളുടെ നില എന്തായിരിക്കും? ഈ അപമാനം സഹിച്ചുകൊണ്ട് നിർദ്ദോഷിയായ ആ മനുഷ്യൻ സമൂഹത്തിന്റെ മദ്ധ്യത്തിൽ ജീവിക്കാൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ല. എവിടേക്കെങ്കിലും ഓടി ഒളിച്ചുകളയും. എന്നാൽ അവിവാഹിതയായ മർയംബീവിക്ക് ഒരു കുട്ടിയുണ്ടായി; ഈസാനബി عليه السلام. ഒരു കൂട്ടർ പറഞ്ഞു, ദൈവത്തിന്റെ പുത്രനാണിതെന്ന്. അങ്ങിനെ വിശ്വസിച്ചാൽ മാത്രമേ മോക്ഷമുള്ളൂ എന്ന് അവർ സിദ്ധാന്തിക്കുകയും ചെയ്തു. എന്നാൽ എല്ലാ മാന്യതയുടെയും മഹത്വത്തിന്റെയും അന്തസ്സിന്റെയും യഥാർത്ഥ ഉടമയായ അല്ലാഹു ഇത് കേട്ടിട്ട് അവരുടെമേൽ യാതൊരു നടപടിയും എടുക്കാൻ ധൃതികൂട്ടാതെ സഹനം കൈകൊണ്ടിരിക്കുന്നത് അത്യാശ്ചര്യമല്ലയോ ? ഇത് പറയുമ്പോൾ അവരിൽ ചിലർ പുത്രൻ എന്ന പദത്തിന് ഇവിടെ നേർക്കുനേരെയുള്ള അർത്ഥമല്ലെന്നു പറഞ്ഞുകൊണ്ട്, ഒരുവിധം നിർദ്ദോഷമായ നിലയിൽ വ്യാഖ്യാനിക്കും. എന്നാൽ നമ്മുടെ പേരിൽ മറ്റുള്ളവർ പറഞ്ഞാൽ നമുക്ക് സഹിക്കാൻ കഴിയാത്ത വളരെ ദുഷിച്ചതും നാറിയതുമായ ഒരു വക്ക് മഹോന്നതനായ അല്ലഹുവിന്റെ പേരിൽ പറഞ്ഞിട്ട്, അതിന് നല്ല വ്യാഖ്യാനംകൊടുത്ത് ബുദ്ധിമുട്ടേണ്ട കാര്യമെന്താണ്? ആദുഷിച്ച വാക്ക് തന്നെ ഉപേക്ഷികുന്നതല്ലേ ഭേദം എന്നു നാം പറയുമ്പോൾ അവർ വാശിപിടിക്കുന്നു; ആവാക്ക് എന്തായാലും ഉപേക്ഷിക്കാൻ പറ്റുകയില്ല;

അത് ഞങ്ങളുടെ മതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മൂലസിദ്ധാന്തമാണെന്ന്. എന്തു ചെയ്യും? യേശു ക്രിസ്തുവിന് അല്ലഹു നിൽകിയ മതത്തിൽ തീർച്ചയായും ഇതില്ല. അല്ലഹുവിന് അങ്ങേയാറ്റം അപമാനകരമായ ഒരു സിദ്ധാന്തം കൈക്കൊള്ളുവാൻ അല്ലാഹു ഒരിക്കലും നിർബന്ധിക്കുകയില്ല.

'ദൈവപുത്രൻ' എന്ന ഈ പദത്തിന്റെ അപകടം മനസ്സിലാകുന്നതിന് പരിശുദ്ധ ഖുർആനിലുള്ള ഈ വചനം ശ്രദ്ധിക്കുക.

وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا * لَقَدْ جِئْتُمْ شَيْئًا إِدًّا * تَكَادُ السَّمَاوَاتُ

يَتَفَطَّرْنَ مِنْهُ وَتَنْشَقُّ الْأَرْضُ وَتَخِرُّ الْجِبَالُ هَدًّا *

أَنْ دَعَوْا لِلرَّحْمَٰنِ وَلَدًا * وَمَا يَنْبَغِي لِلرَّحْمَٰنِ أَنْ يَتَّخِذَ وَلَدًا (مريم)

"അവർ പറയുന്നു: പരമകാരുണികനായ (അല്ലാഹു) സന്താനത്തെ സ്വീകരിച്ചിരിക്കുന്നവെന്ന്; (ഇങ്ങിനെ പറയൽമൂലം) നിങ്ങൾ തീർച്ചയായും അതിഭയങ്കരമായ ഒരു കാര്യം ചെയ്തിരിക്കുന്നു: അത്നിമിത്തം ആകാശങ്ങൾ പൊട്ടിക്കീറുകയും, ഭൂമി പിളരുകയും, പർവ്വതങ്ങൾ തകർന്നുവീഴുകയും ചെയ്യുന്നേടത്തോളം ഭയങ്കരമത്രെ അത്. പരമകാരുണികനായ അല്ലഹുവിന് അവർ സന്താനത്തെ ചേർത്തുപറഞ്ഞതിനാൽ! (അത്രയും ഗൗരവമേറിയതും അപകടംപിടിച്ചതുമാണ് ആ വാക്ക്.) സന്താനത്തെ സ്വീകരിക്കയെന്നത് പരമകാരുണികനായ അല്ലാഹുവിന് അനുയോജ്യമല്ല. (മർയം: 88-92)

അല്ലാഹുവിന് ഇത്രത്തോളം വെറുക്കപ്പെട്ട ഒരു വാക്ക് മതത്തിന്റെ മൂലസിദ്ധാന്തമായി അംഗീകരിച്ച സമൂഹത്തെ അല്ലാഹു പരീക്ഷിക്കുന്നത് നോക്കുക: ഭൗതികമായ സൗകര്യവും ആഢംബരവും ഐശ്വര്യവും പ്രതാപവും മറ്റെല്ലാവരെക്കാളും അവർക്കാണ് കൂടുതൽ അല്ലാഹു നൽകിയിരിക്കുന്നത്. എന്തൊരത്ഭുതകരമായ സ്ഥിതിവിശേഷമാണിത്! അല്ലാഹുവിന് തങ്ങളോടുള്ള സ്നേഹംനിമിത്തമാണ് ഈ നിലയിലൊക്കെ അനുഗ്രഹിക്കുന്നതെന്ന് അവർ ധരിച്ചുവശായിരിക്കുന്നു. വല്ലാത്ത ലോകം! ലോകത്ത് ഏറ്റവും വലിയ ധനികന്മാർ അല്ലാഹുവിന് ഏറ്റവും വെറുക്കപ്പെട്ട യഹൂദികളാണ്. ഇസ്ലാംമതത്തിന്റെ പേർ പറഞ്ഞു നടക്കുന്ന സമൂഹത്തിൽ ഏറ്റവും വലിയ ധനികന്മാർ നബി ﷺ യുടെ സ്വഹാബികളെ رضي الله عنهم ലഅ്നത്ത് പറയുന്ന ശീആക്കളുമാണ്. അല്ലാഹു ധനത്തിന് എത്രത്തോളം വില കൽപിച്ചിട്ടുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

## ഖുർആൻ - മഹത്തായ കരുണ

അല്ലാഹു അവന്റെ മഹത്തായ കാരുണ്യം മൂലം മനുഷ്യർക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനമായത് ഖുർആൻ മുഖേനയുള്ള മാർഗ്ഗദർശനമാകുന്നു. അല്ലാഹു പറയുന്നു:

الرحمن علّم القرآن (الرحمن)

"മഹാകാരുണികനായ അല്ലാഹു ഖുർആൻ പഠിപ്പിച്ചു" (അർറഹ്മാൻ 1,2 )

هو الذي ينزل على عبده آيات بيّنات ليخرجكم من الظلمات إلى النور وإن الله بكم لرؤوف رحيم (الحديد)

"ഇരുട്ടുകളിൽനിന്ന് പ്രകാശത്തിലേക്ക് നിങ്ങളെ മോചിപ്പിവാൻ തക്കവണ്ണം പ്രത്യക്ഷലക്ഷ്യങ്ങളായ ആയത്തുകൾ തന്റെ അടിമക്ക് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നവനാണവൻ. അല്ലാഹു നിശ്ചയമായും നിങ്ങളോട് വളരെ ദയയുള്ളവനും കരുണയുള്ളവനുമാകുന്നു." (അൽഹദീദ് :9)

ദാഹിച്ചു വലഞ്ഞു കഷ്ടപ്പെടുന്ന സ്വഭാവത്തോടുകൂടിയ ജീവികൾക്ക് ദാഹം തീർക്കാൻ തക്കനിലയിൽ വെള്ളം കിട്ടുവാനുള്ള സൗകര്യം സ്രഷ്ടാവ് ചെയ്തില്ലായിരുന്നുവെങ്കിൽ സ്ഥിതി എന്തായിപോകുമെന്ന് നോക്കുക? വിവരക്കേടും ആലോചനപ്പിഴവും പിശാചിന്റെ പ്രേരണയും സമൂഹത്തിന്റെ സമ്മർദ്ദവും മൂലം പല അപകടങ്ങളിലും അറിയാതെ അകപ്പെട്ടുപോകാനിടയുള്ള മനുഷ്യന് ഒരു മോചനമാർഗ്ഗം അല്ലാഹു ശരിപ്പെടുത്തിത്തരാതിരിക്കുന്ന പക്ഷം കാര്യം മഹാകഷ്ടത്തിലായിപോകുന്നതാണ്. ഓരോരുത്തർക്കും താന്താങ്ങളുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം കിട്ടിയാൽ മാത്രംമതി - ഏതാനും മണിക്കൂറുകൾകൊണ്ട് ലോകമാകെ തകരാറാകുവാൻ. അതിനാൽ ഇഷ്ടാനുസരണം പ്രവർത്തിക്കുന്നതിന് പല നിയമതടസ്സങ്ങളും പ്രതിബന്ധങ്ങളും അല്ലാഹു ഏർപ്പെടുത്തുകയും ന്യായമായ മാർഗ്ഗം ചൂണ്ടിക്കാണിക്കുകയും ചെയ്തത് അവന്റെ മഹത്തായ കാരുണ്യവും അനുഗ്രഹവുമാകുന്നു. അതിന് നാം അവനെ എത്ര സ്തുതിച്ചാലും മതിയാവുകയില്ല. എന്നാൽ ഈ രംഗത്ത് മനുഷ്യരുടെ സ്വഭാവം എത്രത്തോളം ആപൽക്കരമാണെന്ന് നോക്കുക. എന്തൊരു പ്രതിഷേധമാണ് അല്ലാഹുവിന്റെ നിയമങ്ങളെസംബന്ധിച്ചിടത്തോളം അവർ കാണിക്കുന്നത്. അല്ലാഹുവിന്റെ നിയമങ്ങളെ വിലവെക്കുകയില്ലെന്നു കാണിക്കലല്ലാതെ വേറെ യാതൊരു കാര്യവുമില്ലാത്ത നിലയിൽ എന്തെല്ലാം തോന്ന്യാസങ്ങളാണ് മനുഷ്യർ ചെയ്യുന്നത്? അല്ലാഹു നമുക്കുവേണ്ടി ചെയ്തിട്ടുള്ള ഏറ്റവും വലിയ രക്ഷയെ ശിക്ഷ

യെന്നോണം കാണക്കു കൂട്ടിയ മട്ടാണ്! നമ്മുടെ ബുദ്ധിക്കെന്തു പറ്റി! ആപൽക്കരമായ ഈ വിസ്മൃതി എവിടെയാണ് നമ്മെ കൊണ്ടുചെന്നെത്തിക്കുക! എപ്പോഴാണ് നാം ഉണരുക !

## കരുണയുടെ ആഴവും പരപ്പും

ഇസ്ലാമിനെപ്പറ്റി എന്തങ്കിലും ആക്ഷേപം പറയുവാൻ വഴിനോക്കിനടക്കുന്ന ദോഷൈകദൃക്കുകളായ ചില അമുസ്ലിംകൾ അല്ലാഹുവിന്റെ കോപത്തിന്റെയും ശിക്ഷയുടെയും വിഷയങ്ങളൊന്നും ഇസ്ലാമിലില്ലെന്നും ജൽപ്പിക്കുന്നത് കേൾക്കാറുണ്ട്. നമ്മുടെ മുസ്ല്യാക്കളാണ് ഈ വ്യാജപ്രചാരണത്തിന് ഉത്തരവാദികൾ. നാം പാപംചെയ്തതു നിമിത്തം അല്ലാഹു നമ്മുടെനേരെ കോപിച്ചിരിക്കുന്നു എന്നും അതിനാൽ അല്ലാഹുവിനോട് നേരിട്ടു പ്രാർത്ഥിച്ചാൽ അവൻ സ്വീകരിക്കയില്ലെന്നും, ഔലിയാക്കളെ മദ്ധ്യസ്ഥന്മാരും ശുപാർശക്കാരുമാക്കി അവർ മുഖേന തേടിയാൽ മാത്രമേ ശരിപ്പെടുകയുള്ളുവെന്നും അവർ പ്രചാരണം നടത്തി. ബഹുഭൂരിപക്ഷം ജനങ്ങളും താടിയും തലേക്കെട്ടും നീണ്ട ദസ്വിയും മുഖേന കപടവേഷം ധരിച്ച ഇവരുടെ അവിശ്വാസപൂർണ്ണമായ ദുഷ്പ്രചാരണത്തിൽ വിശ്വസിച്ചുവശായി. ഇങ്ങനെയാണ് മേൽസൂചിപ്പിച്ച ആക്ഷേപം പ്രചാരത്തിൽ വന്നത്. എന്നാൽ അതിന്റെ ഊടും പാവും കളവാകുന്നു. അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തിന്റെ വിശാലതയും വ്യാപ്തിയും തെളിയിക്കുന്ന ധാരാളം പ്രമാണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നബി ﷺ പറയുന്നു.

اللّٰهُ اَشَدُّ فَرْحاً بِتَوْبَةِ عَبْدِهِ مِنْ اَحَدِكُمْ سَقَطَ

عَلَى بَعِيرِهِ وَقَدْ اَضَلَّهُ فِى فَلَاةٍ (متفق عليه)

അല്ലാഹുവിനെതന്നെയാണെ സത്യം: നിങ്ങളിലോരാൾക്ക് വിശാലമായ മരുഭൂമിയിൽ ചാടിപ്പെയിരുന്ന ഒട്ടകത്തെ കണ്ടുകിട്ടിയാൽ എത്രത്തോളം ആനന്ദം ഉണ്ടാകുമോ അതിനേക്കാൾ എത്രയോ കൂടതലായി അല്ലാഹു അവന്റെ അടിമയുടെ പശ്ചാത്താപത്തെക്കുറിച്ച് സന്തോഷിക്കുന്നവനാകുന്നു.

അറബികൾക്ക് ഒട്ടകം വളരെ മൂല്യമുള്ളതും കാര്യപ്പെട്ടതുമാകുന്നു. നമ്മുടെ നാട്ടിൽ ആനയെപോലെ. ഒട്ടകം ചാടിപ്പോയാലുണ്ടാകുന്ന സങ്കടം അവർക്ക് താങ്ങാനാവാത്തതാണ്. ചാടിപ്പോയതിനെ കണ്ടുകിട്ടിയാൽ ഉള്ള ആനന്ദം വമ്പിച്ചതാണ്. പാപം ചെയ്ത അടിമ ഖേദംപ്രകടിപ്പിച്ച് മാപ്പ് ചോദിക്കുമ്പോൾ കളഞ്ഞുപോയ ഒട്ടകം കണ്ടുകിട്ടിയ ഉടമസ്ഥൻ സന്തോഷിക്കുന്നതിനേക്കാൾ കൂടുതലായി സന്തോഷിക്കുന്നവനാണ് അല്ലാഹു. അങ്ങിനെയുള്ള കരുണാനിധിയും ദയാലുവുമായ അല്ലാഹുവിനേക്കാൾ നമ്മോട് സ്നേഹമുള്ളവരാണ് ഔലിയാക്കൾ എന്ന ധാരണ കഠിനമായ അവിശ്വാസ

മാകുന്നു. ഈ അടിസ്ഥാനത്തിൽ പ്രചാരണം നടത്തുന്ന പണ്ഡിതവേഷ ധാരികൾ ഇസ്ലാമിന്റെ ശത്രുക്കളാകുന്നു.

മേൽ ഉദ്ധരിച്ച വിഷയം നബി ﷺ തന്നെ വിശദീകരിക്കുന്നത് കാണുക: അല്ലാഹുവിനെതന്നെയാണ് സത്യം; നിങ്ങളിൽ ഒരാൾ ഒട്ടക പ്പുറത്ത് വിശാലമായ മരുഭൂമിയിൽ യാത്ര ചെയ്യുകയായിരുന്നുവെന്ന് വെക്കുക. ഒട്ടകം ചാടിപ്പോയി. അതിന്റെ പുറത്ത് അവന്റെ ഭക്ഷണവും വെള്ളപ്പാത്രവും ഉണ്ടായിരുന്നു. ഏതു ഭാഗത്തേക്കാണ് പോയതെന്ന് ഒരടയാ ളം കാണാതെ അവൻ ആശ മുറിഞ്ഞു. അങ്ങിനെ ഒരു വൃക്ഷത്തിനടുത്ത് ചെന്ന് അതിന്റെ തണലിൽ കിടന്നു. അങ്ങനെ കിടക്കുമ്പോൾ അതാ ഒട്ടകം പൊടുന്നനവെ അവന്റെ മുമ്പിൽ വന്നുനിന്നു. അവൻ ചാടിയെഴുന്നേറ്റ് അതിന്റെ മൂക്കുകയർ പിടിച്ച് സന്തോഷാധിക്യത്തിൽ അവൻ പറഞ്ഞുപോയി: "അല്ലാ ഹുവേ, നീ എന്റെ അടിമയും ഞാൻ നിന്റെ യജമാനനുമാകുന്നു" എന്ന്. സന്തോഷാധിക്യത്താൽ അവൻ അബദ്ധം പറഞ്ഞുപോയതാണ്. പാപിയായ അടിമ ഖേദിച്ചുമടങ്ങുമ്പോൾ അല്ലാഹു, ഈ മനുഷ്യൻ സന്തോഷിച്ചതിനേ ക്കാൾ കൂടുതൽ സന്തോഷിക്കുന്നതാകുന്നു. (മുസ്ലിം) "നീ എന്റെ യജമാ നനും ഞാൻ നിന്റെ അടിമയുമാണ്. ദയാലുവായ യജമാനൻ പാവപ്പെട്ട ഈ അടിമയെ രക്ഷിച്ചു" എന്ന് പറയാൻ വിചാരിച്ചതാണ്. പക്ഷെ പാട് മാറിപ്പോയി. അതിർകവിഞ്ഞ സന്തോഷത്തിന്റെ അവസരത്തിൽ പിശാചിന്റെ സ്വാധീനം നാവിൽകൂടി പ്രകടമായിപ്പോയി. നോക്കുക: ഇത്ര വലിയ കൃപക്കാരനായ അല്ലാഹുവിനെപ്പറ്റിയാണ് നമ്മുടെ സുന്നീമുസ്ലിയാക്കൾ പ്രചരണം നടത്തി യിരിക്കുന്നത്. നമ്മൾ പാപികളായിപ്പോയതിനാൽ അല്ലാഹു നമ്മുടെ പ്രാർത്ഥന സ്വീകരിക്കയില്ല. അത്കൊണ്ട് നമ്മൾ ഔലിയാക്കളെ വിളിച്ച് തേടണം എന്ന്. ഏറ്റവും ദുഷിച്ച ഒരു വ്യാജപ്രചാരണമാണിത്. പിശാചിന്റെ വഹ്യിൽപെട്ടതു മാണ്. അല്ലാഹുവിന്റെ വലിയ്യ് ഒരാളെ സ്നേഹിക്കണമെങ്കിൽ അയാൾ അല്ലാ ഹുവിന് പ്രിയപ്പെട്ടവനാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടണം. ഈ യാഥാർത്ഥ്യംപോലും മുസ്ലിയാക്കൾ ശ്രദ്ധിക്കാത്തത് എന്തൊരുകഷ്ടമാണ്. മറ്റൊരു സംഗതി: ഔലിയാക്കളെ വിളിച്ച് തേടുമ്പോൾ ഇന്നയാൾ ഇന്നയാവ ശ്യത്തിന് വേണ്ടി എന്നെ വിളിച്ച് തേടിയിരിക്കുന്നു എന്ന് വലിയ്യ് അറിയുമെന്ന് വിശ്വസിച്ചാൽ കാഫിറാണ്. എന്തുകൊണ്ടെന്നാൽ ഇത് അദൃശ്യമായ അറിവാ ണ്. അദൃശ്യമായ അറിവ് അല്ലാഹുവിന് പ്രത്യേകമുള്ളതാണ്. പിന്നെ മുസ്ലി യാക്കൾ പറയുന്നത് ഔലിയാക്കളെ നമ്മൾ വിളിച്ച് തേടിയാൽ അല്ലാഹു വലിയ്യിന് വിവരം എത്തിച്ചുകൊടുക്കും. അപ്പോൾ വലിയ്യ് ആ കാര്യം നിറവേ റ്റികൊടുക്കുവാൻ അല്ലാഹുവിനെതന്നെ ഏൽപിക്കും എന്നാണ്. അപ്പോൾ അല്ലാഹുവിന്റെ സ്ഥാനം എന്തായി? നമ്മുടെ കാര്യം നിറവേറ്റിത്തരുവാൻ അല്ലാഹു ഔലിയാക്കളോട് സമ്മതംചോദിക്കുകയോ? ഇത് അബൂജഹലിന്റെ കുഫ്റിനേക്കാൾ കടുപ്പമായിപ്പോയല്ലോ!

مَالِكِ يَوْمِ الدِّينِ

## (കൂലിദിനത്തിന്റെ ഉടമസ്ഥൻ)

അല്ലാഹുവിനെ സ്തുതിക്കേണ്ടതിന്റെ കാരണങ്ങൾ രണ്ടെണ്ണം മുൻവചനങ്ങളിൽ സൂചിപ്പിച്ചു. ഇപ്പോൾ മൂന്നാമതൊരു കാരണം സൂചിപ്പിക്കുകയാണ്. يوم الدين (കൂലിദിനം) എന്നാൽ എന്ത്? മുനുഷ്യരെല്ലാം മരിക്കുകയും ഈ ലോകം നശിക്കുകയും ചെയ്തശേഷം മനുഷ്യരേയും ജിന്നുകളേയും അല്ലാഹു രണ്ടാമത് ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടി നിർത്തുകയും വിചാരണചെയ്ത് രക്ഷാശിക്ഷകൾ നടപ്പിൽവരുത്തുകയും ചെയ്യുന്ന ഒരു ഘട്ടമുണ്ട്. അതാണ്. യൗമുദ്ദീൻ ഇങ്ങനെ ഒരു പരിപാടി ഏർപ്പാട് ചെയ്തതിനെ സംബന്ധിച്ചും അന്ന് എല്ലാ അധികാരങ്ങളും അല്ലാഹു സ്വയം കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചും അല്ലാഹുവിനെ നാം സ്തുതിക്കൽ കടമയാണെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ വിഷയം മനസ്സിലാക്കാൻ ചിലർക്ക് അൽപം പ്രയാസമുണ്ടായേക്കാം. ഒരു കാര്യത്തെപ്പറ്റി അല്ലാഹുവിനെ സ്തുതിക്കണമെങ്കിൽ അതിൽ സന്തോഷം തോന്നണമല്ലോ. ഉദാ:- ദാഹിച്ചുവലഞ്ഞു വിഷമിച്ച സമയത്ത് നല്ല വെള്ളം കിട്ടിയാൽ അതു കുടിച്ചു ദാഹം തീർന്നു ആനന്ദാനുഭൂതി ഉണ്ടാകുമ്പോൾ 'അൽഹംദുലില്ലാഹി' എന്നുപറയും. അത് സ്വാഭാവികമാണ്. അതുപോലെ വീട്ടിനകത്ത് ഭാര്യയോ മക്കളോ പ്രസവവേദനയിൽ പെട്ടിരിക്കുന്നു. എപ്പോഴെന്നില്ലാതെ എന്തും സംഭവിക്കാം അങ്ങിനെയിരിക്കെ കുട്ടിയുടെ കരച്ചിൽ കേട്ടാൽ 'അൽഹംദുലില്ലാഹി' എന്നു പറയും. അതിന്റെ പ്രസക്തി വ്യക്തവുമാണ്. എന്നാൽ ഈ ലോകത്തിന്റെ ഭരണവ്യവസ്ഥയിൽ പരലോകത്തിന്റെ പരിപാടി അല്ലാഹു വെച്ചതിൽ നമ്മുടെ മനസ്സ് സന്തോഷിക്കുന്നുണ്ടോ? അഥവാ വെറുപ്പും പ്രതിഷേധവുമാണോ എന്ന് നോക്കേണ്ടതുണ്ട്. മുനുഷ്യരുടെ സ്വഭാവം വീക്ഷിച്ചതിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഈ പരിപാടിയിൽ സന്തോഷിക്കുന്നവർ കുറവാണെന്ന്, അങ്ങനെ ഒരു പരിപാടി വെച്ചതു നിമിത്തം നമുക്ക് യഥേഷ്ടം ജീവിക്കാൻ വയ്യാതായല്ലോ? എന്നുള്ള വെറുത്ത മനസ്ഥിതിക്കാർ ധാരളമുണ്ട്. അത് ചെയ്തുകൂടാ, ഇത് പറഞ്ഞുകൂടാ, ഇത് തിന്നുകൂടാ: ഇങ്ങനെയുള്ള നിയമതടസ്സങ്ങൾ നിമിത്തം നമ്മുടെ ജീവിതം ചങ്ങലക്കിടപ്പെടുകയും സ്വൈരവിഹാരം തടയപ്പെടുകയും ചെയ്തിരിക്കയാണല്ലോ എന്നുള്ള പ്രതിഷേധമനോഭാവം സാർവത്രികമായി കണ്ടുവരുന്നു.

### പരലോകത്തിന്റെ പ്രസക്തി

എന്നാലീ ആലോചന എത്രത്തോളം ബാലിശവും ആപൽകരവുമാണെന്നു നോക്കാം. മനുഷ്യർക്ക് ഇഷ്ടംപോലെ ജീവിക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നാണല്ലോ ഇതിന്റെ ചുരുക്കം. എന്നാൽ അത്തരം

സ്വാതന്ത്ര്യം ലഭിക്കുന്നപക്ഷം ലോകത്തിന്റെ സ്ഥിതി എന്താകണമെന്ന് ചിന്തിക്കുക. അല്ലാഹു പറയുന്നു.

ولو اتبع الحق اهواءهم لفسدت

السموات والأرض ومن فيهن (المؤمنون)

"സത്യം മനുഷ്യരുടെ തന്നിഷ്ടങ്ങളെ പിൻതുടരുകയായിരുന്നുവെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളതുമെല്ലാം തകരാറായി പോകുമായിരുന്നു." (മുഅ്മിനൂൻ:71)

അതായത് ആളുകൾക്ക് ഇഷ്ടാനുസരണം ജീവിക്കുവാനുള്ള നിയമാനുവാദം ലഭിക്കുന്നപക്ഷം പിന്നെ ഇവിടെ യാതൊരു സമാധാനവും ഉണ്ടാവില്ല. ഭൂമിയിൽ മാത്രമല്ല ആകാശത്തിലും ഉണ്ടാവില്ല. (വ്യോമയുദ്ധങ്ങളും നടക്കും)ആർക്കും രക്ഷയില്ലാതായിത്തീരും. നോക്കുക, ഒരു ഉദാഹരണം പറയാം. 1987 ജനുവരി 4-ാം തിയ്യതി രാവിലെ ഏഴുമണി മുതൽ എട്ടുമണിവരെ ഒരു മണിക്കൂർ നേരം ഇഷ്ടംപോലെ എന്തുംചെയ്യാം. വിചാരണ നടത്തലോ നടപടി എടുക്കലോ ഒന്നുമില്ല. സ്വാതന്ത്ര്യത്തിന്റെ രുചി എല്ലാവരും ആസ്വദിച്ചുകൊള്ളട്ടെ എന്ന് ഈ ലോകത്തുള്ള രാജാക്കന്മാരും, പ്രധാനമന്ത്രിമാരും, മറ്റ് അധികാരി വർഗ്ഗങ്ങളും ഒരു പ്രഖ്യാപനം ചെയ്തുവെന്ന് വെക്കുക. എന്നാൽ ആ പറഞ്ഞ സമയം കാത്തിരുന്നിട്ട് എന്തൊക്കെയാണ് ഈ മനുഷ്യർ ചെയ്തുകൂട്ടുക!? എന്തൊക്കെയാണ് ഈ ലോകത്ത് സംഭവിക്കുക.! ആ ഒരൊറ്റ മണിക്കൂറിന്ശേഷം ലോകത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിക്കുമ്പോൾ..........

മനുഷ്യന്റെ ആഗ്രഹം നിറവേറ്റാനായി മറ്റുള്ളവരെ ആക്രമിക്കും. അവരുടെ അവകാശങ്ങൾ ചവിട്ടിമെതിക്കും. സത്യവും നീതിയും വലിച്ചെറിയും. അതിനാൽ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ സാധിക്കാത്തവണ്ണം പല തടസ്സങ്ങളും അല്ലാഹു ഏർപ്പെടുത്തിയതും വളരെ നന്നായി. അതിന്ന് എത്ര സ്തുതി പറഞ്ഞാലും മതിയാവില്ല. മൃഗങ്ങളെ ഇഷ്ടാനുസരണം ജീവിക്കാൻ വിട്ടിട്ട് യാതൊരപകടവും ഉണ്ടായിട്ടില്ല. ഈ മനുഷ്യരെയെങ്ങാനും അങ്ങിനെ ജീവിക്കാൻ വിട്ടുകൊടുത്തിരുന്നുവെങ്കിലുള്ള അപകടം പറഞ്ഞാൽ തീരുകയില്ല. യഥേഷ്ടം ജീവിക്കാൻ സ്വാതന്ത്ര്യവും കഴിവുമുള്ള മനുഷ്യൻ നാട്ടിലുണ്ടായാൽമതി ആ നാടാകെ കുട്ടിച്ചോറാകാൻ. മുമ്പ് ഉദ്ധരിച്ച വചനത്തെത്തുടർന്ന് അല്ലാഹു പറയുന്നു.

بل أتيناهم بذكرهم فهم عن ذكرهم معرضون (المؤمنون)

എന്നാൽ അവർക്കുള്ള ഉൽബോധനം നാം അവർക്ക് നൽകി. എന്നാൽ അവരാകട്ടെ അവർക്കുള്ള ഉൽബോധനത്തെ വിട്ടുപന്തിരിയുന്നവരാകുന്നു. (മുഅ്മിനൂൻ: 71)

കരുണാനിധിയായ അല്ലാഹു വേദങ്ങൾ അവതരിപ്പിക്കുകയും പ്രവാചകന്മാരെ അയക്കുകയും ചെയ്തുകൊണ്ട് മനുഷ്യർക്ക് മാർഗദർശനം നൽകിയത് അതുമൂലം തനിക്കുവല്ലതും നേടുവാൻ വേണ്ടിയല്ല. മനുഷ്യരെ ബുദ്ധിമുട്ടിക്കാനുമല്ല. മനുഷ്യരുടെ സ്വാതന്ത്ര്യം തടഞ്ഞ് വലിപ്പം നടിക്കാനുമല്ല. മനുഷ്യരുടെ രക്ഷക്കുവേണ്ടിയാണ്. അതിനെപ്പറ്റി അങ്ങേയറ്റം നന്ദികാണിക്കുകയാണ് അവരുടെ കടമ. പ്രതിഷേധ മനോഭാവക്കാർ മഹാനിർഭാഗ്യവാന്മാരും ശിക്ഷാർഹരുമാകുന്നു.

## പരീക്ഷാഫലം അനാവശ്യമോ?

അപ്പോൾ പരലോകത്തിന്റെ പരിപാടി അല്ലാഹു വെച്ചത് മനുഷ്യരെ സംബന്ധിച്ചേടത്തോളം വളരെ ആവശ്യമായിട്ടുള്ള സംഗതിയാണ്. വളരെ ലളിതമായ ഒരു നാടൻ ഉദാഹരണം:- വിദ്യാഭ്യാസ പരിപാടിയിൽ ലോകത്ത് എല്ലാ രാജ്യങ്ങളിലും പരീക്ഷ ഏർപ്പെടുത്തീട്ടുണ്ടല്ലോ. പരീക്ഷാഫലം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതും പിന്നീട് സർട്ടിഫിക്കറ്റ് കൊടുക്കുന്നതും പതിവുണ്ടല്ലോ. പത്രങ്ങളിൽ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്ന ദിവസം എല്ലാവരും അക്ഷമയോടെ കാത്തിരിക്കും. റിസൽട്ട് വന്നാൽ സന്തോഷിക്കുന്നവരേക്കാൾ അധികം വ്യസനിക്കുന്നവരായിരിക്കും. മാത്രമല്ല നിഷ്കളങ്കവും പരിപൂർണ്ണവുമായ സന്തോഷം ഒരൊറ്റ ആൾ മാത്രമാണ് അനുഭവിക്കുന്നത്. ഒന്നാം റാങ്കുകാരൻ. രണ്ടാം റാങ്കുകാരൻ ഒന്നാം റാങ്ക് നഷ്ടപ്പെട്ടതിൽ വ്യസനിക്കുന്നു. തോറ്റവരുടെ കാര്യം പറയേണ്ടതുമില്ല. പൊതുവെ നോക്കിയാൽ വിജയശതമാനം കുറവുമാണ്. തോറ്റ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ബന്ധുക്കളും അദ്ധ്യാപകരുമെല്ലാം വ്യസനക്കാർ. ഈ കാരണത്താൽ പരീക്ഷ നടത്തുകയും റിസൽട്ട് പരസ്യപ്പെടുത്തുകയും ചെയ്യുന്നത് അനാവശ്യമാണെന്നോ ഉപദ്രവമാണെന്നോ ബുദ്ധിയുള്ള ആരെങ്കിലും പറയുമോ? ഈ ലോകമാകെ ഒരു പരീക്ഷാഹാളാണ്. മനുഷ്യരൊക്കെ പരീക്ഷക്ക് എഴുതിക്കൊണ്ടിരിക്കുയാണ്. പരീക്ഷയുടെ മേലന്വേഷണക്കാരൻ സർവ്വജ്ഞനും അതിനീതിമാനുമായ അല്ലാഹുവാണ്. ഈ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്ന ദിവസമാണ് 'യൗമുദ്ദീൻ'.

അതുകൊണ്ട് ഇങ്ങനെ ഒരു പരിപാടി വെച്ചതിനെ സംബന്ധിച്ച് വെറുപ്പു വിചാരിക്കേണ്ട യാതൊരുകാര്യവുമില്ല. ബുദ്ധിമാന്മാർ അതിന്നു നന്ദിപറയും. അല്ലാഹുവിനെ സ്തുതിക്കും.

അന്ന് വല്ല അധികാരങ്ങളും ആർക്കെങ്കിലും ഏൽപിച്ചുകൊടുക്കുന്നപക്ഷം കാര്യം ശരിയാവില്ല. നീതി പാലിക്കാൻ അല്ലാഹുവിനെപ്പോലെ വേറെ ആർക്കും ഏതായാലും സാധിക്കില്ല. മനുഷ്യൻ എത്ര

ഉയർന്നവനായലും ആലോചനപ്പിഴവും വികാരക്ഷോഭവും മറ്റു പല പോരായ്മകളും ഉള്ളവനാണ്. അതുകൊണ്ടാണ് നബി ﷺ പറഞ്ഞത്.

لا يقضين حكم بين اثنين وهو غضبان (البخارى)

(ഒരു മദ്ധ്യസ്ഥനും കോപിഷ്ഠനായിരിക്കുന്ന അവസ്ഥയിൽ രണ്ടാളുടെ ഇടയിൽ ഒരിക്കലും വിധിപറയരുത്) ചുരുക്കത്തിൽ അന്ന് എല്ലാ അധികാരങ്ങളും അല്ലാഹു ഒറ്റക്ക് കൈകാര്യം ചെയ്യുന്നു എന്നുള്ളതും അല്ലാഹുവിനെ സ്തുതിക്കൽ നമ്മുടെ കടമയായിത്തീർന്നതിന്റെ ഒരു കാരണമാകുന്നു. ഈ രണ്ട് ആശയവും مالك يوم الدين (കൂലി ദിനത്തിന്റെ ഉടമസ്ഥനായ) എന്ന വചനം ഉൾകൊള്ളുന്നുണ്ട്.

'യൗമുദ്ദീനി'ന്റെ പരിപാടിയുടെ അനിവാര്യത മനസ്സിലാക്കാൻ വളരെയൊന്നും ആഴത്തിൽ ചിന്തിക്കേണ്ടതില്ല. നിഷേധത്തിന്റെയും ധിക്കാരത്തിന്റെയും മനോഭാവം ഉപേക്ഷിച്ച് ശാന്തമായി അൽപമൊന്നു ചിന്തിച്ചാൽമതി; അന്വേഷണബുദ്ധിയോടുകൂടി. പരലോകത്തിന്റെ പരിപാടി അല്ലാഹു വെച്ചിട്ടില്ലായിരുന്നുവെങ്കിൽ നമ്മുടെ നില എന്തെന്ന് ആലോചിക്കുക. മഹാകഷ്ടവും നിർഭാഗ്യവുംതന്നെ. മൃഗങ്ങളേക്കാൾ കഷ്ടം, മൃഗങ്ങൾക്ക് തിന്നാനോ കുടിക്കാനോ യാതൊരു ബുദ്ധിമുട്ടുമില്ല. നമുക്കു വല്ലതും തിന്നാനും കുടിക്കാനും എത്രസൂക്ഷിക്കണം; എത്ര പ്രയാസപ്പെടണം!! മൃഗങ്ങൾക്ക് അങ്ങിനെയൊന്നുമില്ല. അവയെപ്പോലെ എവിടെയെങ്കിലും കിടന്ന് എങ്ങിനെയെങ്കിലും വിശ്രമിക്കാനോ ഉറങ്ങാനോ നമുക്ക് സാധ്യമല്ല. അതിനു നമ്മൾ വളരെ ബുദ്ധിമുട്ടണം. ലൈംഗികവികാരം നമ്മുടെ ജീവിതത്തിലെ വലിയ ഒരു പ്രശ്നമാണ്. എങ്ങിനെയെങ്കിലുമൊക്കെ നിറവേറ്റാൻ നമുക്ക് പറ്റുകയില്ല. മൂരികൾക്ക് എന്തൊരു സുഖം.; ജനം തിങ്ങിനിറഞ്ഞ റോഡിന്റെ നടുവിൽവെച്ച് ഒരു മൂരി പശുവിന്റെ പുറത്ത് കയറിയാൽ ആരും ഒന്നും കാട്ടുകയില്ല. ഒരു പുരുഷനും സ്ത്രീയുംകൂടി ഇടപെട്ടാൽ എല്ലാവരുംകൂടി എന്തൊക്കെചെയ്യും. ഇങ്ങിനെ അവിഹിതമായി ബന്ധപ്പെടുന്നവരെ എറിഞ്ഞുകൊല്ലാൻ ഇസ്ലാമിൽ വിധിച്ചതിന്റെ പ്രസക്തി ഇവിടെ ചിന്തിക്കുക. ലൈഗികബന്ധംമൂലം നേരിടുന്ന ബാദ്ധ്യതകളും ഭാരങ്ങളും ചിന്തിക്കുക. മക്കളുണ്ടായാൽ നാം എത്ര കഷ്ടപ്പെടണം, പെൺകുട്ടിയായാൽ പറയേണ്ടതുമില്ല. ലോകത്ത് ഇതുവരെ ഒരു മൂരി അതിന്റെ മക്കളെ കെട്ടിക്കാൻ വിഷമിക്കേണ്ടിവന്നിട്ടില്ല. മലമൂത്രവിസർജ്ജനത്തിന് ആവശ്യമായാൽ തരപ്പെട്ട സ്ഥലം നാം തിരഞ്ഞുപോകും. അതുമില്ല മൃഗങ്ങൾക്ക്. ഇതിനെല്ലാം പുറമെ ചൂട്, തണുപ്പ്, നാനാവിധ രോഗങ്ങൾ, പല അന്യജീവികളെക്കൊണ്ടും സഹജീവികളെ കൊണ്ടുമുള്ള ഉപദ്രവങ്ങൾ, വിവരിക്കാൻ കഴിയാത്ത മനഃപ്രയാസങ്ങൾ ഇങ്ങനെ യെല്ലാം കൂടി അപകടങ്ങളാൽ വലയം ചെയ്യപ്പെട്ട അവസ്ഥ

യിൽ ഇവിടെ കഴിഞ്ഞുകൂടി ജീവിതം അങ്ങനെ അവസാനിപ്പിച്ചുപോയാൽ നമ്മുടെ സ്ഥിതിയെന്ത്? എന്തിനാണ് നാം ജീവിക്കുന്നത്? ദിവസം ഇരുപത്തിനാലുമണിക്കൂറുള്ളതിൽ ഒരു മണിക്കൂർ നേരമെങ്കിലും യഥാർത്ഥത്തിൽ സന്തോഷംകൊള്ളാൻ ഇവിടെ സൗകര്യമുണ്ടോ. അതിനാൽ പരലോകത്തന്റെ പരിപാടി അല്ലാഹു വെച്ചത് വളരെ നന്നായി, അതില്ലെങ്കിൽ പിന്നെ തൂങ്ങിമരിക്കലായിരിക്കും ഭേദം. എന്തിന് ഇവടെ കിടന്നു കഷ്ടപ്പെടന്നു. ചുരുക്കത്തിൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം പരലോകം കൂടാതെ കഴിയുകയില്ല. ഈ ലോകത്ത് മൃഗങ്ങൾ മാത്രമായിരുന്നുവെങ്കിൽ പരലോകം ആവശ്യമില്ല. മലക്കുകൾമാത്രമായിരുന്നെങ്കിലും പരലോകം ആവശ്യമില്ല. മനുഷ്യൻ എന്ന ഈ ജീവി ഈ ഭൂമിയിലുള്ള സ്ഥിതിക്ക് പരലോകത്തിന്റെ പരിപാടി അല്ലാഹു വെച്ചട്ടില്ലായിരുന്നുവെങ്കിൽ മഹാ കഷ്ടമായിത്തീരുമായിരുന്നു. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ യുക്തിപരിഗണന ഇല്ലെന്നുവന്നുപോകും. അന്വേഷണ സ്വഭാവത്തിൽ ചിന്തിക്കുന്ന ഏതൊരാൾക്കും ഈ യാഥാർത്ഥ്യം ബോദ്ധ്യപ്പെടുന്നതിന് യാതൊരുപ്രയാസവുമില്ല. പഠനം പൂർത്തിയായതിനു ശേഷം കൈവരാവുന്ന നേട്ടം മുമ്പിൽ കണ്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ബുദ്ധിമുട്ടുകൾ സഹിക്കാൻ തയ്യാറായ വിദ്യാർത്ഥിയെപോലെ പരലോകമോക്ഷം ആഗ്രഹിച്ചുകൊണ്ട് ഈ ലോകത്ത് അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അല്ലാഹുവിന്റെ നിയമം പാലിക്കുകയും ചെയ്തുകൊണ്ട് ജീവിക്കാൻ അവർക്ക് ഒട്ടും പ്രയാസം തോന്നുന്നതുമല്ല.

### അൽഭുതകരം

അല്ലാഹു പറയുന്നതു കാണുക:

وَانْ تَعْجَبْ فَعَجَبٌ قَوْلُهُمْ ائِذَا كُنَّا تُرَابًا ائِنَّا لَفِي خَلْقٍ جَدِيدٍ (الرعد)

(നിനക്കു വല്ല വിഷയത്തിലും അത്ഭുതം തോന്നുന്നുണ്ടെങ്കിൽ, ഞങ്ങൾ മണ്ണായിതീർന്നാൽ പിന്നെ വീണ്ടും പുതുതായി സൃഷ്ടിക്കപ്പെടുമോ എന്നുള്ള അവരുടെ വാക്കാണ് ഏറ്റവും വലിയ അത്ഭുതം. (റഅ്ദ്:5)

അതായത് മനുഷ്യരെല്ലാം മരിച്ചതിനുശേഷം അവരെ പുനർജ്ജീവിപ്പിച്ച് വിചാരണചെയ്തു വിധി നടത്തുമെന്ന് തീരുമാനിച്ചിട്ടുള്ളത് വളരെ ആവശ്യമായ ഒരു സംഗതിയാണ്. അതിനെപ്പറ്റി സംശയം പ്രകടിപ്പിക്കുന്നുവെങ്കിൽ അതിന് ഏറ്റവും തരപ്പെട്ട വിഷയം ഇതാണ്. പരീക്ഷനടത്തുകയും റിസൾട്ട് പരസ്യപ്പെടുത്തുകയും ചെയ്യുന്നതിനെപ്പറ്റി ബദ്ധിയുള്ളവരാരെങ്കിലും ആക്ഷേപിക്കുമോ? തോറ്റവരുംകൂടി ആക്ഷേപിക്കുകയില്ല!

## പരലോകം, കാരുണ്യം

അല്ലാഹു പറയുന്നതു ശ്രദ്ധിക്കുക;

قُلْ لِمَنْ مَا فِى السَّمَاوَاتِ وَالْأَرْضِ قُلْ لِلَّهِ كَتَبَ عَلَى
نَفْسِهِ الرَّحْمَةَ لَيَجْمَعَنَّكُمْ اِلَى يَوْمِ الْقِيَامَةِ لَا رَيْبَ فِيهِ (الانعام)

(ആകാശങ്ങളിലും ഭൂമിയിലും ഉള്ളത് ആരുടേതാണെന്ന് ചോദിക്കുക. അല്ലാഹു കാരുണ്യത്തെ തന്റെ മേൽ കടമയായി വിധിയെഴുതിയിരിക്കുന്നു; ഖിയാമത്തുനാളിലേക്ക് അവൻ നിശ്ചയമായും നിങ്ങളെ ഒരുമിച്ച് കൂട്ടുന്നതാണ്. അതിൽ യാതൊരു സംശയവുമില്ല. (അൻആം:12)

അതായത് മക്കയിലെ മഹാ നിഷേധികളും ധിക്കാരികളുമായ ജനങ്ങളോട് ആകാശങ്ങളുടേയും ഭൂമിയുടേയും അവയുൾക്കൊള്ളുന്ന വസ്തുക്കളുടേയും സ്രഷ്ടാവും രക്ഷിതാവും ഉടമസ്ഥനും നിയന്താവും ആരാണെന്നതിനെപ്പറ്റി അഭിപ്രായം ചോദിക്കുവാൻ അല്ലാഹുകൽപിച്ചു. എന്നാൽ ഇതൊക്കെ അല്ലാഹുവിന്റെ സ്വന്തം വിഷയങ്ങളാണെന്ന് അങ്ങേയറ്റം ബോദ്ധ്യമുള്ളവരാണ് അവർ. അതു തുറന്നു സമ്മതിക്കുന്നതുമൂലം തുടർന്നുവരുന്ന വിഷയങ്ങൾ അംഗീകരിക്കുവാൻ അവർ തയ്യാറല്ല. അതായത് അവനെ ആരാധിക്കൽ നമ്മുടെ ആവശ്യമാണ്. മറ്റാരേയും ആരാധിക്കാൻ ഒരു വിധത്തിലും പറ്റുകയില്ല. തന്മൂലം അവർക്ക് ബോദ്ധ്യമുള്ള പരമാർത്ഥം തുറന്നു പറയാതെ അവർ അറച്ചുനിൽക്കും. അതുകൊണ്ട് അവർക്ക് സമ്മതമായിട്ടുള്ള മറുപടി ചോദ്യകർത്താവുതന്നെ പ്രസ്താവിക്കുകയാണ്. സത്യം തെളിയിക്കാനുള്ള ന്യായവാദത്തിൽ ബുദ്ധിമാന്മാരെല്ലാം ശരിവെച്ചിട്ടുള്ള യുക്തമായ ഒരു രീതിയാണിത്. അങ്ങിനെ എല്ലാകാര്യവും അല്ലാഹുവാണ് നടത്തുന്നതെന്ന് മറുപടി പ്രഖ്യാപിച്ച ശേഷം അതിനെതുടർന്ന് മറ്റൊരു പ്രധാനവിഷയം പറയുകയാണ്. അതായത് അല്ലാഹു മഹാകാരുണികനാകുന്നു. കരുണചെയ്യണമെന്ന് അവൻ സ്വയം തീരുമാനിക്കുകയും എഴുതി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പുനരുത്ഥാനദിവസം ഒരുമിച്ചുകൂട്ടും, വിചാരണനടത്തും, രക്ഷാശിക്ഷകൾ വിധിച്ചു നടപ്പിൽവരുത്തും. മഹത്തായ കാരുണ്യത്തിന്റെ അടിസ്ഥാനത്തിലുള്ളതും അർഹരായിട്ടുള്ളവർക്ക് ശരിയായ കാരുണ്യം നൽകുന്നതുമായ വിധിയാണിത്. അല്ലാഹുവിനെമാത്രം ആരാധിച്ചു എന്ന ഏകകാരണത്താൽ നാടുകടത്തപ്പെട്ടവരും കൊല്ലപ്പെട്ടവരും ഈ ലോകത്തുണ്ട്. നീതിമാനായ അല്ലാഹുവിന് അവർക്കൊക്കെ നഷ്ടപരിഹാരം കൊടുക്കാതെ വെറുതെയിരിക്കാൻ പറ്റുമോ? അവൻ വളരെ ഭംഗിയായി നീതിപാലിക്കുന്നവനാകുന്നു. കൊമ്പുള്ള മൃഗം കൊമ്പില്ലാത്ത മൃഗത്തെ

കുത്തിവേദനിപ്പിച്ചിട്ടുണ്ടെങ്കിൽ രണ്ടിനേയും പുനരുജ്ജീവിപ്പിച്ച് പകരം വീട്ടിക്കുമെന്നും പിന്നീട് മണ്ണാക്കിത്തീർക്കുമെന്നും സ്വഹീഹായ ഹദീസിൽ വന്നിരിക്കുന്നു. ചില ആളുകൾ മനുഷ്യരുമായുള്ള പല ഇടപാടുകളും ബാദ്ധ്യതകളും ബാക്കിയുള്ളതോടുകൂടി അവർ ചെയ്തിട്ടുള്ള നമസ്കാരം, നോമ്പ് മുതലായ പുണ്യകർമ്മങ്ങൾ മുഖേന രക്ഷകിട്ടുമെന്നാശിച്ചുകൊണ്ട് മഹ്ശറിൽ ഹാജരാകും, ഇടപാടുകളും ബാദ്ധ്യതകളും തീർക്കാനായി പുണ്യകർമ്മങ്ങളിൽനിന്ന് ഇടപാടുകാർക്ക് എടുത്തുകൊടുക്കും. അങ്ങനെ പുണ്യകർമ്മങ്ങളെല്ലാം തീർന്നുപോവുകയും ഇടപാടുകൾ പിന്നെയും ശേഷിക്കുകയും ചെയ്യും. അവസാനം ഇടപാടുകാരുടെ പാപങ്ങൾ അവരിൽനിന്നെടുത്ത് ഇവർക്ക് ചുമത്തപ്പെടും. അങ്ങിനെ ഇവരെ പിടിച്ച് നരകത്തിൽ ഇടുവാൻ മലക്കുകളോട് അല്ലാഹു കൽപിക്കും. ഇവരാണ് കൈവലഞ്ഞ് ഗതിമുട്ടിയവർ (പാപ്പരായവർ) വീടും മുതലും ഇല്ലാത്തവരല്ല പാപ്പർ. ഇത് സ്വഹീയായ ഹദീസിൽ വന്നിരിക്കുന്നു.

മനുഷ്യൻ അവന്റെ സൽകർമ്മങ്ങൾക്ക് സൽഫലവും ദുഷ്കർമ്മങ്ങൾക്ക് ദുഷ്ഫലവും അനുഭവിക്കാതെ കഴിയുകയില്ല. സൽഫലങ്ങൾക്ക് അവൻ അവകാശിയും ദുഷ്ഫലങ്ങൾക്ക് അവൻ ബാദ്ധ്യസ്ഥനുമാണ്. മഹാദുർമ്മാ ർഗ്ഗിയും, പരമദ്രോഹിയുമായി ചിലർ മരിച്ചുപോകുന്നത് നാം കാണുന്നു. ന്യായമായ യാതൊരു കാരണവും കൂടാതെ പലരും വധിക്കപ്പെടുന്നു. ഖുലഫാഉർറാശിദുകളിൽ ഒന്നാമൻ ഒഴിച്ചു ബാക്കി മൂന്നുപേരും വധിക്കപ്പെട്ടത് എന്ത് കുറ്റത്തിനാണ്? ലിയാഖത്തലിഖാനെ വെടിവെച്ചു കൊല്ലാൻ അദ്ദേഹം എന്തുകുറ്റംചെയ്തു? ഗാന്ധിജി എന്തുകുറ്റംചെയ്തിട്ടാണ് വധിക്കപ്പെട്ടത്? അമേരിക്കയിൽ കറുത്ത മനുഷ്യർക്ക് മനുഷ്യാവകാശങ്ങൾ വകവെച്ചുകൊടുക്കണം എന്നുപറഞ്ഞതുനിമിത്തം എബ്രഹാം ലിങ്കനും, കെന്നഡിയും വധിക്കപ്പെട്ടല്ലോ? ആ വധം ഒരു കൊലക്കുറ്റമാണോ? എനിക്ക് ഏറ്റവും വലിയ അത്ഭുതവും വ്യസനവും ഈ ലോകത്തോട് വെറുപ്പും തോന്നിയ ഒരു സംഗതിയാണ്, ഗാന്ധിജിയുടെ ഘാതകൻ ജയിൽവിമുക്തനായപ്പോൾ ഒരുകൂട്ടർ മാലയിട്ടു സ്വീകരിച്ചത്. അവർ എന്തു പുണ്യമാണ് ചെയ്തത്? വല്ലാത്ത ലോകം!!

## മനുഷ്യക്കോടതിയുടെ പരാജയം

നിരപരാധികളായ ആറുപേരെ കൊന്നവനും ഒരാളെ കൊന്നവനും വധശിക്ഷ അനുഭവിക്കുന്നു. രണ്ട്പേരുടെയും ശിക്ഷ തുല്യനിലയിൽ. എന്നാൽ ചെയ്തകുറ്റത്തിന്റെ നിലവെച്ച് നോക്കുമ്പോൾ ഇങ്ങിനെയായാൽ പറ്റുമോ? അതുകൊണ്ട് ന്യായമായ നിലയിലുള്ള പ്രതിഫലം ഏതായാലും ഈ ലോകത്ത് കിട്ടുകയില്ല. ഖുർആൻ പറയുന്നു:

وانما توفون اجوركم يوم القيامة (ال عمران)

(നിങ്ങളുടെ പ്രതിഫലം പൂർത്തിയാക്കിത്തരുന്നത് പരലോകത്ത് മാത്രമാകുന്നു ആലുഇംറാൻ: 185)

പരിശുദ്ധ ഖുർആനിൽ ഇതിലേക്കു തെളിവായി പലതും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്വേഷണ സ്വഭാവത്തോടുകൂടി ചിന്തിക്കുന്ന വർക്ക് വളരെ വേഗത്തിൽ ബോദ്ധ്യപ്പെടുന്ന ഒന്ന് ഇവിടെ ഉദ്ധരിക്കുന്നു.

لآ اُقْسِمُ بِيَوْمِ الْقِيَامَةِ * وَلآ اُقْسِمُ بِالنَّفْسِ اللَّوَّامَةِ (القيامة)

ഖിയാമത്ത്നാളിനെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. 'ലവ്വാമത്താ'യ ആത്മാവിനെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. (ഖിയാമ 1,2) (നിശ്ചയമായും നിങ്ങളെ എല്ലാവരെയും പുനരുജ്ജീവിപ്പിച്ച് വിചാരണ ചെയ്തു വിധി നടത്തുകതന്നെ ചെയ്യുമെന്ന് .) രണ്ട്തെളിവുകളാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഒന്നുഖിയാമത്തുനാൾ തന്നെ അതായത്, മനുഷ്യന്റെ പ്രവൃത്തികളുടെ ഫലം പൂർണ്ണമായി അവർ അനുഭവിക്കേണ്ടിവരും എന്നുള്ളതിലേക്ക് തെളിവാണ് ഖിയാമത്തുനാൾ.ഈ സംഗതി മനസിലാക്കാൻ വിഷമം തോന്നുന്നവർക്ക് ഒരു ഉദാഹരണം പറഞ്ഞുതരാം: ശരിയായനിലയിൽ വിദ്യാഭ്യാസംചെയ്തു പുരോഗതി പ്രാപിച്ചാൽ ഭാവിയിൽ വളരെ ഗുണംകിട്ടും. അതിലേക്കുള്ള തെളിവാണ് ബിരുദദാന സമ്മേളനം എന്ന് പറഞ്ഞാൽ മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ലല്ലൊ?

## മനഃസാക്ഷിയുടെ താൽപര്യം

രണ്ടാമതൊരു തെളിവ് 'ലവ്വാമത്താ'യ ആത്മാവാകുന്നു. 'ലവ്വാമത്ത്' എന്നാൽ എന്ത്? എന്തെങ്കിലും ഒരു നല്ലകാര്യം മനഃപൂർവ്വം ഉപേക്ഷിച്ചാൽ അതിനെപ്പറ്റിയും ഒരു ചീത്തകാര്യം ചെയ്താൽ അതിനെപ്പറ്റിയും നിർവ്യാജം ഖേദിക്കുന്ന ഒരു സ്വഭാവമുണ്ട് മനുഷ്യാത്മാവിന്. എത്ര വലിയ നിഷേധിയായ മനുഷ്യനായാലും ഖേദിക്കാതിരിക്കുകയില്ല. നന്മയും തിന്മയും തിരഞ്ഞെടുക്കുന്ന വിഷയത്തിൽ അറിവിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യാസം വരാം. അതു വേറെകാര്യം. കുറ്റം ചെയ്തുപോയാൽ ഖേദിക്കൽ മനുഷ്യരിൽ സഹജമായ ഒരു സ്വഭാവവിശേഷമാണ്. മനഃപൂർവ്വം ചെയ്താലും ശരി, അബദ്ധത്താൽ ചെയ്താലും ശരി, ഖേദിക്കുമെന്ന് മാത്രമല്ല ന്യായമായ തിരിച്ചടി ഉണ്ടാകുമെന്ന് തീരുമാനിക്കുകയും ഭയപ്പെടുകയും ചെയ്യും . അതിനെ നേരിടാൻ തയ്യാറാവുകയും രക്ഷപ്പെടാനുള്ള വഴി അന്വേഷിക്കുകയും ചെയ്യും. ഏതു മതത്തിൽ വിശ്വസിക്കുന്നവരാകട്ടെ; സർവ്വ മതങ്ങളേയും നിഷേധിക്കുന്നവരാകട്ടെ; എല്ലാ ബുദ്ധിയുള്ള മനുഷ്യർക്കുമുണ്ട്

ഈ സ്വഭാവം. ഇതു മൃഗത്തിനില്ല. തിന്നാൻ പാടില്ലാത്ത ഒരു ഇല തിന്നിട്ട് രോഗം ബാധിച്ചാൽ ആ തീറ്റ നിമിത്തമാണ് ഈ രോഗം പിടിപെട്ടതെന്ന് മൃഗത്തിനു മനസ്സിലാകുകയില്ല. ആ സമൂഹത്തിൽ അതു മനസ്സിലാക്കി കൊടുക്കാൻ പഠിച്ച ഒരു മൃഗവുമില്ല . മനുഷ്യർക്ക് അതു മനസ്സിലാക്കാൻ സാധിക്കും. പക്ഷെ, മൃഗത്തെ അത് ഗ്രഹിപ്പിക്കാൻ സാദ്ധ്യമല്ല. അതിനാൽ ആ ഇല കണ്ടാൽ വീണ്ടും തിന്നും. ഈ സ്വഭാവത്തിലുള്ള മനുഷ്യരെ കാണുന്നപക്ഷം അവർ മനുഷ്യരൂപത്തിലുള്ള മൃഗങ്ങളാണെന്ന് മനസ്സിലാക്കിക്കൊള്ളുക. മാത്രമല്ല, അവർ മൃഗങ്ങളേക്കൾ നികൃഷ്ട രാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു.

ഞാൻ ഒരിക്കൽ കോഴിക്കോട്ടുനിന്ന് പലക്കാട്ടേക്കു വണ്ടി കയറി; എന്റെ അടുത്തിരുന്ന ആൾ പറളിയിൽ എത്തിയാൽ എന്നെ ഒന്നു വിളിക്കണേ എന്നുപറഞ്ഞുറങ്ങി. ഞാനും ഉറക്കം തൂങ്ങിക്കൊണ്ടിരുന്നു. അങ്ങിനെ ഒരിടത്തു വണ്ടിനിന്നപ്പോൾ പറളിയാണെന്നു ധരിച്ച് അയാളെ ഞാൻ വിളിച്ചുണർത്തി. അയാൾ ഇറങ്ങുകയും ചെയ്തു. സമയം ഏതാണ്ട് പാതിരാ കഴിഞ്ഞിരുന്നു. വണ്ടിയിളകി. അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ അതാണ് പറളി. മാന്യവായനക്കാരേ, എനിക്കുണ്ടായ ഖേദവും, മനഃപ്രയാസവും, ഭയവും വർണ്ണിക്കാൻ എന്റെ ഭാഷ മതിയാവുകയില്ല. ഈ സ്വഭാവത്തെപ്പറ്റി നിങ്ങൾ എന്തു പറയുന്നു. ഈ സ്വഭാവമില്ലാത്ത മനുഷ്യരുണ്ടോ? മനുഷ്യരിൽ ഇത് ആവശ്യമല്ലേ?

'ലവ്വാമത്ത്' എന്ന പദം ഈ മനോവിഷമത്തെയാണ് സൂചിപ്പിക്കുന്നത്. നംറൂദ്, ഫിർഔൻ, അബൂജഹ്ൽ മുതലായവരൊന്നും ഈ സ്വഭാവത്തിൽ നിന്ന് ഒഴിവല്ല. അവരുടെ അറിവിനും മനഃസാക്ഷിക്കും എതിരായി അവർ ചെയ്തിട്ടുള്ള കുറ്റങ്ങളെ സംബന്ധിച്ച് ഈ ദുൻയാവിൽ വെച്ചു തന്നെ അവർ ഖേദിച്ചിരിക്കുമെന്നു ഉറപ്പാണ്. അല്ലാഹു പറയുന്നു.

بَلِ الإِنْسَانُ عَلَى نَفْسِهِ بَصِيرَةٌ * وَلَوْ أَلْقَى مَعَاذِيرَهُ (القيامة)

(മനുഷ്യർ തനിക്കെതിരായിട്ടുള്ള സാക്ഷിയാകുന്നു. അവൻ അവന്റെ ഒഴിവുകഴിവുകൾ അവതരിപ്പിച്ചാലും ശരി. ഖിയാമഃ 14,15) അതായത് മനുഷ്യൻ മനഃസാക്ഷിയെ വഞ്ചിച്ചുകൊണ്ടും തന്റെ അറിവിനും വിശ്വാസത്തിനും എതിരായും പല തെറ്റുകളും ചെയ്യും. സമൂഹത്തിന്റെ സമ്മർദ്ദവും പിശാ ചിന്റെ പ്രേരണയും വികാരക്ഷോഭവും സ്വാർത്ഥ തയും അവന്റെ മനഃസാക്ഷിയെ മറികടക്കും. അപ്പോഴൊക്കെയും കുറ്റബോധം അവന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കും. മനസ്സിന് എതിരായി നാവ് ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ പരലോകത്ത് ഹാജരാകുമ്പോൾ നാവിനും വായക്കും മുദ്രവെക്കും. മുമ്പ് മനസ്സിൽ ഒതുക്കിവെച്ചി

ട്ടുണ്ടായിരുന്ന യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ കയ്യും, കാലും, തൊലിയും, അല്ലാഹുവിന്റെ കോടതിയിൽ സാക്ഷിപറയും. ഈ കോടതിയിൽ നിനല്ലാതെ ശരിയായ നീതി ആരും പ്രതീക്ഷിക്കേണ്ട.

يَاوَيْلَتَا مِنْ مَوْقِفٍ مَابِهِ    اَخْوَفَ مِنْ اَنْ يَعْدِلَ الْحَاكِمِ

(ജഡ്ജി നീതി പാലിക്കുകയെന്നതിനേക്കൾ ഭയങ്കരമായ യാതൊന്നുമില്ലാത്ത കോടതിയിൽ എന്റെ കാര്യം എത്ര ഭയങ്കരം) എന്നു കവി പാടിയല്ലോ.

മനുഷ്യസഹജമായ മേൽവിവരിച്ച സ്വഭാവത്തെ മുൻനിറുത്തി, അഥവാ അതിനെ സാക്ഷിയാക്കിക്കൊണ്ട് മനുഷ്യരെ അല്ലാഹു ഉണർത്തുന്നു. നിങ്ങളൊക്കെയും മരിച്ചാൽ രണ്ടാമത് ജീവിപ്പിച്ച് വിചാരണചെയ്ത് രക്ഷാശിക്ഷകൾ വിധിച്ച് നടപ്പിൽ വരുത്തും. ഒട്ടും സംശയിക്കേണ്ട. അതിനു നിങ്ങളുടെ സമ്മതം ആവശ്യമില്ല. അതു നിഷേധിച്ചവ രുടെ കാര്യം കഷ്ടം.

## പ്രവചനം കാത്തിരിക്കുക

ലോകാരംഭം മുതൽ അവസാനം വരെയുള്ള സർവ്വ മനുഷ്യരും ഒരുമിച്ചുകൂടിനിൽക്കുന്ന ആ മഹാസദസ്സിൽ ഒരു ശബ്ദവും കേൾക്കുകയില്ല. ശ്വാസം കഴിക്കുന്ന ശബ്ദമല്ലാതെ. ഒരാളും ഒരക്ഷരം ഉരിയാടുകയില്ല.

യൗമുദ്ദീൻ  എന്താണെന്നു ചോദിക്കുന്നവരോട് മറുപടിപറയുവാൻ അല്ലാഹു നമ്മെ പഠിപ്പിച്ച ഒരു വാചകം ഇപ്രകാരമാണ്:

يَوْمَ هُمْ عَلَى النَّارِ يُفْتَنُونَ (الذاريات)

(ആ ചോദ്യകർത്താക്കളെ തീയിലിട്ടു പഴുപ്പിക്കുന്ന ദിവസം. (ദാരിയാത്ത്: 13)

ഭാവിയിൽ വരാനിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് പറയുമ്പോൾ ബുദ്ധിമാനായ മനുഷ്യന്റെ മര്യാദ, അത് കത്തിരിക്കാമെന്നുവെക്കലാണ്. നിഷേധിക്കാൻ പറ്റുകയില്ല. കാലാവസ്ഥാനിരീക്ഷകന്മാർ ഇന്നസമയത്തു ഇന്നേടത്തു മഴപെയ്യും, കാറ്റടിക്കും എന്നൊക്കെ പറഞ്ഞാൽ നമുക്ക് നിഷേധിക്കേണ്ട കാര്യമെന്ത്? സംശയിക്കാൻ ഏതായാലും അവകാശമുണ്ടല്ലോ. ഒബ്സർവേറ്റർമാർമാരോടുള്ള വെറുപ്പുനിമിത്തം ആരെങ്കിലും പുരമേയാതിരിക്കുമോ?

മറ്റൊരു സംഗതി: ഒരപകടം സംശയപ്പെട്ടതായാൽപോലും സൂക്ഷിക്കൽ നല്ലതാണ്; ഇരുട്ടിൽ നടക്കുമ്പോൾ വിളക്കുകൊണ്ടുനടക്കുന്നത് അതുകൊണ്ടാണല്ലോ. അപകടം ഉണ്ടാകുമെന്ന ഉറപ്പുള്ളതുകൊണ്ടല്ല; സംശയം മാത്രമാണ് കാരണം. നിങ്ങൾ വിശന്നു കഷ്ടപ്പെട്ട സമയത്ത്

ഭക്ഷണം കഴിക്കാനിരുന്നപ്പോൾ ആ ഭക്ഷണത്തിൽ വിഷം കലർന്നതായി സംശയമുണ്ടെന്ന് ഒരാൾ പറഞ്ഞാൽ ആ ഭക്ഷണം കഴിക്കാൻ നിങ്ങൾക്കു സാധിക്കുമോ? മനഃപൂർവ്വം അതുപേക്ഷിച്ച് വിശപ്പുസഹിക്കാൻ നിങ്ങൾ സന്നദ്ധനാകില്ലേ? അങ്ങനെയുള്ള സൂക്ഷ്മത ആവശ്യമില്ലെന്ന് നിങ്ങളുടെ പിശാചുപോലും നിങ്ങളോട് ഉപദേശിക്കുകയില്ല.

قَالَ الْمُنَجِّمُ وَالطَّبِيبُ كِلاَهُمَا    لَنْ يُبْعَثَ الْأَمْوَاتُ قُلْتُ إِلَيْكُمَا

إِنْ صَحَّ قَوْلُكُمَا فَلَسْتُ بِخَاسِرٍ    أَوْ صَحَّ قَوْلِي فَالْخَسَارُ عَلَيْكُمَا

പരലോക വിശ്വാസിയായ ഒരു മുസ്ലിംകവി പാടി: "നക്ഷത്രവാദിയും പ്രകൃതിവാദിയും പറഞ്ഞു; "മരിച്ചവരെ രണ്ടാമതു ജീവിപ്പിക്കുകയില്ലെന്ന്", ഞാൻ (കവി) പറഞ്ഞു: "നിങ്ങളൊന്നു ആലോചിക്കുമോ, നിങ്ങളുടെ വാദം ശരിയാകുന്നപക്ഷം എനിക്ക് ഒരു നഷ്ടവും വരാനില്ല. എന്റെ വാദം ശരിയായിവരുന്നപക്ഷം നിങ്ങൾക്കു മഹാനഷ്ടവും."

പരലോകനിഷേധികൾ ഇരുന്നാലോചിക്കേണ്ടതായ ഒരു ലളിതമായ തത്വം വളരെ സൗമ്യമായി അവതരിപ്പിച്ചതാണിത്. ഇങ്ങനെയൊന്നും സൂക്ഷിച്ചു ജീവിക്കേണ്ടതില്ല, ഇഷ്ടംപോലെയും സൗകര്യംപോലെയുമൊക്കെ ആകാം . യാതൊരു ദോഷവും ഭയപ്പെടാനില്ല എന്നാണല്ലോ പരലോകനിഷേധികൾ പറയുന്നത്. എന്നാൽ അങ്ങിനെ തന്നിഷ്ടപ്രകാരം ജീവിച്ചിട്ട് പരലോകത്ത് ഹാജരാക്കപ്പെടുകയാണെങ്കിൽ അപ്പോൾ ഈ താന്തോന്നികളുടെ ഗതി എന്തായിരിക്കും! പിന്നെ വല്ല പരിഹാരവും ചെയ്യാൻ സാധിക്കുമോ? നേരെമറിച്ചു പരലോകവും, സ്വർഗ്ഗനരകങ്ങളും ഉണ്ട് എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അതിനുതക്കവണ്ണം സൂക്ഷിച്ചുജീവിച്ചാൽ ഏതായാലും അപകടമൊന്നും വരാനില്ലല്ലോ. ബിംബാരാധന, മദ്യപാനം, വ്യഭിചാരം, പലിശ മുതലായതു ഉപേക്ഷിച്ചതുനിമിത്തം ശിക്ഷ ഏതായാലം ഉണ്ടാകയില്ല. അതൊക്കെ ചെയ്താൽ ശിക്ഷയുണ്ടാകുമെന്ന് പരലോകവിശ്വാസി പറയുന്നു. അപ്പോൾ കാര്യബോധവും വീണ്ടുവിചാരവും ഉള്ളവൻ ഏതായാലും സൂക്ഷ്മത അവലംബിക്കേണ്ടതല്ലയോ? തന്നിഷ്ടപ്രകാരം ജീവിച്ചാൽ അനുഭവിക്കാമെന്ന് വ്യാമോഹിക്കുന്ന സുഖസന്തോഷവും ആഢംബരവും നഷ്ടപ്പെടുമെന്ന് തോന്നുമായിരിക്കാം. ആ തോന്നൽ ആത്മഹത്യാപരമാണ്. സൂക്ഷിച്ചു ജീവിക്കുന്നവന്ന് ഇവിടെ യാതൊന്നും നഷ്ടപ്പെടുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. എന്നുമാത്രമല്ല, നാനാവിധത്തിൽ നേട്ടങ്ങൾ മാത്രമാണ് അവന് ലഭിക്കുക. അവന്റെ ആരോഗ്യം നന്നാകും. മനസ്സിന് സമാധാനം ലഭിക്കും, എല്ലാവരും അവനെ ആത്മാർത്ഥമായി സ്നേഹിക്കുകയും

ബഹുമാനിക്കുകയും ചെയ്യും. താന്തോന്നികളായി ജീവിക്കുന്നവർപോലും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. സത്യവിശ്വാസത്തിന്റെയും, സൽകർമ്മത്തിന്റെയും ഫലം പരലോകത്തിന്മുമ്പ് ഇഹലോകത്ത് വെച്ചുതന്നെ അവൻ അനുഭവിക്കാൻ തുടങ്ങും. കുടിച്ചും, പിടിച്ചും, മോഷ്ടിച്ചും, ദ്രോഹിച്ചും നടക്കുന്ന ഒരുവനെ ആരാണ് സ്നേഹിക്കുക? അടുപ്പിക്കുക? അവന്റെ കൂട്ടുകാർപോലും അവനെ സ്നേഹിക്കുകയില്ല. കുഷ്ടരോഗാശുപത്രി സന്ദർശിച്ച ഒരു സ്നേഹിതൻ എന്നോട് പറഞ്ഞു. അവിടെ കുഷ്ടരോഗികളിൽ തൊണ്ണൂറുശതമാനവും അവിഹിതമായ ലൈംഗികബന്ധം നിമിത്തം രോഗികളായവരാണെന്ന്. നോക്കുക. താന്തോന്നിത്തം എത്രം അപകടകരമാണ്? അതിനു കടിഞ്ഞാണിടുന്ന മൂക്കുകയറാണ് പരലോകവിശ്വാസം. പരലോകവിശ്വാസം ഇല്ലാഞ്ഞാൽ പിന്നെ എന്തുമാകാം, എന്തുനാശവും സംഭവിക്കാം. പരലോകവിശ്വാസം മൂലം താൽകാലികമായ ചില ഭൗതിക നഷ്ടങ്ങൾ ലോകത്തു സംഭവിച്ചിട്ടുണ്ട്. ചില മനുഷ്യപ്പിശാചുക്കളുടെ കൈകളാൽ പരലോകവിശ്വാസികളായ വളരെ പാവങ്ങൾ അഗ്നിപരീക്ഷണങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ട്, അതിനൊന്നും യാതൊരു ന്യായീകരണവുമില്ല. അവർക്കെല്ലാം അതിമഹത്തായ നഷ്ടപരിഹാരം പരലോകത്ത് അല്ലാഹു കൊടുക്കുന്നതാകുന്നു. നിഷേധിച്ചവർക്ക് നഷ്ടപരിഹാരം ഏതായാലും കിട്ടുകയുമില്ല. അവർക്ക് എല്ലായിടത്തും നഷ്ടം മാത്രമേയുള്ളു. അവർ മുഖേന മറ്റുള്ള പരലോകനിഷേധികളായവർക്കും നഷ്ടം.

പരലോകവിശ്വാസിയായ ഒരു പിതാവിന്റെ പരലോകനിഷേധിയായ പുത്രൻ ഒരുനാട്ടിൽ ചെന്നപ്പോൾ നിന്റെ രാജ്യം എവിടെയാന്ന് ഒരാൾ ചോദിച്ചു ............ എന്നു പറഞ്ഞു. അപ്പോൾ അവിടെ ................യെ അറിയുമോ എന്നു ചോദിച്ചു. (ഈ നിഷേധിയുടെ പിതാവിനെപ്പറ്റിയായിരുന്നു അന്വേഷണം) അപ്പോൾ അവർ പറഞ്ഞു: "അങ്ങനെ ഒരാൾ അവിടെ വന്നു പെണ്ണുകെട്ടി താമസിക്കുന്നുണ്ട്" എന്ന്. നോക്കുക അദ്ദേഹത്തിന്റെ മകനാണ് ഞാൻ എന്നു പറയാൻ അവന് ഇഷ്ടമില്ല. ഈ അനിഷ്ടം വർദ്ധിച്ചു കുറെനാൾ കഴിഞ്ഞപ്പോൾ അവൻ എഴുതുന്നു: "പിതാവും, മാതാവും, സഹോദരങ്ങളും എനിക്കൊരു പ്രശ്നമല്ല. എന്റെ വിശ്വാസമാണ് എനിക്കു പ്രശ്നം" എന്നാൽ സകലത്തെയും ബലിഅർപ്പിച്ചുകൊണ്ട് നീ സ്വീകരിച്ച ആ മഹത്തായ 'വിശ്വാസം' എന്താണെന്ന് ചോദിച്ചാൽ ഒന്നുമില്ല; വട്ടപൂജ്യം. കേവലം നിഷേധാത്മകം.

നമ്മുടെ സമൂഹത്തിന്റെ ഇന്നത്തെ നില വളരെ ദുഷിച്ചതും വിഷമം പിടിച്ചതുമാകുന്നു. ഈ സമൂഹത്തിൽകൂടി നാം നീങ്ങുമ്പോൾ

വളരെയധികം സൂക്ഷിക്കേണ്ടതുണ്ട്. പല മതക്കാരും എല്ലാ മതത്തെയും നിഷേധിക്കുന്നവരും നമ്മുടെ സമുദായത്തിൽ തന്നെ പല പാർട്ടികളും ഉണ്ട്. പല സംശയങ്ങളും എതിരഭിപ്രായങ്ങളും തോന്നിപ്പിക്കുന്ന പലതും നമുക്കു കാണാനും കേൾക്കാനും സാധിക്കുന്നു. അതുകൊണ്ട് വളരെയധികം സൂക്ഷിക്കണം. വളരെ പരിശോധിക്കണം. അല്ലാതിരുന്നാൽ കാര്യം വളരെ അപകടത്തിലായിത്തീരും. അല്ലാഹു രക്ഷിക്കട്ടെ!

**اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِينُ**

## "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു"

മുൻവചനങ്ങളിൽ അല്ലാഹുവിനെ സ്തുതിക്കുകയും അതിന്റെ കാരണങ്ങൾ സൂചിപ്പിക്കുകയുമാണ് ചെയ്തത്. അതിൽ അവസാനമായി പറഞ്ഞത് പരലോകത്തെ സൂചിപ്പിച്ചുകൊണ്ടാണ്. മനുഷ്യൻ ജനിച്ചതു മുതൽ മരിക്കുന്നതുവരെയുള്ള കാര്യങ്ങളും മരണശേഷം ശാശ്വതമായുള്ള കാര്യങ്ങളും മുൻവചനങ്ങളിൽ സൂചിപ്പിച്ചു. പരലോകത്ത് അല്ലാഹുവിന്റെ ബന്ധം മാത്രമേ അവശേഷിക്കുകയുള്ളു. മറ്റാരുടേയും സ്നേഹമോ സഹായമോ അവിടെ ലഭിക്കുകയില്ല എന്നുള്ള യാഥാർത്ഥ്യം ഓർമ്മപ്പെടുത്തി. അപ്പോൾ ബോധപൂർവ്വം മനസ്സറിഞ്ഞു ഫാത്തിഹാ ഓതുന്നവന്റെ ഹൃദയത്തിൽനിന്ന് എല്ലാ കാമിതവസ്തുക്കളെയും ബന്ധുക്കളെയും മിത്രങ്ങളെയും സംബന്ധിച്ചുള്ള ഓർമ്മ വിട്ടുപോകുകയും അല്ലാഹുവിനെപ്പറ്റിയുള്ള സ്മരണമാത്രം ഹൃദയത്തിൽ സ്ഥലം പിടിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ നേരിട്ടുള്ള സംഭാഷണത്തിന് മനസ്സ് ആഗ്രഹിക്കുന്നു. അപ്പോൾ വാചകരീതി ഇവിടെ മാറിയത് വളരെ ഉചിതമായിട്ടുണ്ട്. ഇതുവരെ നേരിട്ടുള്ള സംഭാഷണത്തിന് മനസ്സ് ആഗ്രഹിക്കുന്നു. അപ്പോൾ വാചകരീതി അല്ലായിരുന്നു. ഇപ്പോൾ അഭിമുഖസംഭാഷണരീതിയായി മാറി. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.

ഇവിടെ പല വിഷയങ്ങളും വിവരിക്കേണ്ടതുണ്ട്.

**(ഒന്ന്)** ഞങ്ങൾ എന്നുപറയാൻ കാരണമെന്ത്? ഒരു മനുഷ്യൻ ഒറ്റക്ക് നമസ്കരിക്കുകയാണെങ്കിലും ഇങ്ങനെതന്നെ പറയണമല്ലോ. ഞാൻ ആരാധിക്കുന്നുവെന്ന് അർത്ഥം വരത്തക്കവണ്ണം 'നഅ്ബുദു' എന്നതിനു പകരം 'അഅ്ബുദു' എന്നുപറഞ്ഞാൽ ഒക്കുകയില്ലല്ലോ. ഇത് പൂജകബഹുവചനമല്ലതാനും. ആരെ പ്രതിനിധീകരിച്ചുകൊണ്ടാണ് ഓരോ, വ്യക്തിയും മേൽപ്രകാരം പറയുന്നത്? അഥവാ അല്ലാഹു അവ

നുമായി സംഭാഷണം ചെയ്യുന്നതിനു പകരമുള്ള വാചകം ഈ രൂപത്തിൽ നമ്മെ പഠിപ്പിച്ചതിന്റെ രഹസ്യമെന്ത്?

നമ്മൾ ഓരോരുത്തരും അവരവരുടെ കാര്യം നോക്കിയാൽ പോരാ, മറ്റുള്ളവരുടെ കാര്യംകൂടി ശ്രദ്ധിക്കണം എന്നുള്ള സാമൂഹിക ബോധം നമ്മുടെ മനസ്സിൽ ഇത് അങ്കുരിപ്പിക്കുന്നു. മറ്റേതൊന്നിനേക്കാളും ഏറ്റവും പ്രധാനപ്പെട്ടത് ആരാധനയുടെ കാര്യം തന്നെയാണ്. അത് അല്ലാഹുവിനുമാത്രം ചെയ്തു കൊണ്ടും വേറെ ആർക്കും ചെയ്യാതെയും ജീവിക്കുന്നതിലാണ് മനുഷ്യരുടെ രക്ഷ. അതിൽ വീഴ്ചവരുത്തൽ വമ്പിച്ച അപകടത്തിന് കാരണമാകുന്നു. അതിനാൽ മറ്റുള്ളവരെ ഈ തൗഹീദിന്റെ മാർഗ്ഗത്തിലേക്ക് ആകർഷിക്കുവാനായി കഴിവിൽപെട്ട എല്ലാ പരിശ്രമങ്ങളും ചെയ്യൽ ഓരോരുത്തരുടെയും കടമയാകുന്നു. അങ്ങിനെ അല്ലാഹുവിനെ മാത്രം ആരാധിച്ചുജീവിക്കുന്ന ഓരോ സമൂഹത്തെ നാം ഓരോരുത്തരും ഉണ്ടാക്കണം. അതിൽ അംഗങ്ങൾ കൂടുതൽ ആകുംതോറും നല്ലതാകുന്നു. എല്ലാവരും അറിയുന്ന വിഷയമായതുകൊണ്ട് തെളിവുകൾ ഉദ്ധരിക്കുന്നില്ല.

രണ്ട്: ഇവിടെ നിന്നെമാത്രം എന്നു പറയുന്നതിനാൽ 'മാത്രം' എന്നത് അധികപ്പറ്റാണെന്നും അത് ഇവിടെ ഇല്ലെന്നും ചില പണ്ഡിതന്മാർ പറഞ്ഞതായി അറിഞ്ഞു. അവർ എത്ര വലിയവരായാലും ശരി അവർ ഇസ്ലാമിന്റെ ശത്രുക്കാളാണെന്ന് പറയാതെ നിവൃത്തിയില്ല. അല്ലാഹുവിന്റെയും ഈ ലോകത്തുവന്ന എല്ലാ പ്രവചകന്മാരുടെയും ശത്രുക്കളാണവർ. പ്രവചകന്മാരും അവരുടെ എതിരാളികളും തമ്മിലുള്ള അഭിപ്രായവ്യത്യാസം എന്തെന്നു നോക്കുക "അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ" എന്ന് പ്രവാചകന്മാർ പറഞ്ഞു . അപ്പോൾ "അല്ലാഹുവിനെ ആരാധിക്കണം എന്നുള്ളതു ശരി തന്നെ. മറ്റാരേയും ആരാധിച്ചുകൂടാ എന്നു പറയുന്നത് ശരിയല്ല, അല്ലഹുവിന്റെ അടുക്കൽ നമുക്കുവേണ്ടി ശുപാർശപറയാൻ കഴിയുന്ന ചില മദ്ധ്യസ്ഥന്മാരുണ്ട്, അവരെയുംകൂടി ആരാധിക്കാം" എന്ന് എതിരാളികളും പറഞ്ഞു. അപ്പോൾ അഭിപ്രായവ്യത്യാസത്തിന്റെ മർമ്മവും കേന്ദ്രബിന്ദുവും ഈ 'മാത്രം' എന്നുള്ളതാകുന്നു അതെടുത്തുമാറ്റിയാൽ ഇസ്ലാം ദീൻ പൊളിഞ്ഞു. സുരക്ഷിതമായി ഓടിക്കൊണ്ടിരിക്കുന്ന ഒരു കപ്പലിന് അടിഭാഗത്ത് ഒരു ഓട്ട കുടുങ്ങിയത്പോലെ, എല്ലാം നശിച്ചു.

**മൂന്ന്:** അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ. മറ്റാരെയും ആരാധിച്ചുകൂടാ എന്നു പറയാൻ കാരണമെന്ത് ? അല്ലാഹു വിരോധിക്കുന്നു

എന്നുള്ളതുതന്നെ പ്രധാനകാരണം. എന്തുകൊണ്ട് അല്ലാഹു വിരോധിച്ചു എന്നുള്ളതാണ് ഇനി മനസ്സിലാക്കേണ്ടത്, മറ്റുള്ളവരുടെ അവകാശം അല്ലഹു നിഷേധിച്ചതോ, മറികടന്നതോ അല്ല. മറ്റാർക്കും അതിന ർഹതയില്ല എന്നുള്ളതാണ് സത്യം, മറ്റു പലരേയും മനുഷ്യന്മാർ ആരാ ധിക്കുന്നുണ്ട് . ആരാധിക്കപ്പെടുന്നവരോ ആരാധിക്കുന്നവരോ ആരും തന്നെ യാതൊരു പരിഭവവും മുഷിപ്പും വിചാരിക്കേണ്ടതില്ല. അല്ലാഹു പറയു ന്നു.

شَهِدَ اللّٰهُ اَنَّهُ لَاۤ اِلٰهَ اِلَّا هُوَ وَالْمَلَائِكَةُ وَاُولُوا الْعِلْمِ قَائِمًا بِالْقِسْطِ (آل عمران)

(അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല എന്നുള്ളതാണ് കാര്യമെന്ന് നീതിപാലിക്കുന്നവനായ അവസ്ഥയിൽ അല്ലാഹുവും മലക്കുകളും അറി വുള്ളവരും സാക്ഷ്യംവഹിച്ചിരിക്കുന്നു. - ആലുഇംറാൻ: 18) അതായത് ഈ ലോകത്തെ സൃഷ്ടിച്ച് പരിപാലിക്കുന്നവനും സർവ്വശക്തനും സർവ്വ ജ്ഞനും സർവ്വഗുണസമ്പൂർണ്ണനുമായ അല്ലാഹു മാത്രമാണ് ആരാ ധനക്കവകാശി; വേറെ ആരുമില്ല എന്നുള്ളതാണ് കാര്യം, സത്യം. വേറെ ആരെങ്കിലും യേശുക്രിസ്തുവോ സൂര്യചന്ദ്രന്മാരോ, വിഗ്രഹങ്ങളോ ഏതാ യാലും ശരി - ആരാധന അർഹിക്കുന്നു എന്നുപറയുന്നത് 'അകാര്യമാണ്', അസത്യമാണ്. ഈ യാഥാർത്ഥ്യം നാനാവിധ തെളിവുകളും, ദൃഷടാ ന്തങ്ങളും മുഖേന അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. ഈ കാര്യത്തിൽ അല്ലാഹുവിന്റെ ഏകത്വം അവർ തെളിയിച്ചതിലും മറ്റാർക്കും അർഹത യില്ലന്ന് വ്യക്തമാക്കിയതിലും യാതൊരനീതിയും അവൻ ചെയ്തിട്ടില്ല. ഈ ലോകത്ത് പദവിയും പ്രതാപവും ഉള്ളവൻ മറ്റുള്ളവരെക്കൊണ്ട് അതു സമ്മതിപ്പിക്കാനും അവരെ ഒതുക്കിനിർത്താനും വേണ്ടി പല അനീതി കളും ചെയ്യാറുണ്ട്. നംറൂദും, ഫിർഔനും, ഖുമൈനിയും എന്തൊക്കെ യാണ് ചെയ്തത്? എന്നാൽ അല്ലാഹുവാകട്ടെ അങ്ങനെയൊന്നും ചെയ്തി ട്ടില്ല . അത്കൊണ്ട് അല്ലാഹു അല്ലാത്തവരെ ആരാധിച്ചുകൊണ്ടിരിക്കുന്ന ആരും തന്നെ ഇതിൽ യാതൊരു പ്രതിഷേധവും കാണിക്കേണ്ടതില്ല. ഇതു കൊണ്ടാണ് "നീതിപാലിക്കുന്നവനായ അവസ്ഥയിൽ അല്ലാഹു സാക്ഷ്യം വഹിച്ചു" എന്നു പറഞ്ഞത്. മലക്കുകൾ, പ്രവാചകൻമാർ, പുണ്യാത്മാക്കൾ, പിശാചുക്കൾ, നക്ഷത്രങ്ങൾ, വെള്ളം, അഗ്നി, വിഗ്രഹ ങ്ങൾ മുതലായവയെ ഒന്നും ആരാധിക്കാൻ പാടില്ല എന്നുപറഞ്ഞത് ഒര വകാശനിഷേധമല്ല. കേവലം സത്യവും നീതിയും മാത്രമാണ്. ആരാധ നയുടെ അവകാശം അല്ലാഹുവിനു മിത്രമാകുന്നു. കാരണം അവനാണ് നമ്മെ സൃഷ്ടിച്ചത്, നമ്മെ രക്ഷിക്കുന്നതും, നമുക്ക് ഉപജീവനം നല്കിതും. അവൻ നമുക്ക് വല്ല ഗുണവും ചെയ്യാൻ ഉദ്ദേശിച്ചാൽ അതു തടയാൻ ആർക്കും സാധ്യമല്ല, അവൻ നമുക്ക് വല്ല ദുരിതവും നിശ്ചയിച്ചാൽ

അതൊഴിവാക്കുവാൻ  ആർക്കും സാദ്ധ്യമല്ല. അവന്റെ രക്ഷയാണ് നാം ആശിക്കേണ്ടത്. അവന്റെ ശിക്ഷയാണ് നാം ഭയപ്പേടേണ്ടത്. യേശുക്രിസ്തുവിനേയോ, ശബരിമല അയ്യപ്പനേയോ, ഗുരുവായൂരപ്പനേയോ, കൊടുങ്ങല്ലൂരമ്മയേയോ ആരാധിക്കരുതെന്ന് നാം പറയുന്നത് നമ്മെ സൃഷ്ടിച്ചതിലോ, സംരക്ഷിച്ചതിലോ, സരക്ഷിക്കുന്നതിലോ അവർ അർക്കും യാതൊരു പങ്കുമില്ല എന്നതുകൊണ്ടാണ്. അവർക്കാർക്കെങ്കിലും വല്ല പങ്കുമുണ്ടെന്ന് ഒരു പക്ഷെ ആരെങ്കിലും ജൽപിക്കുന്നപക്ഷം നാം എന്ത് പറയണമെന്ന് ചോദിക്കപ്പെട്ടേക്കാം; ഈ പറഞ്ഞുകേൾക്കുന്ന കഥകൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. അടിമുടി കെട്ടിയുണ്ടാക്കപ്പെട്ട കള്ളക്കഥളാണവ മുഴുവനും. യാഥാർത്ഥ്യമെന്തെന്നാൽ യേശുക്രിസ്തുവിനേയും, മാതാവിനേയും, ഭൂമിയിലുള്ള എല്ലാവരേയും നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സ്വയം രക്ഷപ്പെടുവാൻപോലും യേശുക്രിസ്തുവിനു സാധ്യമല്ല. വാശിപിടിച്ചു തർക്കിക്കുന്നവരോട്  നമുക്കിപ്രകാരം പറയാം. "ഈ ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന അനുഗ്രഹ കർത്താവേ  "  എന്നു വിളിച്ച് കൊണ്ട് ആലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുക. ഇവിടെ വിഷയമാണ്  അടിസ്ഥാനമായി  എടുക്കുന്നത്. വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിലല്ല. "ലോകനാഥൻ", അനുഗ്രഹകർത്താവ്, സർവ്വശക്തൻ, സർവ്വഗുണസമ്പൂർണ്ണൻ മുതലായ വിശേഷണങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ആരാധന നാം അർപ്പിക്കുക. അവകാശപ്പെട്ടവൻ അതംഗീകരിച്ചുകൊള്ളും. അവകാശത്തിന്റെ അടിസ്ഥാനം മേൽപറഞ്ഞ കാര്യങ്ങളാണ്. ഒരു ഉദാഹരണം പറയാം:- നാം ദാഹിച്ചു വിശന്ന് കഷ്ടപ്പെട്ട് നട്ടംതിരിഞ്ഞപ്പോൾ ഒരാൾ നമ്മെ ഒരു വീട്ടിൽ വിളിച്ചുകയറ്റി; നല്ല ഭക്ഷണപാനീയങ്ങൾ നൽകി; സബഹുമാനം സൽക്കരിച്ചു; ഈ അനുഗ്രഹകർത്താവ് ഞാനല്ല, വേറെ ആളാണ് എന്നു പറയുകയും ചെയ്തു. നമുക്ക് അദ്ദേഹത്തെ കണ്ട് നന്ദിപറയാൻതോന്നി. നേരിൽ കാണാൻ തൽക്കാലം സൗകര്യമില്ല. അങ്ങിനെ "ഈ അന്നദാനത്തിന് ഏർപ്പാടു ചെയ്ത ധർമ്മിഷ്ഠനായ സഹൃദയന് നന്ദിപറയുന്നു". എന്നൊരു കുറിപ്പെഴുതി അവിടെ ഏൽപിച്ചു. എന്നാൽ അവകാശപ്പെട്ടയാൾക്ക് അത് കിട്ടുമല്ലോ. ഇതുപോലെ നമുക്കചെയ്യാം, മഴയില്ലാതെ നാം അത്യധികം വിഷമിച്ചു കൊണ്ടിരുന്നപ്പോൾ നല്ലൊരു മഴപെയ്തു. കുളത്തിലും കിണറ്റിലുമൊക്കെ വെള്ളം നിറഞ്ഞു. ചൂട് ഒഴിവായി കൃഷിക്കു സൗകര്യമായി . ഇങ്ങിനെ കാര്യമൊക്കെ ഭംഗിയായാൽ, "ഈ മഴപെയ്യിച്ച് അടിയങ്ങളെ അനുഗ്രഹിച്ചവനേ, ഞങ്ങളുടെ നന്ദി സ്വീകരിച്ചാലും" എന്നു നമുക്കു പറഞ്ഞുകൂടെയോ? വ്യക്തിയുടെ പേരുപറയാൻ ഇഷ്ടമില്ലെങ്കിൽ പറയണ്ട, വിഷയത്തിന്റെ അടിസ്ഥാനത്തിൽ പറയാം. അതിനെന്താണ് ചില അളുകൾക്ക് വിരോധം! പ്രകൃതിയാണ് മഴപെയ്യിച്ചതെന്ന് വാദിക്കുന്നവർക്കും

ഇവിടെ എതിരുപറയേണ്ട കാര്യം മനസ്സിലാകുന്നില്ല. മനുഷ്യനെപ്പോലെ നന്ദികെട്ടവനും ധിക്കാരിയും ആരെങ്കിലുമുണ്ടോ? കഷ്ടം.

**നാല്:** ആരാധന എന്നാൽ എന്ത്? ഇബാദത്ത് എന്നതിന്റെ പരിഭാഷയായിട്ടാണ് ആരാധനയെന്നു പറയുന്നത്. എല്ലവരും ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന ഒരു നേതാവിനെ സംബന്ധിച്ച് 'ആരാധ്യൻ' എന്നു ചിലർ പറയാറുണ്ട്. സിനിമാതാരങ്ങളുടെ ആരാധകർ എന്ന് പറയാറുണ്ട്. ആതുപേലെയുള്ള പ്രയോഗങ്ങളെ പൊക്കിപ്പിടിച്ച് 'ആരാധന' എന്ന് അർത്ഥം പറയാൻ പറ്റുകയില്ലെന്ന് ചിലർ പറയാറുണ്ട്. അത് ശരിയല്ല. നമ്മുടെ അറിവിൽ വക്കം അബദുൽഖാദർ മൗലവിയും തിരൂരങ്ങാടി ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും അറബിപദങ്ങൾക്ക്, മലയാളത്തിൽ പരിഭാഷ നിർണ്ണയിക്കുന്ന വിഷയത്തിൽ ആചാര്യന്മാരാകുന്നു. എത്രയോ മുമ്പ് നമ്മുടെ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള ഈ പരിഭാഷ അവരിരുവരും അംഗീകരിക്കുകയും അങ്ങനെ പരക്കെ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ അറബി ഭാഷയിൽ ഇബാദത്ത്കൊണ്ട് ഉദ്ദേശിക്കുന്നതെന്താണോ അതുതന്നെയാണ് ആരാധന എന്ന പദംകൊണ്ടുദ്ദേശിക്കുന്നത്. സാക്ഷാൽ ഇബാദത്ത് അല്ലാത്ത വിഷയത്തെ സംബന്ധിച്ച് അലങ്കാരഭാഷയിൽ ഇബാദത്ത് എന്ന് അറബി ഭാഷയിൽ അപൂർവ്വമായി ഉപയോഗിച്ചിട്ടുള്ളതുപോലെ യഥാർത്ഥ ആരാധനയല്ലാത്ത ചില വിഷയത്തെ സംബന്ധിച്ച് 'ആരാധന' എന്ന് മലയാളത്തിലും ഉപയോഗിച്ചിട്ടുണ്ട് എന്നുവെച്ചാൽമതി. അറബിയിൽ ഇബാദത്ത് എന്ന പദത്തിന്റെ പര്യായം തന്നെയാണ് ആരാധന മലയാളത്തിൽ. കാര്യകാരണബന്ധങ്ങൾക്കതീതമായി എന്തെങ്കിലും കഴിവുണ്ടെന്നുള്ള വിശ്വാസത്തിൽ ഒരു വസ്തുവിനോട് ഭക്തിയും ബഹുമാനവും കാണിക്കലാണ് ഇബാദത്ത്. ഈ പറഞ്ഞ കഴിവ് രണ്ടു വിധത്തിലുണ്ട്. തന്റെ ഉദ്ദേശംപോലെ ചെയ്യുവാനുള്ള സ്വതന്ത്രമായ ശക്തി. അല്ലെങ്കിൽ സ്വതന്ത്രമായ ശക്തി ഉള്ളവന്റെയടുക്കൽ ശുപാർശപറഞ്ഞു ചെയ്യിക്കാനുള്ള സ്വധീനശക്തി. ഈ രണ്ടാലൊരു നിലയിൽ കഴിവുണ്ടായാൽ മതി. അപ്പോൾ അല്ലാഹുവിന്റെ പരിപൂർണ്ണമായ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് അവന്റെനേരെ കാണിക്കുന്ന ഭയഭക്തിയും താഴ്മയും ആരാധനയാകിന്നു. അല്ലാഹുവിന്റെയടുക്കൽ ശുപർശപറഞ്ഞ് നമ്മുടെ കാര്യം നേടിത്തരുവാൻ തക്ക സ്വാധീനശക്തിയുണ്ടെന്ന് ധരിച്ച് ഈസാനബിയോടോ മറ്റോ ഭക്തി ബഹുമാനം കാണിക്കലും ആരാധനയാകുന്നു. ഒരാൾ കുരിശിന്റെ മുമ്പിൽ കൈകൂപ്പി വന്ദനം കാണിച്ചു; അയാളുടെ വിചാരം ഇതുമൂലം യേശുക്രിസ്തു സന്തോഷിക്കും, അങ്ങനെ അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ ശുപാർശ പറഞ്ഞ് ആവശ്യം സാധിപ്പിച്ചുതരും എന്നാണ്. അപ്പോൾ ആരാധ്യർ മൂന്നെണ്ണമായി. ഒന്ന് കുരിശ്, രണ്ട് യേശുക്രിസ്തു, മൂന്ന് അല്ലാഹു

- ഇതാണ് ശിർക്ക് (ബഹുദൈവാരാധന) ഇതുപോലെതന്നെ ജാറത്തിലെ കൊടിയെ ഒരാൾ ഭക്തിപൂർവ്വം ചുംബിച്ചു. അതുമൂലം ആ മാഹാത്മാവ് സന്തോഷിക്കും. അങ്ങനെ അദ്ദേഹം അല്ലാഹുവിനോട് ശുപാർശപറഞ്ഞു കാര്യം സാധിപ്പിച്ചു തരും എന്നാണ് വിചാരം. അപ്പോൾ മൂന്ന് ദൈവങ്ങളായി. കൊടി, മഹാത്മാവ്, അല്ലാഹു. അപ്പോൾ കൊടിയെയും കുരിശിനെയും സംബന്ധിച്ചുള്ള വിശ്വാസം അതിനോട് വന്ദനം കാണിക്കൽ ആ മഹാത്മാവിന്റെയും യേശുക്രിസ്തുവിന്റെയും മനസ്സിൽ ചലനമുണ്ടാക്കാൻ പര്യാപ്തമാണെന്നാണ്. വിഗ്രഹത്തെ പൂജിക്കുന്നതിന്റെ അവസ്ഥയും ഇതുതന്നെ. ഇങ്ങനെ അഭൗതികവും അദൃശ്യവുമായ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് അദൃശ്യവും അഭൗതികവുമായ മാർഗ്ഗത്തിൽ ഗുണം ആശിക്കുകയോ ദോഷം ഭയപ്പെടുകയോ ചെയ്തുകൊണ്ടും ഒരു വസ്തുവിനെ ഭക്തിപൂർവ്വം വന്ദിക്കലാണ് ആരാധന. ഈ തരത്തിലുള്ള വിചാരവും വാക്കും പ്രവൃത്തിയുമെല്ലാം ആരാധനയാകുന്നു. ഇവ ഓരോന്നിലും സൃഷ്ടിപരവും നിഷേധാത്മകവുമുണ്ട്. അതായത് വിചാരിക്കൽ, വിചാരിക്കാതിരിക്കൽ, പറയൽ, പറയാതിരിക്കൽ, ചെയ്യൽ, ചെയ്യാതിരിക്കൽ ഇങ്ങനെ ആറുവിധം ആരാധനയുണ്ട്.

(1-2) നമ്മുടെ മനോഗതങ്ങൾ അല്ലാഹു അറിയും എന്ന വിശ്വാസംമൂലം അവനോടുള്ള ഭയഭക്തി മനസ്സിൽ വേരൂന്നുക നിമിത്തം ദുർവിചാരങ്ങളും, ദുരുദ്ദേശങ്ങളും ഒഴിവാക്കുക. പകരം നല്ല വിചാരങ്ങളും സദുദ്ദേശങ്ങളും മനസ്സിൽ ഉറപ്പിക്കുക. ഇത് സ്രഷ്ടാവിനെ ആരാധിക്കലാകുന്നു. അതുപോലെ യേശുക്രസ്തു, മുഹ്‌യിദ്ദീൻ ശൈഖ് മുതലായവർ നമ്മുടെ മനോഗതങ്ങൾ അറിയുമെന്നു ധരിച്ച് അവരോട് ആശയും ഭയവും മനസ്സിൽ സ്ഥലം പിടിക്കുകമൂലം, അവരുടെ സാമീപ്യവും അനുഗ്രഹവും ലഭിക്കുന്നതിനുവേണ്ടി അവർക്ക് തൃപ്തികരമായതെന്ന അന്ധവിശ്വാസത്താൽ പല വിചാരങ്ങളും മനസ്സിൽ വെച്ചുകൊണ്ടിരിക്കൽ അവരെ ആരാധിക്കലാകുന്നു. അവർക്ക് തൃപ്തികരമായിരിക്കുമെന്ന സങ്കൽപത്തിൽ ചില വിചാരങ്ങൾ മനസ്സിൽനിന്നൊഴിവാക്കൽ അവർക്കുള്ള ആരാധനയാകുന്നു.

(3-4) സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹു അറിയുമെന്നു വിശ്വസിക്കുകയും അവന്റെ തൃപ്തി ആശിക്കുകയും അതൃപ്തിയെ ഭയപ്പെടുകയും ചെയ്തുകൊണ്ട് പറയുന്ന വാക്കുകൾ ആരാധനയാകുന്നു. അല്ലാഹുവിന്റെ മഹത്വത്തെയും ഏകത്വത്തേയും പ്രകീർത്തിക്കൽ ആരാധനയാകുന്നു.

ഒരു കുരുടൻ കിണറ്റിനുനേരെ നടന്നുനീങ്ങുന്നതുകണ്ടാൽ അയാൾക്കു മുന്നറിയിപ്പു കൊടുക്കാതിരുന്നാൽ അല്ലാഹു അറിയുകയും ശിക്ഷിക്കുകയും ചെയ്യുമെന്ന ഭയത്താലും തനിക്കു കാഴ്ചനൽകി അനുഗ്രഹിച്ച അല്ലാഹുവിനോടു കാണിക്കുന്ന നന്ദികേടായിത്തീരും എന്ന

ബോധത്താലും കുരുടനെ വിളിച്ച് മുന്നറിയിപ്പുനൽകിയാൽ അത് ആരാധനയാകുന്നു. ചീത്തവാക്ക്പറയാൻ തോന്നുമ്പോൾ അല്ലാഹു അറിയുകയും ശിക്ഷിക്കുകയും ചെയ്യുമെന്നുള്ളഭയത്താൽ അതു പറയാതിരിക്കൽ ആരാധനയാകുന്നു.യേശുക്രിസ്തു, മുഹ്‌യിദ്ദീൻശൈഖ് മുതലായ മഹാത്മാക്കൾ അറിയുകയും സഹിക്കുകയും ചെയ്യുമെന്നുള്ള ആശയാൽ രക്ഷിക്കണേ എന്നു പറയൽ ശിർക്കിന്റെ ആരാധനയാകുന്നു. അവരോടുള്ള ഭയഭക്തിനിമിത്തം കള്ളസാക്ഷി അവരുടെപേരിൽ പറയുന്നത് ഉപേക്ഷിക്കലും ശിർക്കിന്റെ ആരാധനയാകുന്നു.

(5-6 ) ഇനി കർമ്മരുപത്തിലുള്ള ആരാധന പറയാം. അല്ലാഹു കാണും അറിയും എന്ന വിശ്വാസവും അവൻ അംഗീകരിക്കുകയും പ്രതിഫലം നൽകുകയും ചെയ്യുമെന്ന ആശയും നിമിത്തം അഗതികൾക്ക് ഭക്ഷണം കൊടുക്കുകയും അവരെ സഹായിക്കുകയും ചെയ്യൽ ആരാധനയാകുന്നു. അതുപോലെ അല്ലാഹുവിനെ പേടിച്ച് വ്യഭിചാരവും മദ്യപാനവും ഉപക്ഷിക്കലും ആരാധനയാകുന്നു. യേശുക്രിസ്തുവിന്റെ അനുഗ്രഹം ആശിച്ചു കൊണ്ട് കുരിശിന്റെ മുമ്പിൽ മുട്ടുകുത്തിനിൽക്കലും ശ്രീക്ർണന്റേയും, ശബരിമല അയ്യപ്പന്റെയും അനുഗ്രഹം ആശിച്ചു കൊണ്ട് അവരുടെ വിഗ്രഹങ്ങൽക്ക് മുമ്പിൽ കൈകൂപ്പി നിൽക്കലും അജ്മീർഖാജായുടെ അനുഗ്രഹം ആശിച്ചുകൊണ്ട് അജ്മീർദർഗ്ഗയിലേക്ക് സന്ദർശനാർത്ഥം പോകലും അവിടെ ചില കർമ്മങ്ങൾ അനുഷ്ഠിക്കലും ആരാധനയാകുന്നു. ഏതെങ്കിലും ഒരു ശൈഖിന്റെ പേർക്ക് നേർച്ചയാക്കിയ ആട് വിളതിന്നാൻ ചെന്നാൽ അത് ആ മഹാത്മാവിന്റെ പേർക്കുള്ള നേർച്ചയാടാണല്ലോ എന്ന കാരണത്താൽ ഭയപ്പെട്ട് ആടിനെ ഓടിക്കാതെ അടങ്ങിയിരിക്കൽ ആരാധനയാകുന്നു.

## ആരാധനയുടെ കഴമ്പ്

പ്രിയ വായനക്കാരേ, ആരാധനയുടെ തത്വവും അതിന്റെ പ്രധാന വശവും ഈ വിവരണത്തിൽനിന്ന് വ്യക്തമായല്ലോ. അദൃശ്യമായ കഴിവിലും അറിവിലും, വിശ്വസിച്ചുകൊണ്ടുള്ള മാനസിക താഴ്മയാണ് ആരാധനയുടെ കാതൽ. ഇത് ഏറ്റവും പ്രത്യക്ഷമാകുന്നത് പ്രർത്ഥനയിലാണ്. കാര്യകാരണബന്ധങ്ങൾക്ക് പുറമെയുള്ള മാർഗ്ഗത്തിൽ ആവശ്യം നിറവേറ്റിക്കിട്ടുവാൻ വേണ്ടി അദൃശ്യമായ അറിവും കഴിവുമുണ്ടെന്ന് വിശ്വസിക്കുന്നവരോട് അപേക്ഷിക്കലാണ് പ്രാർത്ഥന. സാധരണനിലക്ക് മനുഷ്യന്റെ കഴിവിൽപ്പെട്ട കാര്യം പരസ്പരം ആവശ്യപ്പെടുന്നതിന് പ്രർത്ഥനയെന്നു പറയാറില്ല. ഒരു വൈദ്യനോട് എന്റെ ദീനം ചികിത്സ ചെയ്തു മാറ്റിത്തരണേ എന്നു ആവശ്യപ്പെട്ടാൽ അതിന് പ്രാർത്ഥനയെന്ന് പറയാറില്ല. അല്ലാഹുവേ, എന്റെ ദീനം മാറ്റിത്തരണമേ എന്നപേക്ഷിച്ചാൽ അത് പ്രർത്ഥനയാണ്. ആത്മീയമായ എന്തോ കഴിവുണ്ടെന്ന് വിശ്വസിക്കപ്പെ

ുന്ന ഒരു സിദ്ധനോട് എന്റെ രോഗം മാറ്റിത്തരണേ അപേക്ഷിച്ചാൽ പ്രർത്ഥനയാണ്. പ്രർത്ഥനയിൽ ഇങ്ങിനെ ഒരു വശമുള്ളത്കൊണ്ടാണ് പ്രാർത്ഥന ആരാധനയാണ് എന്ന് നബി ﷺ പറഞ്ഞത്. ഈ തത്വം മനസ്സിലാക്കാൻ വളരെയൊന്നും ആഴത്തിൽ ചിന്തിക്കേണ്ടതില്ല. എന്നാൽ നമ്മുടെ മിക്ക ആളുകൾക്കും പണ്ഡിതന്മാരായി അറിയപ്പെടുന്നവർക്കുപോലും പ്രർത്ഥന ആരാധനയാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു. അതുകൊണ്ടാണ് മുഹ്യിദ്ദീൻശൈഖേ രക്ഷിക്കണേ എന്ന ഇസ്തിഗാസ അനുവദനീയമാണെന്ന് സമസ്തക്കാർ വാദിക്കുന്നത്. അവരുടെ കാര്യം കഷ്ടംതന്നെ.

നബി ﷺ "പ്രാർത്ഥന ആരാധനയുടെ മജ്ജയാണ്" എന്നു പറഞ്ഞതായും റിപ്പോർട്ടുണ്ട് . ഈ വാക്കു വളരെ അർത്ഥപുഷ്ടിയുള്ളതാകുന്നു. ഖുർആനിൽ ഈ വിഷയം അങ്ങുന്നിങ്ങോളും തെളിഞ്ഞുകിടക്കുന്നു. ധാരാളം സ്വഹീഹായ ഹദീസുകളിൽ ഈ വിഷയം സ്ഥിരപ്പെട്ടിരിക്കുന്നു. ജീവികളുടെ എല്ലിന്റെ അകത്ത് ഒരു കൊഴുപ്പ് (ദ്രശ) ഉണ്ട് അത് നന്നായി നിൽക്കുന്നിടത്തോളം ജീവൻ സുരക്ഷിതമായിരിക്കും. അത്നശിച്ചാൽ ജീവൻ നശിക്കും, അതിനാണ് മജ്ജയെന്നു പറയുന്നത്. ആരാധനയായുള്ള ഏതൊന്നെടുത്തു നോക്കിയാലും അതിന്റെ ഉള്ളിൽ പ്രർത്ഥനയുണ്ടായിരിക്കും, ഉണ്ടായേ പറ്റൂ. എങ്കിൽ മാത്രമേ ആ കാര്യം ആരാധനയാവുകയുള്ളൂ. പ്രർത്ഥന അതിന്റെ ഉള്ളിലില്ലെങ്കിൽ അത് ആരാധനയല്ല. എല്ലിന്റെ ഉള്ളിലെ മജ്ജപോലെ. മജ്ജ ഇല്ലാതായാൽ ആ ജീവിയുടെ പ്രാണൻ നശിച്ചു. ബാറ്ററിയിലെ പവർപോലെ. ആ പവറിനാണു വില. ഇതുപോലെയാണ് ആരാധനയും പ്രർത്ഥനയും തമ്മിലുള്ള നില. ഉദാ: അഗതികൾക്ക് ഭക്ഷണം കൊടുക്കൽ നല്ല കാര്യമാണ്. അത് ആരാധനയായിട്ടും അല്ലാതെയും വരും അല്ലാഹുവിന്റെ തൃപ്തിയും പരലോകമോക്ഷവും ആഗ്രഹിക്കുക എന്ന പ്രാർത്ഥന അതിലുണ്ടെങ്കിൽ അത് ആരാധനയാണ്. മുഹ്യിദ്ദീൻ ശൈഖിന്റെ പേരിൽ അന്നദാനംചെയ്യുമ്പോൾ ശൈഖ് അവർകളുടെ തൃപ്തിയും സഹായവും ആശിക്കുക എന്ന പ്രർത്ഥന അതിന്റെ ഉള്ളിലുള്ളതിനാൽ ശൈഖിന് ആരാധനയാണ്. ആളുകൾ തന്നെ പറ്റി നല്ല വർത്തമാനം പറയണം എന്ന ഉദ്ദേശത്തിൽ അന്നദാനം ചെയ്യൽ ആരാധനയല്ല. കാരണം, അവിടെ ജീവൻ നശിച്ചു. മജ്ജയില്ലാത്ത എല്ലോടുകൂടിയ ഒരു ജീവിയെപ്പോലെ. കഅ്ബത്തിങ്കലേക്കുള്ള യാത്രയെപ്പറ്റി ചിന്തിക്കുക. അല്ലാഹുവിന്റെ പൊരുത്തവും പരലോകമോക്ഷവും ആശിക്കുകയെന്ന പ്രാർത്ഥന അതിന്റെ ഉള്ളിലുണ്ടെങ്കിൽ അത് അല്ലാഹുവിന് ആരാധനയാകുന്നു. അജ്മീർ ദർഗ്ഗയിലേക്കുള്ള യാത്രയിൽ ഖാജാമുഈനുദ്ദീൻചിശ്തിയുടെ പൊരുത്തവും സഹായവും ആശിക്കുക എന്ന പ്രാർത്ഥന ഉണ്ടങ്കിൽ അത് അദ്ദേഹത്തിന് ആരാധന

യാകുന്നു. രാജ്യം കാണാൻ വേണ്ടിയോ മറ്റോ ആണെങ്കിൽ ഒന്നുമില്ല. എന്നാൽ അജ്മീർ ദർഗ്ഗയിലേക്ക് പോകുന്നവന്റെ വിചാരം എന്താണെന്നു പറയേണ്ട കാര്യം നമുക്കില്ല. ഇന്ന വിചാരമാണെങ്കിൽ വിധി ഇന്നത് എന്നുള്ള നിയമം മാത്രമേ നമുക്കു പറയേണ്ടതുള്ളൂ. ഖാജാസാഹിബിന്റെ പൊരുത്തം ഉദ്ദേശിച്ചാൽ അത് ശിർക്കിന്റെ ഇബാദത്താണ്. മനുഷ്യൻ അതു കൊണ്ട് കാഫിറാകും എന്നുള്ളതാണ് നിയമം. കാരണം, 'ഖാജാ' സൃഷ്ടി യാണ് എന്നുള്ളതുതന്നെ അഭൗതികമായനിലയിൽ ഒരു സൃഷ്ടിയുടെ പൊരുത്തം ആശിച്ചുകൊണ്ടുള്ള താഴ്മ കാണിക്കൽ ആരാധനയാകുന്നു. ഈയാഥാർത്ഥ്യം മനസ്സിലാകാത്തതുകൊണ്ട് നമ്മുടെ സമുദായത്തിൽ ധാരാളം ശിർക്കിന്റെ ആരാധനകൾ സൽക്കർമ്മങ്ങളെന്നപേരിൽ പ്രചാര ത്തിലുണ്ട്, സമസ്തക്കാർ അതിന് അംഗീകാരവും പ്രോത്സാഹനവും നൽകുന്നുണ്ട്. അതിനുവേണ്ടി പരിശുദ്ധ ഖുർആനും സ്വഹീഹായ ഹദീസും ദുർവ്യാഖ്യാനം ചെയ്യുന്നുണ്ട്. അതിനായി നിലകൊള്ളുന്ന പത്ര ങ്ങളും മറ്റുപ്രസിദ്ധീകരണങ്ങളും അവർക്കുണ്ട്.

## മറഞ്ഞതിലെ വിശ്വാസം

**അഞ്ച്:** അദൃശ്യമായ അറിവിലും കഴിവിലും വിശ്വസിച്ചുകൊണ്ട് ഒരു വസ്തുവിനെ വന്ദിക്കലാണ് ആരാധന എന്ന് പറഞ്ഞല്ലോ. അദൃശ്യ മായ കഴിവിൽ വിശ്വസിക്കുകയെന്ന കാര്യം ഇവിടെ എടുത്തുപറയാനുള്ള തെളിവ് വിവരിക്കൽ ആവശ്യമാണെന്നു തോന്നി. കാരണം ജമാഅത്തെ ഇസ്ലാമിക്കാരും സമസ്തക്കാരും ഈ സംഗതി ശക്തിയായി നിഷേധിക്കു ന്നു. ഈ രണ്ടുകൂട്ടരോടും നമുക്കുള്ള വിയോജിപ്പിന്റെ കാരണങ്ങളിൽ എറ്റവും പ്രധാനമായത് ഇതാകുന്നു. അതുകൊണ്ട് അത് ചുരുങ്ങിയനില യിൽ ഒന്നു വിശദീകരിക്കുകതന്നെ.

ഉമറുബ്നുഖത്താബ് رضي الله عنه കഅ്ബഃ ത്വവാഫ് (പ്രദക്ഷിണം) ചെയ്തപ്പോൾ ഹജറുൽ അസ്‌വദിനെ ചുംബിച്ച സമയത്ത് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിനെതന്നെയാണ് സത്യം . നിശ്ചയമായും നീ വെറു മൊരു കല്ലാണ്; നീ യാതൊരുപദ്രവവും ചെയ്യുകയില്ല: യാതൊരു ഉപകാ രവും ചെയ്യുകയില്ല എന്ന് ഞാൻ അറിയുന്നു. റസൂലുല്ലാഹി ﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ ചുംബി ക്കുകയില്ലായിരുന്നു. അടുത്ത സന്ദർഭത്തിൽ മതം വിശ്വസിച്ച പുതിയ ആളു കളെ ചിന്താക്കുഴപ്പത്തിൽനിന്ന് രക്ഷിക്കുവാൻവേണ്ടിയാണ് ഉമർ رضي الله عنه ഇപ്രകാരം പ്രസ്താവിച്ചത് . ഈ ചുംബനത്തിൽ കല്ലിൽനിന്നു വല്ലതും ആശിക്കുകയോ ഭയപ്പെടുകയോ പാടില്ല. അനേകം പ്രവാചകന്മാരുടെ ചുണ്ടുകളുടെയും കരങ്ങളുടെയും സ്പർശമേറ്റ പ്രത്യേകശിലയാണിതെ ന്നനിലക്ക് അവരിൽ നിന്ന് യാതൊന്നും ആശിക്കുവാനോ ഭയപ്പെടാനോ

പാടില്ല. ആശയും ഭയവുമെല്ലാം അല്ലാഹുവിനോടു മാത്രമായിരിക്കണം. കല്ലിന് ഉപദ്രവിക്കാൻ കഴിയുമെന്ന് വിചാരിച്ച് ആശിക്കുകയോ ഉപദ്രവിക്കാൻ കഴിയുമെന്ന് കരുതി ഭയപ്പെടുകയോ ചെയ്തുകൊണ്ട് ചുംബിച്ചാൽ അത് കല്ലിനെ ആരാധിക്കലായിപോകും എന്നൊക്കെയാണ് ഇവിടെ ഉണർത്തുന്നത്. അപ്പോൾ ഈ കല്ലിനെ ചുംബിക്കുന്നതിൽ അല്ലാഹുവിനെ ആരാധിക്കുന്ന രുപവും, കല്ലിനെ ആരാധിക്കുന്ന രൂപവും രണ്ടും വരാം. മനസ്സിലിരുപ്പ്കൊണ്ടാണ് ഇതൊക്കെ വേർതിരിയുന്നത്.

നല്ല വാസനയുള്ള ഒരു സാധനത്തെയോ, മക്കളെയോ പ്രിയപ്പെട്ടവരെയോ ചുംബിക്കുന്നതിൽ ഇതൊന്നുമില്ല.

من صام رمضان ايمانا واحتسابا غفر له ماتقدم من ذنبه (متفق عليه)

ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലമാശിച്ചും റമദാൻമാസത്തിൽ നോമ്പ് നോൽക്കുന്ന പക്ഷം മുമ്പ് ചെയ്തുപോയിട്ടുള്ള പാപങ്ങൾ അയാൾക്ക് പൊറുക്കപ്പെടുന്നതാകുന്നു എന്ന് നബി ﷺ പറയുന്നു. നോമ്പ് നോൽക്കൽ ഇബാദത്താകണമെങ്കിൽ അത് വിശ്വാസത്തോട് കൂടിയായിരിക്കണം എന്ന് ഇവിടെ വ്യക്തമായിരിക്കുന്നല്ലോ. എന്തു വിശ്വാസമാണ് ഇവിടെ വേണ്ടത്? അല്ലാഹുവിനെ പറ്റിയും പരലോകത്തെപ്പറ്റിയുമുള്ള വിശ്വാസമാണ് വേണ്ടതെന്ന് തീർച്ച. ആ വിശ്വാസം ഇല്ലാത്ത നിലയിൽ ഒരുത്തൻ നോമ്പ്നോറ്റാൽ അതൊരിക്കലും ഇബാദത്തല്ല. എന്നാൽ ശബരിമല തീർത്ഥാടനത്തിന് ഒരുങ്ങുന്നവൻ ഒരു നോമ്പ് നോൽക്കുന്നതായി കാണുന്നു. അത് അയ്യപ്പന് ഇബാദത്താണ്. രോഗശമനത്തിനുവേണ്ടി നോമ്പ് നോറ്റാൽ അത് ഇബാദത്തല്ല. മൗദൂദികളും സുന്നികളുമല്ലാത്തവർക്കെല്ലാം ഇത് മനസ്സിലാകും.

ഇനി നമുക്ക് ഖുർആനിലേക്ക് നോക്കാം. വിശ്വാസത്തോടുകൂടി ചെയ്യുന്ന സൽക്കർമ്മം മാത്രമേ ഇബാദത്താകുകയുള്ളുവെന്ന് പരിശുദ്ധ ഖർആൻ അസന്നിഗ്ധമായി വ്യക്തമാക്കിയിരിക്കുന്നു.

ومن يعمل من الصالحات من ذكر او انثى وهو مؤمن

فألئك يدخلون الجنّة ولا يظلمون نقيراً (النساء)

"ആണാകട്ടെ പെണ്ണാകട്ടെ ആരെങ്കിലും വിശ്വാസമുള്ളവരായിരിക്കുന്ന അവസ്ഥയിൽ വല്ല സൽക്കർമ്മവും ചെയ്യുന്ന പക്ഷം അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാകുന്നു. അവർ അശേഷവും ദ്രോഹിക്കപ്പെടുകയില്ല." (നിസാഅ്:124) ചെയ്യുന്നത് സല്ക്കർമ്മമാണെന്നു പറഞ്ഞിട്ട് കാര്യമില്ല, വിശ്വാസത്തോടുകൂടിചെയ്യണം. എന്നാൽ മാത്രമേ അത് ഇബാദത്താകു

കയുള്ളൂ, പരലോകത്ത് ഫലപ്പെടുകയുള്ളു എന്നാണ് ഇവിടെ തെളിയിച്ചിരിക്കുന്നത്. സൽക്കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് നമസ്ക്കാരമാണല്ലോ. അല്ലാഹുവിനെപ്പറ്റിയും പരലോകത്തെപ്പറ്റിയുമുള്ള വിശ്വാസത്തോടുകൂടി ചെയ്താൽമാത്രമേ അത് അല്ലാഹുവിന് ഇബാദത്താകുകുള്ളൂ. ഖുത്തുബിയത്ത് റാത്തിബീൽ ചെയ്യുന്നതുപോലെ മുഹ്‌യിദ്ദീൻ ശൈഖിനെ സംബന്ധിച്ചുള്ള വിശ്വാസത്തോടു കൂടിയായാൽ അത് ശൈഖിന് ഇബാദത്താകുന്നു. ലോകമാന്യത്തിനുവേണ്ടി നമസ്കരിക്കുകയോ ധർമ്മം കൊടുക്കുകയോചെയ്യുന്നവർ ആളുകളുടെ തൃപ്തി ആഗ്രഹിക്കുന്നുണ്ടെങ്കിലും അത് അദൃശ്യമായ നിലയിൽ അല്ലാത്തതുകൊണ്ട് ആളുകൾക്ക് ഇബാദത്ത് എന്നുള്ളത് അവിടെ വരുന്നില്ല. അപ്പോൾ നമസ്കാരം മൂന്നു വിധത്തിൽ നാം കണ്ടു. അല്ലാഹുവിന് ഇബാദത്ത്. ശൈഖിന് ഇബാദത്ത്. ആർക്കും ഇബാദത്തല്ലാത്തത് ഇങ്ങിനെ മൂന്ന് വിധം. മൗദൂദികൾക്കും സുന്നികൾക്കും ഇത് മനസ്സിലാകാൻ പ്രയാസമാണ്. കാരണം അവർ രണ്ടു കൂട്ടരും ഈ തത്വം കണ്ണടച്ച് നിഷേധിക്കുന്നവരാണ്. ഒരായത്ത് കൂടി കാണുക:

ومن اراد الآخرة وسعى لها سعيها

وهو مؤمن فاولئك كان سعيهم مشكورا (الإسراء)

ആരെങ്കിലും പരലോകം ലക്ഷ്യമാക്കുകയും സത്യവിശ്വസിയായിരിക്കുന്ന അവസ്ഥയിൽ പരലോകത്തിന്റെ പ്രയത്നം പ്രയത്നിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ പ്രയത്നം അംഗീകരിച്ച് പ്രതിഫലം നൽകപ്പെടുന്നതാകുന്നു.(ഇസ്റാഅ്: 19)

നോക്കുക:- പരലോകത്തെ ലക്ഷ്യമാക്കുക എന്ന് ആദ്യം പറഞ്ഞിട്ടുകൂടി വിശ്വാസത്തിന്റെ കാര്യം ഒരു പ്രധാന ഉപാധിയായി വീണ്ടും ഊന്നിപ്പറഞ്ഞിരിക്കുന്നു. ഇതുപോലെ എത്രയധികം സ്ഥലങ്ങളിലാണ് ഈവിഷയം ഖുർആനിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത്. امنوا وعملو الصالحات വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ എന്ന് എത്രസ്ഥലങ്ങളിലാണ് ഖുർആൻ പറഞ്ഞിരിക്കുന്നത്. കർമ്മം എത്ര നന്നായിട്ടും കാര്യമില്ല; വിശ്വസത്തോടുകൂടിയായിരിക്കണം. എന്നാൽമാത്രമേ അത് ഇബാദത്താകയുള്ളു എന്ന് പരിശുദ്ധഖുർആനും തിരുസുന്നത്തും അങ്ങേയറ്റം തെളിയിച്ചിരിക്കുന്നു. മൗദൂദികളും സുന്നികളും കൽപിച്ചുകൂട്ടി അതിന്റെ നേരെ കണ്ണടച്ചിരിക്കുകയാണ്.

ഒരു വിഷയംകൂടി ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു സ്വഹീഹായ ഹദീസുകളിൽ ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ച് ശിർക്ക് എന്ന് വന്നി

ട്ടുണ്ടോ, അതിലെല്ലാം ഈ അദൃശ്യവിശ്വാസത്തിന്റെ അടിസ്ഥാനത്തി ലുള്ള വന്ദനം കാണാം ഉദാ: സത്യം ചെയ്യൽ.

مَنْ حَلَفَ بِغَيْرِ اللَّهِ فَقَدْ اَشْرَكَ

"അല്ലാഹുവല്ലാത്തവരെക്കൊണ്ട് ആരെങ്കിലും ആണയിട്ടാൽ അവൻ മുശ്രിക്കായി" എന്ന് നബി ﷺ പറയുന്നു.

നോക്കുക:- ആണയിടുന്നതിൽ എന്താണ് ശിർക്ക് ? അല്ലാഹുവിനെക്കൊണ്ട് ആണയിടുന്നതിന്റെ പൊരുൾ എന്തെന്നു നോക്കുക. ഒരാളുടെ പേരിൽ ഒരു മോഷണക്കുറ്റം ആരോപിക്കപ്പെട്ടു. ഈ അപമാനത്തിൽനിന്ന് ഒഴിവാക്കുവാനും തന്റെ നിരപരാധിത്വം തെളിയിക്കുവാനും വേണ്ടി ആണയിടുന്നു. അല്ലാഹുവിനെയാണെ സത്യം, ഞാൻ അത് എടുത്തിട്ടില്ല എന്ന്. ഇതിന്റെ സാരം ഞാൻ അത് എടുത്തിട്ടില്ലായെന്ന പരമാർത്ഥം അല്ലാഹു അറിയും; ഞാൻ മനപ്പൂർവ്വം കളവുപറയുന്നതാണെങ്കിൽ അല്ലാഹു ഇപ്പോൾതന്നെ എന്നെ ശിക്ഷിച്ചുകൊള്ളട്ടെ; അനുഭവിക്കാൻ ഞാൻ തയ്യാറാണ് എന്നാകുന്നു. ഇതിനുപുറമെ അല്ലാഹുവേ, അകാരണമായി എന്റെപേരിൽ മോഷണക്കുറ്റം ആരോപിച്ചിരിക്കുന്നു. ഞാൻ നിരപരാധിയാണെന്ന് നീ അറിയുമല്ലോ. ഈ അപമാനത്തിൽ നിന്ന് എന്നെ രക്ഷിക്കണേ എന്നൊരപേക്ഷയും അതിന്റെ ഉള്ളിലുണ്ട്. അത് ശരിയായ ആരാധനയാണ്. എന്നാൽ മുഹ്‌യിദ്ദീൻ ശൈഖിനെത്തന്നെയാണേ, ഞാൻ അത് എടുത്തിട്ടില്ല എന്ന് ആണയിടുമ്പോൾ ഇതുപോലെയുള്ള സാരം നിശ്ചയമായും വരുന്നതാകുന്നു. അതായത് ഞാൻ അത് എടുത്തിട്ടില്ല എന്ന പരമാർത്ഥം ശൈഖവർകൾ അറിയും. അഥവാ ഞാൻ കളവ്പറയുന്നതാണെങ്കിൽ ഇപ്പോൾ തന്നെ വല്ല ശിക്ഷയും എന്നിൽ നടത്തിക്കൊള്ളട്ടെ. ഞാൻ അനുഭവിച്ചുകൊള്ളാം. എനിക്ക് യാതൊരപകടവും വരാത്തത് എന്റെ നിരപരാധിത്തത്തിന് തെളിവാണ് എന്നൊക്കെയാണ് അതിന്റെ സാരം. കൂടാതെ ഒരപേക്ഷയും അവന്റെ മനസ്സിലുണ്ട്: ബഹുമാനപ്പെട്ട ശൈഖ് അവർകളേ, ഞാൻ അങ്ങയുടെ ഒരു സേവകനാണല്ലോ. എന്റെമേൽ വെച്ചുകെട്ടപ്പെട്ട ഈ ആരോപണം മൂലം ഞാൻ വലിയ നാണക്കേടിലായിരിക്കുന്നു; എന്നെരക്ഷിക്കണേ എന്ന്. ഇതാണ് അല്ലാഹു അല്ലാത്തവരെക്കൊണ്ട് ആണയിടുന്നതിലുള്ള ശിർക്ക്. ഇതുകൊണ്ടാണ് മുഹ്‌യിദ്ദീൻശൈഖിന്റെ പേരിൽ കള്ളസത്യംചെയ്യാൻ ആളുകൾ മടിക്കുന്നത്. ഇവിടെ ഏറ്റവും വ്യസനകരവും

അപമാനകരവുമായ ഒരു വസ്തുതകൂടി ഉണർത്തുവാനുണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളസത്യം ചെയ്യാൻ ചിലർ മടിക്കുന്നില്ല. നേർച്ചക്കാരുടെ പേരിൽ കള്ളസത്യംചെയ്യാൻ ഭയപ്പെടുന്നു? ഇതെന്തൊരു കഥയാണ്? നമ്മുടെ ജനങ്ങളുടെ ഈമാൻ എവിടെ എത്തിയിരിക്കുന്നു! ഇതിന് പ്രോൽസാഹനം നൽകുന്ന മുസ്ല്യാക്കന്മാരുടെ കഥ എവിടെ എത്തിയിരിക്കുന്നു?!

## മന്ത്രവാദം

മന്ത്രവാദം ശിർക്കാണെന്ന് സ്വഹീഹായ ഹദീസിൽ വന്നിരിക്കുന്നു. അദൃശ്യസൃഷ്ടികളായ ജിന്നിന്റെയും ശൈത്താന്റെയും അദൃശ്യമായ നിലയിലുള്ള സാഹായം തേടൽ അതിലുള്ളതുകൊണ്ടാണ് അത് ശിർക്കായത് . അല്ലാഹുവിന്റെ സഹായം മാത്രം തേടിക്കൊണ്ടുള്ള മന്ത്രമാണെങ്കിൽ അതിൽ ശിർക്കില്ല.

ഇതുപോലെതന്നെ ഉറുക്ക് കെട്ടൽ ശിർക്കാണെന്ന് ഹദീസിൽ വന്നിട്ടുണ്ട് . സഹായംതേടുകയെന്ന ശിർക്കിന്റെ അടിസ്ഥാനകരാണം അതിലുണ്ട്. അതിനുപുറമെ അദൃശ്യവും അഭൗതികവുമായ മാർഗ്ഗത്തിൽ അപകടങ്ങൾ ഒഴിവാക്കുവാൻ ഉറുക്കിന് എന്തോ കഴിവുണ്ടെന്ന് കരുതപ്പെടുന്നു. അതിനോട് ഒരു ഭക്തിയും ബഹുമാനവും വന്നുകൂടുന്നു. അതുതന്നെയാണ് ആരാധന.

അല്ലാഹുഅല്ലാത്തവരുടെ പേരിലുള്ള നേർച്ചയും ബലികർമ്മങ്ങളും ശിർക്കാണ് . അവിടെയുമുണ്ട് അദൃശ്യമായ മാർഗ്ഗത്തിൽ ഗുണം ആശിക്കയും ദോഷം ഭയപ്പെടുകയും ചെയ്തുകൊണ്ടുള്ള വന്ദിക്കലും താഴ്മകാണിക്കലും.

സർവ്വോപരി അല്ലാഹു അല്ലാത്തവരോടുള്ള പ്രർത്ഥനയെ സംബന്ധിച്ച് ശിർക്ക് എന്ന് പരിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. അവർക്കുള്ള ഇബാദത്ത് എന്നും വന്നിട്ടുണ്ട് . അല്ലാഹുവിനോടുള്ള പ്രർത്ഥനയെസംബന്ധിച്ച് അല്ലാഹുവിനുള്ള ഇബാദത്ത് എന്നും വന്നിട്ടുണ്ട്. ഇതൊക്കെയെന്തുകൊണ്ടാണ്? അദൃശ്യമായ മാർഗ്ഗത്തിലുള്ള വിശ്വാസമാണിതിന്റെ അടിസ്ഥാനം എന്നുള്ളതുകൊണ്ട്. അല്ലാഹുവേ രക്ഷിക്കണേ എന്ന് തേടുന്നത് അല്ലാഹു ഇത് അറിയും രക്ഷിക്കാൻഅവൻ ഉദ്ദേശിച്ചാൽ ഏതുനിലക്കും രക്ഷിക്കും എന്ന് കരുതുന്നതുകൊണ്ടാണ് അതിനാൽ അത് അല്ലാഹുവിന് ഇബാദത്താകുന്നതു ആ അറിയലും രക്ഷിക്കലും മറഞ്ഞ മാർഗ്ഗത്തിലാണെന്നുള്ളതാണ് കാരണം മുഹ്‌യിദ്ദീൻശൈഖേ രക്ഷിക്കണേ എന്നു തേടുന്നത് ശൈഖ് ഇതറിയും, ഈ അപേക്ഷ അംഗീകരിക്കും എന്നു വിചാരിച്ചിട്ടാണ്. ആ അറിയലും രക്ഷിക്കലും മറഞ്ഞ മാർഗ്ഗത്തിലാണല്ലോ. അതിനാൽ ആ അപേക്ഷ ശൈഖിന് ഇബാദത്താണ് എന്നാൽ പോലീസിന്റെ പിടിയിൽ പെട്ടപ്പോൾ രക്ഷിക്കണേ എന്നു അപേക്ഷിക്കുന്നതിന്റെ സ്ഥിതിയെന്ത്? അത് വളരെ

വ്യക്തമാണ് . പോലീസ് ഇതറിയലും രക്ഷിക്കലും മറഞ്ഞമാർഗ്ഗത്തിലല്ല. അതിനാൽ ഇബാദത്തിന്റെ ലാഞ്ചനപോലും അതിലില്ല. അപ്പോൾ രക്ഷിക്കണേ എന്നുള്ള ഈ തേട്ടം തൗഹീദിന്റെ ഇബാദത്തായിട്ടും, ശിർക്കിന്റെ ഇബാദത്തായിട്ടും , ഇതൊന്നുമല്ലാതെയും ഇനംതിരിഞ്ഞത് ഈ അദൃശ്യം എന്ന പരിഗണന കൊണ്ടാണ്. ഇതിനെ പരിഗണിക്കാത്ത സുന്നികളുടേയും മൗദൂദികളുടേയും കാര്യം മഹാ കഷ്ടംതന്നെ.

## രണ്ടു പിഴവുകൾ

ഇബാദത്ത് എന്ന വിഷയത്തെപ്പറ്റി ഖണ്ഡിതമായും സമഗ്രമായും വസ്തുനിഷ്ഠമായും വിവരിച്ചുകഴിഞ്ഞു. അവസാനമായി വളരെ ശ്രദ്ധിക്കപ്പെടുന്ന രണ്ടു എഴുത്തുകാർക്ക് പിണഞ്ഞുപോയ തെറ്റ് ചൂണ്ടിക്കാണിച്ചു കൊണ്ട് ഈ വിഷയത്തിൽനിന്ന് വിരമിക്കാം.

ഒന്ന്. സി .എൻ അഹമദ് മൗലവി إِيَّاكَ نَعْبُدُ എന്നതിന്റെ അർത്ഥം ഇപ്രകാരം എഴുതിയിരിക്കുന്നു. "നിന്റെ കൽപനകൾക്കേ ഞങ്ങൾ വിധേയരായി ജീവിക്കുകയുള്ളു" (കോട്ടയം N.B.S. പ്രസിദ്ധീകരിച്ച പരിഭാഷ, വാല്യം 1 .പേ : 145 )

ബോധവാന്മാരായ വായനക്കാരേ, ചിന്തിക്കുക. അല്ലാഹു അവതരിപ്പിച്ച എല്ലാ വേദങ്ങളിലേയും ഏറ്റവും പ്രധാന വിഷയമാണ്. إِيَّاكَ نَعْبُدُ എന്നവചനം, ഈ ലോകത്ത് പലരും സൂര്യൻ, ചന്ദ്രൻ,നക്ഷത്രങ്ങൾ, വിഗ്രഹങ്ങൾ , മലക്കുകൾ. പ്രവാചകന്മാർ, സിദ്ധന്മാർ മുതലായവ പല സൃഷ്ടികൾക്കും ഇബാദത്ത് ചെയ്യുന്നുണ്ട് അതൊന്നും പാടില്ല. ഇബാദത്ത് അല്ലാഹുവിനു മാത്രമായിരിക്കണം എന്നുള്ളതാണ് വിഷയം. അപ്പോൾ അതിന്റെ സാരമെന്താണ് ?സൂര്യൻ, ചന്ദ്രൻ, മുതലായവയുടെയും, പ്രവാചകന്മാർ മുതലായവരുടെയും കൽപനകൾക്ക് വിധേയരായി ജീവിക്കാൻ പാടില്ല അല്ലാഹുവിന്റെ കല്പനകൾക്കേ വിധേയരായി ജീവിക്കാവൂ എന്നാണോ? എന്താണ് സി എൻ .പറയുന്നത്?

مَا أَجْرَأَهُ عَلَى هَذَا التَّحْرِيف

നമ്മുടെ സ്വന്തംനിലയെപ്പറ്റി ഒന്ന് ചിന്തിക്കേണ്ടതുണ്ട്.നാം ഇവിടെ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ നിയമങ്ങൾക്ക് വിധേയരായിട്ടാണ് ജീവിക്കുന്നത്. അതൊന്നും പാടില്ല എന്നു മാത്രമല്ല, അതൊക്കെ തനി ശിർക്കും കുഫ്റുമാണ് എന്ന് സി. എൻ. മൗലവിയുടെ അർത്ഥത്തിൽനിന്നു വരുന്നു. അങ്ങിനെ അല്ലാഹു വിധിച്ചിരിക്കുന്നു എന്നാണ് അദ്ദേഹം വരുത്തിത്തീർക്കുന്നത്. ഇസ്ലാമിന്റെ ഏറ്റവും പ്രധാന സിദ്ധാന്തമായ തൗഹിദ് ഇതാണങ്കിൽ ഇസ്ലാം അപ്രായോഗികമാണെന്നു വരുന്നു ഇസ്ലാമിനെപ്പറ്റി പ്രയാസവും മടുപ്പുമാണ് ഇതുമൂലം ജനഹൃദ

യങ്ങളിൽ ജനിക്കുക. ഇത് ഇസ്‌ലാമിനെ പരാജയപ്പെടുത്തുവാനുള്ള ഒരു പുതിയ മാർഗ്ഗമാകുന്നു. ഈ തരത്തിൽ ഇസ്‌ലാമിന് സേവനം ചെയ്യുന്നവൻ യഥാർത്ഥിൽ ഇസ്‌ലാമിനെ ദ്രോഹിക്കുകയാണ് ചെയ്യുന്നത്.

രണ്ട് .സയ്യിദ് അബൂൽഅഅ്‌ലാ മൗദൂദി പറയുന്നു: "ഇബാദത്ത് എന്ന പദം അറബിഭാഷയിൽ മൂന്ന് അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട് 1) പൂജാ, ആരാധന 2) അനുസരണം, ആജ്ഞാനുവർത്തനം. 3) അടിമത്തം, ദാസ്യവൃത്തി. ഇവിടെ മൂന്നർത്ഥങ്ങളും ഒന്നിച്ചുദ്ദേശിക്കപ്പെടുന്നുണ്ട്. അതായത് ഞങ്ങൾ നിന്നെ ആരാധിക്കുന്നവരും നിന്റെ ആജ്ഞാനുവർത്തികളും, നിനക്കടിമപ്പെടുന്നവരുമാണ്. ഈ നിലകളിലെല്ലാം നിന്നോട് ഞങ്ങൾ ബന്ധപ്പെടുന്നുവെന്നതല്ല, നിന്നോട് മാത്രമേ മൂന്നർത്ഥങ്ങളിൽ യാതൊരർത്ഥത്തിലും ഞങ്ങൾക്ക് മറ്റൊരു മഅ്ബൂദ് (ഇബാദത്ത്ചെയ്യപ്പെടുന്നവൻ) ഇല്ലതന്നെ" (തഫ്ഹീമുൽഖുർആൻ പേ: 47)

മാന്യവായനക്കാരേ, മൗദൂദിസാഹിബ് പറയുന്നത് ശരിയല്ല .ഇബാദത്തിന് അടിമവൃത്തി എന്നർത്ഥമില്ല.

وَأَمَّا عَبْدٌ خَدَمَ مَوْلَاهُ فَلَا يُقَالُ عَبَدَهُ

"അടിമ യജമാനന് അടിമവേല ചെയ്താൽ ഇബാദത്ത് ചെയ്തു എന്നു പറയുകയില്ല" എന്ന് لِسَانُ الْعَرَب ൽ പറയപ്പെടുന്നു. അടിമവേലചെയ്യുന്നത് അടിമകളായ സഹാബികളോട് നബി ﷺ നിരോധിച്ചില്ല. എന്നു മാത്രമല്ല നബി ﷺ ക്ക് അടിമകളുണ്ടായിരുന്നു. അവർ നബി ﷺ ക്ക് അടിമവേല ചെയ്തിരുന്നു. മൗദൂദിസാഹിബ് പറയുംപ്രകാരം ഇബാദത്തിന് അടിമവേല എന്നർത്ഥമുണ്ടായിരിക്കുകയും അത് ഇവിടെ ഉദ്ദേശിക്കപ്പെടുകയുംചെയ്തിരുവെങ്കിൽ ഇതൊന്നും ഒരിക്കലും സംഭവിക്കില്ലായിരുന്നു! ഇബാദത്തിന് അനുസരണം എന്നുള്ള അർത്ഥം പരിശുദ്ധഖുർആനിൽ ഒരു വചനത്തിൽ ചില മുഫസ്സിറുകൾ പറഞ്ഞിട്ടുണ്ട്. സിനിമാനടന്റെ ആരാധകർ എന്ന് പറയുന്നത് പോലെ ഒരു ആലങ്കാരിക പ്രയോഗമാണത്. ഫാത്തിഹ സൂറത്തിലെ ആയത്തിലും അതുപോലെയുള്ള തൗഹീദിന്റെ ആയത്തുകളിലും ശഹാദത്ത്കലമയിലുമൊന്നും ഇബാദത്തിന് ഈ ആലങ്കാരിക അർത്ഥം കൊടുക്കുവാൻ പറ്റുകയില്ല. കാരണം, അപ്പോൾ അനുസരണം അല്ലാഹുവിനോട് മാത്രമാകണം, മറ്റാരോടും പാടില്ല. അതൊട്ട് സാദ്ധ്യവുമല്ല.

ചുരുക്കത്തിൽ ആരാധന എന്നുള്ള അർത്ഥം മാത്രമാണ് ശരി. ഇബാദത്തിന് ആരാധനയെന്നുള്ള അർത്ഥമേ അറബികൾക്ക് അറിയുകയുള്ളു എന്ന് ജമാഅത്തെഇസ്‌ലാമി പ്രസിദ്ധീകരിച്ച അമീൻഅഹ്സൻ ഇസ്‌ലാഹിയുടെ ശിർക്ക് എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

അത് വളരെ ശരിയാണ്. ചിലപ്പോൾ അവർ നേരും പറയാറുണ്ട്. പ്രവാചകനും സഹാബികളും ഉൾപ്പെടെ എല്ലാ അറബികളും ഇങ്ങിനെ തന്നെ. ഇബാദത്തിന് അനുസരണമെന്നും അടിമത്വമെന്നുള്ള അർത്ഥം അവരാരും അറിയുകയില്ല.

ഇതിനുപുറമെ ഒരു വാക്കിന് ഒന്നിലതികം അർത്ഥമുണ്ടായാൽ എല്ലാം കൂടി ഒരു സ്ഥലത്ത് ഉദ്ദേശിക്കണം എന്നു പറയുന്നത് ഏറ്റവും അത്ഭുതമാകുന്നു. പരിശുദ്ധഖുർആനിൽ ഒന്നിലധികം അർത്ഥമുള്ള ധാരാളം പദങ്ങൾ അനേകം സ്ഥലങ്ങളിൽ വന്നിട്ടുണ്ടല്ലോ. എവിടെയെങ്കിലും ഒരു സ്ഥലത്ത് ഏതെങ്കിലുമൊരു പദം ഈ നിലയിൽ ഉപയോഗിക്കുന്നത് കാണിച്ചുതരുവാൻ കഴിയുമോ? എന്ന് മൗദൂദി അനുകർത്താക്കളെ ഞാൻ ചെല്ലുവിളിക്കുന്നു. 'കരികൊണ്ടുവാ' എന്നുപറഞ്ഞാൽ പല്ലുതേക്കുന്ന കരിയും, നിലംപുട്ടുന്ന കരിയും, തീകത്തിക്കുന്ന കരിയും എല്ലാം കൊണ്ടുവരണമെന്ന് ബുദ്ധിയുള്ളവർ ആരെങ്കിലും പറയുമോ? മൗദൂദിസാഹിബിന്റെ ഈ പുതിയ കണ്ടുപിടുത്തം ഇസ്‌ലാംദീനിന്റെ അടിസ്ഥാനം മാറ്റിക്കളയുന്ന കേന്ദ്രബിന്ദുവാകുന്നു. 'പ്രവാചകൻ പഠിപ്പിച്ചതിൽ പിശാച് കൂട്ടിച്ചേർക്കും' എന്നു ഖുർആൻപറഞ്ഞതിൽ പെട്ടതുമാകുന്നു.

അടിമവൃത്തി ആർക്കുവേണ്ടി ചെയ്യപ്പെടുന്നുവോ ആ യജമാനനെ സംബന്ധിച്ച് 'മഅ്ബുദ്' എന്ന് പറഞ്ഞിട്ടില്ല. സയ്യിദ് എന്നും റബ്ബ് എന്നുമാണ് പറഞ്ഞത്. അടിമ യജമാനനോട് കാണിക്കുന്ന അടിമവൃത്തിക്ക് ഇബാദത്ത് എന്ന് മൗദൂദിസാഹിബ് പറയുന്നു. അറബികൾ അങ്ങിനെ പറഞ്ഞിട്ടില്ല ഉബൂദിയ്യത്ത് എന്നേ പറഞ്ഞിട്ടുള്ളൂ ഉബുദിയ്യത്തിന് അടിമവേല എന്നർത്ഥം. ഉബൂദിയ്യത്തിന്റെ ഫിഅ്ൽ അബുദയാണ്. അടിമയായി എന്നാണതിന്റെ അർത്ഥം. ഇബാദത്തിന്റെ ഫിഅ്ൽ 'അബദ' അതിന്റെ അർത്ഥം ആരാധിച്ചുവെന്നുമാണ്. എന്നാൽ 'അബദ'യുടെ മസ്ദറായും ഉബൂദിയ്യത്ത് വന്നിട്ടുണ്ട്. അപ്പോൾ ഉബുദിയ്യത്തിന് ആരാധനയെന്നും അടിമത്വമെന്നും രണ്ടർത്ഥം പറയാം. ഇബാദത്തിന് അരാധനയെന്നു മാത്രമേ പറയാൻ പറ്റുകയുള്ളു. ഇതാണ് അറബി അറിയുന്ന പണ്ഡിതന്മാർ പറഞ്ഞത്. 'അബദ'യുടെ മസ്ദറായി 'ഇബാദത്ത്' എന്നും 'ഉബൂദിയ്യത്ത്' എന്നും കണ്ടപ്പോൾ 'ഉബൂദിയ്യത്തി'ന്റെ അടിമവേല എന്ന അർത്ഥം 'ഇബാദത്തി'ന് കണക്ക്കൂട്ടുകയാണ് മൗദൂദികൾ ചെയ്തത്. ഇതാണ് പിഴവിന്റെ മർമ്മം. വാസ്തവത്തിൽ 'ഇബാദത്തി'ന്റെ ആരാധനയെന്ന അർത്ഥം 'ഉബൂദിയ്യത്തി'നും കണക്ക് കൂട്ടുകയാണ് ഇവിടെ വേണ്ടത്. അതായത് 'ഉബൂദിയ്യത്തി'ന് അടിമവേലയെന്നും ആരാധനയെന്നും അർത്ഥം പറയാം; 'ഇബാദത്തി'ന് ആരാധനയെന്ന് മാത്രവും അർത്ഥം പറയുക മൗദൂദികൾക്ക് വിഷയം തലകീഴായിപ്പോയി. 'ഇബാദത്ത്' 'അബ്ദി'ൽനിന്നുത്ഭവിച്ചതാ

ണെന്ന് മൗദൂദിസാഹിബ് പറഞ്ഞത് അറബിഭാഷയിലുള്ള അജ്ഞതനിമിത്ത മാണ്. മറ്റു പദങ്ങളുടെ ഉത്ഭവത്തിന് അടിസ്ഥാനമായ മൂലപദമല്ല 'അബ്ദ്' അടിമയായി എന്നർത്ഥമുള്ള 'അബുദ' എന്ന ഫിഅ്‌ലിൽനിന്നുള്ള സ്വിഫത്ത് മുശബ്ബഹയാണ് 'അബ്ദ്'.

## ദുർവ്യാഖ്യാനത്തിന്റെ അപകടം

മൗദൂദിസാഹിബും, സി.എൻ. അഹ്മദ് മൗലവിയും പറയുംപ്രകാരം നിന്നെമാത്രമേ ഞങ്ങൾ അനുസരിക്കുകയുള്ളു എന്ന് ഈ വചനത്തിന് അർത്ഥമുണ്ടായിരുന്നെങ്കിൽ അബോധാവസ്ഥയിലല്ലാതെ ബോധപൂർവ്വം, മന സ്സറിഞ്ഞുകൊണ്ട് ഈ ആയത്തോതുവാൻ ആർക്കും സാദ്ധ്യമാകുകയില്ല. അല്ലാഹുവിനുപുറമേ മറ്റു പലരേയും അനുസരിക്കുന്നവനായിട്ടല്ലാതെ ഒരു മനുഷ്യനെയും കാണുകയില്ല. നിരുപാധികമായും അനുസരിക്കുന്നുണ്ട്. പ്രവാ ചകനെ നിരുപാധികം അനുസരിക്കണമെന്നുള്ളത് നിർബ്ബന്ധവുമാണ്.

മൗദൂദിസാഹിബ് പറയുംപ്രകാരം നിനക്ക് മാത്രമേ ഞങ്ങൾ അടിമ വേല ചെയ്യുകയുള്ളുവെന്ന് ഈ വാക്കിന് അർത്ഥമുണ്ടായരുന്നെങ്കിൽ അടിമക ളായ സഹാബികൾക്കും മറ്റു അടിമകളായ മുഅ്മിനുകൾക്കും ഈ ആയത്തോ താൻ നിവൃത്തിയില്ലെന്നും ഓതിയത് കേവലം വ്യാജമായിട്ടാണെന്നും വരും.

എന്നു മാത്രമല്ല, അടിമവേല എന്നുവെച്ചാൽ എന്ത്? യജമാനന്റെ വസ്ത്രം അലക്കികൊടുക്കുക, വീടും പരിസരവും വൃത്തിയാക്കുക, കുളിക്കാൻ വെള്ളവും അതുപോലെ ഭക്ഷണവും കിടക്ക, തലയിണ മുതലായതും തയ്യാറാ ക്കി കൊടുക്കുക, ഇതൊക്കെയാണ് അടിമവേല. അതിപരിശുദ്ധനായ അല്ലാഹു വിനെ സംബന്ധിച്ചിടത്തോളം ഈ പദം ഉപയോഗിക്കാൻതന്നെ പാടില്ല. ഇത്ര ചീത്തയായ വിവരക്കേട് ഈ ബുദ്ധിയുള്ളവരിൽനിന്ന് വന്നത് അത്ഭുതമാകുന്നു. അതിനേക്കാൾ ഗൗരവുമുള്ള മറ്റൊരു സംഗതി: അടിമവൃത്തിയെന്നു പറയുമ്പോൾ യജമാനന് അതിന്റെ ആവശ്യമുണ്ടെന്ന് വരുന്നുണ്ട്. പടച്ചതമ്പുരാന് അതിന്റെ ആവശ്യമില്ലല്ലോ. ആരാധനയെന്ന് പറയുമ്പോൾ ഈ കുഴപ്പമില്ല.

## ദിവ്യസഹായത്തിന്റെ ആവശ്യകത

ഇവരെല്ലാംകൂടി اياك نعبد എന്ന വചനംകൊണ്ട് എന്തൊക്കെയാണീ കാട്ടിക്കൂട്ടിയത് اياك نعبد എന്ന വാചകം ഗുരുതരമായ വിഷയങ്ങൾ ഉൾക്കൊ ള്ളുന്ന മഹത്തായ പ്രതിജ്ഞയാണ്. ശർക്കിന്റെ ലാഞ്ചനയില്ലാതെ തൗഹീ ദിന്റെ ശരിയായ അടിസ്ഥാനത്തിൽ ജീവിതം നയിക്കാൻ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കാത്തപക്ഷം സാദ്ധ്യമല്ല. മനുഷ്യന്റെ ശത്രുവായ ഇബ്ലീസ് ഈ വിഷയത്തിൽ മനുഷ്യനെ പിഴപ്പിക്കാൻ ശ്രമിക്കുന്നതു പോലെ മറ്റൊരു വിഷയത്തിലും ശ്രമിക്കുന്നില്ല. ഇബ്റാഹീംനബി

عليه السلام പ്രാർത്ഥിച്ചതായി പരിശുദ്ധഖുർആനിൽ എടുത്തുപറയുന്നു:

وَاجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الْأَصْنَامَ (ابراهيم)

"എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റേണമേ രക്ഷിതാവേ!" (ഇബ്രഹീം:35) പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി ﷺ ശിർക്കിന്റെ കാര്യം ചെയ്തു പോകുന്നതിൽനിന്ന് രക്ഷപ്പെടുത്തുവാൻ നിത്യേന അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നിട്ടുണ്ട്. അല്ലാഹുവിനെമാത്രം ആരാധിക്കുന്ന യഥാർത്ഥ മുവഹ്ഹിദായി ജീവിക്കുമെന്ന് ഏറ്റുപറയാൻ സ്വയം സാധിക്കാത്ത സ്ഥിതിക്ക് അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ഒരു സമൂഹത്തെ ഉണ്ടാക്കുവാൻ എങ്ങിനെ ഏറ്റുപറയും? ഞങ്ങൾ ആരാധിക്കുന്നു എന്ന് ബഹുവചനമാക്കി പറഞ്ഞത് അതുകൊണ്ടാണല്ലോ. അപ്പോൾ മനസ്സറിഞ്ഞു നമസ്കരിക്കുകയും ബോധപൂർവ്വം ഫാത്തിഹ ഓതുകയും ചെയ്യുന്നവന്റെ മനസ്സിൽ ഈ വാചകം ഓതുമ്പോൾ എന്തെന്നില്ലാത്ത വിഷമവും വിനയവും അന്ധാളിപ്പും ജനിക്കുക സ്വാഭാവികമാണ്. അതിനാൽ അപേക്ഷ സമർപ്പിക്കുവാനുള്ള വാചകം ഔദാര്യപൂർവ്വം അവൻ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

وَإِيَّاكَ نَسْتَعِينُ "നിന്നോട് മാത്രം ഞങ്ങൾ സഹായംതേടുകയും ചെയ്യുന്നു" എന്ന്. അതായത് മഹാകാരുണികനായ അല്ലാഹുവേ, ലോകത്തുള്ള എല്ലാ ദൈവങ്ങളെയും കയ്യൊഴിച്ച് നിന്നെമാത്രം ആരാധിക്കുന്ന മുവഹ്ഹിദുകളായി ജീവിക്കുന്നതിനും അങ്ങനെയുള്ള ഒരു സമൂഹത്തെ ഉണ്ടാക്കുന്നതിനും നിന്റെ സഹായം ലഭിച്ചാലല്ലാതെ സദ്ധ്യമല്ല. നീ ഞങ്ങളെ സഹായിക്കേണമേ! ഈ കാര്യത്തിൽ ഞങ്ങളെ സഹായിക്കാൻ വേറെ ആരുമില്ല. നീ മാത്രമേയുള്ളൂ. ഇതാണ് ഈ വചനത്തിന്റെ സാരം.

## സൃഷ്ടിയുടെ കഴിവും
## സ്രഷ്ടാവിന്റെ കഴിവും

ഇവിടെ പലരും വലിയൊരു ചിന്താക്കുഴപ്പത്തിൽ പെട്ടിരിക്കുന്നു. ഈ സഹായാഭ്യർത്ഥന വളരെ വിപുലവും വ്യാപകവുമായ നിലയിൽ മനസ്സിലാക്കുകയും ദാഹം തീർക്കാൻ വെള്ളമോ, വിശപ്പടക്കാൻ ഭക്ഷണമോ, നാണം മറക്കാൻ വസ്ത്രമോ, മനുഷ്യനോട് ആവശ്യപ്പെടുന്നത്പോലും ഈ വചനത്തിന് എതിരാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്തിരിക്കുന്നു. വാസ്തവത്തിൽ ഈ ധാരണ അടിസ്ഥാനരഹിതമാ

കുന്നു. എന്തുകൊണ്ടെന്നാൽ മുൻവചനത്തിലെ വിഷയവുമായി ബന്ധപ്പെട്ട നിലയിലാണ് ഈ വചനം മനസ്സിലാക്കേണ്ടത്. മനുഷ്യൻ പരസ്പരം സഹായിക്കാൻ ശക്തരും ബാദ്ധ്യസ്ഥരുമായിട്ടുള്ള വിഷയങ്ങളിൽ പരസ്പരം സഹായം അഭ്യാർത്ഥിക്കുന്നത് ഈ വചനത്തിന് എതിരല്ല.

അപ്പോൾ ഇവിടെ സുന്നികൾക്ക് ഒരു തർക്കമുണ്ട്. " മനുഷ്യരുടെ കഴിവിൽപ്പെട്ട കാര്യങ്ങൾ, കഴിവിൽപെടാത്ത കാര്യങ്ങൾ. ഇങ്ങനെ രണ്ടുവക ഉണ്ടെന്ന് പറയുന്ന് ശരിയല്ല. യഥാർത്ഥത്തിൽ സൃഷ്ടികൾക്ക് യാതൊരു കഴിവുമില്ല. എല്ലാ കഴിവും അല്ലാഹുവിന് മാത്രമാകുന്നു. ചില കാര്യങ്ങളിൽ സൃഷ്ടികൾക്ക് കഴിവുണ്ടെന്ന് മുഅ്തസിലാ വിഭാഗം മാത്രമേ പറയുന്നുള്ളു. അതിനാൽ മുജാഹിദുകൾ മുഅ്തസിലഃയുടെ വാദം സ്വീകരിച്ചവരാണ്. ഇതാണവരുടെ തർക്കം.

മുസ്ല്യക്കളുടെ ഈ വാദം ശരിയല്ല. ചില കാര്യങ്ങളിൽ മനുഷ്യർക്ക് കഴിവുണ്ടെന്ന് വിശുദ്ധഖുർആനും ഹദീസും തെളിയിക്കുന്നു. അനുഭവം അത് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. മുഅ്തസിലുകൾ പിഴച്ചവരാണെന്നുവെച്ചിട്ട് മേൽപ്രകാരമുള്ള ഒരു കാര്യം അവർ അംഗീകരിച്ചാൽ അവരോടുള്ള വെറുപ്പ്കൊണ്ട് ആ വിഷയം നമുക്ക് തള്ളാൻ കഴിയുമോ? ആളെ നോക്കി സ്വീകരിക്കലും ആളെ നോക്കി തിരസ്കരിക്കലും രണ്ടും തെറ്റാകുന്നു.

لاَيُكَلِّفُ اللّٰهُ نَفْسًا إلاَّ وُسْعَهَا (البقرة) —

അല്ലാഹു യാതൊരാളോടും അയാളുടെ കഴിവിൽപെട്ടതല്ലാതെ അനുശാസിക്കുകയില്ല.. (അൽബഖറഃ 286) എന്ന് വിശുദ്ധഖുർആൻ പറയുന്നു. കഴിവിൽപെട്ടതും പെടാത്തതുമുണ്ടെന്ന് ഈ വചനം തെളിയിക്കുന്നു. നബി ﷺ തങ്ങൾക്ക് കൂടുതൽ ഭാര്യമാരുണ്ടായിരുന്നുവല്ലോ. അവരുടെയിടയിൽ നബി ﷺ ശരിയായ സമത്വംപാലിച്ചിരുന്നു. ഉടുക്കാനും ഉണ്ണാനും കൊടുക്കുന്നതിൽ യാതൊരു വ്യത്യാസവുംചെയ്തില്ല. എന്നാൽ മനസ്സിന്റെ ചായ്വ് എല്ലാവരോടും തുല്യനിലയിലാക്കാൻ സാധിച്ചില്ല. അതിനെസംബന്ധിച്ച് നബി ﷺക്ക് മനപ്രയാസമുണ്ടായി. നബി ﷺ പ്രാർത്ഥിച്ചു: "അല്ലാഹുവേ, എന്റെ കഴിവിൽപെട്ട കാര്യങ്ങളിൽ ഞാൻ സമത്വം പാലിക്കുന്നുണ്ട്. കഴിവിൽപെടാത്ത വിഷയങ്ങളിൽ എന്നെ കുറ്റപ്പെടുത്തരുതേ എന്ന്. അപ്പോൾ ചില കാര്യങ്ങൾ ഞാൻ സമത്വംപാലിക്കുന്നുണ്ട്. കഴിവിൽ പെടാത്ത വിഷയങ്ങളിൽ എന്നെ കുറ്റപ്പെടുത്തരുതേ എന്ന്. അപ്പോൾ ചിലകാര്യങ്ങൾക്ക് കഴിവുണ്ട് .ചിലതിന് കഴിവില്ല എന്നു വന്നു. അത് രണ്ടും ഏതെല്ലാമാണെന്ന് ഗ്രഹിക്കാൻ ഒരു പ്രയാസവുമില്ല. നമ്മുടെ സുന്നീ മുസ്ല്യാക്കൾ സൃഷ്ടികൾക്ക് യാതൊരു കഴിവുമില്ലെന്ന് വാദിക്കു

കയും എല്ലാ കാര്യത്തിനും മുഹ്‌യിദ്ദീൻ ശൈഖ് മുതലായ സൃഷ്ടികളെ വിളിച്ച് തേടുകയും ചെയ്യുന്നത് വളരെ വിചിത്രമായിരിക്കുന്നു.

മൗദൂദികൾ ഇവിടെ അപകടംപിടിച്ച ഒരു ചിന്താക്കുഴപ്പം ഇളക്കി വിട്ടിട്ടുണ്ട് إِيَّاكَ نَسْتَعِين എന്നതിന്ന് നിന്നെ മാത്രം ഞങ്ങൾ അനുസരിക്കുന്നു എന്ന് അവർ അർത്ഥം പറഞ്ഞപ്പോൾ അല്ലാഹു അല്ലാത്തവരെ അനുസരിച്ചവൻ കാഫിറാണെന്നു വരുമല്ലോ എന്നൊരു ചോദ്യം സ്വഭാവികമായും ഉയർന്നുവന്നു ഇതിന് മറുപടിയായി ഒരു ചോദ്യം ഉന്നയിക്കുകയാണ് അവർ ചെയ്തത് وإياك نستعين എന്നതിന്റെ അർത്ഥം നിന്നോട്മാത്രം ഞങ്ങൾ സഹായം തേടുന്നു എന്നാണല്ലോ നമ്മളാകട്ടെ അല്ലാഹുഅല്ലാത്തവരോട് സഹായം തേടാറുമുണ്ടല്ലോ. അതുപോലെത്തന്നെയാണ് ഇവിടെ മനസ്സിലാക്കണ്ടത്. അല്ലാഹുവിനോട് മാത്രമേ സഹായം തേടുകയുള്ളു എന്ന് പറഞ്ഞിട്ട് മറ്റുള്ളവരോട് ഉടുക്കാനോ, ഉണ്ണാനോസഹായം തേടിയാൽ അപകടമില്ല എന്നതുപോലെതന്നെ إِيَّاكَ نَسْتَعِين എന്നതിന്ന് വിപരീതം ചെയ്താലും അപകടമില്ല എന്ന് സമർത്ഥിക്കുകയാണ്. അവർ ചെയ്തിരിക്കുന്നത് വിപൽക്കരമായ ഒരു വീക്ഷണമാണിത് അറബിക് കോളേജ് പ്രിൻസിപ്പാളായിട്ടുള്ള വിശ്രുതനായ ഒരു പണ്ഡിതൻപോലും എന്നോടിപ്രകാരം വാദിച്ചു. വ്യക്തിത്വത്തിന് വില കൽപിക്കാത്തതുകൊണ്ട് അയാളുടെ പേര് പറയുന്നില്ല. വിഷയമാണ് പ്രധാനം ഇബാദത്തിന് അനുസരണം എന്ന് അർത്ഥം പറഞ്ഞത് ന്യായീകരിക്കാനുള്ള അന്ധമായ ബദ്ധപ്പാടിൽ എന്തെല്ലാം അപകടങ്ങളിലാണ് ചെന്നുചാടുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം നേരത്തെവിശദീകരിച്ച വിധം മനസ്സിലാക്കുകയാണെങ്കിൽ ഈ കുഴപ്പങ്ങൾക്കൊന്നുംകാരണമില്ല. അതായത് നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു; എന്ന് പറഞ്ഞതിൽ ഉൾപ്പെടുന്ന വിഷയങ്ങൾ എന്തൊക്കെയാണോ അതിലേക്കാണ് സഹായം തേടുന്നത്.

കേരള മുസ്‌ലിം സമുദായോത്തേജകനായ വക്കം മുഹമ്മദ് അബ്ദുൽഖാദിർമൗലവി رحمه الله അവർകൾ പ്രസ്തുത വചനത്തിന്റെ വിശദീകരണമായി എഴുതിയത് ഉദ്ധരിക്കാൻ ഉദേശിക്കുന്നു, കാരണം ഇബാദത്തിന് കൊടുത്ത വിശദീകരണം എന്റെ സ്വയംകൃതമാണെന്ന് വലിയ പ്രചാരവേല നടക്കുന്നു ജ: അബ്ദുൽമജീദ് മരക്കാർ പ്രസദ്ധീകരിച്ച 'പരിശുദ്ധഖർആനിലെ ദുആകൾ' എന്ന പുസ്തകം കാണുകയുണ്ടായി. വക്കം മൗലവി സൂറത്തുൽഫാത്തിഹക്ക് എഴുതിയ വിശദീകരണമാണ് ആദ്യമായി അതിൽ കൊടുത്തിരിക്കുന്നത്. സത്യത്തിനും നീതിക്കും വില കൽപിക്കുന്നവർ ഈ വിഷയത്തിന്റെ അവതാരകൻ ഞാനല്ല എന്നു സമ്മതിക്കാതിരിക്കുകയില്ല. മൗലവി സാഹിബ് പറയുന്നു:

" മൂലത്തിലെ 'നഅ്ബുദു' എന്ന ക്രിയാപദത്തിന്റെ അർത്ഥമാണ് ഞങ്ങൾ ആരാധിക്കുന്നു എന്ന് കൊടുത്തിട്ടുള്ളത്. നഅ്ബുദു എന്നതിന്റെ നാമരൂപം 'ഇബാദത്ത്' എന്നാകുന്നു. ഇബാദത്ത് എന്നാൽ ആത്യന്തികമായ വണക്കം, താഴ്മയുടെ അങ്ങേയറ്റം എന്നാണർത്ഥം. എന്നാൽ ലൗകീകങ്ങളായ കാരണങ്ങളാൽ ഒരാൾക്ക് ചെയ്യുന്ന താഴ്മ അല്ലെങ്കിൽ വണക്കം എത്രതന്നെ വലുതായിരുനാലും അതിന് ഇബാദത്ത് എന്ന പദം അറബികൾ അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ ഉപയോഗിക്കുകയില്ല .അദൃശ്യവും അജ്ഞേയവുമായ ഒരു ശക്തിയുടെ ഒരു ദിവ്യശക്തിയുടെ ബോധത്താൽ ഒരുവൻ ആ ശക്തിക്ക് ഇരിപ്പിടമായി വിശ്വസിക്കുന്ന ഒരു വസ്തുവിന് അല്ലെങ്കിൽ ഒരാൾക്ക് ചെയ്യുന്ന താഴ്മയത്രെ ഇബാദത്ത്. ഒരു മനുഷ്യന്റെ ഹൃദയത്തിൽ ഈ വിധത്തിലുണ്ടാകുന്ന താഴ്മ പോലെ വലുതായ ഒരു താഴ്മ മറ്റു യാതൊരു കാരണവശാലും ഉണ്ടാകുന്നതല്ല. അതാണ് ആത്യന്തികമായ താഴ്മയെന്ന് ഇബാദത്തിന് അർത്ഥം പറയപ്പെടുന്നത്. ആരാധന എന്ന വാക്ക് പല അർത്ഥത്തങ്ങളിലും ഉപയോഗിച്ചിട്ടുണ്ടെങ്കിലും അതിനെ ഈ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്.

ഒരു കാര്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ട പ്രവൃത്തിയിൽ ഒരാളുടെ ശക്തിയിലടങ്ങാത്ത ഭാഗത്തെ മറ്റൊരാൾ ചെയ്തുകൊടുക്കുന്നതത്രെ സഹായം. ഫാത്തിഹ മനുഷ്യരുടെ പ്രർത്ഥനക്കായി പഠിപ്പിച്ചിട്ടുള്ള ഒരു സുറ: ആകുന്നു. അതിൽ ദൈവം മനുഷ്യർക്ക് തന്നെക്കുറിച്ച് പഠിപ്പിച്ചുകൊടുക്കുന്ന സർവ്വലോകപരിപാലകൻ, പരമകാരുണികൻ, കരുണാനിധി, പ്രതിഫലം നൽകപ്പെടുന്നദിവസത്തിന്റെ അധിപൻ എന്നീ വിശേഷണങ്ങൾ കേൾക്കുമ്പോൾ അവർ അവനെ അഭിമുഖീകരിച്ച്, നീ തണെയാണ് ആരാധനക്കർഹൻ മറ്റാരും അതിന് അർഹരല്ല, അതിനാൽ നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു നീ തന്നെയാണ് സഹായിക്കുന്നവൻ ശക്തൻ മറ്റാരും അതിന് ശക്തരല്ല. അതിനാൽ നിന്നോടുമാത്രം ഞങ്ങൾ സഹായത്തെ അഭ്യർത്ഥിക്കുന്നു എന്നു പറയേണ്ടതാണ് ശുദ്ധപ്രകൃതിയോടുകുടിയവൻ അപ്രകാരം പറഞ്ഞുപോകുകയും ചെയ്യും.

ആരാധനയുടെ ഉത്ഭവസ്ഥാനം മനസ്സാണെങ്കിലും വാക്ക്രൂപമായും പ്രവൃത്തിരുപമായും അതിനെ പലരും പല പ്രകാരത്തിൽ പ്രകടിപ്പിക്കുന്നു പല മതങ്ങളിലും ആരാധന പല രൂപങ്ങളിലും നിശ്ചയിക്കപ്പെട്ടിരുന്നു. ഇസ്ലാംമതത്തിൽ വിധിക്കപ്പെട്ടിട്ടുള്ള സ്വലാത്ത് ,സക്കാത്ത്, സൗമ്, ഹജ്ജ് (നമസ്ക്കാരം, വാർഷികദാനം, വ്രതാനുഷ്ഠാനം, ഹജ്ജ്കർമ്മം) എന്നീകർമ്മങ്ങൾ മാത്രമേ ഇബാദത്താകുയുള്ളു എന്ന് മുസ്ലീംകളിൽ ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഇവ യഥാവിധി അനുഷ്ഠി

ച്ചാൽ മനുഷ്യരിൽ വിവിധങ്ങളായ പല വിശിഷ്ടഗുണങ്ങളെ ഉൽപാദിപ്പിക്കുന്നവയായും ആത്മശുദ്ധി വരുത്തുന്നവയായും - ദൈവം അംഗീകരിക്കുന്നവയായും ഇസ്ലാംമതം വിധിച്ചിട്ടുള്ള ഇബാദത്തകളെന്നല്ലാതെ മറ്റു വിധത്തിലുള്ള ആരാധനകൾ ഇബാദത്തല്ലന്നു വരുന്നതല്ല. അങ്ങനയാണങ്കിൽ വിഗ്രഹാരാധകർ അവരുടെ ദേവന്മാർക്കും വിഗ്രഹങ്ങൾക്കും ചെയ്യുന്ന പൂജകളൊന്നും ഇബാദത്തല്ലെന്ന് വരുമെന്നും. പ്രാചീനഅറബികൾ അവരുടെ ദേവന്മാരോട് ചെയ്തിരുന്ന പ്രാർത്ഥനകളെയും അവരുടെ പേരിൽ അവർ ചെയ്തിരുന്ന കർമ്മങ്ങളെയും ഖുർആൻ ഇബാദത്താണെന്നാണ് പറഞ്ഞിട്ടുള്ളതെന്നും അവ ഒന്നും ഇസ്ലാംമതത്തിലെ കർമ്മങ്ങളുടെ രൂപങ്ങളിലായിരുന്നില്ലെന്നും ഇവർ ഓർക്കേണ്ടതാണ്.

നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു എന്ന വാക്യം ദൈവത്തെയല്ലാതെ മറ്റാരേയും ആരാധിക്കരുതെന്ന്. അതായത് മറ്റു യാതൊരുത്തർക്കും ദിവ്യത്വമുള്ളതായി വിശ്വസിച്ച് അതിന്റെ ഫലമായി അവർക്ക് താഴ്മ ചെയ്യരുതെന്ന് നമ്മെ പഠിപ്പിക്കുന്നു. ദിവ്യത്വം ദൈവത്തിനു മാത്രമേയുള്ളൂ. അതിനാൽ അവൻ മാത്രമേ ആരാധനയെ അർഹിക്കുന്നുള്ളു. അന്യർക്ക് ദിവ്യത്വത്തെ സങ്കൽപിക്കുന്നതും അവരെ ആരാധിക്കുന്നതും അവരെ ദൈവത്തോട് സമപ്പെടുത്തലാകുന്നു.

"നിന്നോട് മാത്രം ഞങ്ങൾ സഹായം അർത്ഥിക്കുന്നു." എന്ന വാക്യം മനുഷ്യശക്തിക്ക് അപ്പുറത്തുള്ള കാര്യങ്ങളിൽ ദൈവത്തോടല്ലാതെ മറ്റാരോടും നാം സഹായത്തെ അഭ്യർത്ഥിക്കരുതെന്ന് പഠിപ്പിക്കുന്നു. മനുഷ്യശക്തിയിൽ അടങ്ങിയ ശക്തികളിൽ മനുഷ്യർ പരസ്പരം സഹായത്തെ അർത്ഥിക്കുന്നതിന് വിരോധമില്ല. സൽകർമ്മങ്ങളിൽ അന്യോന്യം സഹായിക്കുവാൻ ഖുർആൻതന്നെ ശാസിക്കുന്നു. (5:2) മനുഷ്യശക്തിക്കധീനങ്ങളല്ലാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ദൈവത്തോടല്ലാതെ മറ്റാരോടെങ്കിലും സഹായത്തെ അർത്ഥിക്കുന്നത് അവരെ ആരാധിക്കുന്നത് പോലെതന്നെ അവർക്ക് ദിവ്യത്വം ഉണ്ടെന്ന് വിശ്വസിക്കുന്നതിന്റെ ഫലമാകയാൽ അന്യരെ ആരാധിക്കുന്നവരെപോലെതന്നെ അവരോട് മനുഷ്യശക്തിക്ക് പുറമെയുള്ള വിഷയങ്ങളിൽ സഹായത്തെ അർത്ഥിക്കുന്നവരും അവരെ ദൈവത്തോട് സാദൃശ്യപ്പെടുത്തുകയാകുന്നു." (വക്കം മൗലവി)

ഇബാദത്ത്, ഇസ്തിആനത്ത് എന്നീ രണ്ടു വിഷയങ്ങളെ സംബന്ധിച്ച് ഞാൻ പറഞ്ഞത് എന്റെ സ്വന്തം വകയല്ല എന്നു കാണിക്കുവാൻവേണ്ടിയാണ് ഇത് ഞാൻ ഉദ്ധരിച്ചത്. കെ.എം. മൗലവി, പി.കെ. മൂസ

മൗലവി, എം.സി.സി. അബ്ദുൽറഹിമാൻമൗലവി എന്നിവർകൂടി തയ്യാറാക്കിയ ഖുർആൻ പരിഭാഷയിലും ഇതുതന്നെയാണ് വിവരിച്ചിട്ടുള്ളത്. ഇനി അടുത്ത വചനത്തിലേക്ക് നീങ്ങാം.

## اهْدِنَا الصِّرَاطَ الْمُسْتَقِيمَ
## (ഞങ്ങളെ നേർവഴിയിലാക്കേണമേ)

അതായത് നേർവഴിയെ സംബന്ധിച്ച് ഞങ്ങൾക്ക് ബോധം നൽകുകയും അതവലംബിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും, വ്യതിചലിക്കുവാനിടയുള്ള എല്ലാ സാഹചര്യക്കുളിൽ നിന്നും ഞങ്ങളെ തെറ്റിക്കാൻ നാനാവിധത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കഠിനശത്രുവായ പിശാചിന്റെ ബാധയിൽനിന്നും ഞങ്ങളെ കാക്കുകയും ചെയ്യേണമേ എന്നു സാരം

## കാണിക്കലും നയിക്കലും

നേർവഴി കാണിച്ചുതരേണമേ എന്ന് ഇവിടെ അർത്ഥം പറയാൻ പറ്റുകയില്ല. കാരണം കാണിച്ചുകൊടുക്കുക എന്ന കൃത്യം എല്ലാവരെസംബന്ധിച്ചും അല്ലാഹു ചെയ്തുകഴിഞ്ഞിട്ടുള്ളതാകുന്നു. അബൂജഹ്ൽ, അബൂലഹബ്, ഫിർഔൻ, നംറൂദ്, ആദ്ഗോത്രം, സമൂദ്ഗോത്രം മുതലായവർക്കുപോലും കാണിച്ചുകൊടുത്തു. എന്നാൽ കണ്ടിട്ട് കൈകൊള്ളാത്ത സ്വഭാവദോഷം മനുഷ്യനിലുണ്ട്.നാം ഓരോരുത്തരും ഒരു ആത്മപരിശോധന നടത്തിനോക്കുക. നമ്മുടെ അറിവിനും വിശ്വാസത്തിനും എതിരായി എന്തൊക്കെയാണ് നമ്മൾ ചെയ്തത് ? അങ്ങനെയുള്ള യാതൊന്നും ചെയ്യാതെ ഒരു ദിവസം കഴിഞ്ഞുപോയിട്ടുണ്ടോ.? അജ്ഞതനിമിത്തം കുറ്റം ചെയ്യുന്നതിനേക്കാൾ ഭയങ്കരമാണിതെന്നു പറയേണ്ടതില്ലല്ലോ. നമ്മളിൽ കാര്യമായുള്ള ദോഷവും പോരായ്മയുമാണത്. ഈ ദോഷം വരാതെ സൂക്ഷിക്കണേ എന്നാണ് ഇവിടെ തേടുന്നത്. അല്ലാഹുവിന്റെ അനുഗ്രഹംകൂടാതെ അത് സാധ്യമല്ല. നേർവഴി കാണിച്ചുതരേണമേ എന്ന് അർത്ഥംവെച്ചാൽ ഈ മഹത്തായ ആശയം വരികയില്ല. നേർവഴിയിൽ ആക്കിത്തരേണമേ എന്ന് അർത്ഥം പറഞ്ഞാലേ ഈ ആശയം വരികയുള്ളു.

മറ്റൊരു കാരണം: നേർവഴിയെസംബന്ധിച്ച് അടുത്ത വാചകത്തിൽ ഒരു വിശദീകരണം പറയുന്നുണ്ട്: അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച പ്രവാചകന്മാരുടെയും അനുയായികളുടെയും വഴി. അല്ലാഹുവിന്റെ കോപത്തിന് പാത്രമായ യാഹൂദികൾ മുതലായവരുടെയും, വഴിതെറ്റിപ്പോയ ക്രിസ്ത്യാനികളുടെയും വഴിയല്ല എന്ന്. കാണിച്ചുതരണേ എന്ന്

എന്ന് അർത്ഥമാക്കിയാൽ പ്രവാചകന്മാരുടെ വഴി കാണിച്ചുതരണേ, ക്രിസ്ത്യാനികളുടെയും യഹൂദികളുടെയും വഴികാണിച്ചുതരരുതേ എന്ന് സാരമായിത്തീരും. അപ്പോൾ യഹൂദികളെപ്പറ്റിയും ക്രിസ്ത്യാനികളെപ റ്റിയും ഖുർആനിൽ വന്നിട്ടുള്ള ഭാഗങ്ങളൊന്നും ഞങ്ങൾക്കറിയണ്ടാ എന്നും, ഖുർആനിൽ അതെല്ലാം വിവരിച്ചത് അനാവശ്യമയിപോയെന്നും വന്നുകൂടുന്നതാകുന്നു. ഇത് മഹാകുഴപ്പമാണെന്ന് പറയേണ്ടതില്ലല്ലോ. വാസ്തവത്തിൽ ഏറ്റവും ആവശ്യമായിട്ടുള്ളതെന്തെന്നാൽ, പ്രവാചകന്മാ രുടെ സന്മാർഗ്ഗവും നമ്മൾ അറിയണം; യഹൂദികളുടെയും ക്രിസ്ത്യാനി കളുടെയും ദുർമാർഗ്ഗങ്ങളും നമ്മൾ അറിയണം, എന്നിട്ട് പ്രാവാചകന്മാരു ടേത് മനപ്പൂർവ്വം നാം അവലംബിക്കുകയും മറ്റേത് മനഃപ്പൂർവ്വം വർജ്ജി ക്കുകയുംവേണം. അപ്പോൾ എല്ലാം അറിയാതെ ഒക്കുകയില്ല. എന്നു മാത്ര മല്ല, യഹൂദികളുടേയും, ക്രിസ്ത്യാനികളുടേയും, ജാഹിലിയ്യത്തിന്റെയും ദുർമാർഗ്ഗങ്ങൾ അറിഞ്ഞാൽ മാത്രമേ ഇസ്ലാമിനെ ശരിക്ക് മനസ്സിലാക്കി അനുഷ്ഠിക്കാൻ സാധ്യമാവുകയുള്ളു എന്ന് മതവിജ്ഞാനികളെല്ലാം സമ്മ തിച്ചിരിക്കുന്നു. ഇരുട്ട് കാണുമ്പോൾ മാത്രമേ വെളിച്ചത്തിന്റെ ഗുണം ബോധ്യപ്പെടുകയുള്ളു.

## രണ്ടു പേർ ഇവിടെയും

മേൽപറഞ്ഞ രണ്ടു വിഷയങ്ങളും വളരെ വ്യക്തമായിട്ടുള്ളതാണ്. ചില വലിയ ആളുകൾ ഇതൊന്നും ശ്രദ്ധിക്കാതെ വഴികാണിച്ചുതരണേ എന്ന് അർത്ഥം പറഞ്ഞത് വളരെ തെറ്റായിപ്പോയി. സി. എൻ. അഹ്മദ് മൗലവി ഈ വചനത്തിന് ഇപ്രകാരം അർത്ഥം എഴുതിയിരിക്കുന്നു: "നീ ഞങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചു തരേണമേ . വിശദീകരണത്തിൽ കാണിച്ചുതരിക, അറിവ് നൽകുക, എന്നതിലപ്പുറം യാതൊന്നും പറഞ്ഞി ട്ടുമില്ല. ഇങ്ങിനെ അർത്ഥം വെച്ചാൽ വരുന്ന കുഴപ്പങ്ങളെപ്പറ്റി അദ്ദേഹം ചിന്തിച്ചില്ല എന്നു മാത്രമല്ല നമുക്ക് വിഷയം മനസ്സിലാകാത്ത കുറവേ യുള്ളു, മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ ശരിക്ക് വേണ്ടതുപോലെ ചെയ്തുകൊള്ളും എന്നുള്ളതാണ് അദ്ദേഹത്തിന്റെ നില. തന്റെ കഴിവു കേടിനെ സംബന്ധിച്ച് ബോധവാനായിട്ടുള്ളവൻ മാത്രമേ കഴിവ് നൽകു വാനായി പ്രാർത്ഥിക്കുകയുള്ളു!

അബുൽ അഅ്ലാ മൗദൂദിസാഹിബിന്റെ പരിഭാഷയിൽ ഈ വച നത്തിന് ഇപ്രകാരം അർത്ഥമെഴുതിയിരിക്കുന്നു. "ഞങ്ങൾക്ക് നേരായ മാർഗ്ഗം കാണിച്ചുതരേണമേ". അനന്തരം വിശദീകരണത്തിൽ പറയുന്നു: "അതായത് ജീവിതത്തിന്റെ നാനാതുറകളിൽ ആദർശകർമ്മചര്യകളുടെ ശരിയായ മാർഗ്ഗം ഞങ്ങൾക്ക് കാണിച്ചുതരേണമേ. അബദ്ധ വീക്ഷണ ത്തിന്റെയും അപഥ സഞ്ചാരത്തിന്റെയും ദുരന്തഫലങ്ങളുടെയും അപക

ടത്തിൽ നിന്ന് സുരക്ഷിതമായ മാർഗ്ഗം - ആ സന്മാർഗ്ഗം ഞങ്ങൾക്ക് കാണിച്ചുതരേണമേ. വിശുദ്ധ ഖുർആൻ പാരായണം ആരംഭിച്ചു കൊണ്ട് മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുന്ന അപേക്ഷയത്രെ ഇത്. അവൻ പ്രർത്ഥിക്കുന്നു: "നാഥാ ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകിയാലും! ഊഹാധിഷ്ഠിതമായ തത്വശാസ്ത്രങ്ങളുടെ ഊരാക്കുടുക്കിനിടയിൽ യാഥാർത്ഥ്യമെന്തെന്ന് ഞങ്ങൾക്ക് കാണിച്ചുതന്നാലും! ഭിന്നവിരുദ്ധങ്ങളായ ധാർമ്മികസിദ്ധാന്തങ്ങൾക്ക് മദ്ധ്യേ ശരിയായ ധാർമ്മിക വ്യവസ്ഥ ഏതെന്ന് ഞങ്ങൾക്ക് നിർദ്ദേശിച്ചുതന്നാലും! ജീവിതത്തിന്റെ ഇടവഴികൾക്കിടയിൽ ചിന്താകർമ്മങ്ങളുടെ ഋജുവും വ്യക്തവുമായ രാജപാത ഏതെന്ന് ഞങ്ങൾക്ക് ചുണ്ടിക്കാണിച്ചുതന്നാലും."

നോക്കുക ! മൗദൂദിസാഹിബിന്റെ വഥാസ്ഥൂലമായ വിവരണം! കാണിക്കുക, നിർദ്ദേശിക്കുക. ചൂണ്ടിക്കാണിക്കുക എന്നോക്കെ ആവർത്തിച്ചു പറഞ്ഞു. അനുഗ്രഹിക്കുക എന്ന വിഷയം പറയാൻ എന്തു രോഗമാണ് പിടിപെട്ടിരക്കുന്നത്? അല്ലാഹുവിന്റെ അനുഗ്രഹം എന്നവിഷയത്തിൽ ഇവരൊന്നും വിശ്വസിക്കുന്നില്ലെന്നു തോന്നുന്നു.

## നയിക്കാൻ തേടുന്നതെന്തിന് ?

നേർവഴിയിലാക്കിത്തരുവാൻ, അഥവാ നേർമാർഗ്ഗം അവലംബിച്ചുകൊണ്ട് ജീവിക്കുന്നതിന് അനുഗ്രഹിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടി വന്നതെന്തുകൊണ്ടെന്നാൽ: അല്ലാഹു അനുഗ്രഹിച്ചങ്കിലല്ലാതെ യാതൊന്നും നടക്കുകയില്ല നമ്മുടെ സാമർത്ഥ്യംകൊണ്ട് മാത്രം കാര്യമൊന്നും ശരിപ്പെടുകയില്ല. ഒരു ശ്വാസം ഉള്ളിലേക്ക് വലിക്കുകയോ പുറത്തേക്ക് വിടുകയോ ചെയ്യാൻ പോലും അല്ലാഹു സഹായിച്ചെങ്കിലല്ലാതെ നമുക്ക് സാധ്യമല്ല. അതിനുപുറമെ അജ്ഞതയും ആലോചനപ്പിഴയും സമൂഹത്തിന്റെ സമ്മർദ്ദം സർവ്വോപരി പിശാചിന്റെ പ്രേരണയും നിമിത്തം മനുഷ്യൻ പല അപകടങ്ങളും ചെയ്യും അവിടെയൊക്കെ അല്ലാഹുവിന്റെ കാവലും സാഹായവുംകൊണ്ട് മാത്രമേ രക്ഷയുള്ളു. നോക്കുക! പ്രവാചകശ്രേഷ്ഠനായ ഇബ്രഹീം നബി عليه السلام വിഗ്രഹങ്ങൾക്ക് നേരെപ്രയോഗിച്ച ആക്രമണം അതുല്യമാണ് അദ്ദേഹം പ്രാർത്ഥിക്കുന്നു: "അല്ലാഹുവേ എന്നെയും എന്റെമക്കളെയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽന്ന് അകറ്റേണമേ". ശ്രദ്ധിക്കുക ! മക്കളുടെ കാര്യത്തിൽ പ്രാർഥിക്കാനൊരുങ്ങിയപ്പോൾ തന്റെ കാര്യവും കുടി അക്കൂട്ടത്തിൽ വെറുതെ പറഞ്ഞതാണെന്ന് ആരും ധരിക്കേണ്ട. അതിനീചമായ ആ ദുഷ്കർമ്മം താനൊരിക്കലും ചെയ്യുകയില്ലെന്ന് ഉറപ്പിക്കാൻ (താൻ വിഗ്രഹസംഹാരകൻതന്നെയെങ്കിലും) ആദ്ദേഹത്തിന് കഴിയുന്നി

ല്ല. അതിനാൽ ആദ്യമായി തനിക്ക് വേണ്ടി തന്നെ പ്രാർത്ഥിച്ചുവെന്നുള്ള താണ് സത്യം. മുഹമ്മദ് നബി ﷺ ശിർക്കിൽ നിന്നും പാപാകർമ്മങ്ങ ളിൽനിന്നും ദുസ്വഭാവങ്ങളിൽനിന്നും കാത്തുസൂക്ഷിക്കുവാനായി അല്ലാ ഹുവിനോട് പ്രർഥിക്കുക പതിവായിരുന്നു. താങ്കൾ ഞങ്ങളെ പരിഹസി ക്കുകയാണോ ? എന്ന് ഇസ്രാഈല്യർ മൂസാനബിയോട് ചോദിച്ചപ്പോൾ ഞാൻ മൂഢന്മാരിൽ പെട്ടുപോകുന്നതിൽ നിന്ന് അല്ലാഹുവിനോട് ശരണം തേടുന്നു എന്നാണ് മറുപടി പറഞ്ഞത്. ഞാൻ ഒരിക്കലും അങ്ങനെ ചെയ്യു കയില്ല എന്നു പറഞ്ഞില്ല. മേൽചെയ്യുവാനുദ്ദേശിക്കുന്ന കാര്യത്തെപ്പറ്റി പറയുമ്പോൾ ഇൻശാഅല്ലാഹ് (അല്ലാഹു ഉദ്ദേശിച്ചാൽ ) എന്നു പറയണ മല്ലോ . അല്ലാഹുവിന്റെ സഹായം തേടലാണ് അതുകൊണ്ട് ഉദ്ദേശിക്കു ന്നത്. ബാങ്ക് വിളിക്കുവാൻ ഹയ്യ അലസ്സ്വലാത്ത് എന്നു വിളിക്കുമ്പോൾ 'ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്' എന്ന് ചൊല്ലാൻ കൽപ്പിച്ച തിന്റെ കാരണമെന്തെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മറ്റു വാചകങ്ങൾ അതേപടി ശ്രോതക്കൾ അവർത്തിക്കുകയാണല്ലോ ചെയ്യുന്നത്. ഇവിടെ ഈ വ്യത്യാസത്തിന് കാരണമെന്ത് ? നമസ്കാരത്തിന് വരുവിൻ എന്നാണ് 'ഹയ്യഅല സ്സ്വലാത്ത്' എന്നതിന്റെ അർത്ഥം. വീടുകളിൽനിന്നും കടക ളിൽനിന്നും മറ്റു എല്ലാവരും ജമാഅത്തായി നമസ്ക്കരിക്കാൻ പള്ളിയിൽ ഒരുമിച്ചുകൂടണം എന്നുള്ളതാണ് ഉദ്ദേശം. 'ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹ്' എന്നതിന്റെ സാരം: 'അല്ലാഹുവിന്റെ സാഹായത്തോടു കൂടിയല്ലാതെ യാതൊരു ചലനവുമില്ല, യാതൊരു കഴിവുമില്ല' എന്നാകുന്നു അതായത് ജാമാഅത്തായി നമസ്കാരത്തിൽ പങ്കെടുക്കുവാൻ പള്ളിയി ലേക്ക് പോകുവാൻ ഞാൻ അഗ്രഹിക്കുന്നു . അതെനിക്ക് വളരെ ആവ ശ്യമാണ്. അല്ലാഹുവിന്റെ സഹായം ഞാൻ തേടുന്നു. അല്ലാഹു സഹായിച്ചെങ്കിലല്ലാതെ എനിക്ക് യാതൊരു കഴിവുമില്ല എന്നർത്ഥം. നമസ്ക്കാരത്തിന് വരുവിൻ എന്ന് വിളിക്കുമ്പോൾ ഞാൻ ഇതാവരുന്നു എന്ന് മറുപടിപറയാൻ അവകാശമില്ല. മേൽപറഞ്ഞ മറുപടിതന്നെ പറ യണം. ഇതിന്റെയെല്ലാം കാരണമെന്തെന്ന് ഒരുസത്യവിശ്വാസിക്ക് വേഗം മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെയാണ് നേർവഴിയിലാക്കി ത്തരുവാനുള്ള പ്രാർത്ഥന ഏറ്റവും കുറഞ്ഞത് പതിനേഴ് പ്രാവശ്യം നിർബ്ബന്ധമായി ആവർത്തിക്കണമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നത്.

'ഇഹ്ദിനാ' എന്നതിന് 'ഞങ്ങളെ നേർവഴിയിൽ ആക്കേണമേ' എന്ന് അർത്ഥം എഴുതിയശേഷം വക്കം മൗലവി رحمه الله അവർകൾ വിശദീകരണത്തിൽ ഇപ്രകാരം പറയുന്നു:

"വഴിയിൽ ആക്കേണമേ" എന്ന് ഇവിടെ അർത്ഥം കൊടുത്തിട്ടു

ളളത് മുലത്തിലെ 'ഇഹ്ദി ' എന്ന ക്രിയയുടെ നാമരൂപം ' ഹിദായത്ത് ' എന്നാകുന്നു ഈ ' ഹിദായത്ത് ' എന്ന് പറഞ്ഞാൽ വഴികാണിച്ച് കൊടുക്കുക, വഴിയിൽ ആക്കുക എന്നീ രണ്ടർത്ഥങ്ങളിലും ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്.

"സമൂദ് ഗോത്രക്കാരകട്ടെ അവർക്ക് നാം വഴി കാണിച്ചുകൊടുത്തു. എന്നിട്ട് അവർ മാർഗ്ഗദർശനത്തേക്കാൾ അന്ധതയെ ഇഷ്ടപ്പെട്ടു" (ഫുസ്സിലത് 4-17)

"മനുഷ്യന്ന് നാം രണ്ടു മാർഗ്ഗങ്ങളും (നന്മയുടെയും തിന്മയുടെയും) കാണിച്ചുകൊടുത്തു " (ബലദ്:10)

"നിശ്ചയമായും നാം മനുഷ്യന് വഴികാണിച്ചുകൊടുത്തു അവൻ കൃതജ്ഞനായിരിക്കുകയോ, കൃതഘ്നനായിരിക്കുകയോചെയ്യുന്ന രണ്ടവസ്ഥയിലും" (ഇൻസാൻ 3) ഈ വാക്യങ്ങൾ ഒന്നാമത് പറഞ്ഞ പ്രയോഗത്തിന്നും "അവരാകുന്നു അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളവർ അവരുടെ മാർഗ്ഗം പിന്തുടരുക" (അൻആം : 90)

"നിശ്ചിയമായും നീ ഇഷ്ടപ്പെട്ടവരെ നേർവഴിയിലാക്കാൻ നിനക്ക് കഴിയില്ല എന്നാൽ അല്ലാഹുവാണ് അവൻ ഇച്ഛിക്കുന്നവരെ നേർവഴിയിലാക്കുന്നത് " (ഖസ്വസ്വ് : 56) ഈവാക്യങ്ങൾ രണ്ടാമത് പറഞ്ഞപ്രയോഗത്തിനും ഉദാഹരണങ്ങൾ ആകുന്നു. അദ്യത്തെ മൂന്ന് വാക്യങ്ങളിൽ മൂലങ്ങളിലുള്ള ' ഹദാ ' എന്ന ക്രിയയെ വഴിയിലാക്കി എന്ന അർത്ഥത്തിലല്ല, വഴി കാണിച്ചു കൊടുത്തു എന്ന അർത്ഥത്തിലാണ് ഉപോയോഗിച്ചിട്ടുള്ളതെന്നും , രണ്ടാമത്തെ രണ്ട് വാക്യങ്ങളിൽ ഒന്നാമത്തെതിന്റെ മൂലത്തിലുള്ള ഹദാ എന്ന ഭൂതക്രിയയും , രണ്ടാമത്തെതിന്റെ മൂലത്തിലുള്ള 'തഹ്ദീ', ' യഹ്ദീ ' എന്നി ഭാവിക്രിയകളും വഴിയിലാക്കുക എന്ന അർത്ഥത്തിലാണ്. വഴി കാണിച്ചുകൊടുക്കുക എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളതെന്നും സ്പഷ്ടമാകുന്നു.

ഈ രാണ്ടാമത്തെ അർത്ഥമാണ് ഇവിടെ യോജിച്ചത്. എന്തുകൊണ്ടെന്നാൽ ഗുണദോഷങ്ങളെയും നന്മതിന്മകളെയും വേർതിരിച്ചു ഗ്രഹിക്കുന്നതിനായി ദൈവം മനുഷ്യർക്ക് പഞ്ചേന്ദ്രിയങ്ങൾ, അന്തരീന്ദ്രിയങ്ങൾ, സഹജബോധശക്തി, വിശേഷബുദ്ധി എന്നിങ്ങനെ അവരിൽതന്നെ ചില വഴികൾ തുറന്നുകൊടുത്തിരിക്കുന്നതിന് പുറമെ ബുദ്ധിമാത്രം മതിയാകാത്ത കാര്യങ്ങളിൽ അവർക്ക് ധർമ്മബോധം (മതം) കൊണ്ട് മാർഗ്ഗദർശനം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇവ മനുഷ്യകുലത്തിന് പൊതുവെ

ദൈവം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളാകുന്നു. എന്നാൽ ചിലപ്പോൾ അബദ്ധധാരണകൾകൊണ്ടും പൂർവ്വാചാര പ്രസക്തികൊണ്ടും, ചിലപ്പോൾ കാമക്രോധാദിവികാരങ്ങൾക്ക് വശംവദരായും മനുഷ്യർ പിഴച്ചുപോകുന്നു. ഇങ്ങനെ പിഴക്കാതെ നേർവഴികളിൽകൂടിതന്നെ ചരിക്കുന്നതിന് അവന്റെ പ്രത്യേകാനുഗ്രഹം വേണ്ടിയിരിക്കുന്നു. ഈ പ്രത്യേക അനുഗ്രഹത്തിന് അവനോട് പ്രാർത്ഥിക്കുവാനത്രെ ഈ സൂറത്തിൽ അവൻ നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത്. " (വക്കം മൗലവി)

നേർവഴിയിൽ ആക്കേണമേ എന്നുതന്നെ അർത്ഥം പറയണമെന്നും, കാണിച്ചുതരേണമേ എന്നു പറഞ്ഞാൽ പറ്റുകയില്ലെന്നും, സി.എൻ. മൗലവിയും അബുൽഅഅ്‌ലാ മൗദൂദിയും പറഞ്ഞത് തെറ്റാണെന്നും ഞാൻ പറഞ്ഞത് എന്റെ സ്വന്തം അഭിപ്രായമല്ല എന്ന് തെളിയിക്കുവാനാണ്, കേരളത്തിലെ മതപരിഷ്കർത്താക്കളിൽ അഗ്രഗണ്യനായ പണ്ഡിതശ്രേഷ്ഠൻ വക്കം മൗലവിയുടെ വാചകം ഞാനുദ്ധരിച്ചത്.

صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ

## നീ അനുഗ്രഹം നൽകിയവരാരോ അവരുടെ വഴി

"അതായത് അല്ലാഹുവേ, നിന്റെ സൃഷ്ടികളിൽ നീ അനുഗ്രഹം നൽകിയവരുടെ വഴിയിൽ ഞങ്ങളെ നടത്തേണമേ " എന്നു സാരം. യഥാർത്ഥമായ വിജ്ഞാനവും അതനുസരിച്ചുള്ള ജീവിതവുമാണ് മനുഷ്യർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനം. പ്രവാചകന്മാരും അവരുടെ താവഴിക്കാരുമാണ് ആ അനുഗ്രഹം ലഭിച്ചവർ. ആ വഴിയിൽ ഞങ്ങളെ ആക്കിത്തരേണമേ എന്നാണിവിടെ പ്രാർത്ഥിക്കുന്നത്.

സുഖമായി താമസിക്കാൻ പറ്റിയ വീട്, അത്യാവശ്യം കഴിഞ്ഞുകൂടാൻ പറ്റിയ ധനം, ആരോഗ്യം, സന്താനം ഇതൊക്കെ അനുഗ്രഹങ്ങളാണല്ലോ. " ഈ അനുഗ്രഹങ്ങളെല്ലാം ലഭിച്ചവർക്ക് അതൊക്കെ എങ്ങിനെയാണോ ലഭിച്ചത് ആ മാർഗ്ഗം ഞങ്ങൾക്കും കാണിച്ചുതരേണമേ " എന്നാണിതിന്റെ സാരമെന്ന് ഒരു മനുഷ്യൻ ഈ വചനം വ്യാഖ്യാനിച്ചെഴുതിയത് മുമ്പ് കണ്ടിട്ടുണ്ട്. എന്തൊരക്രമമാണിത്. ഒരു വചനത്തിന്റെ സാരം ഇന്നതാണെന്ന് നാം പറയുമ്പോൾ ആ വചനത്തിന്റെ ഉടയവൻ അതംഗീകരിച്ചുതരുന്നതായിരിക്കണമെന്നു കരുതേണ്ടതല്ലേ? ഞാനുദ്ദേശിക്കാത്ത അർത്ഥം എന്റെ വാക്കിന് പറയാൻ നിനക്കെന്തധികാരം? എന്ന് അവൻ ചോദിച്ചാൽ എന്തു പറയും? മുഖദാവിൽ കണ്ടുമുട്ടാമെന്ന് പ്രതീക്ഷയുള്ളവർ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല.

ഇവർക്കെന്തു പറ്റി ? വാസ്തവത്തിൽ മുതലും മക്കളും അനുഗ്രഹമാണെന്ന് ഒറ്റവാക്കിൽ പറയാൻതന്നെ പാടില്ലെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. മുതലും മക്കളും ഒരു പരീക്ഷണം മാത്രമാണെന്നാണ് ഖുർആൻ പറയുന്നത്. ആ പരീക്ഷണത്തിന്റെ ഫലം ഗുണമാകാം , ദോഷമാകാം. മുതലുകൊണ്ടും മക്കളെക്കൊണ്ടും സുഖവും സന്തോഷവും അനുഭവിക്കുന്നവരുണ്ട്; ദുരിതവും ക്ലേശവും അനുഭവിക്കുന്നവരും ഉണ്ട് ഈ ഭൂമിയിൽ. എല്ലാ സംഗതികളും ഇതുപോലെതന്നെ പരീക്ഷണമാകുന്നു. യഥാർത്ഥമായ വിജ്ഞാനവും അതനുസരിച്ചുള്ള ജീവിതവുമൊഴികെ. അത് രണ്ടും ഏതായാലും മഹത്തായ അനുഗ്രഹങ്ങൾ തന്നെയാകുന്നു. അതുകൊണ്ട് അനുഗ്രഹീതരായ പ്രവാചകന്മാരുടെ മാർഗ്ഗം അവലംബിച്ച് ജീവിക്കുവാൻ അനുഗ്രഹിക്കണേ എന്നാണിവിടെ തേടുന്നത്.

"പ്രവാചകന്മാരുടെ മാർഗ്ഗത്തിലാക്കിത്തരേണമേ" എന്ന് നാം പ്രാർത്ഥിക്കുമ്പോൾ നാം ഒരു മര്യാദ പാലിക്കേണ്ടതുണ്ട്. പ്രവാചകന്മാരുടെ മാർഗ്ഗം ഏതെന്ന് ശരിക്ക് പഠിക്കുകയും അത് അവലംബിക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്യലാണത്. അതുകൂടാതെ ഇങ്ങനെ പ്രാർത്ഥിക്കുന്നതിൽ യാതൊരർത്ഥവുമില്ല. ഏതൊരു കാര്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കുമ്പോഴും അതുസംബന്ധിച്ച് നമ്മുടെ കഴിവിൽപെട്ടതെല്ലാം നാം ചെയ്തിരിക്കണം. അല്ലാതിരുന്നാൽ ആ പ്രാർത്ഥന അതിരുകവിഞ്ഞതും തള്ളപ്പെടുന്നതുമായിത്തീരും.

"പ്രവാചകന്മാരുടെ വഴിയിലാക്കിത്തരേണമേ" എന്നുള്ള പ്രാർത്ഥനക്ക് വിരുദ്ധമായ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം, നമ്മളിൽ ഒരാൾ വുളുഇനുശേഷം ഭാര്യയെ തൊടുകയും വീണ്ടും വുളുചെയ്യാതെ നമസ്കരിക്കുകയും ചെയ്തു എന്നുവെക്കുക. അപ്പോൾ ആളുകൾ ചോദ്യംചെയ്യും. നബി ﷺ തങ്ങളുടെ ചര്യ ആധാരമാക്കിയാണ് ചെയ്തത് എന്നു പറഞ്ഞാൽ തൃപ്തിപ്പെടുകയില്ല, ബഹളമുണ്ടാക്കും. ഹനഫീഇമാം പറഞ്ഞതുപ്രകാരമാണ് എന്നുപറഞ്ഞാൽ തൃപ്തിയായി, സമാധാനമായി. അപ്പോൾ എന്താണിതിന്റെ കാരണം ? പ്രവാചകചര്യ ഇത്രയും അനഭിലഷണീയമായിപ്പോയോ? എന്നിട്ട് "പ്രവാചകൻമാരുടെ വഴിയിൽ ആക്കിത്തരേണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതെന്തൊരു കഥകേടാണ് ?

ഇവിടെ സാമൂഹികബോധം നമ്മുടെ ഹൃദയങ്ങളിൽ അല്ലാഹു നട്ടുവളർത്തുന്നതു ശ്രദ്ധിക്കുക. "ഞങ്ങളെ നേർവഴിയിൽ ആക്കണേ" എന്നാണ് പ്രാർത്ഥിക്കുന്നത്. "എന്നെ" എന്നല്ല പറയേണ്ടത്. മനഃപൂർവ്വം

അങ്ങനെ മാറ്റിപ്പറഞ്ഞാൽ മതഭ്രഷ്ടായിപ്പോകും. "ഞങ്ങളെ" എന്നുവെച്ചാൽ മുസ്‌ലിംകളെ എന്നർത്ഥമാകുന്നു. അത്യധികം വിശാലമായ ഈ വീക്ഷണത്തോടുകൂടി മനസ്സറിഞ്ഞു പ്രാർത്ഥിക്കുന്നവരാരെങ്കിലും ഉണ്ടോ? അതൊരു ശരിയായ പ്രാർത്ഥനയായിത്തീരണമെന്ന് ആഗ്രഹിക്കുന്നവരുണ്ടോ? ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ പ്രവാചകചര്യക്കെതിരായി സമുദായത്തിൽ നിലവിലുള്ള എല്ലാ അനാചാരങ്ങളും നശിപ്പിക്കുവാനും പ്രവാചകചര്യകൾ നടപ്പിൽവരുത്താനും അങ്ങേയറ്റം പരിശ്രമിക്കേണ്ടതാകുന്നു.

غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

### കോപിക്കപ്പെട്ടവരല്ലാത്തവർ, വഴിപിഴച്ചവരുമല്ലാത്തവർ

അതായത് അല്ലാഹുവിന്റെ കോപം ഏതൊരുകൂട്ടരിൽ ഇറങ്ങിയോ അവരുടെ വഴിയിൽ ഞങ്ങൾ പെട്ടുപോകാതെ ഞങ്ങളെ കാക്കണേ എന്നു സാരം. ഇവിടെ സാധാരണ നോക്കാറുള്ളത് ആ കോപിക്കപ്പെട്ടവർ ആരാകുന്നു എന്നാണ്. അതിന്റെ ഉത്തരം വളരെ എളുപ്പത്തിൽ കിട്ടും. അവർ യഹൂദികളാണ് എന്ന്. അത്രയുംകൊണ്ട് മതിയാക്കുകയുംചെയ്യും. ഇതിൽ തെറ്റൊന്നുമില്ല. പക്ഷെ അതുപോരാ. എന്താണ് ആ കോപത്തിന്റെ കാരണങ്ങൾ എന്നറിയൽ ആവശ്യമാണ്. മാത്രമല്ല അതറിയൽതന്നെയാണ് ഇവിടെ ഏറ്റവും ആവശ്യമായിട്ടുള്ളത്. അപ്പോൾ കോപിക്കപ്പെട്ടവർ ആരാണ് എന്നന്വേഷിക്കുന്നതിനേക്കാൾ ആവശ്യമായിട്ടുള്ളതു കോപത്തിനു കാരണമെന്ത് എന്ന് അന്വേഷിക്കലാകുന്നു. തത്വത്തിന്റെ അടിസ്ഥാനത്തിലാണ് വിഷയം കണക്കിലെടുക്കേണ്ടത്.

അല്ലാഹുവിന്റെ കോപത്തിനു കാരണമായ സംഗതികൾ ഏതെല്ലാം എന്ന ചോദ്യത്തിനു പരിശുദ്ധഖുർആനും പ്രവാചക വചനങ്ങളും നമുക്ക് ഉത്തരം തരുന്നുണ്ട്.

### നിഷിദ്ധം തടയുക

മുൻകർ (നിഷിദ്ധമായ കാര്യം) പരസ്പരം തടയാതിരിക്കൽ: ഇത് അല്ലാഹുവിന്റെ കഠിനമായ കോപത്തിനും ശാപത്തിനും കാരണമാണെന്ന് ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

"ബനൂ ഇസ്രാഈൽ സമുദായത്തിൽനിന്നു നിഷേധികളായിട്ടുള്ളവർ ദാവൂദ് നബിയുടെയും ഈസബ്നുമർയമിന്റെയും നാവുകളാൽ ശപിക്കപ്പെട്ടിരിക്കുന്നു. അതെന്തുകൊണ്ടെന്നാൽ അവർ അനുസരണക്കേട് കാണിക്കുകയും, അതിരുകവിഞ്ഞവരായിത്തീരുകയും ചെയ്തു അവർ ചെയ്തുകൊണ്ടിരിക്കുന്ന വെറുക്കപ്പെട്ട കാര്യം അവർ

പരസ്പരം തടയാതെയായിത്തീർന്നു. സത്യമായും അവർ ചെയ്തുകൊണ്ടിരുന്നത് എത്രചീത്ത!" (മാഇദ 78, 79) അതായത് അല്ലാഹു വളരെയധികം അനുഗ്രഹങ്ങൾ നൽകി വിശേഷിപ്പിച്ച ബനൂഇസ്രാഈൽ സമുദായത്തിൽ ഒരു കൂട്ടർ മഹാനിഷേധികളായിത്തീർന്നു. തന്നിഷ്ടപ്രകാരമുള്ള ജീവിതം; ഇന്നതേ ചെയ്യാവൂ; ഇന്നതു ചെയ്തുകൂടാ എന്ന് യാതൊരു കണക്കുമില്ല. എന്തുചെയ്താലും ആരും തിരിഞ്ഞുനോക്കുകയില്ല. ഈ നിലയിൽ അവർ ആയിത്തീർന്നതിനാൽ അല്ലാഹു അവരെ ശപിച്ചു, "ലഅ്നത്ത്" എന്നുവെച്ചാൽ കഠിനമായ കോപംനിമിത്തം അകറ്റിനിറുത്തുകയോ നശിപ്പിക്കുകയോ ചെയ്യുക എന്നാകുന്നു. കോപമുണ്ടായാൽ അകറ്റിനിറുത്തിക്കൊള്ളണമെന്നില്ല. കോപിക്കപ്പെട്ടവർ എന്നുമാത്രമേ ഇവിടെ ഫാത്തിഹയിൽ പറഞ്ഞിട്ടുള്ളൂ. അപ്പോൾ വെറുക്കപ്പെട്ട ഒരുകാര്യം ഒരുവൻ ചെയ്യുന്നത് കണ്ടിട്ട് മൗനംദീക്ഷിച്ചാൽ അല്ലാഹു അവനോട് കോപിക്കും. അതുമല്ല കഠിനമായ കോപംനിമിത്തം അല്ലാഹു അവനെ വെറുക്കുകയും അകറ്റിക്കളയുകയും ചെയ്യുന്നതാണ്.

കാര്യം ഇങ്ങനെയാണെങ്കിൽ നാം എന്തുചെയ്യും? ആളുകളുടെ തോന്ന്യാസങ്ങൾ തടയുവാൻ നമുക്കു സാദ്ധ്യമല്ലല്ലോ എന്നൊരു നിരാശയുടെ ചിന്ത പിശാച് നമ്മുടെ മനസ്സിൽ ഇളക്കിവിടും.നമുക്ക് നിർവ്വഹിക്കാൻ കഴിയാത്ത കടമ അല്ലാഹു നമ്മുടെമേൽ ചുമത്തി എന്നൊരു മടുപ്പിന്റെ വിചാരം നമ്മുടെ മനസ്സിൽ പിശാച് അങ്കുരിപ്പിക്കും. അതിനാൽ വളരെ സൂക്ഷിക്കേണ്ടതാകുന്നു. യഥാർത്ഥത്തിൽ മനുഷ്യസഹജമായ വാസനകളിലും മാനുഷികമൂല്യങ്ങളിലും പെട്ട ഒന്നാണ് ആയത്തിൽപറഞ്ഞ വിഷയം. ഈ കടമ നിർവ്വഹിക്കാത്തവരെ മനുഷ്യരൊക്കെ വെറുക്കും. ഒരു അന്ധനായ മനുഷ്യൻ ആൾമറയില്ലാത്ത കിണറ്റിന്റെനേരെ നടക്കുന്നതുകണ്ടാൽ വെറുതെ നിൽക്കാൻ ഒരിക്കലും മനസ്സനുവദിക്കുകയില്ല. ഏതു മതത്തിൽ വിശ്വസിക്കുന്നവനാകട്ടെ, മതത്തെയും ദൈവത്തെയും നിഷേധിക്കുന്നവനാകട്ടെ ഏതായാലും മനസ്സാക്ഷിയുടെ പ്രേരണയാൽ മനുഷ്യൻ വേണ്ടതുചെയ്യുമെന്നു ഉറപ്പാണ്. ആരെങ്കിലും ഈ ചുമതല നിർവ്വഹിക്കാതിരുന്നാൽ ആളുകളൊക്കെ അവനെ വെറുക്കൽ സ്വാഭാവികമാണ്. ആ കുരുടൻ കിണറ്റിൽ വീണു. ആളുകൾ ഓടിക്കൂടി, ഈ സാധു കിണറ്റിനുനേരെ നടക്കുന്നത് ആരും കണ്ടില്ലേ ? എന്നു ചോദിച്ചാൽ ഞാൻ കണ്ടു എന്ന് ഒരിക്കലും പറയുകയില്ല. അറിഞ്ഞാൽ എല്ലാവരും അവനെ ആക്ഷേപിക്കും. അപ്പോൾ എനിക്കതിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്ന് അവൻ പറയുകയില്ല. വേദവാക്യങ്ങളിൽ നിന്നോ പ്രവാചകവചനങ്ങളിൽനിന്നോ ഒരു തെളിവ് ഇതിനാവശ്യമില്ല. ഇതു ബുദ്ധിയുടെ വിധിയാകുന്നു. ഇത് അവഗണിക്കുക സാദ്ധ്യമല്ല. ഇവിടെയൊന്നാലോചിക്കുക. ഈ ഭൗതികജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിൽ

മാത്രമേ ഈ ബാദ്ധ്യതയുള്ളു എന്ന് ആരെങ്കിലും വാദിക്കുമോ? അങ്ങനെ വാദിക്കുന്നവരുമായി നമുക്ക് യാതൊരു ചർച്ചയുമില്ല. ഇവിടെ നമ്മുടെ ചർച്ച പരലോകവിശ്വാസികളോട് മാത്രമാകുന്നു. മേൽ സൂചിപ്പിച്ച കടമ നിർവ്വഹിക്കാത്തവരോട് വെറുപ്പുതോന്നൽ സ്വാഭാവികമാണല്ലോ. ഇതു മാനുഷികമൂല്യമാണ് . മൃഗത്തിന് ഈ സ്വഭാവമില്ല. കണ്ണുകാണാത്ത ഒരു പോത്ത് മേൽപ്രകാരം നടക്കുന്നത് മറ്റൊരു പോത്ത് കണ്ടാൽ അതിനെ ഞാൻ രക്ഷിക്കേണ്ടതാണെന്ന് ഇതിനു തോന്നുകയില്ല. അങ്ങനെ അതു കിണറ്റിൽ വീണുപോയാൽ മറ്റുപോത്തുകൾ "എടാ പഹയൻപോത്തേ നീ അതിനെ രക്ഷിക്കാഞ്ഞതെന്ത്?" എന്നു ചോദിക്കുകയില്ല. മനുഷ്യനും മൃഗവും തമ്മിൽ വഴിമാറിപ്പോകുന്ന മർമ്മപ്രധാനമായ ഒരു രംഗമാണിത്. അനുജന്റെ കാര്യത്തിൽ ജ്യേഷ്ടൻ ഈ ബാദ്ധ്യത നിറവേറ്റാതിരുന്നാൽ പിതാവിനു വെറുപ്പുതോന്നും. ഇവിടെ മനസ്സിലാക്കുക മനുഷ്യർ പരസ്പരം ഈ ചുമതല നിറവേറ്റാതിരുന്നാൽ അല്ലാഹു അവരോടു കോപിക്കലും ശപിക്കലും സ്വാഭാവികവും അനിവാര്യവുമാണ്.

മനുഷ്യപ്രകൃതിയുടെ താൽപര്യമനുസരിച്ചുള്ള ഈ കാര്യം മതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാകുന്നു. മതം എത്രത്തോളം പഴക്കമുള്ളതാണോ അത്രതന്നെ പഴക്കമുള്ളതാണ് ഈ നിയമം. ഈ കാര്യത്തിൽ വീഴ്ചവരുത്തിയതിനാൽ, അല്ലാഹുവിന്റെ പ്രത്യേകമായ സംരക്ഷണത്തിലും മേലന്വേഷണത്തിലും വളർന്നുയർന്ന ലോകത്തിലെ ഏറ്റവും ഉന്നതസമുദായത്തിൽപെട്ട ഒരു കൂട്ടരെ അല്ലാഹു ശപിച്ചതായി പ്രസ്തുത ആയത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ആയത്തിലെ വിഷയം വിശദീകരിച്ചുകൊണ്ട് നബി ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു.: "ബനൂ ഇസ്രാഈൽ സമുദായത്തിന് അപകടംപിണഞ്ഞ ഒന്നാമത്തെ സംഗതി എന്തെന്നാൽ: ഒരാൾ ഒരു തെറ്റായ കാര്യത്തിൽ ഏർപ്പെട്ടത് മറ്റൊരുവൻ കാണുമ്പോൾ "ഇത് തെറ്റാണല്ലോ ഇതിൽനിന്ന് പിൻവാങ്ങുക; അല്ലാഹുവിനെ സൂക്ഷിക്കുക." എന്നവൻ പറയും. പിറ്റേദിവസവും അവൻ ഈ കുറ്റം ആവർത്തിക്കുന്നത് കാണും. അപ്പോൾ ഉപദേശം ആവർത്തിക്കുകയില്ല. അവർ ഒരുമിച്ച് തിന്നുകയോ, കുടിക്കുകയോ, ഇരിക്കുകയോ ചെയ്യുന്നതിൽ യാതൊരു വ്യത്യാസവുമില്ല. (അവരുടെ സഹവർത്തിത്വം പൂർവ്വസ്ഥിതിയിൽ തന്നെ തുടരും.) ഇങ്ങനെ അവർ ചെയ്തപ്പോൾ അവരുടെ ഹൃദയങ്ങളെ അല്ലാഹു തമ്മിലടിപ്പിച്ചു! ഇത്രയും പറഞ്ഞുകൊണ്ട് നബി ﷺ ഈ ആയത്തുകൾ ഓതി അനന്തരം നബി ﷺ പറഞ്ഞു. "അല്ലാഹുവിനെ തന്നെയാണ് സത്യം: നിങ്ങൾ മഅ്റൂഫ് കൽപിക്കുകയും മുൻകർ വിരോധിക്കുകയും വേണം. പിന്നെ അക്രമിയുടെ കൈക്ക് പിടിക്കുകയും വേണം. നീതിയിൽ അവനെ പിടിച്ചുനിർത്തുകയും വേണം. അല്ലാത്ത

പക്ഷം നിശ്ചയമായും അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെ ശപിക്കുകയും ചെയ്യും" (അബൂദാവൂദ്, തിർമിദി)

"ഹൃദയങ്ങളെ തമ്മിലടിപ്പിക്കുക" എന്നുവെച്ചാൽ എന്താണ് സാരമെന്ന് കണിശമായി പറയാൻ നമുക്ക് സാധ്യമല്ല. ജവാമിഉൽ കലിം നൽകപ്പെട്ട പ്രവാചകരുടെ അതിമഹത്തായ വചനമാണിത്. അതോടു കൂടി ആത്മജ്ഞാനപരവുമാണ്. അതിന്റെ സാരം എത്ര പറഞ്ഞാലും മതിയാകുമെന്ന് തോന്നുന്നില്ല. എങ്കിലും നമ്മുടെ കഴിവുകേടും പോരായ്മയും സമ്മതിക്കുകയും തെറ്റാണെങ്കിൽ മാപ്പപേക്ഷിക്കുകയും ചെയ്തുകൊണ്ട് ഒരു കാര്യം പറയുന്നു. തെറ്റ്ചെയ്യുന്നത് കാണുമ്പോൾ ഉപദേശിക്കാതിരിക്കുന്നതിന്റെ കാരണം ഉപദേശിച്ചാൽ സ്നേഹം മുറിഞ്ഞുപോകും എന്നുള്ള ശങ്കയാണ്. അപ്പോൾ അല്ലാഹു വെറുത്തരൂപത്തിൽ സ്നേഹം നിലനിർത്തുവാൻ ഉദ്ദേശിച്ചതിനാൽ അതിനൊരു തിരിച്ചടിയെന്നോണം ശക്തിയായി വേരൂന്നിയ പകയും വെറുപ്പും അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഇടുകയും പരസ്പരം ഇണങ്ങിച്ചേരാൻ ഒരു കാലത്തും സാധ്യമല്ലാത്തവിധം അവരെ അകറ്റുകയും അവരുടെയിടയിൽ ഭയങ്കരമായ ശത്രുതയും വൈരാഗ്യവും നിലനിർത്തുകയും ചെയ്യും എന്നു സാരം. ഈ ആയത്തിന്റെ അർത്ഥം ഈ വിധത്തിൽ നബി ﷺ വിവരിച്ചിരിക്കുന്നതിനാൽ ഇവിടെ വേറെ യാതൊന്നും പറയാൻ നിവൃത്തിയില്ല. അതിനാൽ സി. എൻ. അഹമ്മദ് മൗലവി ഇവിടെ كَانُوا لَا يَتَنَاهَوْنَ عَنْ مُنْكَرٍ فَعَلُوهُ എന്ന വചനത്തിന് കൊടുത്ത അർത്ഥം വലിയ തെറ്റാകുന്നു. ഒരിക്കൽ ചെയ്ത ദുഷ്കൃത്യത്തിൽ നിന്ന് (പിന്നീട്) അവർ അകന്നുനിൽക്കുകയില്ല എന്നാണ് അദ്ദേഹം അർത്ഥം കൊടുത്തത്. ഈ അർത്ഥത്തിലൂടെ അദ്ദേഹം വിഷയം മാറ്റിക്കളഞ്ഞു. ഒരിക്കൽ കുറ്റംചെയ്തു; രണ്ടാംപ്രാവശ്യം വീണ്ടും ചെയ്തു എങ്കിൽ ലഅ്നത്ത് എന്നാണ് അദ്ദേഹം വരുത്തിത്തീർത്തത്. അതൊരിക്കലും ശരിയല്ല. നേരത്തെ വിവരിച്ചതാണ് ശരി. മതത്തിന്റെ ചരിത്രത്തിൽ ഏറ്റവും പുരാതനവും സമുഹത്തിന്റെ സജീവമായ ഭദ്രതക്ക് ഏറ്റവും ആവശ്യവുമായ ഈ മഹത്തായ നിയമം അദ്ദേഹം നിഷേധിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ പിന്നെ ഈ നിലയിൽ അർഥം മാറ്റേണ്ട യാതൊരു ആവശ്യവുമില്ല.

മഅ്റൂഫ് കൽപിക്കുക, മുൻകർ നിരോധിക്കുക എന്നതിന്റെ വിശദീകരണത്തിൽ ഒരു തെറ്റിദ്ധാരണ പ്രചരിച്ചതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്. നല്ലതു കൽപിക്കുക, ചീത്ത വിരോധിക്കുക എന്നാണ് സാധാരണ അർത്ഥം പറയൽ. ഇതിൽ ഒരു വീഴ്ചയുണ്ട്. ഒരു

കാര്യം നല്ലതാണെന്ന് ഞാൻ വിശ്വസിക്കുന്നു. മറ്റവൻ അതു സമ്മതിക്കുന്നില്ല, അതും നല്ലതു കല്പിക്കേണ്ട രംഗമാണെന്ന് വരുമല്ലോ. അതുപോലെ ഒരു കാര്യം ചീത്തയാണെന്ന് ഞാൻ വിശ്വസിക്കുന്നു; മറ്റവൻ വിശ്വസിക്കുന്നില്ല ഇത് ചീത്തയെ നിരോധിക്കേണ്ട രംഗമാണെന്നും വരുമല്ലോ. എന്നാൽ വാസ്തവം അങ്ങനെയല്ല; 'മഅ്റൂഫ്'ന് നല്ലത് എന്നും 'മുൻകറി'ന് ചീത്ത എന്നുമുള്ള പരിഭാഷ അപര്യാപ്തമാണ്. 'മഅ്റൂഫ്' എന്നാൽ 'സമ്മതിക്കപ്പെട്ടത്' എന്നാണർത്ഥം. അതായത് കാര്യം നല്ലതാണ്, വേണ്ടപ്പെട്ടതാണെന്ന് സമ്മതിക്കുന്നു, അതിൽ അഭിപ്രായ വ്യത്യാസമില്ല. അങ്ങനെയുള്ള വിഷയം ഇതിന്റെ വിപരീതമാണ് 'മുൻകർ' അപ്പോൾ അതിന് 'വെറുക്കപ്പെട്ടത്' എന്നർത്ഥം പറയാം. അപ്പോൾ ഒരു നല്ലകാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അതു മഅ്റൂഫല്ല. ഒരു ചീത്തകാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അതു മുൻകുറുമല്ല .അപ്പോൾ അത്തരം വിഷയങ്ങളിൽ കൽപിക്കാനും വിരോധിക്കാനും അവകാശമില്ല. അവിടെ പ്രചാരവേലക്കേ അവകാശമുള്ളൂ. അതായത് കാര്യത്തിന്റെ യാഥാർത്ഥ്യം ഇതാണെന്ന് പ്രമാണത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ പറഞ്ഞു മനസ്സിലാക്കി കൊടുക്കുകയേ നിവൃത്തിയുള്ളൂ. അല്ലാഹു പറയുന്നത് കാണുക.

"നന്മയിലേക്കു ക്ഷണിക്കുകയും മഅ്റൂഫ് കൽപിക്കുകയും മുൻകർ വിരോധിക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങൾ മുഖേന ഉണ്ടാവേണ്ട താകുന്നു" (ആലുഇംറാൻ 104) അതായത് മുസ്‌ലിം സമുദായം ഈ പറഞ്ഞ മൂന്നുകൃത്യങ്ങൾ നിർവ്വഹിക്കുന്ന സമുദായമാ യിത്തീരേണ്ടതാവശ്യമാ കുന്നു എന്ന് സാരം. അപ്പോൾ വിഷയങ്ങൾ മൂന്നാണ്:-

(ഒന്ന്) നന്മയിലേക്ക് ക്ഷണിക്കൽ. കാര്യം നല്ലതാണ് എന്നതിലേക്കുള്ള രേഖകൾ പറഞ്ഞുമനസ്സിലാക്കി കൊടുക്കുകയും അതിന്റെ ഗുണങ്ങളും അതിന്റെ എതിരിലുള്ള ദോഷങ്ങളും വിവരിച്ച് കൊടുക്കുകയും ചെയ്തുകൊണ്ടുള്ള ഉപദേശം വഴിക്കാണ് ഈ ക്ഷണം നിർവ്വഹിക്കേണ്ടത്. അന്യ സമുദായളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നത് പോലെ. നല്ലതാണെന്ന് നാം വിശ്വസിക്കുന്ന കാര്യത്തിലേക്കു വ്യത്യസ്താഭിപ്രായക്കാരെ ക്ഷണിക്കുന്നതുപോലെ.

(രണ്ട്) മഅ്റൂഫ് കൽപിക്കൽ. നല്ലതാണെന്നും വേണ്ടപ്പെട്ടതാണെന്നും നിരാക്ഷപം സമ്മതിക്കപ്പെട്ടകാര്യം നടപ്പിൽ വരുത്തുവാൻ കൽപിക്കാലാണത്. കാര്യം അങ്ങനെ സമ്മതിക്കുന്നു വെങ്കിലും പലകാരണങ്ങളാലും അറിവിനും വിശ്വാസത്തിനും എതിരായി

ആളുകൾ ചെയ്യുന്നു. അവിടെയാണ് കൽപിക്കാൻ പറഞ്ഞത്. അഞ്ചുനേരത്തെ നമസ്കാരവും, സകാത്തും, റമളാൻ മാസത്തിലെ നോമ്പും നിർബ്ബന്ധമാണെന്ന് സമ്മതിക്കുന്നതോടുകൂടി പലരും അത് ചെയ്യുന്നില്ല. അപ്പോൾ മുസ്ലിംകളെ സംബ്ബന്ധിച്ചിടത്തോളം ഇതൊക്കെ 'മഅ്റൂഫ്' ആണ്. സമ്മതിക്കപ്പെട്ടതാണ്. ഇതൊക്കെ ബലമായി കൽപിക്കണം .

(മൂന്ന്) 'മുൻകർ' വിരോധിക്കൽ. ചീത്തയാണ്, വെറുക്കപ്പെട്ടതാണ് എന്നതിൽ എതിരഭിപ്രയമില്ല. അതോടുകൂടി തന്നിഷ്ടത്തിനു വഴങ്ങിക്കൊണ്ടും മറ്റു പല കാരണങ്ങളാലും മനുഷ്യർ അങ്ങിനെയുള്ള പല കാര്യങ്ങളും ചെയ്യുന്നു. ആളുകളെദ്രോഹിക്കലും, അവരുടെ ധനം അപഹരിക്കലും, മോഷ്ടിക്കലും, വ്യഭിചരിക്കലും, കള്ളുകുടിക്കലുമൊക്കെ നല്ലതാണെന്ന് അത് ചെയ്യുന്നവർപോലും വാദിക്കുകയില്ല. സർവ്വസമ്മതമായ ദുഷ്കൃത്യങ്ങളാണ തെല്ലാം. അപ്പോൾ അതൊക്കെ മുൻകറാണ്. ഇവിടെയാണ് വിരോധിക്കണമെന്നു പറഞ്ഞത്.

(നിങ്ങളിലാരെങ്കിലും വെറുക്കപ്പെട്ട ഒരു സംഗതി കണ്ടാൽ കൈകൊണ്ട് അത് മാറ്റണം അത് സാദ്ധ്യമല്ലെങ്കിൽ നാവുകൊണ്ട്. അതിനും സാദ്ധ്യമല്ലെങ്കിൽ മനസ്സുകൊണ്ട്.അത് ഈമാനിൽ ഏറ്റവും ബലഹീനമായതാകുന്നു) എന്ന് നബിﷺപറഞ്ഞിരിക്കുന്നു. അതായത് മനസ്സുകൊണ്ടുള്ള മാറ്റലുംകൂടി യില്ലാത്തപക്ഷം പിന്നെ അവിടെ ഒട്ടും ഈമാനില്ലെന്നു സാരം. നമുക്കിവിടെ ഇസ്ലാമിക ഭരണമില്ലാത്തതുകൊണ്ട് ഈ ഹദീസിൽ പറഞ്ഞ ഒന്നാമത്തെ ഇനം (കൈകൊണ്ടു മാറ്റൽ ) സാദ്ധ്യമല്ലെന്നു പലരും ധരിച്ചിരിക്കുന്നു. അത് തെറ്റാണ് കൈക്രിയകൊണ്ട് മുൻകർ തടയൽ സാദ്ധ്യമായ ഉദാഹരണം കാണുക:- രണ്ടാളുകൾ തമ്മിൽ അടികൂടുന്നത് കണ്ടാൽ രണ്ടാളേയും പിടിച്ചുമാറ്റി രംഗം ശാന്തമാക്കൽ നിർബന്ധമാണ്. ഒരുത്തൻ ഒരുത്തനെ വെട്ടാനോ, കുത്താനോ, കൈ നീട്ടുന്നത് കണ്ടാൽ തടുക്കൽ നിർബന്ധമാണ്. വഴിയിൽമുള്ളോ കുപ്പിക്കഷ്ണമോ മറ്റോ കണ്ടാൽ അതെടുത്തുമാറ്റൽ ആവശ്യമാണ്. ഇതെല്ലാം കൈ കൊണ്ട് മുൻകറിനെ മാറ്റലാണല്ലോ.

ഈ വിഷയം വളരെ പ്രധാനപ്പെട്ടതാണ്. അല്ലാഹു അവന്റെ അടിമ കളോട് കാര്യമായ കാരണം കുടാതെ കോപിക്കുകയില്ലന്നുറപ്പാണ്. 'കോപകാരണങ്ങളിൽ ഒന്നാമത്തേത് ഇതു തന്നെയാണെന്ന് വിചാരിക്കാം. അപ്പോൾ ഫത്തിഹസുറത്തിൽ ഈ വചനം ഓതുന്നസമയത്ത് നമ്മുടെ മനസ്സിൽ മുന്തിവരേണ്ടതായ പ്രധാന വിഷയം, "അല്ലാഹുവേ നിന്റെ കഠിന കോപത്തിനും ശാപത്തിനും കാരണമായ മുൻകർ

വിരോധിക്കാതിരിക്കുക യെന്ന മഹാപാപം ഞങ്ങളിൽ വരാതെ കാക്കണേ" എന്നാകുന്നു. എന്നാൽ ഈ നിലയിൽ മനസ്സറിഞ്ഞ് പ്രാർത്ഥിക്കുന്ന ഒരുവന്റെ സ്ഥിതി എങ്ങിനെ യായിരിക്കണമെന്ന് മനസ്സിലാക്കാൻ അധികമൊന്നും ചിന്തിക്കേണ്ടതില്ല.

## ഉപദേശവും ഫലവും

ഈ കൃത്യം നിർവ്വഹിക്കുന്നതിൽനിന്ന് മനുഷ്യനെ പിന്തിരിപ്പിക്കുന്ന ഒരു കാര്യം ഉപദേശിച്ചാൽ ഫലമില്ല എന്ന തോന്നലാകുന്നു. അതൊരിക്കലും ശരിയല്ല.കാരണം ഫലപ്പെടുകയില്ലന്ന് ഉറപ്പിക്കാൻ നിവൃത്തിയില്ല. എത്ര വലിയ ദുഷ്ടനായാലും ഉപദേശം സ്വീകരിക്കുമെന്ന് ആശിക്കാവുന്നതാണ്. ഫിർഔനെ ഉപദേശിക്കാൻ അല്ലാഹു മൂസാനബി عليه السلام യെ നിയോഗിച്ചപ്പോൾ അവൻ ഉപദേശം സ്വീകരിച്ച് നന്നാകുമെന്നുള്ള ആശ ജനിപ്പിക്കുന്ന വാചകമാണ് അല്ലാഹു പറഞ്ഞത്. ഏതൊരു മഹാദുഷ്ടനെ സംബന്ധിച്ചും നിരാശപ്പെടുവാൻ നമുക്കു പാടില്ലെന്നാണ് ഇതുണർത്തുന്നത്. അതിനാൽ ഉപദേശം ഫലപ്പെടുകയില്ലെന്ന് മുൻകൂട്ടിപറയൽ തെറ്റാണ്. അതു പൈശാചികമാണ്. ഇതിനു പുറമേ ഉപദേശം സ്വീകരിച്ചില്ലെങ്കിലും ഉപദേശിച്ചത് ഒരിക്കലും വെറുതെയാവുകയില്ല. കാരണം, ഉപദേശിക്കുന്നത് രണ്ടാവശ്യത്തിനു വേണ്ടിയാണ്. ഉപദേശിക്കുക എന്നുള്ള കടമ നിറവേറ്റലാണ് ഒന്ന്. ഉപദേശം സ്വീകരിച്ചുനന്നാകൽ രണ്ട്. പലപ്പോഴും രണ്ടാമത്തെ ആവശ്യം പൂർത്തിയായില്ലെങ്കിൽ നമ്മൾ ഒരിക്കലും നിരാശപ്പെടേണ്ടതില്ല. പിന്നെയും പിന്നെയും ഉപദേശിച്ചുക്കൊണ്ടിരിക്കണം. "നിങ്ങൾ അതിരുകവിഞ്ഞ ഒരു കൂട്ടരായിതീർന്നിരിക്കുന്നു എന്നുള്ളത് നിമിത്തം ഉപദേശം നിങ്ങളിൽ നിന്നും നാം പിൻവലിക്കുകയോ?" (സുഖ്റുഫ് 5) അതായത് ഉപദേശം നാം നിർത്തുകയില്ല. നിങ്ങൾ ധിക്കരിച്ചാലും ഉപദേശിച്ചു കൊണ്ടിരിക്കുന്നു എന്നു അല്ലാഹു പറയുന്നു. ഉപദേശം സ്വീകരിക്കാത്തതിന് പുറമെ അവർ നമ്മോട് ദ്വേഷ്യപ്പെടുകയും പിണങ്ങുകയും ചെയ്യൽ സഹിക്കുകയല്ലാതെ നാമെ ന്തുചെയ്യും? അവരുടെ സ്നേഹം നിലനിർത്താൻവേണ്ടി ഉപദേശത്തിൽ അയവു വരുത്തുവാൻവയ്യ. അതുമൂലം അവർ നമ്മളുമായി അകന്നുപോകയാണെങ്കിൽ പൊയ്കൊള്ളട്ടെ. തന്നിമിത്തമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ സഹിക്കുകതന്നെ. സഹനംകൂടാതെ യാതൊരുകാര്യവും ശരിയാവുകയില്ല. അതുകൊണ്ടാണ് ഉപദേശത്തെപ്പറ്റി പറഞ്ഞതിതിനുശേഷം സഹനത്തെപ്പറ്റി 'വൽഅസ്വ്ർ' സൂറത്തിൽ അല്ലാഹു പറഞ്ഞത്. ഉപദേശിക്കുന്നത്മൂലം സ്നേഹം മുറിഞ്ഞു പോകുമെന്നോ വല്ലതും നഷ്ടപ്പെടുമെന്നോ തോന്നിട്ട് ഉപദേശിക്കാ

തിരിക്കുന്ന പക്ഷം അല്ലാഹുവിനേയും പരലോകത്തേയും അവഗണിച്ചുകൊണ്ട് ഐഹിക കാര്യങ്ങളെ മുന്തിച്ചു എന്ന മഹാകുറ്റം വന്നുകൂടുന്നതാകുന്നു.

### അറിവ്നൽകുന്ന കടമ

യാഥാർത്ഥവിജ്ഞാനം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ വെച്ച് അതിമഹത്തായതാകുന്നു. അത് ലഭിച്ച ആൾക്ക് അത്സംബന്ധിച്ച് വലിയൊരു കടമയുണ്ട്. മറ്റുള്ളവർക്ക് അത് വിതരണം ചെയ്യൽ അത് ചെയ്യാതിരുന്നാൽ അറിവിനെ മറച്ചുവെച്ചു എന്ന കുറ്റം വരുന്നതാണ്. അത് എറ്റവും വലിയ നന്ദികേടുമാണ്. കാര്യം ഇങ്ങിനെയായിരിക്കുമ്പോൾ യഥാർത്ഥ വിജ്ഞാനം ലഭിച്ചതിനുശേഷം അത് വളച്ചൊടിച്ച് മായംചേർത്ത് വിതരണംചെയ്യൽ എത്ര ഭയങ്കരം! ലഅ്നത്തിനുമേൽ ലഅ്നത്തു തന്നെ.

നമ്മുടെ തെറ്റ് ചൂണ്ടിക്കാണിക്കുകയും സത്യം ഉപദേശിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സ്വഭാവം എന്തായിരിക്കണം? മരുന്ന് ഉപയോഗിക്കാനും പത്ഥ്യം ആചരിക്കുവാനും വൈദ്യർ ഉപദേശിക്കുമ്പോൾ രോഗിയുടെ സ്ഥിതി എന്താണോ അതുപോലെയായിരിക്കണം. അല്ലെങ്കിൽ, പലവിധ ഉപദ്രവങ്ങൾ നിറഞ്ഞതും ഇരുളടഞ്ഞതുമായ വഴിയിൽ കുടിങ്ങി നട്ടംതിരിയുമ്പോൾ ഒരാൾ വിളക്കുമായിവന്ന് വെളിച്ചം കാണിച്ചുതന്നാൽ നമ്മുടെ സ്ഥിതി എന്താകണോ അതുപോലെയായിരിക്കണം. എന്നാൽ വിളക്ക് അടിച്ച് കെടുത്തുകയും അയാളെ ദ്രോഹിക്കുകയും ചെയ്തവരെപ്പറ്റി നിങ്ങൾ എന്തുപറയുന്നു. പ്രവാചകന്മാർക്കും അനുയായികൾക്കും ഇതുപോലെയുള്ള അനുഭവമാണ് ഉണ്ടായത്. കഷ്ടം! ഉപദേശിക്കാൻ ഒരാൾ മുതിരുന്നത് സ്വന്തം നിലക്കല്ല; അല്ലാഹുവിന്റെ കൽപന പ്രകാരമണ്. അപ്പോൾ അവൻ ആക്ഷേപവും പരിഹാസവും ദ്വേഹവും സഹിക്കേണ്ടിവരുന്ന പക്ഷം അല്ലാഹു അത് നിസ്സാരമാക്കുകയില്ല. ഗൗരവപൂർവ്വം കണക്കിലെടുക്കും. കാരണം അല്ലാഹുവിന്റെ കൽപന മാനിച്ചുകൊണ്ടാണ് അവൻ ഇതിനു മുതിർന്നത് യഥാർത്ഥ ഉത്തരവാദി അല്ലാഹുവാണ്. അതിനാൽ ആളുകളിൽ നിന്നുണ്ടാകുന്ന വെറുപ്പും വിരോധവുമൊക്കെ എതിർപ്പാണ്. അതിനാൽ അല്ലാഹു തന്റെ ശത്രുക്കളായി കണക്കാക്കുന്നതാണ്. ഈ വിഷയം വളരെ ഗൗരവമാകുന്നു. ഖുർആനും ഹദീസും അടിസ്ഥാനപ്പെടുത്തി ഉപദേശിക്കുന്നവരോട് വിരോധം കാണിക്കുന്നവർ രക്ഷപ്പെടുകയില്ല. അടിമവേല അല്ലാഹുവിനു മാത്രമായിരിക്കണം, അതാണ് തൗഹീദ് എന്ന് ജമാഅത്തെ ഇസ്ലാമി പറഞ്ഞു. അത് അല്ലാഹു വിധിച്ചതാണെന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി ശഹാദത്ത് കലിമയുടെ അർത്ഥവും നൂറുക്കണ

ക്കിന് ആയത്തുകളുടെ അർത്ഥവും അവർ മാറ്റി. അപ്പോൾ ഈ വാദം തെറ്റാണ്; അല്ലാഹു അങ്ങനെ വിധിച്ചിട്ടില്ല. എന്നു ഞാൻ തെളിയിക്കുകയും തെറ്റുതിരുത്താൻ അവരെ ഉപദേശിക്കുകയും ചെയ്തു. ഇതുമൂലം ഞാൻ കേൾക്കേണ്ടിവന്ന ദ്രോഹങ്ങളും ചില്ലറയൊന്നുമല്ല. അവർ എന്നോട് കാണിക്കുന്ന ശത്രുത അല്ലാഹു ഏറ്റെടുക്കുന്നതാകുന്നു. അങ്ങനെ അവൻ വേണ്ടനടപടി എടുക്കുന്നതുമാകുന്നു. തിരക്കുകൂട്ടുകയില്ല. സാവധനത കണ്ടിട്ട് ആരും തെറ്റിദ്ധരിക്കണ്ട. പരസ്പരം തെറ്റു തിരുത്താത്ത കാരണത്താൽ ഇസ്രാഈല്യരിൽ ഒരു വിഭാഗത്തെ അല്ലാഹു ശപിച്ചവിവരം ഖുർആനിൽ പ്രഖ്യാപിച്ചിരിക്കുന്നു. ആ സ്ഥിതിക്ക് തെറ്റു ചൂണ്ടിക്കാണിച്ചവനോട് ശത്രുതകാണിക്കുന്നവർ എത്രത്തോളം ശപിക്കപ്പെട്ടവരായിരിക്കും!

## വാക്കും പ്രവൃത്തിയും

അല്ലാഹുവിന്റെ കോപത്തിനുകാരണമായ മറ്റൊരു വിഷയം

അല്ലാഹു പറയുന്നു:

" വിശ്വസിച്ചവരെ, നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയല്ലന്നതെന്തിന് ? നിങ്ങൾ ചെയ്യാത്തത് പറയൽ അല്ലാഹുവിന്റെ അടുക്കൽ കഠിന കോപമായി തീർരിക്കുന്നു. (സ്വഫ് 2, 3)

നബി ﷺ യുടെ സ്വഹാബികൾ ശത്രുക്കളുടെ ഉപദ്രവം സഹിച്ച് വിഷമിച്ചു കഴിഞ്ഞിരുന്ന കാലത്ത് ആദ്യമാദ്യം അവരോട് "കൈ അടക്കി വെക്കുക" എന്നാണ് പറഞ്ഞിരുന്നത് . പ്രതികാരംചെയ്യാൻ അനുവാദമില്ലായിരുന്നു. പൊറുതിമുട്ടിയപ്പോൾ പ്രതികാരം ചെയ്യുവാൻ അവർ സമ്മതം ചോദിച്ചുകൊണ്ടിരുന്നു. അങ്ങിനെ ആദ്യം അനുവാദം കൊടുത്തു. പിന്നെ നിർബന്ധകൽപന വന്നു . അപ്പോൾ ചിലർ ചോരചിന്താതെ ഒപ്പിക്കുകയും വിഷയം വ്യക്തമായി വിവരിച്ചുകൊണ്ടുള്ള ഉപദേശം കൊണ്ട് മതിയാക്കുകയുമല്ലേ നല്ലത് എന്നാലോചിച്ച് യുദ്ധത്തിനിറങ്ങാൻ അൽപം മടിച്ചു. അതിനെ സംന്ധിച്ചാണ് പ്രസ്തുത ആയത്തിറങ്ങിയത്. അപ്പോൾ യുദ്ധത്തിനിറങ്ങാൻ സമ്മതം കിട്ടിയപ്പോൾ മടികാണിച്ച ഈ സ്വഭാവം അല്ലാഹുവിന് അതികഠിനമായ കോപമാണെന്ന് സാരം. ഇത് യുദ്ധത്തിന്റെ വിഷയത്തിൽ മാത്രമല്ല, മറ്റു വിഷയങ്ങൾക്കും ബാധകമായ രൂപത്തിൽ ഒരു പെതുവാചകത്തിലാണ് പറഞ്ഞത്. ഞാൻ മുസ്ലിമാണ് എന്ന് സ്വയം പറയാത്ത ഒരാളും നമ്മുടെ കൂട്ടത്തിലില്ല. നമ്മുടെ സമൂഹത്തിന്റെ ദുരവസ്ഥയാണെങ്കിൽ അതിദയനീയവുമണ്. നമ്മൾ കുറെ ആളുകൾ രാത്രിസമയത്ത് ഒരു വഴിക്കു നടന്നുപോകുകയാണെന്നു വെക്കുക. വീടുകൾകാണുന്നു, സംസാരം കേൾക്കുന്നു, താമസക്കാർ ഏതുമതക്കാരാണെന്നറിയുന്നില്ല. അങ്ങിനെയിരിക്കെ, ഒരു വീട്ടിൽനിന്നുകേട്ടു, "മുഹ്‌യിദ്ദീൻ

ദൈവമേ രക്ഷിക്കണേ" എന്ന്. അപ്പോൾ ആളുകൾ പറയും മുസ്‌ലിമിന്റെ വീടാണതെന്ന് . അതിനുള്ള തെളിവ് ഈ കേട്ടതുമാത്രമാണ്. "ദൈവമേ രക്ഷിക്കണേ" എന്നു കേട്ടാൽ കാഫിറിന്റെ വീടാണെന്നും ആളുകൾ പറയും. എന്തൊരു പുതുമ! ഇതുപോലെ എന്തെല്ലാം കാര്യങ്ങളുണ്ട് ? മുസ്‌ലിമാണെന്നും അഹ്‌ലുസ്സുന്നത്തിവൽ ജമാഅത്താണെന്നും മുജാഹിദാണെന്നും വാതോരാതെ പറയും. എന്നാൽ യഥാർത്ഥനിലയോ? വളരെ അന്തരം. ഇത് അല്ലാഹു അതികഠിനമായി വെറുക്കുന്ന വിഷയമാകുന്നു. അതുപോലെ എന്തെങ്കിലും വാഗ്ദത്തം ചെയ്യുകയും എന്നിട്ടത് നിറവേറ്റാതിരിക്കുകയും ചെയ്യൽ അല്ലാഹുവിന് കഠിനവെറുപ്പാകുന്നു. ഒരു കാര്യം ഹറാമാണെന്നു പറയുകയും പിന്നെ അതു പ്രവർത്തിക്കുകയും ചെയ്യലും അപ്രകാരം തന്നെ. അനിസ്ലാമിക ഗവൺമെന്റിന്റെ നിയമങ്ങൾ അനുസരിക്കൽ ശരിയായ ഇബാദത്താണെന്നും അത് ബിംബാരാധന പോലെ ശിർക്കും കുഫ്‌റുമാണെന്നും ജമാഅത്തെ ഇസ്‌ലാമി ശക്തിയായി വാദിച്ചു. എന്നിട്ടു യാതൊരു കൂസലും കൂടാതെ നിത്യേന ആ ശിർക്ക് ചെയ്തുകൊണ്ടിരിക്കുന്നു. ഇതും അല്ലാഹു കഠിനമായി വെറുക്കുന്ന കാര്യമാകുന്നു. ഫാത്തിഹ സൂറത്തിലെ പ്രസ്തുത വാചകം ഉൾക്കൊള്ളുന്ന ഒരു വിഷയം ഇതാണ്. "അല്ലാഹുവേ , നിന്റെ കഠിന കോപത്തിനുകാരണമായ, ചെയ്യാത്തതു പറയുക എന്ന മഹാകുറ്റം ഞങ്ങളിൽ വരാതെ കാക്കണേ".

## സത്യം മറച്ചുവെക്കുക

അല്ലാഹുവിന്റെ കോപത്തിന് കാരണമായ കാര്യങ്ങൾ രണ്ടെണ്ണം പറഞ്ഞു. ഇനി മറ്റൊന്ന് പ്രവാചകന്മാർക്ക് അല്ലാഹുനൽകിയ സന്ദേശം മുഖേന സ്ഥിരപ്പെട്ട സത്യം മറച്ചുവെക്കൽ അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കാരണമാകുന്നു. അത് അനിവാര്യവും സ്വാഭാവികവുമാകുന്നു. യാത്രക്കാർക്കുവഴികാണുവാൻവേണ്ടി അപകടംപിടിച്ച ഒരു സ്ഥലത്ത് സ്ഥാപിക്കപ്പെട്ട വിളക്കിന്റെ വെളിച്ചം ജനങ്ങൾക്കുപകാരപ്പെടാത്ത വണ്ണം ആരെങ്കിലും മറച്ചുകളഞ്ഞാൻ അതെത്ര വലിയ ദ്രോഹമാണ്. അവനെ ആരെങ്കിലും വെറുതെ വിടുമോ? പ്രത്യേകിച്ച് ആ വിളക്കുസ്ഥാപിച്ച ആൾ ആ പരമദ്രോഹിയോട് എന്തുനയമായിരിക്കും കൈക്കൊള്ളുക ? അതുപോലെ ഒരു പട്ടണത്തിലെ വെള്ളം ചീത്തയായതു കൊണ്ടോ ആവശ്യം പോലെ വെള്ളം കിട്ടാത്തതുകൊണ്ടോ ശുദ്ധജലവിതരണത്തിനു വേണ്ടി പൈപ്പ്‌ലൈൻ ഏർപ്പെടുത്തുന്നു. എന്നാൽ പൈപ്പിൽ കൂടി വെള്ളം വരുന്നത് ആരെങ്കിലും തടസ്സപ്പെടുത്തിയാൽ അവനെത്ര വിലിയ ദ്രോഹിയാണ്! ആരാണ് അവനെ ശപിക്കാതിരിക്കുക! ജീവികൾക്ക് ചൈതന്യം നൽകുന്ന വെള്ളവും പ്രകാശം നൽകുന്ന വിളക്കും പ്രവാചകന്മാർക്കു അല്ലാഹു അവതരിപ്പിച്ച വേദസത്യത്തിന് ഉപമാനങ്ങ

ളാകുന്നു പരിശുദ്ധ ഖുർആനിൽ അനേകം സ്ഥലത്ത് ഈ രണ്ടു ഉപ മയും വിവരിച്ചിട്ടുണ്ട്. അപ്പോൾ വേദസത്യം മറച്ചുവെക്കുന്നത് മൂലം അല്ലാഹു കോപിക്കുകയും ശപിക്കുകുയും ചെയ്യുമെന്നുള്ളത് മനസ്സിലാ ക്കാൻ യാതൊരു പ്രയാസവുമില്ല. അതിന്റെ സ്വാഭാവികതയും അനിവാ ര്യതയും വ്യക്തമാണ്. അല്ലാഹുപറയുന്നു:

"നിശ്ചയമായും വ്യക്തമായ തെളിവുകളും മാർഗ്ഗദർശനവുമായി നാം അവതരിപ്പിച്ചിട്ടുള്ളത് ജനങ്ങൾക്കു വേണ്ടി നാം ഗ്രന്ഥത്തിൽ വിവ രിച്ചുകൊടുത്തതിനു ശേഷം മറച്ചു വെക്കുന്നതാരോ അവരെ അല്ലാഹു ശപിക്കുന്നതാകുന്നു. ശപിക്കുന്നവരും അവരെ ശപിക്കുന്നതാകന്നു." (ബഖറ 159) അതായത് അവർ എല്ലാവരുടേയും ശാപത്തിന് അവകാശി കളാണ് എന്നുസാരം. സത്യം മറച്ചുവെക്കുന്നതുമൂലം ഭൗതികമായ യാതൊരു നേട്ടവും ലക്ഷ്യമാക്കാതിരുന്നാലുള്ള അവസ്ഥയാണ് ഈ പറ ഞ്ഞത്. എന്നാൽ അങ്ങിനെ വല്ലതും ആശിച്ചാലുള്ള സ്ഥിതി മറ്റൊരു ആയത്തിൽ അല്ലാഹു പറയുന്നു:

"നിശ്ചയമായും അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥത്തെ (അതിലെ വിജ്ഞാനത്തെ ) മറച്ചുവെക്കുന്നതാരോ അവർ അഗ്നിതന്നെയാന്ന് തങ്ങ ളുടെ വയറുകളിൽ തിന്നുനിറക്കുന്നത് പുനരുത്ഥാനദിവസം അല്ലാഹു അവരോട് ഉരിയാടുകയില്ല, അല്ലാഹു അവരെ നന്നാക്കുകയില്ല. അവർക്കു വേദനാജനകമായ ശിക്ഷയുണ്ട്. സന്മാർഗത്തിനുപകരം ദുർമ്മാർഗവും പാപമോചനത്തിനുപകരം ശിക്ഷയും വിലക്കുവാങ്ങിയവരാണവർ. അവർക്ക് നരകത്തിൽ സഹിക്കാൻ കഴിയുന്നതെങ്ങിനെ" (ബഖറ 174, 175) യഹൂദികളെ ശപിക്കുവാനുണ്ടായ കാരണങ്ങൾ പരിശുദ്ധ ഖുർ ആനിൽ വിവരിച്ചകൂട്ടത്തിൽ പ്രധനമായ ഒന്ന് ഇതുതന്നെയാണ്. അല്ലാഹു അവതരിപ്പിച്ച സത്യം അവരുടെ തന്നിഷ്ടങ്ങൾക്കും ഭൗതികമായ ആവ ശ്യങ്ങൾക്കും എതിരായുള്ള വേദവിജ്ഞാനം അവർ മറച്ചുവെച്ചു. ഈ കാരണത്താൽ അല്ലാഹു അവരോട് കോപിക്കുകയും അവരെ ശപിക്കു കയും ചെയ്തു എന്നുപറയുമ്പോൾ ഇത് ആരിൽനിന്നുണ്ടായാലും അല്ലാ ഹുവിന്റെ കോപം ഏൽക്കുമെന്ന് തീർച്ചയായും നാം മനസ്സിലാക്കണം. കാരണം, അല്ലാഹുവിന്റെ നിയമനടപടികളിൽ പക്ഷഭേദമില്ല.

നമ്മുടെ സമുദായത്തിന്റെ ദുരവസ്ഥ മറ്റുവിഷയങ്ങ ളിലെന്നപോലെ ഇതിലും അതിഭയങ്കരമായിരിക്കുന്നു. സമുദായം പല കക്ഷികളായി പിരിഞ്ഞു. ഓരോ കക്ഷിയും പ്രത്യേകം പ്രത്യേകം ആദർശം സ്വീകരിച്ചു. അതിനെതിരായുള്ള വേദസത്യമെല്ലാം മറച്ചുവെ ച്ചു. ഓരോരുത്തരും തങ്ങളുടേതു മാത്രമാണ് സത്യവും നേർമാർഗവു

മെന്ന് അവകാശപ്പെട്ടു. മറ്റു കക്ഷികളെല്ലാം വഴിപിഴച്ചവരാണെന്നുറപ്പിച്ചു.

ഈ പരിതസ്ഥിതിയിൽ സത്യാന്വേഷിയായ ഒരാൾ എന്തുചെയ്യണമെന്ന് ചോദിക്കപ്പെടുന്നു? ഈ ചോദ്യത്തിനുത്തരം:- "ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുക " എന്ന് പറയുന്ന എല്ലാവരും എന്തോ വ്യതിയാനം സംഭവിച്ചവരും പ്രത്യേക താൽപര്യമുള്ളവരും ആണെന്നാണനുഭവം. ഖുർആനിൽനിന്നും ഹദീസിൽനിന്നും കിട്ടാത്ത പ്രത്യേകം ചിലത് അവർക്കുണ്ട്. അവരുടെ പ്രസിദ്ധീകരണങ്ങളിൽ മാത്രമേ അതു കാണുകയുള്ളൂ. അതുകൊണ്ടാണ് "ഞങ്ങളുടെ സാഹിത്യം വായിക്കുക " എന്നു പറയുന്നത്. സ്വന്തം നിലക്കുള്ള പ്രത്യേകാദർശങ്ങൾ ഒന്നുമില്ലായിരുന്നുവെങ്കിൽ അങ്ങിനെ പറയേണ്ടതില്ല. ഖുർആനും ഹദീസും പഠിക്കുകയെന്നേ പറയേണ്ടതുള്ളൂ, അതിനാൽ "ഞങ്ങളുടെ സാഹിത്യം വായിക്കുക" എന്നു പറയുന്നവരെയൊന്നും വിശ്വസിക്കരുത്. "ഖുർആനും ഹദീസും പഠിക്കുക" എന്നുപറയുന്നവരെ മാത്രമേ വിശ്വസിക്കാവൂ. അവരുമായി മാത്രമേ സഹവസിക്കാവൂ. അവർക്ക് യാതൊരു സ്വാർത്ഥതാൽപര്യവും ഉണ്ടായിരിക്കുകയില്ല. അവർ നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരാകുന്നു. എന്നാൽ ഖുർആനും സുന്നത്തും സ്വീകരിക്കണമെന്ന് കാപട്യത്തോടെ പറയുകയും സ്വന്തം ആശയങ്ങൾ അതിന്റെ മറവിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നവരെ പ്രത്യേകം കരുതിയിരിക്കുക. തങ്ങളുടെ സാഹിത്യം വായിക്കുവാൻ ഉപദേശിക്കുന്നവർ ദുർമ്മാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരാകുന്നു.

## നാല്: പലിശ

അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കാരണമായ ഒരു പ്രധാന വിഷയമാണ് പലിശ ഇടപാട്. പരിശുദ്ധഖുർആനും സ്വഹീഹായ ഹദീസും അതു വളരെ ശക്തമായി തെളിയിച്ചിരിക്കുന്നു. പലിശ ഇടപാടുകളിൽ നിന്ന് വിരമിക്കാത്തവരോട് അല്ലാഹു യുദ്ധം പ്രാഖ്യപിച്ചിരിക്കുന്നു. എന്നാൽ ഈ വിഷയിത്തിൽ ആളുകളുടെ നില അങ്ങേയറ്റം ദുഷിച്ചിരിക്കുന്നു. നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായവയിൽ നിഷ്ടപാലിക്കുന്നവർ പലിശ വാങ്ങാൻ മടിക്കുന്നില്ല. വാങ്ങിയ പലിശയിൽ നിന്ന് അഗതികൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും അൽപം നുള്ളിക്കൊടുത്താൽമതി എന്ന മട്ടാണ്. അതു കൂടാതെ ഒരു കച്ചവടമോ ബിസിനസ്സോ നടത്താൻ കഴിയുകയില്ലെന്ന് പരക്കെ പറയപ്പെടുന്നു. ഈ പ്രചാരവേലയാണ് ഏറ്റവും വലിയ അപകടം.

## അഞ്ച്: സ്വവർഗ്ഗ ഭോഗം

അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കാരണമായ മറ്റൊരു വിഷയമാണ് സ്വവർഗ്ഗഭോഗം. ലൈംഗികവികാരത്താൽ നിങ്ങൾ ആണുങ്ങളെ സമീപിക്കുന്നുവോ? (നംല്-55) ഈ ദുർവൃത്തിയിൽ ഏർപ്പെട്ട ഒരു

സമൂഹത്തെ താക്കീതുചെയ്യുവാനായി പ്രത്യേകം പ്രവാചകനെ അല്ലാഹു അയക്കുകും അവർ ധിക്കരിച്ചപ്പോൾ കഠിനമായി ശിക്ഷിച്ച് നശിപ്പിക്കുകയും ചെയ്ത വിവരം ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ആ ജനത ചെയ്തത് വളരെ മോശപ്പെട്ടതും കടുപ്പമേറിയതുമായ രൂപത്തിലാണെന്നും ഞങ്ങൾ ചെയ്യുന്നത് അത്രമോശപ്പെട്ടരീതിയിലല്ലെന്നും താന്തോന്നികളായ തെമ്മാടികൾ ജൽപിക്കുന്നതുകേൾക്കാം. ഈ ലാഘവബുദ്ധി വളരെ അപകടമാണ്. ഏതൊരു കുറ്റക്കാരനും തന്റെ കുറ്റത്തെ വലുതായിക്കാണുകയാണ് വേണ്ടത്. നിസ്സാരമായി കണക്കാക്കായാൽ അതായിരിക്കും അല്ലാഹുവിന്റെ അടുക്കൽ ഗുരുതരം. അതുചെയ്യുന്നതിനേക്കാൾ വലുതു ആ മന:സ്ഥിതിയായിരിക്കും. പരിശുദ്ധഖുർആനിൽ ഈ വിഷയത്തെപറ്റി പറഞ്ഞത്, "ലൈഗിക വികാരത്താൽ ആണുങ്ങളെ സമീപിക്കുക" എന്നുമാത്രമാണ്. ഇന്നനിലയിൽ ഇന്നേടത്ത് പ്രയോഗിക്കുക എന്നില്ല. ഏതു നിലയിലുള്ള സമീപനത്തിനും ഇതു ബാധകമാണ്.

## ആറ് - അളവും തൂക്കവും

അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കാരണമെന്ന് ഖുർആൻ കൊണ്ടും ഹദീസുകൊണ്ടും തെളിഞ്ഞിട്ടുള്ള മറ്റൊരു വിഷയമാണ് അളവിലും തൂക്കത്തിലും വ്യത്യാസം ചെയ്യൽ. വാങ്ങുമ്പോൾ തികച്ചും വാങ്ങുകയും കൊടുക്കുമ്പോൾ കുറവു വരുത്തുകയും ചെയ്യുന്ന ഇരട്ടത്താപ്പുനയം. ആ സ്ഥിതിക്ക് വാങ്ങുമ്പോൾ അധികം വാങ്ങുക കൂടി ചെയ്താൽ എങ്ങിനെയിരിക്കും! മായം ചേർക്കലും ഇതുപോലെതന്നെ അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്നു.

## ഏഴ്-ചീത്ത കൂട്ടുകാർ

അല്ലാഹുവിന്റെ കോപത്തിനുകാരണമായ മറ്റൊരു വിഷയം അല്ലാഹുവിന്റെ ശത്രുക്കളെ മാത്രങ്ങളായി സ്വീകരിക്കൽ, ഇത് അല്ലാഹു കഠിനമായി വിരോധിച്ച കാര്യമാകുന്നു. എന്നുമാത്രമല്ല ആകാരണത്താൽ അവരും അല്ലാഹുവിന്റെ ശത്രുക്കളായിത്തീരുന്നതും അവർ അല്ലാഹുവിന്റെ കോപത്തിന് പാത്രമായിത്തീരുന്നതുമാകുന്നു. ശത്രുവിന്റെ മിത്രം ശത്രു എന്നുള്ളത് സ്വാഭാവികമാണല്ലോ. ഇതിനെ സംബന്ധിച്ച് ഖുർആനിൽ വളരെയധികം വന്നിട്ടുണ്ട്.

"സത്യവിശ്വാസികളായിട്ടുള്ളവരേ, എന്റെശത്രുക്കളും നിങ്ങളുടെ ശത്രുക്കളുമായിട്ടുള്ളവരെ, അവരോടു സ്നേഹം പുലർത്തിക്കൊണ്ട് നിങ്ങൾ മിത്രങ്ങളാക്കരുത്." (മുംതഹിന 1) അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ജനതയെ, അല്ലാഹുവിനോടും അവന്റെ ദൂതനോടും മത്സരിച്ചവരോട് സ്നേഹം കാണിക്കുന്നവരായി നീ കാണുകയി

ല്ല. അവർ സ്വന്തം പിതാക്കളോ മക്കളോ സഹോദരങ്ങളോ കുടുംബങ്ങളോ ആയിരുന്നാലും ശരി -(മുജാദല-22)

"സത്യവിശ്വാസികൾ സത്യവിശ്വാസികളെവിട്ട് അവിശ്വാസികളെ മിത്രങ്ങളാക്കരുത്. അതു ആരെങ്കിലും ചെയ്യുന്ന പക്ഷം അവൻ അല്ലാഹുവുമായി യാതൊരു ബന്ധവുമില്ലാത്തവനാകും. എന്നാൽ അവരെ സംബന്ധിച്ച് നിങ്ങൾ ഒരു തരം സൂക്ഷ്മത കൈക്കൊള്ളുക എന്നതിന്ന് വിരോധമില്ല. അല്ലാഹുവെ സൂക്ഷിച്ചു കൊള്ളണമെന്ന് അവൻ നിങ്ങളെതാക്കീതു ചെയ്യുന്നു. മടക്കം അല്ലാഹുവിങ്കലേക്കുതന്നെയാകുന്നു. (ആലുഇംറാൻ-28)

എന്നാൽ അവിശ്വാസിയായിട്ടുള്ള യാതൊരുത്തനോടും യാതൊരുബന്ധവും സഹകരണവും പാടില്ല എന്നു ധരിക്കരുത്. അബൂത്വാലിബും അബൂജഹ്ലും അതുപോലെ ഗാന്ധിയും അദ്ദേഹത്തെ വെടിവെച്ചുകൊന്ന ഗോഡ്സെയും എല്ലാവരും ഒരുപോലെയല്ലല്ലോ. അല്ലാഹുപറയുന്നതു കാണുക.

"മതത്തിന്റെ പേരിൽ നിങ്ങളോടു യുദ്ധം ചെയ്യുകയോ നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയോ ചെയ്യാത്തവരെപ്പറ്റി, അവർക്കു ഗുണംചെയ്തുകൊടുക്കുന്നതും അവരോട് നീതിപാലിക്കുന്നതും അല്ലാഹു നിങ്ങളോട് വിലക്കുന്നില്ല. നീതി പാലിക്കുന്നവരെ നിശ്ചയമായും അല്ലാഹു സ്നേഹിക്കുന്നു. മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കാൻ സഹായിക്കുകയും ചെയ്തവരെപ്പറ്റിയാണ്, അവരോടു നിങ്ങൾ മൈത്രി കാണിക്കുന്നതിനെ അല്ലാഹു വിരോധിക്കുന്നത്. ആരെങ്കിലും അവരോട് മൈത്രി കാണിക്കുന്നപക്ഷം അവർ തന്നെയാണ് അക്രമികൾ (മുംതഹിന: 8,9)

ചുരുക്കത്തിൽ എല്ലാകാഫിറുകളും ഒരുപോലെയല്ല. നമ്മൾ അല്ലാഹുവിനെ ആരാധിക്കുകയും പ്രവാചകനെ പിന്തുടർന്ന് ജീവിക്കുകയം ചെയ്യുന്നു എന്നകാരണത്താൽ നമ്മെ വെറുക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നവർ ആരായാലും ശരി അവരോട് നമുക്ക് മൈത്രി പാടില്ല. അതുപോലെതന്നെ മുസ്ലിം സമുദായത്തിന്റെ താൽപര്യത്തിന് ഹാനികരമാകത്തക്ക നിലയിൽ അമുസ്ലിംകളുമായി ബന്ധം പുലർത്തുവാനും പാടില്ല. അതുപോലെതന്നെ ഒരു മുസ്ലിമും ഒരു കാഫിറും തമ്മിൽ എതിരായിത്തീരുകയും സത്യവും നീതിയും മുസ്ലിമിന്റെ ഭാഗത്താണെന്നു കാണുകയും ചെയ്താൽ പിന്നെ യാതൊരു കാരണവശാലും കാഫിനെ സഹായിക്കാൻ പാടില്ല. എന്നാൽ സത്യവും നീതിയും കാഫിറിന്റെ ഭാഗത്താണെങ്കിൽ മുസ്ലിമിനെ സഹായിക്കുവാനും പാടുള്ളതല്ല. ഇവിടെ

വളരെ ശ്രദ്ധേയമായ ഒരു കാര്യം പറയുവാനുണ്ട്. മാല, മൗലൂദ്, റാത്തീബ്, ഇസ്തിഗാസ, നേർച്ച മുതലായ ശിർക്കിന്റെ നടപടികളും നിലവിലുള്ള ബിദ്അത്തുകളും നമ്മൾ ഉപേക്ഷിക്കുന്നു എന്നുള്ള ഏക കാരണത്താൽ സമുദായത്തിൽ നിന്നുള്ള വലിയൊരു വിഭാഗം നമ്മെ വെറുക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇതു കുടുംബ കലഹമോ, രാഷ്ട്രീയവഴക്കോ ഒന്നുമല്ല. അബൂജഹ്ൽ മുതലായവർ പ്രവാചകരോട് കാണിച്ചിരുന്ന ശത്രുതയുടെ മാതൃകയിൽതന്നെയാണിത്. അവരോടൊപ്പം നേർച്ചയിൽ പങ്കെടുക്കുകയോ മുഹ്‌യിദ്ദീൻശൈഖേ രക്ഷിക്കണേ എന്നു വിളിച്ചുതേടുകയോ ചെയ്താൽ എല്ലാവിരോധവും തീർന്നു. അവർക്ക് നമ്മളോട് സ്നേഹമായി. ഈ നിലക്കു നമ്മൾ എന്തുവേണം? ഇതൊരു ചിന്താവിഷയമാണ്. ഇസ്‌ലാമിന്റെ മാനദണ്ഡം കുടുബമോ പേരോ അല്ല. ആദർശവും നടപടിയുമാണ് . അപ്പോൾ ഇവരും മുജാഹിദുകളും തമ്മിൽ മത്സരിക്കുന്ന വിഷയത്തിൽ മുജാഹിദുകൾക്ക് എതിരായി ഇവരോട് ചായ്‌വ് കാണിക്കൽ ഒരിക്കലും പാടില്ലാത്തതാകുന്നു. മുജാഹിദുകൾക്ക് എതിരില്ലാത്ത വിധത്തിൽ ഇവരുമായി ബന്ധം പുലർത്തുകയും ഇവരെ സഹായിക്കുകയും ചെയ്യുന്നതിന് യാതൊരു വിരോധവുമില്ല എന്നു മാത്രമല്ല നയപരമായി ഇവരുമായി ഇടപട്ട് യഥാർത്ഥ തൗഹീദിലേക്ക് ഇവരെ ആകർഷിക്കുവാൻ പരിശ്രമിക്കേണ്ടതുമാകുന്നു. എന്നാൽ അതിനുവേണ്ടി ശിർക്കൻ ആചാരങ്ങളിലും ബിദ്അത്തുകളിലും ഒരിക്കലും സഹകരിക്കരുത്.

അല്ലാഹുവിനെ മുൻനിറുത്തി സ്നഹിക്കുകയും അല്ലാഹുവിനെ മുൻനിറുത്തി വെറുക്കുകയും ചെയ്യൽ ഈമാനിന്റെ അനിവാഹര്യമായ ഉപാധിയാകുന്നു. അതെങ്ങനെയെന്നാൽ അല്ലാഹുവിന് സ്നേഹപ്പെട്ടവരാണ് എന്നുള്ള കാരണത്താൽ സ്നേഹിക്കുക. ഇബ്രാഹീം നബി عليه السلام യോടു നമുക്കു സ്നേഹം തോന്നുണ്ടല്ലോ ഇതുപോലെ. അതേ അവസരത്തിൽ നംറൂദിനോടും ഫിർഔനോടും നമുക്കു വിരോധമുണ്ടല്ലോ. അതിന്റെ കാരണം അവർ അല്ലാഹുവിന്റെ വിരോധികളാണെന്നുള്ളതാണ്. നേരേമറിച്ച് നമുക്ക് അവരോട് സ്നേഹം തോന്നുന്ന പക്ഷം നാം അല്ലാഹുവിന്റെ ശത്രുക്കളായിത്തീരുന്നതാകുന്നു. ഇന്ന് ഇബ്രാഹീം നബിയുടെ താവഴിക്കാർ വളരെ അപൂർവ്വമായും മറുഭാഗക്കാർ വളരെ ധാരാളമായും കാണപ്പെടുന്നു. അതിനാൽ നാം ആരോടാണ് സ്നേഹം കാട്ടുന്നതെന്ന് വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

അബൂലഹബിനേയും ഭാര്യയേയും അസാധാരണമായി ശപിക്കുന്ന ഒരു സൂറത്തുണ്ടല്ലോ. ഒരിക്കൽ മക്കത്തുവെച്ച് മഗ്‌രിബ് നമസ്ക്കാരത്തിൽ ഇമാം ഈ സൂറത്തോതുന്നത് ഞാൻ കേട്ടു അപ്പോൾ എന്റെ മനസ്സ് അവരിരുവരും നബി ﷺ യെ ഉപദ്രവിച്ചുകൊണ്ടിരുന്ന ആ കാലഘ

ട്ടത്തിലേക്കുനീങ്ങി. ഖുറൈശി കുടുബത്തിലെ കാരണവന്മാരിപ്പെട്ട ഒരു പ്രധാനി. അദ്ദേഹത്തിനു ശിങ്കിടിയിൽ പാടുന്ന ധരാളം ആളുകൾ. അവരുടെയിടയിൽ പതുങ്ങി ഒതുങ്ങി പ്രവാചകൻ കഴിഞ്ഞുകൂടുന്നു. മൂത്താപ്പയെ സംബന്ധിച്ചു ഇറങ്ങിയ ഈ സൂറത്ത് പരസ്യം ചെയ്യുവാൻ നബി ﷺ ഒട്ടും മടിച്ചില്ല. മുസ്‌ലീകൾ ഈ സൂറത്ത് ഓതി പുണ്യം സമ്പാദിച്ചു കൊണ്ടിരിക്കുന്നു. അബൂലഹബിനോട് അനുഭാവം കാണിക്കുവാൻ ഒരു മനുഷ്യനുമില്ല. ഇങ്ങിനെ ഞാൻ വളരെ ചിന്തിച്ചു. അവസാനം എന്റെ മനസ്സിൽ ഒരു ചോദ്യം ഉദിച്ചു അബൂലഹബിന്റെ മക്കളാരെങ്കിലും ഇസ്‌ലാം മതം വിശ്വസിച്ചിട്ടുണ്ടോ? ഉണ്ടങ്കിൽ ഈസൂറത്തോതുമ്പോൾ അവരുടെ മന:സ്ഥിതി എന്തായിരിക്കും! വല്ല പ്രതിഷേധവും തോന്നുന്ന പക്ഷം ഇസ്‌ലാമിൽ നിന്ന് പുറത്തായിപ്പോകും. ഇല്ലെങ്കിൽ എത്രമഹത്തായ ആദർശദൃഢത എത്രത്തോളം സ്ഫുടീകരിക്കപ്പെട്ട ആത്മാർത്ഥത ! അങ്ങിനെ ഞാൻ കിതാബുകൾ പരതി. ഉത്ബത്ത് എന്നും മുഅ്തിബ് എന്നും പേരായ രണ്ടു മക്കൾ വിശ്വസിച്ചിട്ടുണ്ട്. ഇവരുടെ കാര്യത്തെപ്പറ്റി ഞാൻ വളരെചിന്തിച്ചു. അതിനേക്കാൾ കൂടുതലായി നബി ﷺ യെപ്പറ്റി ചിന്തിച്ചു. കാരുണ്യമൂർത്തിയായ അദ്ദേഹത്തിന് യാതൊരു മന: പ്രയാസവും ഉണ്ടായില്ലല്ലോ. അഥവ ഭംഗിയായ സഹനം അവലംബിച്ചുവല്ലേ. കാരണം ഇത് ആദർശത്തിന്റെ കാര്യമാണ്. കുടുംബകാര്യമല്ല.

ചുരുക്കത്തിൽ അല്ലാഹുവിന്റെ ശത്രുക്കളോട് സ്നേഹം പുലർത്തൽ അല്ലാഹുവിന്റെ കഠിനമായ കോപത്തിനും കഠിനശിക്ഷക്കും കാരണമാകുന്നു. ഈ വിഷയകമായി ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഒരു ഉദാഹരണം കൂടികാണുക:

"സത്യവിശ്വാസികളായിട്ടുള്ളവരേ, നിങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും, അവർ സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ ഇഷ്ടപ്പെടുന്നപക്ഷം നിങ്ങൾ മിത്രങ്ങളാക്കരുത് നിങ്ങളിൽ ആരെങ്കിലും മിത്രങ്ങളാക്കുന്ന പക്ഷം പക്ഷം അവർ തന്നെയാണ് അക്രമികൾ. പറയുക- നിങ്ങളുടെ മാതാപിതാക്കൾ പുത്രന്മാർ, സഹോദരങ്ങൾ, ഇണകൾ, കുടുംബങ്ങൾ എന്നിവരും, നിങ്ങൾ സമ്പാദിച്ച മുതലുകൾ, ചിലവാകാതെ മുങ്ങിപ്പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടച്ചരക്കുകൾ, നിങ്ങൾക്കു പ്രിയങ്കരമായ ഭവനങ്ങൾ എന്നിവയും അല്ലാഹുവിനേക്കാളും അവന്റെ പ്രവാചകനേക്കാളും അവന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നതിനേക്കാളും നിങ്ങൾക്കധികം ഇഷ്ടപ്പെട്ടവയായിട്ടുണ്ടെങ്കിൽ അല്ലാഹു അവന്റെ കൽപന അയക്കുന്നതുവരെ നിങ്ങൾ കാത്തിരുന്നു കൊള്ളുക. താന്തോന്നികളായ ജനങ്ങളെ അല്ലാഹു ഒരിക്കലും നേർവഴിയിലാക്കുന്നതല്ല (തൗബ 23, 24 )

അല്ലാഹുവിന്റെ കോപത്തിനു കാരണമെന്ന് ഖുർആൻതെളിയിച്ചുപറഞ്ഞ ഏതാനും കാര്യങ്ങൾ പറഞ്ഞു. എന്നാൽ കോപിക്കപ്പെട്ടവർ യഹൂദികളാണെന്നുമാത്രം പറഞ്ഞ് മതിയാക്കി, അതിലപ്പുറം യാതൊന്നും ചിന്തിക്കാതെ പോകലാണ് ആളുകളുടെ പതിവ്. അതൊരിക്കലും ശരിയല്ല. യഹൂദികളുടെ സ്വഭാവങ്ങൾ നമ്മളിൽ വരാതെയാക്കണേ എന്ന് പ്രാർത്ഥിക്കുന്ന സ്ഥിതിക്ക് കഴിയുന്നിടത്തോളം സൂക്ഷിക്കുവാൻ വേണ്ടി അതെന്തൊക്കെയാണെന്ന് അറിയൽ ആവശ്യമാകുന്നു. അതുകൊണ്ടു തന്നെയാണ് ഖുർആനിൽ ആവിഷയം അല്ലാഹു വിവരിച്ചത്. ഏതാനും ഉദാഹരണങ്ങൾ പറയുന്നു.

## പ്രാവർത്തികമാക്കാത്ത ഓത്ത്

അവരുടെ കൂട്ടത്തിൽ യാതൊരു വിവരവുമില്ലാത്തവരുണ്ട് ഗ്രന്ഥം അവർ അറിയുകയില്ല. ചില ഓതലുകൾ ഒഴികെ (അവർ ഒന്നും അറിയില്ല) അവർ കേവലം ഊഹിക്കുകയല്ലതെ യാതൊന്നുമില്ല. ചിന്തിച്ചില്ല. പുണ്യത്തിനുവേണ്ടി തൗറാത്ത് പാരായണം ചെയ്യും നിയമങ്ങളും തത്വങ്ങളും വിവരമില്ല. പരമ്പരാഗതമായി ലഭിച്ചത് അന്ധമായി വിശ്വസിച്ച് കഴിഞ്ഞുകൂടുന്നു എന്നുമാത്രം, സാധാരണക്കാരായ യഹൂദികളുടെ സ്വഭാവമാണിത്. മുസ്‌ലിം ബഹുജനങ്ങൾ പരിശുദ്ധ ഖുർആനെ സംബന്ധിച്ച് ഇതേ അവസ്ഥയിൽ തന്നെ ആയിത്തീർന്നിരിക്കുന്നു.

## വർഗീയത ഒഴിവാക്കുക

ഈ വചനത്തിൽ അമാനിയ്യ് എന്ന പദത്തിന് ഓതലുകൾ എന്ന അർത്ഥപ്രകരമാണ് മേൽവിവരണം കൊടുത്തത്. 'വ്യാമോഹങ്ങൾ' എന്നും ഇവിടെ അർത്ഥം പറഞ്ഞവരുണ്ട് . അപ്പോൾ ആയത്തിന്റെ സാരം ഇപ്രകാരമാണ്: അവരുടെ പക്കൽ തൗറാത്തിലെ നിയമങ്ങളും തത്വങ്ങളും ഒന്നുമില്ല. ചില വ്യാമോഹങ്ങൾ മാത്രമാണള്ളത്. ഞങ്ങൾ അല്ലാഹുവിന്റെ ഇഷ്ടക്കാരും പുത്രന്മാരുമാണ്. അല്ലാഹു ശുദ്ധമാക്കിവെച്ച ഒരു പ്രത്യേക വർഗ്ഗമാണ്, എന്തുചെയ്താലും ശാശ്വത നരകം ഞങ്ങൾക്കില്ല. ഏറിവന്നാൽ ഏതാനുംദിവസം മാത്രം നരകത്തിൽ പോയേക്കും , പിന്നെ സ്വർഗ്ഗത്തിലെത്തും എന്നൊക്കെ അവർ വ്യാമോഹിച്ചു. ഈ അർത്ഥവും വിശദീകരണവുമനുസരിച്ച് മുസ്‌ലിംകളുടെ അവസ്ഥ ഏതാണ്ട് ഇതു പോലെ തന്നെയായിത്തീർന്നിരിക്കുന്നു. തത്വദീക്ഷയില്ലാതെ സാമുദായികമായ അടിസ്ഥാനത്തിൽ അവർ ചിന്തിക്കുന്നു. പ്രവാചകശ്രേഷ്ഠനായ മുഹമ്മദുനബി ﷺ യുടെ ഉമ്മത്തായ നമ്മൾ മറ്റെല്ലാ സമുദായങ്ങളേക്കാളും ശ്രേഷ്ഠരാണെന്നും, യാതൊരു ശിക്ഷയുമില്ലെന്നും നമ്മൾ ഇനി എന്തൊക്കെ ചെയ്താലും അവസാനം എങ്ങിനെയെങ്കിലും സ്വർഗ്ഗത്തിൽ എത്തിപ്പെടുമെന്നും വ്യാമോഹിച്ചുകോണ്ടിരിക്കുന്നു. തങ്ങന്മാർ വർഗ്ഗീയ

അടിസ്ഥാനത്തിൽ ഒരു പ്രത്യേക നിലപാട് അവകാശപ്പെടുകയും സമൂഹം അത് വക വെച്ച് കൊടുക്കുകയും ചെയ്തിരിക്കുന്നു. എന്നുമാത്രമല്ല ശീആക്കൾ ഈ അംഗീകാരത്തെ അവരുടെ മതമായി കണക്കാക്കിയിരിക്കുന്നു. ജന്മനാതന്നെ തങ്ങന്മർക്ക് ഈ ഉന്നതനിലപാട് സ്വയം കിട്ടിക്കഴിഞ്ഞുവെന്നാണ് വാദം. ഇങ്ങിനെയുള്ള വർഗ്ഗീയ ചിന്താഗതി എല്ലാവിഭാഗങ്ങളിലും നിലനിന്നു വരുന്നതായി കാണുന്നു. 'കച്ചി ' ക്കാരുടെ കൂട്ടത്തിൽനിന്ന് ഒരു പെണ്ണിനെ 'മലബാരി' ക്കു കെട്ടിച്ചുകൊടുക്കയില്ല. തങ്ങൾ വർഗ്ഗത്തിൽ നിന്നൊരു പെണ്ണിനെ മലബാറിക്കു കെട്ടിച്ചുകൊടുക്കാത്തതു പോലെതന്നെ. റാവുത്തന്മാർ, പട്ടാണികൾ, ആലായികൾ മുതലായവരിലെല്ലാം ഇത്തരം ഉച്ചനീചത്വമനോഭാവങ്ങൾ നിലവിലുണ്ട് ഇതൊക്കെയും യഹൂദി മാതൃകകളാകുന്നു. ഇതിൽ നിന്നെല്ലാം ഞങ്ങളെ രക്ഷിക്കണേ എന്ന് ഫാത്തിഹ സൂറത്തിലെ പ്രസ്തുത വാചകത്തിലൂടെ പ്രാർത്ഥിക്കുവാൻ അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുകയാണ്.പക്ഷെ ആരാണിത് മനസ്സിലാക്കിയത് ? മനസ്സിലാക്കിയിട്ടെന്ത് കാര്യം ? ഒരു ഹരിജൻ ശരിക്ക് കാര്യം മനസ്സിലാക്കി ഇസ്ലാംമതം വിശ്വസിച്ചുവേണൽ അയാൾക്ക് എന്റെ മകളെ വിവാഹം ചെയ്തുകൊടുക്കാൻ ഞാൻ ഒരുങ്ങുന്ന പക്ഷം വിജയിക്കുമെന്ന് തേന്നുന്നില്ല. ഒരു കച്ചിക്കാരൻ അദ്ദേഹത്തിന്റെ മകളെ മലബാരിക്ക് കെട്ടിച്ചുകൊടുക്കാത്തതിനെപ്പറ്റി പിന്നെ ഞാനൊങ്ങിനെയാക്ഷേപിക്കും?. പക്ഷെ .മലബാരിക്കുവാഴുന്ന ഒരു കച്ചിക്കാരി മരിച്ചാൽ കച്ചിക്കാരുടെ ഖബർസ്ഥാനിൽ അടക്കാൻപാടില്ലെന്നുള്ളതിനെ എങ്ങിനെ ആക്ഷേപിക്കാതിരിക്കും? ഒരു കച്ചിക്കാന് വാഴുന്ന മലബാരിസ്ത്രീയെ കച്ചിക്കാരുടെ ഖബർസ്ഥാനിൽ അടക്കുന്നതിന് വിരോധിമില്ലതാനും. ഇതൊന്നും ഏതായാലും ശരിയല്ല. തനിച്ച യഹുദീമാതൃകയാണ്.

## 10 ദുർവ്യാഖ്യാനം

യഹൂദീ പെതുജനങ്ങളുടെ സ്ഥിതി (മതവിജ്ഞാനത്തിൽ) മേൽ പറഞ്ഞതാണെങ്കിൽ പണ്ഡിതന്മാരുടെ സ്ഥിതി അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കാരണമായമറ്റൊന്നാകുന്നു. വേദവാക്യങ്ങളിലും വ്യാഖ്യാനങ്ങളിലും നിയമങ്ങളിലും തത്വങ്ങളിലും അവർ യഥേഷ്ടം കൈകടത്തി. ഈ കുട്ടത്തിൽ വാചകങ്ങൾ മാറ്റുക എന്നതൊഴിച്ച് ബാക്കിയുള്ളതെല്ലാം മുസ്ലീം പണ്ഡിതന്മാരും അനുകരിച്ചു കഴിഞ്ഞു. ഈ സുന്നീമുസ്ലിയാക്കൾ വേദവാക്യങ്ങളിൽ മാറ്റം വരുത്താത്തത് അതിന് നിവൃത്തിയില്ലാത്തതുകൊണ്ടാണ് . ഇനി പ്രവാചകനെ അയക്കുകയോ വേദം അവതരിപ്പിക്കുകയോ ചെയ്യുന്നില്ലെന്നും, ഖർആൻ വാക്യങ്ങളിൽ മാറ്റം വരുത്താൻ സമ്മതിക്കുകയില്ലെന്നും അല്ലാഹു തീർച്ചപ്പെടുത്തിയതിനാൽ മാത്രമാണ് അതു ചെയ്യാത്താത്. അല്ലെങ്കിൽ ഈ മുസ്ലിയാക്കൾ

അത്യും ചെയ്യുമായിരുന്നു. അവർ അതിനൊന്നും മടിക്കുന്നവരല്ല. അതിന് ഒരു നിലയിലും നിവൃത്തിയില്ലെന്ന് കണ്ടപ്പോൾ അർത്ഥം മാറ്റുവാനാണ് പിശാചിന്റെ ഉപദേശപ്രകാരം അവർ തീരുമാനിച്ചത്. ഉദാഹരണം 'വസീലത്ത്' എന്ന വാക്ക് ഖുർആനിൽ രണ്ട് സ്ഥലത്ത് വന്നിട്ടുണ്ട്. ആ രണ്ട് സ്ഥലത്തും അവർ അർത്ഥം മാറ്റി. പുണ്യകർമ്മങ്ങൾ മുഖേനയുള്ള സാമീപ്യം എന്ന അർത്ഥമാണ് ശരിയായിട്ടുള്ളത്. മുസ്‌ലികൾ തള്ളിക്കളയുകയും 'ഇടയളന്മാർ' എന്ന് അർത്ഥമാക്കുകയും ചെയ്തു. അങ്ങനെ നമുക്ക് അല്ലാഹുവിന്റെ സാമീപ്യം തേടുന്നതിന് ഇടയാളന്മാരുടെ മദ്ധ്യസ്ഥത കൂടാതെ നിവൃത്തിയില്ലെന്നാക്കി. ശരിയായ ശിർക്കുതന്നെ. ഈ തരത്തിൽ ദുർവ്യാഖ്യാനം ചെയ്ത് ശിർക്കിനെ ഇസ്‌ലാമിൽ അവർ കടത്തിക്കൂട്ടി. ശരിയായ യഹൂദീമാതൃക.

ഇതുപോലെതന്നെ ജമാഅത്തെ ഇസ്ലാമി പണ്ഡിതന്മാർ "ലാഇലാഹഇല്ലല്ലാഹു" എന്ന പരിശുദ്ധവചനത്തിന്റെയും ഇയ്യാക്കനഅ്ബുദു പോലെ ഇബാദത്ത് അല്ലാഹുവിനുമാത്രം എന്നുതെളിയിക്കുന്ന നൂറുകണക്കിനുള്ള വേദവാക്യങ്ങളുടെയും വ്യാഖ്യാനങ്ങളിൽ, പ്രവാചകന്മാർ പഠിപ്പിച്ചതിനും മുസ്‌ലിം ലോകം ഇതുവരെ ഏകകണ്ഠമായി ആചരിച്ചുവരുന്നതിനുമെതിരായി അടിമവേല, അനുസരണം എന്നീ രണ്ടർത്ഥങ്ങൾ കുത്തിച്ചെലുത്തുകയും തൗഹീദിൽ അതുരണ്ടും സുപ്രധാനങ്ങളാണെന്ന് സിദ്ധാന്തിക്കുകയും ചെയ്യുന്നു. ഇതിൽ അടിമവേലയെക്കുറിച്ച് ഇയ്യാക്കനഅ്ബുദുവിന്റെ വിശദീകരത്തിൽ വിവരിച്ചുകഴിഞ്ഞു. അനുസരണം എന്നുള്ളതാകട്ടെ അത് ഇബാദത്തിന്റെ സാക്ഷാൽ അർത്ഥമല്ല. ആലങ്കാരിക പ്രയോഗത്തിൽ ഖുർആനിൽ ഒരു സ്ഥലത്ത് ചിലമുഫസ്സിറുകൾ ആ അർത്ഥം പറഞ്ഞിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. അതിനെ അടിസ്ഥാനപ്പെടുത്തി എല്ലായിടത്തും ആ അർത്ഥം കണക്കിലെടുക്കണമെന്ന് വെച്ചത് മഹാതെറ്റാകുന്നു. ഈ കേന്ദ്രബിന്ദുവിൽനിന്ന് ഉത്ഭവിച്ച ശാഖകളും ശാഖോപശാഖകളുമായ വിഷയങ്ങൾ പലതുമുണ്ട്. മർമ്മപ്രധാനമായ ഈ തെറ്റിനെ ന്യായീകരിക്കാൻവേണ്ടി എത്ര ആയത്തുകളുടെ അർത്ഥമാണ് ഇവർ മാറ്റിയത് ? എന്തെല്ലാം ചരിത്ര സത്യങ്ങളാണ് നിഷേധിച്ചത് ? ഏതെല്ലാം നിയമങ്ങളും തത്വങ്ങളുമാണ് മാറ്റിമറിച്ചത് ? ഇതൊക്കെയും യഹൂദിമാതൃകയാകുന്നു. ഫാത്തിഹസൂറത്തിലെ പ്രസ്തുതവചനത്തിൽ ഈ യഹൂദീമാതൃകയിൽനിന്ന് രക്ഷപ്പെടുവാനായി നിത്യേന പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്ന് അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കയാണ്.

യഹൂദികളുടെ വിഴിപിഴവിനെപ്പറ്റിയാണല്ലോ നാം പ്രതിപാദിച്ചുകൊണ്ടിരിക്കുന്നത്. ഈ ഇനത്തിൽ വളരെയധികം വിഷയങ്ങൾ അല്ലാഹു

പരിശുദ്ധ ഖുർആനിൽ നമുക്കു വിവരിച്ചുതന്നിട്ടുണ്ട്. അതൊക്കെ നമ്മൾ സൂക്ഷിക്കുവാൻ വേണ്ടിയാണത്. എന്നാൽ ആളുകളാവട്ടെ അവ സൂക്ഷിക്കേണ്ടതിന് പകരം വളരെ താൽപര്യപൂർവ്വം അതെല്ലാം സ്വാഗതം ചെയ്തിരിക്കുകയാണ്.

## ആഭിചാരവും മന്ത്രവാദവും

" സുലൈമാൻ നബി യുടെ രാജവാഴ്ചയെ സംബന്ധിച്ചു പിശാചുക്കൾ ഓതിക്കൊടുക്കുന്നതു യഹൂദികൾ പിന്തുടർന്നു. സുലൈമാൻ നബി അവിശ്വാസിയായിട്ടില്ല. എന്നാൽ പിശാചുക്കളാണ് അവിശ്വാസികളായത്. അവർ ജനങ്ങൾക്കു ആഭിചാരവും ബാബിലേണിയായിൽ ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതും പഠിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, നീ അവിശ്വാസിയാകണ്ട എന്നു പറഞ്ഞുകൊണ്ടല്ലാതെ യാതൊരാളെയും അവർ പഠിപ്പിച്ചിരുന്നില്ല. അങ്ങിനെ ഭാര്യാ ഭർത്താക്കന്മാരെ തമ്മിലകറ്റുവാനുതകുന്ന വിഷയം ജനങ്ങൾ അവരിൽനിന്നു പഠിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുവാദത്തോടുകൂടിയല്ലാതെ അതുമൂലം ആരെയും അവർ ദ്രോഹിക്കുന്നതല്ല. അവർക്കുദ്രോഹകരമായിട്ടുള്ളതും യാതൊരു ഗുണവും നൽകാത്തതുമായ വിഷയങ്ങൾ അവർ പഠിച്ചുകൊണ്ടിരുന്നു. അതാരു സ്വീകരിച്ചുവോ നിശ്ചയമായും അവർക്ക് പരലോകത്ത് യാതൊരു ഓഹരിയുമില്ലെന്ന് അവർ അറിഞ്ഞിട്ടുണ്ട്. തങ്ങളുടെ ആത്മാക്കളെ ഏതൊന്നിനു പകരം അവർ വിറ്റുകളഞ്ഞുവോ അതു എത്രചീത്ത! അവർ അറിയുകയായിരുന്നെങ്കിൽ"! (ബഖറ-102)

വിശദീകരണം: മനുഷ്യരെ വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്ന ജിന്നുകളും മനുഷ്യരും പിശാചുക്കളാകുന്നു. ജിന്നുപിശാചുക്കളുടെ ഉപദേശ പ്രകാരം മുനുഷ്യ പിശാചുക്കൾ സുലൈമാൻ നബി عليه السلام യുടെ രാജവാഴ്ചയെ സംബന്ധിച്ച് പല കള്ളക്കഥകളും കെട്ടിയുണ്ടാക്കിയിട്ടുണ്ട്. യഹൂദികൾ അതൊക്കെ വിശ്വസിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്തു. "സുലൈമാൻ നബി عليه السلام വലിയ ആഭിചാരക (സാഹിർ) നായിരുന്നു , ജിന്നുകൾ, പക്ഷികൾ, കാറ്റ് എന്നിവയൊക്കെ അദ്ദേഹത്തിന് കീഴടങ്ങിയത് ആഭിചാരം മൂലമാണ്, നബിക്ക് ഒരു മോതിരമുണ്ടായിരുന്നു, അതിന്റെ മാന്ത്രിക ശക്തികൊണ്ടാണ് രാജവാഴ്ച നിലനിന്നത്, ഒരിക്കൽ കക്കൂസിൽ പോയപ്പോൾ മോതിരം ഒരു വെള്ളാട്ടിയുടെ വശം സൂക്ഷിക്കാൻ കൊടുത്തു, പിശാച് നബിയുടെ വേഷത്തിൽ വന്ന് അതു വാങ്ങിക്കൊണ്ടുപോയി, അങ്ങനെ രാജവാഴ്ച നഷ്ടപ്പെട്ടു". ഇതൊക്കെ ആ കൂട്ടത്തിൽ പെട്ട കഥകളാണ്. എന്നാൽ ആഭിചാരവും മന്ത്രവാദവും പിശാചിന്റെയും ജിന്നിന്റെയും സഹായം തേടിക്കൊണ്ട് ചെയ്യുന്ന

പ്രവൃത്തികളാകയാൽ അത് കുഫ്റാണെന്നതിൽ യാതൊരു സംശയവുമില്ല. സുലൈമാൻ നബി عليه السلام ഒരിക്കലും അതുചെയ്ത് കാഫിറായിട്ടില്ല. ആഭിചാരം മനുഷ്യരെ പഠിപ്പിച്ചുകൊണ്ട് പിശാചുക്കൾ – ജിന്നുപിശാചുക്കളും മനുഷ്യപ്പിശാചുക്കളും – കാഫിറായി.

രണ്ട് മലക്കുകൾക്കിറക്കപ്പെട്ടത് സിഹ്റിൽപെട്ടതുതന്നെയാകുന്നു. സിഹ്റും മുഅ്ജിസത്തും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുവാൻ വേണ്ടിയാണ് ഇങ്ങിനെ ചെയ്തതെന്ന് പറയുന്നു. സിഹ്റ് ചെയ്യുവാനും ചെയ്യിക്കുവാനും സൗകര്യവം ആവശ്യവും ഉണ്ടായിരിക്കെ ദൈവഭയത്താൽ മനഃപ്പൂർവ്വം ഉപേക്ഷിക്കലാണ് പുണ്യം. കഴിവുകേടുനിമിത്തം ഒരു പാപം ചെയ്യാതിരിക്കുന്നതിൽ വലിയ പുണ്യമൊന്നും പറയാനില്ല. മലക്കുകൾ എന്നുവെച്ചാൽ അദൃശ്യ ലോകത്തിൽ പെട്ട രണ്ടു മലക്കുകൾ എന്നുതന്നെയാണ് സാരമെന്ന് വിചാരിക്കാം. അവർ മനുഷ്യരൂപത്തിൽ അയക്കപ്പെട്ടതായിരിക്കാം. അതല്ലെങ്കിൽ അനന്യ സാധാരണമായ എന്തെങ്കിലും നല്ലകാര്യങ്ങൾ മൂലം സാധാരണക്കാരിൽനിന്നു വ്യത്യസ്തവും അപൂർവ്വവുമായ സ്ഥിതിവിശേഷങ്ങളുള്ള മനുഷ്യർ എന്നാണുദ്ദേശമെന്നും വിചാരിക്കാം. ഇറക്കപ്പെട്ടത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സാധാരണക്കാർക്ക് അറിയാൻ സാധിക്കാത്ത, വളരെ അപൂർവ്വമായ വിജ്ഞാനങ്ങൾ എന്നുവിചാരിക്കാം. അപ്പോൾ നിഹ്റിൽപ്പെട്ട ചില ഇനങ്ങളുടെ വിവരം ഇർക്കു നൽകപ്പെട്ടിരുന്നു. അവർ അതു ജനങ്ങളെ പഠിപ്പിച്ചിരുന്നു. പക്ഷെ ആരെങ്കിലും പഠിക്കാൻ ചെന്നാൽ പഠിക്കുന്നതിനു വിരോധമില്ല, പഠിപ്പിച്ചുതരാം, ഒരിക്കലും അതുചെയ്യരുത്, ചെയ്താൽ കാഫിറായിപ്പോകും എന്നുപദേശിക്കൽ പതിവായിരുന്നു. അങ്ങനെ നിർബ്ബന്ധമായി ആവശ്യപ്പെട്ടാൽ മാത്രമേ പഠിപ്പിച്ചിരുന്നുള്ളു. സ്നേഹപൂർവ്വം അടുത്തിടപെട്ട് കഴിഞ്ഞുകൂടേണ്ടവരെ അകറ്റുന്ന വിഷയമാണ് പഠിപ്പിച്ചിരുന്നത്. എന്നാൽ എല്ലാവരേയും അങ്ങിനെ ദ്രോഹിക്കുവാൻ സാഹിറിന് സാധിക്കുമോ? ഇല്ല. അല്ലാഹു അനുവദിച്ചെങ്കിൽ മാത്രമേ ആ ദ്രോഹം ഏൽക്കുകയുള്ളു. എന്നാൽ സിഹ്റ് ചെയ്യുന്നവരും ചെയ്യിക്കുന്നവരും ഇതുമൂലം വമ്പിച്ച നഷ്ടമാണ് സമ്പാദിക്കുന്നത്. ഇതാണ് ആയത്തിലെ വിഷയം.

ആഭിചാരവും മന്ത്രവാദവും യഹൂദികളുടെ താവഴിയാണ്. നമ്മുടെ സമുദായത്തിലും അതു കടന്നുകൂടിയിരിക്കുന്നു. അദൃശ്യ ലോകത്തിൽപെട്ട പിശാചുക്കളുടേയും ജിന്നുകളുടേയും സഹായം തേടുകയും അവരെ പ്രസാദിപ്പിക്കുവാൻവേണ്ടി ചിലതു പ്രവർത്തിക്കുകയും ചെയ്തുകൊണ്ടുള്ളതാണ് ആഭിചാരവും മന്ത്രവാദവും. അദൃശ്യമായ മാർഗ്ഗത്തിൽ ഗുണം ആശിക്കുകയോ ദോഷം ഭയപ്പെടുകയോ ചെയ്തുകൊണ്ട് താഴ്മകാണിക്കൽ ആരാധനയാണ്. അപ്പോൾ ജിന്നിനേയും പിശാ

ചന്ദ്രനേയും ആരാധിക്കുക എന്ന ശിർക്ക ഇതിൽ വന്നുകൂടുന്നുണ്ട്. അതു കൊണ്ടാണ് ആഭിചാരവും മന്ത്രവാദവും ശിർക്കും കുഫ്റുമായിത്തീർന്നത്.

നമ്മുടെ സമുദായത്തിൽ യഹൂദികളോടുള്ള ഈ അനുകരണം വളരെ വേരൂന്നിയിരിക്കുന്നു. എന്നുമാത്രമല്ല, സുന്നത്തുജമാഅത്തിന്റെ നടപടികളിൽപെട്ടതായി ഇതിനെ കണക്കാക്കിയിരിക്കുന്നു. അതിനെ ആക്ഷേപിക്കുന്നവർ വഴിപിഴച്ചവരായി കണക്കാക്കപ്പെടുന്നു. യതാർത്ഥ ത്തിൽ ഇത്തരം യഹൂദിമാതൃകകളിൽനിന്ന് ഞങ്ങളെ രക്ഷിക്കണേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആ അർത്ഥവുംകൂടി ഉൾകൊള്ളുന്നതാണ് ഈ പ്രാർത്ഥന. യഹൂദികളുടെ വഴിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണേ എന്നു പ്രാർത്ഥിക്കുമ്പോൾ യഹൂദികളുടെ വഴി ഏതാണെന്ന് അന്വേഷി ച്ചറിയുകയും സൂക്ഷ്മത അവലംബിക്കുകയും ചെയ്യൽ വളരെ ആവശ്യ മാണ്. അല്ലാത്തപക്ഷം എത്ര ഹീനമായ കഥകേടാണിത്.

ഇവിടെ നമ്മുടെ മുസ്‌ലിയാക്കളിൽ ചിലർ ജിന്നിന്റേയും ശൈത്താന്റേയും സഹായം തേടുക എന്നശിർക്കിന്റെ ചുവയില്ലാതെ അല്ലാ ഹുവിന്റെ സഹായംമാത്രം തേടിക്കൊണ്ടും ഖുർആൻ ആയത്തുകളും ശരി യായ ചില പ്രാർത്ഥനകളും ഉപയോഗിച്ചുകൊണ്ടും മന്ത്രിക്കുന്നതും ഉറുക്കെഴുതി ക്കെട്ടുന്നതും എഴുതി കലക്കി കുടിക്കുന്നതും ദോഷമില്ലെന്ന് വാദിക്കുന്നുണ്ട്. എന്നാൽ ഈ മാതൃക ആരുകാണിച്ചവു ? അതിനുപു റമേ ഓതാൻ കഴിയുന്ന എല്ലാവരെക്കൊണ്ടും മന്ത്രിപ്പിക്കുകയോ എഴു താൻ കഴിയുന്ന എല്ലാവരെക്കൊണ്ടും ഉറുക്കും പിഞ്ഞാണവും എഴുതി പ്പിക്കുകയോ ചെയ്യുന്നില്ലല്ലോ. അതിനൊക്കെയും അലിഖിതമായ എന്തോ നിയമവ്യവസ്ഥയുണ്ട്. ആത്മീയമായി എന്തോ വിശേഷനിലപാടും ജിന്നി നേയും പിശാചിനേയും സ്വാധീനിക്കാനുള്ള കഴിവുമുണ്ടെന്ന് വിശ്വസി ക്കപ്പെടുന്നവരെയാണ് ഈ ആവശ്യത്തിന് ആളുകൾ സമീപിക്കുന്നത്. അപ്പോൾ ഇവിടെ ഏതായാലും ഈ വ്യക്തിക്ക് അദൃശ്യവും ആത്മീയ വുമായ ഒരു പരിഗണനയുണ്ട്. അതിനാൽ ശിർക്കിന്റെ ചുവയിൽനിന്ന് രക്ഷപ്പെടാൻ പ്രയാസമാണ്. അസ്മാഉൽബദ്‌രിയ്യീൻ കൊണ്ടുള്ളതാ ണെങ്കിൽ തനി ശിർക്കാണെന്നതിൽ ഒരു സംശയവുമില്ല.

ബഹുമാനപ്പെട്ട മൗലവി മുഹമ്മദ് അമാനിയും എ അലവിമൗല വിയും കൂടി എഴുതിയ ഖുർആൻ പരിഭാഷയിൽ നിന്ന് സിഹ്റിനേയും മന്ത്രവാദത്തേയും സംബന്ധിച്ചു വിവരിച്ച ഒരുഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"സിഹ്റ്കാരെക്കൊണ്ടും മന്ത്രവാദക്കാരെക്കൊണ്ടുമുണ്ടാകുന്ന ദോഷങ്ങളും അവർ നടത്തുന്ന പൈശാചികപ്രവർത്തനങ്ങളും അധികം

വിസ്തരിച്ചു പറയേണ്ടതില്ല. രോഗം മാറുവാൻ, ഭാഗ്യം സിദ്ധിക്കുവാൻ, അന്യന് ആപത്ത് നേരിടുവാൻ, തമ്മിൽ പിണക്കമുണ്ടാകുവാൻ അങ്ങിനെ പലതിന്റെ പേരിലും ഹോമം, ജപം, മുട്ടറുക്കൽ, ഉറുക്ക്, മന്ത്രം, ജ്യോത്സ്യം എന്നിങ്ങനെ പലതും നടത്തി ജനങ്ങളെ ചൂഷണംചെയ്യുന്നു. അസ്മാ ഇന്റെ പണിക്കാർ, തൽസമാത്തുകാർ എന്നിങ്ങനെയുള്ള അറബിപ്പേരു കളിൽ അറിയപ്പടുന്നവരും ഇതിൽ ഉൾപ്പെട്ടവർതന്നെ. ഇവർ തങ്ങളുടെ മന്ത്രതന്ത്രങ്ങളിൽ ചില ഖുർആൻ വചനങ്ങളും ദിക്റുകൾ മുതലായവയും കൂട്ടിക്കലർത്തുന്നതുകൊണ്ട് ഇതിൽനിന്ന് ഒഴിവാകുന്നതല്ല. വേണമെങ്കിൽ, ഈ സൂറത്തു തന്നെയും ഓതിക്കൊണ്ട് കെട്ടുകളിൽ മന്ത്രിക്കുന്ന അവരുടെ കെടുതലിൽ നിന്നുതന്നെ അവരറിയാതെ അവർ അല്ലാഹുവിനെ ശരണം തേടിയെന്നു വന്നേക്കും അല്ലാഹുവിനെ വിളിച്ച് പ്രർത്ഥിക്കുന്ന അതേരൂപത്തിൽ തന്നെ അവർക്കുപോലും അജ്ഞാതമായ ഏതോ ചില പേരുകൾ വിളിച്ചു പ്രാർത്ഥിക്കലും അർത്ഥം ഗ്രാഹ്യമല്ലാത്തവാക്കുകൾ ഉരുവിടലും അവരുടെ പതിവാണ്. പിശാചിനെ സേവിക്കുകയും പൂജിക്കുകയും ചെയ്യുന്ന ചില മുസ്ലിം നാമധാരികളായ അവിശ്വാസികൾ തങ്ങളുടെ പൂജാകർമ്മങ്ങളിൽ ചിലപ്പോൾ യാസീൻ പോലുള്ള ഖുർആന്റെ ഭാഗങ്ങളും തൗഹീദിന്റെ കലിമയും മറ്റും ഉരുവിട്ടെന്നുവരും പാമരന്മരെ വഞ്ചിക്കുവാൻ വേണ്ടി പിശാച് ആസൂത്രണം ചെയ്യുന്ന അതിസമർത്ഥമായ പകിട്ടുവിദ്യകളത്രെ ഇതെല്ലാം (വാല്യം 6 പേജ് 2656)

## 12 ജിബ്രീലിനോട് ശത്രുത

അല്ലാഹുവിന്റെ കോപത്തിനു പാത്രമായ യഹൂദികളുടെ അത്യാ പൽക്കരമായ ഒരു ദുസ്വഭാവം ജിബ്രീൽ എന്ന മലക്കിനോടുള്ള ശത്രുതയാകുന്നു. അതിന്റെ കാരണം അവരുടെ ദുഷ്ടതയേയും സ്വഭാവവിഷങ്ങളേയും അവർക്കിഷ്ടമില്ലാത്ത പല വിഷയങ്ങളേയും സംബന്ധിച്ചുള്ള വഹ്യ് പ്രവാചകന്മാർക്ക് എത്തിച്ചു കൊടുക്കുന്ന ദൗത്യം ജിബ്രീൽ നിർവ്വഹിച്ചു എന്നതാകുന്നു. വാസ്തവത്തിൽ ദൗത്യനിർവ്വഹണത്തിൽ ദൂതനോട് വെറുപ്പ് വിചാരിക്കേണ്ടതില്ല. ദൂതനെ നിയോഗിച്ചവനാണുത്തരവാദി. നമുക്ക് അനഭിലഷണീയമായ ഒരു ദൗത്യം ഒരാൾ നിർവ്വഹിച്ചാൽ അയാളോട് നാം തട്ടിക്കയറുന്നത് ശരിയല്ല. ദൂതന് അതിൽ ഒരുത്താരവാദിത്വവുമില്ല . ദൂതനോട് നാം കാണിക്കുന്ന പ്രതിഷേധം ദൂതനെ നിയോഗിച്ചവൻ തീർച്ചയായും കണക്കിലെ ടുക്കുന്നതാണ്. അപ്പോൾ ജിബ്രീലിനോടുള്ള ശത്രുതക്കു കാരണം എന്തുതന്നെയായാലും യഥാർത്ഥത്തിൽ ഉത്തരവാദി ജിബ്രീലല്ല. അതിനാൽ ആ ശത്രുത ജിബ്രീലിനെ നിയോഗിച്ചവനോടായി ത്തീരു ന്നതാണ്. നീതിബോധമുള്ള ഏതൊരുവനും ഈ യഥാർത്ഥ്യം

സമ്മതിക്കും. "പറയുക വല്ലവരും ജിബ്‌രിലിന്റെ ശത്രുവായിത്തീരുന്ന പക്ഷം നിശ്ചയമായും ജിബ്‌രീൽ നിന്റെ ഹൃദയത്തിൽ അവതരിപ്പിച്ചത് അല്ലാഹുവിന്റെ കൽപനപ്രകാരമാണല്ലോ. അതിനു മുമ്പുള്ളതിനെ ശരിവെക്കുന്നതുമാണത്. സത്യവിശ്യാസികൾക്ക് മാർഗ്ഗദർശനവും അനുമോദനവും കൂടിയാണത് .ആരെങ്കിലും അല്ലാഹുവിന്റെയും അവന്റെ മലക്കുകൾ, പ്രവാചകന്മാർ,ജിബ്‌രീൽ, മീക്കാഈൽ എന്നിവരുടെയും ശത്രുവായിത്തീരുന്ന പക്ഷം നിശ്ചയമായും അല്ലാഹു നിഷേധികളുടെ ശത്രുവാകുന്നു." (ബഖറ- 97,98 ) അതായത് ജിബ്‌രീൽ എന്ന മലക്കിനോട് യഹൂദികൾ ശത്രുത പുലർത്തുന്നത് മഹാതെറ്റാകുന്നു. യഥാർത്ഥത്തിൽ അത് മതത്തെ നിഷേധിക്കലാകുന്നു. ജിബ്‌രീൽ കൊണ്ടുവരുന്ന വഹ്‌യ് ജിബ്‌രീലിന്റെ സ്വന്തനിലക്കുള്ളതല്ല. അതിന്റെ ഉടയവൻ അല്ലാഹുവാകുന്നു. അല്ലാഹുവിന്റെ കൽപന പ്രകാരമാകുന്നു ജിബ്‌രീൽ കൃത്യം നിർവ്വഹിക്കുന്നത്. അതോടുകൂടി യഹൂദികളുടെ കൈവശമുള്ള തൗറാത്തിനെ ശരിവെക്കുന്നതാണ് ജിബ്‌രീൽ ഇപ്പോൾ കൊണ്ടുവന്ന ഖുർആൻ. അതുകൊണ്ട് ഈ ശത്രുതക്ക് യാതൊരു ന്യായീകരണവുമില്ല. നിത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും അനുമോദനവും കൂടിയാണ്. ദൂതനെ ബഹുമാനപൂർവ്വം സ്വീകരിക്കലാകട്ടെ, ഏതായാലും അത് ദൂതനെ നിയോഗിച്ചവനോടായിരിക്കേണ്ടതാണ്. അവൻ ഒരു വ്യക്തിത്വവുമുള്ളവനാണെങ്കിൽ അതൊരിക്കലും അവഗണിക്കുകയില്ല. അതിനാൽ ജിബ്‌രീലിനോട് ശത്രുത പുലർത്തുന്ന യഹൂദികൾ യഥാർത്ഥത്തിൽ അല്ലാഹുവിനെയാണ് ശത്രുവായി കണക്കാക്കി യിരിക്കുന്നത്. അതിനാൽ സ്വാഭാവികമായി അല്ലാഹു അത്തരം നിഷേധികളുടെ ശത്രുവാകുന്നു. ജിബ്‌രീൽ എന്ന മലക്കിനോട് ശത്രുത പുലർത്തുന്നത് മലക്കുകളുടെ സമൂഹത്തോടും , മലക്കുകളുടെ പക്കൽ നിന്നും ദൗത്യം ഏറ്റുവാങ്ങി പ്രബോധനം ചെയ്യുന്ന പ്രവാചകന്മാരോടും , സർവോപരി അല്ലാഹുവിനോടും ശത്രുത പുലർത്തലാകുന്നു.

ഈ സ്വഭാവം നമ്മുടെ സമുദായത്തിലും അനുകരിക്കപ്പെട്ടിരിക്കുന്നു. തെറ്റു ചൂണ്ടിക്കാണിക്കുമ്പോൾ എത്രപ്രബലമായ തെളിവിന്റെ അടിസ്ഥാനത്തിലായാലും ശരി അവനെ ശത്രുവായികണക്കാക്കുന്ന സ്വഭാവം പരക്കെ കാണപ്പെടുന്നു. തെളിവിനെപ്പറ്റി ചിന്തിക്കുകയേയില്ല. ഈ സ്വഭാവം ശരിയായ യഹൂദി മാതൃകയാകുന്നു. അല്ലാഹുവിന്റെ ഔലിയാക്കളെ അല്ലാഹുവിങ്കലേക്കുള്ള മദ്ധ്യസ്ഥന്മാരും ഇടയാളന്മാരുമാക്കൽ ആളുകൾക്കു വളരെ ഇഷ്ടമാണല്ലോ. സമസ്ത പണ്ഡിതന്മാർ അതിനു വേണ്ടി വമ്പിച്ച പ്രചാരണം നടത്തുന്നു. ഇതൊരിക്കലും ശരിയല്ല. ഏതൊരാൾക്കും അല്ലാഹുവിനെ സമീപിക്കുന്നതിന് ഇടയാളന്മാരെ ആവശ്യമില്ല, നേരിട്ടു ബന്ധപ്പെടേണ്ടതാണ് എന്ന് മുജാഹിദ് പണ്ഡിതന്മാർ ഖുർ

ആൻ മുഖേന തെളിയിച്ചപ്പോൾ സുന്നികൾ അവരെ ശത്രുക്കളായി കണക്കാക്കിയിരിക്കുന്നു. അല്ലാഹു അവതരിപ്പിച്ച സത്യം പരസ്യം ചെയ്തു എന്നുള്ളതാണ് ഇതിന്റെ കാരണം. യഹൂദികൾ ജിബ്രീൽ എന്ന മലക്കിനോട് ശത്രുത പുലർത്തിയതുപോലെതന്നെയാണിത്. "അല്ലാഹു അവതരിപ്പിച്ച സത്യം പരസ്യം ചെയ്യുന്നവരോടു ശത്രുത പുലർത്തുകയെന്ന യഹൂദിസ്വഭാവം ഞങ്ങളിൽ വരാതെ കാക്കണേ" എന്നുള്ള ഒരു പ്രാർത്ഥനയും കൂടി ഈ വചനത്തിൽ ഉൾക്കൊള്ളുന്നു. അപ്പോൾ അത്തരം സ്വഭാവം ഉള്ളവർ ഇങ്ങിനെ പ്രാർത്ഥിക്കുന്നത് വിരോധാഭാസവും അർത്ഥശൂന്യവുമാകുന്നു.

അടിമവേലയും അനുസരണവും ഇബാദത്തിന്റെ അർത്ഥത്തിൽ പെടുത്താൻ ശഹാദത്തുകലിമയുടേയും വളരെയധികം ഖുർആൻ വചനങ്ങളുടേയും അർത്ഥം ജമാഅത്തുകാർ മാറ്റി. മറ്റു പലേ പുതിയതും അവർ അവതരിപ്പിച്ചു. എന്നാൽ അതിന്റെയെല്ലാം സത്യം പരിശുദ്ധ ഖുർആൻ മുഖേന ഞാൻ തെളിയിച്ചു. അവരാകട്ടെ എന്നെ കഠിനശത്രുവായി കണക്കാക്കി. എന്നെ സംബന്ധിച്ച് ദജ്ജാൽ , സിയോണിസ്റ്റ് ഏജന്റ് എന്നു മറ്റും പറഞ്ഞു. ശരിയായ യഹൂദി മാതൃക . യഹൂദികൾക്ക് ജിബ്രീൽ എന്ന മലക്കിനോടുണ്ടായ ശത്രുതയുടെ വ്യക്തമായ പിന്തുടർച്ച. പരസ്പരം സത്യം ഉപദേശിക്കുക, മഅ്റൂഫ് കൽപിക്കുകയും മുൻകർ വിരോധിക്കുകുയും ചെയ്യുക എന്നത് അല്ലാഹു നമ്മുടെ മേൽ നിർബന്ധമാക്കിയതാകുന്നു. ഈ വിഷയത്തിൽ വീഴ്ചവരുത്തിയതിനാൽ യഹൂദികളെ അല്ലാഹു ശപിച്ചു എന്നുവരുന്ന സ്ഥിതിക്കു ഈ കൃത്യം നിർവ്വഹിച്ചവരോട് ശത്രുത പുലർത്തുന്നവരെ അല്ലാഹു കൂടുതൽ ശപിക്കൽ സ്വാഭാവികവും അനിവാര്യവുമാകുന്നു. പിഴച്ചതും അപകടം നിറഞ്ഞതുമായ വഴിയിൽ ഇരുട്ടത്തു ഒരാൾ നടന്നു പോയിക്കൊണ്ടിരിക്കെ വഴിമാറി പോയിരിക്കുന്നു. ശരിയായ വഴി ഇതാണ് എന്നു പറഞ്ഞു വിളക്കുമായി ഒരാൾ വന്നപ്പോൾ വിളക്കു തല്ലിപ്പൊളിക്കുകയും ആളെ ദ്രോഹിക്കുകയും ചെയ്യൽ എത്രവലിയ അക്രമവും ദുഷ്ടതയും ആത്മഹത്യാപരവുമാകുന്നു . ഇതുപോലെയാണ് വിഷയം മനസ്സിലാക്കേണ്ടത്.

അണുത്തൂക്കം അഹങ്കാരം മനസ്സിലുള്ളവർ സ്വർഗ്ഗത്തിൽ കടക്കുകയില്ലെന്നു നബി ﷺ പറഞ്ഞു . അപ്പോൾ ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, വസ്ത്രവും ചെരിപ്പും ഭംഗിയിള്ളതായിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നത് ഇത് അഹങ്കാരമാണോ? റസൂൽ ﷺ മറുപടി പറഞ്ഞു: "അല്ലാഹു അഴകുള്ളവനാകുന്നു. അഴക് അല്ലാഹു ഇഷ്ടപ്പെടുന്നു. അഹങ്കാരം എന്നത് സത്യം നിഷേധിക്കലും ആളുകളെ താഴ്ത്തിക്കാണലുമാകുന്നു (മുസ്‌ലീം) ഈ ഹദീസ് വളരെയധികം ശ്രദ്ധിക്കേ

ണ്ടതാകുന്നു. നമ്മുടെ തെറ്റ് ഒരാൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് അവഗണിക്കുന്നത് എന്തുകൊണ്ട് ? നമ്മുടെ പക്കൽ തെറ്റിപ്പോയി എന്നുള്ളത് ഒരു അപമാനമായി നാം കരുതുന്നു. നാം മികവും പൂർണ്ണതയും നോടിയവരാണെന്ന് നടിക്കുന്നു. നമുക്കൊരു താഴ്ചയും അയാൾക്കൊരു മേന്മയും സമ്മതിച്ചുകൊടുക്കാൻ പറ്റുകയില്ല. അപ്പോൾ സത്യത്തെ നിഷേധിക്കലും സത്യം ഉപദേശിച്ചവനെ താഴ്ത്തിക്കാണിക്കലും ഇവിടെ വന്നു കൂടുന്നു. ഇതാണ് കിബ്ർ (അഹങ്കാരം) . ഈ മനസ്ഥിതിയുള്ളവൻ സ്വർഗ്ഗത്തിൽ കടക്കില്ലെന്ന് പ്രവാചകൻ പറയുന്നത്. അല്ലാഹു ഏൽപിച്ച ഭൗത്യ നിർവഹണത്തിന്റെ നിലക്കാണെന്ന് വ്യക്തമാണല്ലോ. അപ്പോൾ ഇത്തരം സ്വഭാവക്കാരയ ആളുകൾ നമസ്കാരം, നോമ്പ്, സക്കാത്ത് , ഹജ്ജ് മുതലായ പണ്യകർമ്മങ്ങൾ അനുഷ്ഠിച്ചാലോ ? അഹങ്കാരം എന്ന മഹാപാപം നിമിത്തം സൽകർമ്മങ്ങളൊക്കെ നിഷ്ഫലമായി പോകുമെന്നാണ് മനസ്സിലാകുന്നത്. കാര്യം വളരെ ഗുരുതരവും ആശങ്കാജനകവുമാകുന്നു.

മതരംഗത്ത് ഉളവായ ഏറ്റവും വലിയ ഒരാപത്ത് ചില ആളുകളെ അതിരുകവിഞ്ഞ് ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്യുക; അങ്ങനെ അയാൾ പറയുന്നത് തെളിവന്വേഷിക്കാതെ സ്വീകരിക്കുക. മൗദൂദി സാഹിബിനെ ഈ നിലയയിൽ അനുയായികൾ സ്വീകരിച്ചിരിക്കുന്നു. മുഹമ്മദ് നബി ﷺ യെ നിരുപാധികം അനുസരിക്കൽ ശിർക്കാണെന്നുവരെ ഒരുവൻ എന്നോടു പറഞ്ഞു. മൗദൂദി സാഹിബിനെ തഖ്‌ലീദ് ചെയ്തതു മൂലമാണ് ഈ കുഫ്‌രിയ്യത്തിൽ അയാൾ ചെന്നുചാടിയത്. ആദംനബി عليه السلام യെ ആദരിക്കുവാൻ മലക്കുകളോട് അല്ലാഹു കൽപിച്ചുവെന്നും ആ മനുഷ്യൻ പറഞ്ഞു. തഖ്‌ലീദ് ഇത്രവലിയ അപകടത്തിൽ എത്തിക്കുമോ? ഇതുപോലെത്തന്നെയാണ് ചില ആളുളെ താഴ്ത്തിക്കാണുകയും നിന്ദിക്കുകയും ചെയ്യലും. അങ്ങനെ പറയുന്നത് എന്തു തന്നെയായാലും അവർ ശ്രദ്ധിക്കുകയില്ല. ശരി, ഇതു രണ്ടും മഹാഅപകടമാകുന്നു. ഈ സ്വഭാവക്കാർ രക്ഷപ്പെടുകയില്ല.

തെറ്റു വന്നുപോയാൽ അതു ന്യയീകരിക്കുന്ന സ്വഭാവം വളരെ ചീത്തയാക്കുകയും പിശാചിനെ അല്ലാഹു ആട്ടിപുറത്താക്കുകയും ശപിക്കുകയും ചെയ്തത് എന്തുകൊണ്ടാണ് ? ആദംനബിക്ക് സുജൂദ് ചെയ്യുന്നത് ശരിയല്ലല്ലോ എന്നാണ് അവന്റെ ന്യായവാദം. യഥാർത്ഥത്തിൽ. ഈ ന്യായീകരണമാണ് അവനെ പുറത്താക്കാൻ ഇടയാക്കിയത്. അതിനാൽ തെറ്റ് ചെയ്തിട്ട് അത് ന്യായീകരിക്കാൻ ശ്രമിക്കൽ പിശാചിന്റെ താവഴിയാകുന്നു എന്നുകുടി ഉണർത്തുന്നു.

## 13.ഗ്രന്ഥം ചുമക്കുന്ന കഴുതകൾ

ഒരു ഉദാഹരണം കൂടി പറഞ്ഞു ഖുർആനിൽ നിന്നുള്ള ഉദാഹരണം മതിയാക്കാം. "തൗറാത്ത് ഭരമേൽപ്പിക്കപ്പെട്ടിട്ട് പിന്നീട് അത് വഹിക്കാതിരുന്ന കൂട്ടരുടെ നില കഴുതയുടെ നിലക്കു സമമാകുന്നു. കഴുത ഏടുകൾ ചുമക്കുന്നു" (ജുമുഅ 5) എന്നു അല്ലാഹു പറയുന്നു. അതായത് തൗറാത്ത് ശരിക്കു പഠിക്കുകയും അതിലെ തത്വങ്ങളും നിയമങ്ങളും അനുസരിച്ച് ജീവിക്കുകയും അതു പ്രചരിപ്പിക്കുകയും ചെയ്യുവാനായി അല്ലാഹു യഹൂദികളെ ചുമതലപ്പെടുത്തിരിക്കുന്നുവല്ലോ. എന്നാൽ അവരാകട്ടെ ആ ചുമതലനിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തി. പുണ്യത്തിനുവേണ്ടി തൗറാത്ത് ഓതുകയും ചെയ്യും അതിനാൽ അവർ കഴുതയെ പോലെയാകുന്നു. കഴുത വിജ്ഞാനഗ്രന്ഥങ്ങൾ ചുമന്നു നടക്കും ; ഗ്രന്ഥങ്ങളുടെ ഉള്ളടക്കം ഒന്നുമറിയില്ല. അതിന്റെ സ്വഭാവത്തിലോ നടപടിയിലോ ആ വിജ്ഞാനങ്ങളുടെ പ്രതിഫലനം കാണുകയില്ല. ഇതു പോലെയായിത്തീർന്നു യഹൂദികളുടെ സ്വഭാവം എന്നുസാരം . ഇത്ര നീചവും അപമാനകരവുമായ ഉദാഹരണം വേറെയില്ല. യഹുദികളാകട്ടെ അല്ലാഹു ശുദ്ധമാക്കിവെച്ച പരമോന്നത വർഗ്ഗമാണെന്നു നടിക്കുന്നു. ഞങ്ങൾ അല്ലാഹുവിന്റെ ഇഷ്ടക്കാരും മക്കളുമാണെന്നു വാദിക്കുന്നു. ഇതുകൂടി കണക്കിലെടുക്കുമ്പോൾ ഈ ഉദാഹരണം സൂചിപ്പിക്കുന്ന നീചത്വത്തിന്റെ കാഠിന്യം കൂടുതൽ വ്യക്തമാകുന്നു . അവരോടുള്ള വെറുപ്പ് ഇത്രയും വ്യക്തമായി രേഖപ്പെടുത്തിയത് നിങ്ങൾ അവരെപ്പോലെ ആയാൽ നിങ്ങളുടെ നിലയും ഇതുതന്നെ എന്നുണർത്തുവാനാകുന്നു. ഇതു വളരെയധികം സൂക്ഷിക്കേണ്ടതാകുന്നു. ബുദ്ധിയുള്ള യാതൊരുവനും. ഈ നില ഇഷ്ടപ്പെടുകയില്ല.

എന്നാൽ ഇന്നു മുസ്ലീം സമുദായത്തിന്റെ സ്ഥിതി എന്തെന്നു നോക്കുക. പുണ്യത്തിന് വേണ്ടി യഹൂദികൾ വേദം ഓതിയിരുന്നതുപോലെ അധിക മുസ്ലീംകളും മനസ്സിൽ തട്ടാത്ത വിധത്തിൽ ഖുർആൻ ഓതി മതിയാക്കുന്നു. കുട്ടികളെ ഖുർആൻ പഠിപ്പിക്കാൻ വലിയ ഉത്സാഹം കാണിക്കുന്നു എന്നാൽ എന്താണിവിടെ നടക്കുന്നത് ? വെറും വായന മാത്രം ശീലിച്ചാൽ അതൊരു പഠിപ്പാണോ ? കിതാബോതുക എന്നു വെച്ചാൽ എന്താണ്? അതിന്റെ അർത്ഥം കൂടി പഠിക്കലല്ലേ.? അതുപോലെ ആയാൽ മാത്രമേ കാര്യമുള്ളൂ. ഇന്നു നിലവിലുള്ള ഖുർആൻ പഠിപ്പ് തനിച്ച യഹൂദി മാതൃകയാകുന്നു. നമ്മുടെ സമസ്ത പണ്ഡിതന്മാരുടെ നില അപകടകരമായിരിക്കുന്നു. ഖുർആന്റെ അർത്ഥം കുട്ടികളെ പഠിപ്പിക്കരുതെന്നവർ ശഠിക്കുന്നു. അങ്ങിനെ ഈ യഹുദി മാതൃക അരക്കിട്ടുറപ്പിക്കുന്നു ഈ മുസ്ലിയാക്കളെക്കൊണ്ട് ഇസ്ലാമിനു ഏൽക്കുന്ന ദ്രോഹം ചില്ലറയൊ

ന്നുമല്ല. അർത്ഥം പഠിപ്പിക്കുമ്പോൾ എന്തെങ്കിലും വ്യത്യാസം വന്നുപോയാൽ കാഫിറായിപ്പോകുമെന്ന് പറഞ്ഞു ഭയപ്പെടുത്തിക്കൊണ്ട് അർത്ഥം അറിയാൻ ആഗ്രഹിക്കുന്നവര അവർ തടയുന്നു. അതേയവസരത്തിൽ ഇസ്ലാമിന് വിരുദ്ധമായി അവർ വെച്ചുപുലർത്തുന്ന ആദർശങ്ങൾ ന്യായീകരിക്കുവാൻ വേണ്ടി കൽപിച്ചുകൂട്ടി ഖുർആന്റെ അർത്ഥം അവർ മാറ്റുകയും ചെയ്യുന്നു.

അർത്ഥം മനസ്സിലാക്കാതെ ഓതി മതിയാക്കുന്നതിന്റെ നില മനസ്സിലാക്കുവാൻ രണ്ട് ഉദാഹരണങ്ങൾ പറയുന്നു: **(ഒന്ന്)** രോഗിശമനത്തിനുവേണ്ടി വൈദ്യർ കഷായത്തിന്റെ ഓല എഴുതിക്കൊടുത്തു, രോഗി അതു വായിച്ചു കൊണ്ടിരുന്നു എന്നാൽ രോഗം മാറുമോ? **(രണ്ട്)** ഒരു രാജാവ് പല കൽപനകളും ഉപദേശങ്ങളും തത്വങ്ങളുമടിങ്ങിയ ഒരു വിജ്ഞാപനം പ്രജകൾക്കയച്ചു കൊടുത്തു. ഉള്ളടക്കം എന്തൊക്കെയാണെന്നു മനസ്സിലാക്കി അതനുസരിച്ച് വേണ്ടത് ചെയ്യാനൊരുങ്ങാതെ മഹാരാജാവിന്റെ കത്ത് എന്നനിലക്ക് ഭക്തിപൂർവ്വം വായിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും വായന തന്നെ. എങ്കിൽ രാജാവ് അവരുടെ കാര്യത്തിലെടുക്കുന്ന നടപടി എന്തായിരിക്കുമെന്ന് ചിന്തിക്കുക. അല്ലാഹു പറയുന്നു:

"നാം ഗ്രന്ഥം നൽകിയവരാരോ അവർ അത് ഓതേണ്ട മുറപ്രകാരം ഓതുന്നു. അതിൽ അവിശ്വസിക്കുന്നുവെങ്കിൽ അവർ തന്നെയാണ് നഷ്ടക്കാർ". (ബഖറ 121) ഓതേണ്ട മുറ എന്തെന്ന് വ്യക്തമാണ്. മനസ്സിരുത്തി ഓതുക, മനസ്സിലായതനുസരിച്ച് പ്രവർത്തിക്കുക അതു പ്രചരിപ്പിക്കുക , പ്രവർത്തിക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ടി ത്യാഗം ചെയ്യുക. ഇതാണ് മുറ. ഈ നിലയിൽ ഓതുന്നവർ മുഅ്മിനുകളാകുന്നു. അപ്പോൾ അതിന്റെ മറുവശമായി പറഞ്ഞ അവിശ്വാസം എങ്ങനെയാണ് ? തീരെ ഓതാതിരിക്കലും, മനസ്സിലാകാത്ത വിധത്തിൽ ഓതലും, മനസ്സിലായതനുസരിച്ച് ചെയ്യാതിരിക്കലും ഇതുമൂന്നും ഇവിടെ പറഞ്ഞ അവിശ്വാസമാകുന്നു. എന്നു സാരം അപ്പോൾ ദുർവ്യാഖ്യാനം വഴി മറിച്ചുപറയുന്നവരുടെ സ്ഥിതിഎന്ത്?

മനസ്സിൽ തട്ടാത്തവിധത്തിലുള്ള ഓതലുമായി ചുറ്റിത്തിരിയുന്ന യഹൂദിമാതൃക ഇന്നിപ്പോൾ സമൂഹത്തിൽ വളരെയധികം പടർന്നു പിടിച്ച ഒരവസ്ഥയിൽ എത്തിയിരിക്കുന്നു. സംഘടിതമായ നിലയിൽ ദീർഘ വീക്ഷണത്തിൽ പരിപാടിയിട്ട് ഖുർആൻ പാരായണമത്സരവും സമ്മാനദാനവും നടന്നുവരുന്നു. സംഘടനകൾ ഈ വിഷയത്തിൽ കിടമത്സരം നടത്തുന്നു. ഇത് യഹൂദി മാതൃകയിൽ യഹൂദികളെ കവച്ചു വെക്കുന്ന പരിപാടിയാകുന്നു . യഹൂദികൾ തൗറാത്തും കൊണ്ട് ഇത്തരം കോപ്രാട്ടികൾ കാട്ടിയതായി അറിയുന്നില്ല. ആളുകൾക്ക് കാര്യത്തിന്റെ കഴമ്പിനെപ്പറ്റി

ചിന്ത വളരെ കുറഞ്ഞിരിക്കുന്നു മിക്കവരും കേവലം പുറംതൊലികൊണ്ട് തൃപ്തിപ്പെടുന്നവരായിരിക്കുന്നു. പരമോന്നതന്മാർ എന്നു കരുതപ്പെടുന്നവർ കേവലം ബാലിശമായ നിലയിലേക്ക് തരം താഴുന്നു. ഇതിനിടയിൽ നാം എന്തുചെയ്യണെമെന്നാലോചിക്കുമ്പോൾ ഒരു പിടിയും കിട്ടുന്നില്ല. ഒറ്റപ്പെടേണ്ടിയവരും എന്നുതന്നെ പലപ്പോഴും തോന്നിപ്പോകുന്നു. കൂട്ടുകാരെ വളരെ അപൂർവ്വമായിട്ടേ കാണുന്നുള്ളു . പക്ഷെ അതിൽ നിരാശപ്പെടാനൊന്നുമില്ല. മുമ്പും ഇങ്ങനെ തന്നെയായിരുന്നു. ചില പ്രവാചകന്മാർക്കുപോലും അനുയായികളായി രണ്ടാളെയും ഒരാളെയും മാത്രം കിട്ടിയിട്ടുള്ളൂ എന്നും ചിലർക്ക് ഒരാളെപോലും കിട്ടിയില്ല എന്നും സ്വഹീഹായ ഹദീസിൽ കാണുന്നു അത്യത്ഭുതകരമായ മുഅ്ജിസത്തുകളുമായി വന്ന ഈസാനബിയിൽ അന്ന് വിശ്വസിച്ചത് കേവലം പന്ത്രണ്ടുപേർ മാത്രമാണെന്നും അവരിൽ ഒരുവൻ (ജൂദാസ് ഇസ്കാരിയറ്റ്) പിന്നീട് മതഭ്രഷ്ടായി യഹൂദികളിൽനിന്ന് കൈക്കൂലി വാങ്ങി ഈസാനബിയെ ഒറ്റിക്കൊടുത്തു എന്നും പറയപ്പെടുന്നു (ഈസാനബിയെ അല്ലാഹു ആകാശത്തിലേക്ക് എടുത്തപ്പോൾ യഹൂദികൾ ഈസാനബി എന്ന ഭാവത്തിൽ ഇവനെ പിടിച്ചു കുരിശിൽ തറച്ചു) നൂഹ് عليه السلام 950 കൊല്ലം പ്രബോധനം ചെയ്തിട്ട് കുറച്ച് പേർമാത്രമേ വിശ്വസിച്ചുള്ളു. ഭൗതിക ജീവിതത്തിന്റെ മിനുക്കമാണ് ഈ ആളുകളുടെയെല്ലാം കണ്ണുമയക്കിയത്.

അല്ലാഹുവിന്റെ കോപത്തിനനും ശാപത്തിനും കാരണങ്ങളായും യഹുദികളുടെ സ്വഭാവങ്ങളായും ഖുർആനിൽ പറഞ്ഞതിൽ നിന്നുള്ള ഉദ്ധരണികൾ ഇവിടെ അവസാനിപ്പിക്കുന്നു. മുഴുവൻ അറിയണമെന്നുള്ളവർ ഖർആൻ മുഴുവൻ പഠിക്കുക തന്നെ വേണം. ഇനി അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും കരണമായി ഹദീസിൽ വന്നിട്ടുള്ള ഏതാനം വിഷയങ്ങൾ വിവരിക്കാം.

## 14. ജാറം

അത്തരം വളരെ കാര്യങ്ങൾ സ്വഹീഹായ ഹദീസുകളിൽ വിവരിച്ചിട്ടുണ്ട്. അതിലൊന്നും പെട്ടുപോകാതെ സൂക്ഷിക്കുവാനുള്ള മഹത്തായ ഉൽബോധനം പ്രസ്തുത വചനങ്ങളിലുടെ അല്ലാഹുവിന്റെ റസൂൽ നൽകിരിക്കുകയാണ് . അങ്ങിനെയുള്ള വല്ലതും നമ്മളിലുണ്ടോ എന്ന് നമുക്ക് ആത്മപരിശോധനനടത്തേണ്ടതാകുന്നു. അത്തരം വിഷയങ്ങളിൽ വെച്ച് ഏറ്റവും ഗുരുതരവും അത്യാപൽകരവുമായ ഒന്നാണ് മഹാന്മാരുടെ ഖബ്റുകൾക്ക് മീതെ ജാറം കെട്ടിപ്പൊന്തിക്കൽ.

"യഹുദികളേയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു. അവരുടെ പ്രവാചകന്മാരുടെ ഖബറുകൾക്കുമീതെ കെട്ടിടങ്ങളു

ണ്ടാക്കി അവിടെ വെച്ച് അല്ലാഹുവിനെ ആരാധിച്ചു. ഈ കാരണത്താൽ അവരെ അല്ലാഹു ശപിച്ചു" ഇതാണ് നബി ﷺ പറയുന്നത്. പൂർവ്വകാലത്ത് പ്രവാചകന്മാരല്ലാത്ത മറ്റ് പുണ്യവാൻമാരുടെ ഖബറുകൾക്കു മീതെയും ജാറം കെട്ടൽ ദുർമാർഗ്ഗികളുടെ സമ്പ്രദായമായിരുന്നുവെന്നും അവർ അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ദുഷിച്ചവരാണെന്നും നബി ﷺ പറഞ്ഞിട്ടുണ്ട്. ഈ വിഷയകമായി ധാരളം ഹദീസുകൾ രേഖപ്പെടുത്തിട്ടുണ്ട്.

ഖബ്റുകളുടെ സിയാറത്ത് പരലോകത്തെ ഓർമ്മിക്കാൻ വേണ്ടിയാണെന്ന് സ്വഹീഹായ ഹദീസുകളിൽ വ്യക്തമാക്കിയിരിക്കുന്നു. അതായത് ഖബറുകൾ കാണുമ്പോൾ എന്നെപ്പോലെ ഇവിടെ സുഖമായി ജീവിച്ചിരുന്ന ആളുകളാണെല്ലോ ഇപ്പോൾ ഇവിടെ അടക്കപ്പെട്ടിരിക്കുന്നത്. ഇവരുടെ സ്ഥിതി എന്തെന്ന് നമുക്ക് അറിയാൻ പോലും നിവൃത്തിയില്ലല്ലോ. എന്റെ ഗതിയും ഇതുതന്നെയല്ലേ. എന്നോർമ്മിക്കുകയും മരണ ശേഷം ഉപകരിക്കത്തക്കവണ്ണം സൂക്ഷിച്ചു ജീവിക്കണമെന്ന തീരുമാനം പുതുക്കുകയും ചെയ്യണം. ഇതാണ് സിയാറത്തിന്റെ ഫലം. പിന്നെ അവിടെ ചെയ്യേണ്ടത് സലാം ചൊല്ലലും കബറടക്കപ്പെട്ടവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രർത്ഥിക്കലുമാണ്. ജാറം കെട്ടിപ്പൊന്തിച്ചേടത്ത് സിയാറത്തിന് പോകുന്നത് പരലോകത്തെ ഓർമ്മിക്കാനല്ല, എന്നുമാത്രമല്ല, പരലോകത്തെപറ്റിയുള്ള ഓർമ്മ നശിക്കുകയാണ് അവിടെ ചെയ്യുക. പിന്നെ ഖബറാളികൾക്കുവേണ്ടി അല്ലാഹുവിനോട് തേടുന്നതിനു പകരം ആ ജാറത്തിൽ അടക്കപ്പെട്ടവരോട് തേടുകയാണ് ചെയ്യുന്നത്. അവരുടെ സ്നേഹവും സഹായവും ലഭിക്കുവാൻ അവരുമായുള്ള ബന്ധം ഉറപ്പിക്കുവാനും വേണ്ടിയാണ് അവിടെ പോകുന്നത്. ഖബറാളികൾ മരണത്തോടുകുടി ബർസഖിയായ അദൃശ്യ ലോകത്തായിപ്പോയി. അവരുടെ സഹായം തേടുന്നതും അവരുമായി ബന്ധം സ്ഥാപിക്കുന്നതും അദൃശ്യമായ മാർഗ്ഗത്തിലാണ്. അതുകൊണ്ട് അവരെ ഉദ്ദേശിച്ച് സവിനയം ചെയ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ശിർക്കിന്റെ ആരാധനകളാകുന്നു. സിയാറത്തിന്റെ പേര് ഇവിടെ പറഞ്ഞിട്ടുയാതൊരു കാര്യവുമില്ല. അവരുടെ സഹായം തേടികൊണ്ട് അങ്ങോട്ടുപോകുന്നതും, ജാറം മൂടുന്നതും അവിടെ വിളക്ക് കത്തിക്കുന്നതും, അവിടം ചുംബിക്കുന്നതും, അവിടത്തെ മണ്ണ് തിന്നുന്നതും എല്ലാം ശിർക്കിന്റെ ആരാധനകളാകുന്നു. ഈ ശിർക്കുകൾക്കെല്ലാം പ്രേരകമായ നിലയിലാണ് ഈ കെട്ടിടങ്ങൾ നിലകൊള്ളുന്നത്. യഹൂദികളേയും ക്രിസ്ത്യാനികളേയും ശപിച്ചത് പ്രവാചകന്മാരുടെ ഖബറുകൾക്ക് മീതെ കെട്ടിടങ്ങളുണ്ടാക്കി അവിടെ വെച്ച് അല്ലാഹുവിനെ ആരാധിച്ചതിനാലാണെന്ന് നേരത്തെ പറഞ്ഞല്ലോ. അപ്പോൾ ഈ മാതൃകയിൽ യഹുദികളെ കവച്ചുവെക്കുകയാണ് നമ്മുടെ സമുദായം ചെയ്തിരിക്കുന്നത്. അവർ പുണ്യവാന്മാരുടെയും പുണ്യവാന്മാരാണെന്ന് വെറുതെ കരുതപ്പെടുന്ന

വരുടെയും ഖബറുകൾക്കുമീതെ ജാറം കെട്ടി അവിടെ ഖബറടക്കപ്പെട്ട വരെ ആരാധിക്കുന്നു. ക്ഷേത്രങ്ങളിൽ ചെയ്തുവരുന്നത് പോലെയുള്ള മിക്ക ആരാധനകളും ചെയ്യുന്നു. ചെണ്ടമുട്ട്, കോൽക്കളി, കരിമരുന്ന് കത്തിക്കൽ മുതലായ ..............

മഹാകാരുണികനും കരുണാനിധിയുമായ അല്ലാഹു ഒരു കൂട്ടരെ ശപിക്കുക എന്നത് ചെറിയൊരു കാര്യമല്ല. അല്ലാഹുവിന് ആരോടും കുടുംബവിരോധവുമില്ല. അല്ലാഹു സ്നേഹിക്കുന്നതും വിരോധിക്കുന്നതുമൊക്കെ ന്യയമായകാരണങ്ങളുടെ അടിസ്ഥാനത്തിലാണ്. യഹൂദികളെ ശപിക്കാനിടയായ കാരണം നമ്മളിൽനിന്നുണ്ടായാൽ നമുക്ക് അതുപോലെ ശാപം ഏൽക്കുയില്ലെന്ന് ആരുപറഞ്ഞു? അല്ലാഹുവിന്റെ നിയമനടപടിയിൽ പക്ഷഭേദമില്ല. മേൽസൂചിപ്പിച്ച ഹദീസുകളുടെ പ്രബല്യത്തിലും പ്രമാണികതയിലും ആർക്കും തർക്കമില്ല. അറേബ്യയിലെ ഇന്നെത്തെ ഫഹദ് രാജാവിന്റെ പിതാവ് അബ്ദുൽ അസീസ് രാജാവിന് ഹിജാസ് അധീനമായപ്പോൾ മക്കത്തും മദീനത്തും മറ്റുമൊക്കെ ഖബറുകൾക്ക് മീതെ ഉയർന്നുനിന്നിരുന്ന കെട്ടിടങ്ങളിൽ എന്തുചെയ്യണമെന്ന് ഹനഫി, മാലിക്കീ,ശാഫിഈ, ഹൻബലി മദ്ഹബുകളിൽപെട്ട പണ്ഡിതന്മാരോടും മദ്ഹബ് സ്വീകരിക്കാത്ത പണ്ഡിതന്മാരോടും ഫത്വ ചോദിച്ചു. അതൊക്കെയും പൊളിച്ച് നീക്കൽ നിർന്ധമാണെന്ന് എല്ലാവരും മറുപടി കൊടുത്തു അങ്ങിനെ എല്ലാം ഇടിച്ചുനിരത്തപ്പെട്ടു. ക്ഷേമവും ഐശ്വര്യവും ശാന്തിയും സമാധാനവും വിളയാടുന്ന ഒരവസ്ഥ അവിടെ ഉണ്ടായി. ഖബറിന്റെ മുകളിൽ കെട്ടിഉയർത്തപ്പെട്ട ജാറങ്ങൾ ലത്നത്തിന്റെ കുടാരങ്ങളാകുന്നു. മനുഷ്യഹൃദയങ്ങളിൽ അവയുടെ നേരേയുള്ള ഭക്തിനിറഞ്ഞ ഭഹുമാനം നിശ്ശേഷം ഒഴിവാക്കുകയും എല്ലാ നേർച്ചക്കാരോടുമുള്ള ബന്ധത്തിൽ നിന്ന് ഹൃദയം വിമുക്തമായി അല്ലാഹുവുമായുള്ള ബന്ധം സുദൃഢമാകുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ രക്ഷയുള്ളു. അപ്പോൾ ഈ വചനത്തിന്റെ അർത്ഥവ്യാപ്തിയിൽ ജാറം കെട്ടിപ്പൊന്തിക്കുകയും അതിനെ ഉപചരിക്കുകയും ചെയ്യുക എന്ന കോപ കാരണം ഞങ്ങളിൽ വരാതെ കാക്കണേഎന്നുള്ള സാരവും ഉൾക്കൊള്ളുന്നു. അപ്പോൾ ജാറത്തിന്റെ കാര്യത്തിൽ തൽപരരായ ആളുകൾ ഇങ്ങിനെ പ്രാർത്ഥിക്കുന്നത് നേരേ വിരോധമാകുന്നു.

ജാറം കെട്ടിപ്പൊന്തിക്കുവാനും അതിനോട് ബന്ധപ്പെട്ട ശിർക്കിന്റെ ആരാധനകൾ ചെയ്യുവാനും സുന്നീമുസ്ല്യാക്കൾ നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനം വമ്പിച്ചതാകുന്നു. ആസ്ഥിതിക്ക് എങ്ങിനെയാണ് സമുദായം രക്ഷപ്പെടുക? എനിക്ക് നാലഞ്ച് വയസ്സ് പ്രായമാവുകയും എന്തെങ്കിലുമൊക്കെ കേട്ടുമനസ്സിലാക്കാൻ തുടങ്ങുകയും ചെയ്തകാലത്ത്

എന്റെ നാട്ടിലുള്ള മഖാമിന്റെ (തങ്ങമ്മാരെ ഖബറടക്കുന്ന ജാറം) താഴിക ക്കുടം കേടുവന്നിട്ടുണ്ടായിരുന്നു. ആകാലത്ത് നാട്ടിൽ എന്തു ദുരിതമുണ്ടാ യാലും ആളുകൾ പറയും "എങ്ങിനെയാണ് അപകടങ്ങൾ ഇറങ്ങാതിരി ക്കുക? മഖാമിന്റെ താഴികക്കുടം കേടുവന്നിട്ട് ഇതുവരെ നന്നാക്കിയോ ?" എന്ന് എന്റെ മനസ്സിൽ ആദ്യമായി പതിയുന്ന ഒരു മതവിശ്വാസമാണത്. ധാരാളം മുസ്ല്യാക്കളുള്ള ഒരു നാടാണത്. അരഡസൻ പള്ളി ദർസ്സുകളും. മഖാമിന്റെ താഴികക്കുടം നന്നാക്കത്തതുമൂലം മുസീബത്തുകൾ ഇറങ്ങുന്നു എന്ന വിശ്വാസം തെറ്റാണെന്ന് ഒരൊറ്റ മുസ്ല്യാരും പറഞ്ഞില്ല. ആശിർക്കിന്റെ വിശ്വാസം എല്ലാവരും ശരിവെക്കുകയാണ് ചെയ്തത്, പ്രത്യക്ഷത്തിൽ.

കേരളത്തിൽ ഏറ്റവും വലിയ മഹാപണ്ഡിതനെന്നു പേരെടുത്ത ധനികനായ ഒരു സുന്നീ മുസ്ല്യാർ ഏതാണ്ട് മരിക്കാറായപ്പോൾ മുതലുക ളെല്ലാം മക്കൾക്കു പങ്കിട്ടുകൊടുത്തു. മൂത്തമകൾക്ക് ഒന്നും കൊടുത്തില്ല. അവളുടെ ഭർത്താവ് ഒരു മുസ്ല്യാരായിരുന്നു. രണ്ടു പേരെയും വിളിച്ച് അദ്ദേഹം പറഞ്ഞു : "നിങ്ങൾ രണ്ടാളും ഒന്നും വിചാരിക്കണ്ട, ഇവർക്കെല്ലാം കൊടുത്തതിനേക്കാൾ കാര്യമായത് നിങ്ങൾക്ക് ഞാൻ കരു തിവെച്ചിട്ടുണ്ട്". എന്റെ ജാറത്തിലെ പിരിവ് നിങ്ങൾക്ക് രണ്ടാൾക്കുമാകു ന്നു. അവരിരുവരും ഇതുകേട്ട് വളരെ തൃപ്തിപ്പെട്ടു. ഈ മുസ്ല്യാക്കളെ ഉപ ദേഷ്ടാക്കളും വഴികാട്ടികളുമായി സ്വീകരിക്കുന്ന കാലത്തോളം ഈ സമു ദായം രക്ഷപ്പെടുകയില്ല. നമ്മുടെ ആളുകളെ അല്ലാഹു ബോധവന്മരാക്കട്ടെ. സമുദായത്തിന്റെ രക്ഷക്ക് ആദ്യം ചെയ്യേണ്ടത് ഈ ജാറങ്ങളെല്ലാം ഇടിച്ച് നിരത്തുകയും ഖബറാരാധന ഉപേക്ഷിക്കുകയുമാണ്. എന്നിട്ട് മനസ്സറിഞ്ഞ് നമസ്കരിക്കണം. എങ്കിൽ സമുദായത്തിന്റെ സ്ഥിതി ആകെ വ്യത്യാസപ്പെ ടുകയും ശോഭനമായ നില കൈവരികയും ചെയ്യുന്നതാകുന്നു.

## 15. കൈക്കൂലി

(കൈക്കൂലി കൊടുക്കുന്നവനെയും വാങ്ങുന്നവനേയും അവരുടെ ഇടയിൽ പ്രവർത്തിക്കുന്നവനെയും അല്ലാഹു ശപിക്കട്ടെ. അല്ലെങ്കിൽ ശപി ച്ചിരിക്കുന്നു ) എന്ന് നബി ﷺ പറയുന്നു. ലോകത്തിനു കാരുണ്യമായി അയക്കപ്പെട്ടവരും നമ്മുടെ മാതാപിതാക്കളേക്കാൾ നമ്മോട് കൂടുതൽ സ്നേഹമുള്ളവരുമായ പ്രവാചകൻ ഒരുകൂട്ടരെ ശപിക്കുകയും ശപിക്കു വാനായി പ്രവർത്തിക്കുകയും ചെയ്തുകാണുമ്പോൾ നമ്മെ ഇരുത്തിചി ന്തിപ്പിക്കേണ്ട വിഷയമാണത്. സത്യത്തിനും നീതിക്കും യാതൊരുസ്ഥാ നവും ഇല്ലാതെവന്നതിന്റെ കാരണം എന്താണെന്ന് ചോദിച്ചാൽ കൈക്കൂലി യാണെന്നു പറയാം. മതരംഗത്തും ഭരണത്തിലും താന്തോന്നിത്തവും അക്ര മവും അനീതിയും നിർബാധം വിളയാടുവാൻ എങ്ങിനെ കാരണമായി എന്നുചോദിച്ചാൽ അതിന് വഴിവെച്ചത് കൈക്കൂലിയാണെന്നു പറയാം.

സത്യത്തെ മറച്ചുവെക്കുവാനും മാറ്റിമറിക്കുവാനും വേണ്ടി കൊടുക്കുന്ന പ്രതിഫലം, സംഭാവന, പാരിതോഷികം ഇതൊക്കെയാണ് ശപിക്കപ്പെട്ട കൈക്കൂലി. സത്യത്തിനെതിരെയായി വിധി സമ്പാദിക്കുവാനായി ജഡ്ജിക്ക് കൊടുക്കുന്നത്, സത്യത്തിന് എതിരായി വാദിക്കുവാൻവേണ്ടി വക്കീലിനു കൊടുക്കുന്നത്, സാക്ഷിക്കു കൊടുക്കുന്നത് ഇതല്ലാം ശപിക്കപ്പെട്ട കൈക്കൂലിയാകുന്നു.

സത്യത്തിനെതിരായും സത്യത്തെ വളച്ചൊടിച്ചും വഅള് പറയുന്ന മുസ്ല്യാർക്ക് കൊടുക്കുന്നത് ഏറ്റവും ചീത്തയായ ശപിക്കപ്പെട്ട കൈക്കൂലിയാകുന്നു. സത്യത്തിനെതിരായി ഫത്‌വ പുറപ്പെടുവിക്കുന്നവർക്ക് കൊടുക്കുന്ന ഹദിയ്യയും ശപിക്കപ്പെട്ട കൈക്കൂലിയാകുന്നു. കൊടുക്കുന്നവരും വാങ്ങുന്നവരും പിരിവ് എടുക്കുന്നവരും എല്ലാം ശപിക്കപ്പെട്ടവരാകുന്നു. സഹോദരങ്ങളെ കള്ളവാക്ക് പറയിച്ചിട്ട് പിരിവെടുത്ത് കൊടുത്തിട്ട് നരകത്തിൽ പോകാൻ നിൽക്കണ്ട കെട്ടോ. ധർമ്മം കൊടുത്തിട്ട് അതുമൂലം നരകത്തിൽ പോകൽ കഷ്ടമാണ്. മുസ്ല്യാരുടെ വീട്ടിൽ പട്ടിണിയാണെന്നുവെച്ച് നിങ്ങൾ പിരിവെടുത്ത് കൊടുക്കും. മുസ്ല്യാർ നിങ്ങളുടെ ഇഷ്ടത്തിനൊത്ത് സത്യം വളച്ചൊടിച്ച് വഅള് പറയും. അക്കാരണത്താൽ ഈ സംഭാവന തൊട്ടവർക്കെല്ലാം ശാപമേൽക്കുന്ന കൈക്കൂലിയായിത്തീരും. സൂക്ഷിച്ച് കൊൾക.

പരിശുദ്ധ ഖുർആനിൽനിന്ന് അല്ലാഹുവിന്റെ കോപകാരണങ്ങളെ സംബന്ധിച്ച് മുമ്പ് ഉദ്ധരിച്ചപ്പോൾ സത്യത്തെ മറച്ചു വെക്കുക എന്നൊരു വിഷയം പ്രധാനമായി എടുത്തു പറഞ്ഞിട്ടുണ്ട്. അതിനോടു ബന്ധപ്പെട്ടതാണിതെന്ന് വ്യക്തമാണല്ലോ. വാസ്തവത്തിൽ ഇവിടെ ഒരു സംഭാവന - ധർമ്മമോ പരിതോഷികമോ - ആണ് കൊടുക്കുന്നത്. അത് തൊട്ടവർക്കെല്ലാം ശാപമായിത്തീർന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ടതാകുന്നു. സത്യത്തേയും നീതിയേയും മറച്ച് വെക്കുകയും മാറ്റി മറിക്കുകയും ചെയ്യുക എന്ന മഹാ അപരാധം ഇവിടെ വരുന്നത്കൊണ്ടാണ്. ഈ നിലയിൽ വഅള് പറയുന്നവരും ലേഖനം എഴുതുന്നവരും ഈ ശാപം ഏറ്റുവാങ്ങുന്നവരാകുന്നു. ജഡ്ജിമാരും വക്കീൽമാരും മാത്രമല്ല, മതപണ്ഡിതന്മാരും ഈ സ്ഥാനത്ത് വരെ ശ്രദ്ധിക്കേണ്ടതുണ്ട്. ഭൗതികമായ നേട്ടങ്ങൾ അനുഭവിക്കുന്നവരും ഈ ശാപം ഉൾക്കൊള്ളുന്നവരാകുന്നു.

ഒരു കാര്യം ഇവിടെ ഉണർത്തേണ്ടതുണ്ട്. സത്യത്തേയും നീതിയേയും മറികടക്കാത്ത നിലയിൽ ന്യായമായി അവകാശപ്പെട്ടത് ലഭിക്കുവാൻ ഇന്ന് ഒരുതരം കൈക്കൂലി നടക്കുന്നുണ്ട്. ആശുപത്രിയിൽ അഡ്മിഷൻ കിട്ടുന്നതിന് ഡോക്ടർക്ക് കൈക്കൂലി കൊടുത്തെങ്കിലല്ലാതെ ഒക്കുക

യില്ലെന്നു വന്നിരിക്കുന്നു. ഗവൺമെന്റ് ഓഫീസുകളിൽ നിന്നും ഒരു മേശ പ്പുറത്തു നിന്നും കടലാസ് അടുത്തമേശയിലേക്ക് നീങ്ങണമെങ്കിൽ പോലും കൈക്കൂലി കൊടുക്കാതെ നിവൃത്തിയില്ല. സമൂഹം വളരെ ചീത്ത യായിരിക്കുന്നു. നീതിയില്ല, സത്യമില്ല, സ്നേഹമില്ല. അഡ്മിഷൻ കിട്ടാൻവേണ്ടി എന്തെങ്കിലും കൊടുത്താൽ അല്ലാഹുവിന്റെ ശാപം ഏൽക്ക ണമെങ്കിൽ നാം ഏങ്ങിനെ ജീവിക്കും? ഉമറുബ്നുഖത്താബിന്റെ ഭരണം ലോകത്ത് എവിടെയുണ്ട്?

ഇതിനൊക്കെയും കൈക്കൂലി എന്നുപറയുന്നുണ്ടെങ്കിലും തൊട്ട വർക്കെല്ലം ലഅ്നത്ത് പറഞ്ഞ കൈക്കൂലിയിൽ ഇത് പെടുകയില്ല. ഇത് അന്യായമായ വാങ്ങലായതുകൊണ്ട് കുറ്റക്കാരനാകുമെന്നല്ലാതെ പറയാൻ നിവൃത്തിയില്ല. കൊടുക്കുവാൻ വാസ്തവത്തിൽ മനസ്സുമുട്ടി നിർബന്ധിതാനായിട്ടാണ് കൊടുത്തത്. പണമോ സാധനമോ പരസ്പരം കൈമാറുന്നതിൽ ഇരുഭാഗത്തും മനസ്സംതൃപ്തി ആവശ്യമാണ്. അതിവിടെ ഇല്ലാത്തതിനാൽ വാങ്ങിയവൻ കുറ്റക്കാരനും കൊടുത്തവൻ നിരപരാ ധിയുമാണ് ഇവിടെ. പ്രസ്തുത ഹദീസിന്റെ വിവരണത്തിൽ ഇമാം ഇബ് നുൽ അസീർ പറയുന്നു: (ന്യായമായതു ലഭിക്കുവാൻ വേണ്ടിയോ അക്രമം തടുക്കുവാൻ വേണ്ടിയോ കൊടുക്കുന്നതാകട്ടെ അത് ഈ ശപിക്കപ്പെട്ട കൈക്കൂലിയിൽ പെട്ടതല്ല. നിഹായ, വാള്യം:3 പേജ്:226) എന്നാൽ പിന്നെ കൊടുത്തവനെപ്പോലെ വാങ്ങിയവൻ നിരപരാധിയാകാത്തതെന്ത്? കൊടു ത്തവൻ നിർബന്ധിതനായിട്ടു കൊടുക്കുകയാണ്. വേറെ നിവൃത്തിയില്ലാ ത്തതുകൊണ്ട് മുട്ടുശാന്തിക്കുവേണ്ടി കൊടുക്കുകയാണ്. വിഷമഘട്ട ങ്ങളിൽ വിട്ടുവീഴ്ച ഇസ്‌ലാമിൽ സർവ്വസാധാരണമായി അറിയപ്പെട്ട താണ്. വാങ്ങുന്നവരാകട്ടെ തനിക്ക് അവകാശമില്ലാത്തതാണ് വാങ്ങുന്നത്. അതിനാൽ ഇത് ഒരുതരം പിടിച്ചുപറിയാകുന്നു. വാങ്ങാൻ അവന് അവ കാശമില്ല. വാങ്ങാതിരിക്കാൻ കഴിയും. ഇങ്ങിനെയുള്ള സ്ഥലത്ത് രണ്ടു പേരും ഒരുപോലെയല്ലെന്നുള്ളത് വ്യക്തമാണ്. വാങ്ങിയവൻ ധനത്തോ ടുള്ള അതിമോഹം നിമിത്തം മനുഷ്യത്വം നശിച്ചവനാകുന്നു. കൊടുത്ത വൻ അങ്ങിനെയല്ല. പ്രത്യേക പരിതസ്ഥിതികളും ഓരോരുത്തരുടെ മന സ്ഥിതിയും അനുസരിച്ചുള്ള വിധി അല്ലാഹുവിന്റെ അടുക്കലാകുന്നു.

ഇപ്പോൾ നമ്മുടെ നാട്ടിൽ ഒരു പെൺകുട്ടി ജനിച്ചാൽ ആ കുടുംബം കുടുങ്ങി, ആഭരണവും സ്ത്രീധനവും കൊടുത്തെങ്കിലല്ലാതെ പുതിയാപ്പിളയെ കിട്ടുകയില്ല. പിന്നെ പല ആചാരങ്ങളും. സമൂഹം വളരെ ചീത്തയായിരിക്കുന്നു. ഇതുമൂലമുള്ള നാശങ്ങൾ പറഞ്ഞാൽ തീരുകയി ല്ല. ഇവിടെ കൊടുത്തവനും വാങ്ങിയവനും ഒരുപോലെ കുറ്റക്കാരാകുമോ? ഇല്ല; വാങ്ങിയവൻ കുറ്റക്കാരനാകുന്നു. സ്ത്രീധനം വാങ്ങിയില്ലെങ്കിലും

പെണ്ണ്കിട്ടും. വാങ്ങാൻ നിർബന്ധിതനല്ല. കൊടുത്തവൻ നിർബന്ധിതനാകുന്നു. രണ്ടു കൂട്ടരേയും തുല്യനിലയിൽ അടക്കി ആക്ഷേപിക്കുന്നത് ശരിയല്ല. ന്യായമായ അവകാശമില്ലാത്തതു അക്രമമായി പിടിച്ചു വാങ്ങിയവൻ കുറ്റക്കാരനാണെന്ന് ഖുർആനും ഹദീസും തെളിയിച്ചിരിക്കുന്നു. ആ നിലക്ക് മകനെക്കൊണ്ട് സ്ത്രീധനം വാങ്ങിക്കുമ്പോൾ ബാപ്പകുറ്റക്കാരൻ തന്നെ.

ഒരു തർക്കം: "സ്ത്രീധനസമ്പ്രദായം നിശ്ശേഷം ഒഴിഞ്ഞു കിട്ടൽ ആവശ്യമാണല്ലോ, കൊടുക്കാൻ തയ്യാറായതു കൊണ്ടാണല്ലോ വാങ്ങുന്നതും. അതുകൊണ്ട് കൊടുക്കുന്നവർ ഈ ദുർന്നടപ്പിനെ പ്രോത്സാഹിപ്പിക്കുന്നവനാകുന്നു. അതുകൊണ്ട് അവനും കുറ്റക്കാരനാകുന്നു".

ഇതിന് മറുപടി:- നമ്മൾ കുറെ കടുപ്പം കൂട്ടിപ്പറഞ്ഞിട്ട് കാര്യമില്ല. വിഷയങ്ങൾ ശരിയായരൂപത്തിൽ വിവരിക്കലാണ് നമ്മുടെ കടമ. കൊടുത്തില്ലെങ്കിൽ പെണ്ണിന്റെ കല്ല്യാണം അനിശ്ചിതമായി നീണ്ടുപോകുന്നു. ബാപ്പ കുറച്ചുകാത്തിരിക്കണമെന്നത് ശരി. അല്ലാഹുവിന്റെ നിശ്ചയമനുസരിച്ചു നടക്കും. പക്ഷെ കുറെക്കാലം കാത്തിരുന്ന പെണ്ണും ഉമ്മയും കുടുംബവും വിഷമിക്കുമ്പോൾ പുരുഷനാവശ്യപ്പെട്ടത് കൊടുത്തുപോയാൽ കൊടുക്കുന്നവനല്ല വാങ്ങുന്നവൻ തന്നെയാണുത്തരവാദി. അതിനുപുറമെ കിട്ടാനാശയുണ്ട്, പക്ഷെ തരുന്നില്ല. അതുനിമിത്തം വാങ്ങാതിരുന്നിട്ടു കാര്യമില്ല. കിട്ടാൻ സൗകര്യമുണ്ടായിട്ട് അല്ലാഹുവിനെ പേടിച്ച്, അല്ലാഹുവിന്റെ പ്രതിഫലം ആശിച്ച്, ത്യാഗബുദ്ധിയോടുകൂടി മനഃപൂർവ്വം വാങ്ങാതിരിക്കണം അതാണ് പുണ്യം. ഈ നിലയിൽ സ്ത്രീധനം വാങ്ങാതിരിക്കുന്നതിന് നമ്മുടെ യുവാക്കളേയും അവരുടെ രക്ഷിതാക്കളേയും സന്നദ്ധരാക്കുകയാണ് നാം വേണ്ടത്. നമ്മുടെ പെൺകുട്ടികളെ കെട്ടിച്ചുകൊടുക്കുമ്പോൾ ചോദിക്കാതെ സ്വമനസ്സാലെയോ ചോദിച്ചിട്ട് നിർബന്ധിതരായോ കൊടുക്കേണ്ടിവന്നാലും ആൺകുട്ടികളെക്കൊണ്ട് കെട്ടിക്കുമ്പോൾ മനഃപ്പൂർവ്വം നാം ഉപേക്ഷിക്കൽ നിർബന്ധമാകുന്നു. സ്ത്രീധനം കൊടുക്കുന്നവരേയും വാങ്ങുന്നവരേയും തുല്യനിലയിൽ ആക്ഷേപിക്കുന്നത് യുക്തിക്കും നീതിക്കും നിരക്കാത്തതാകുന്നു. തീവ്രവാദം നാശമാണ്.

പിന്നെ ചിലർ പറയാറുണ്ട് ഇത് പലിശപോലെയാണെന്ന്. പലിശവാങ്ങിയവനും കൊടുത്തവനും ഒരുപോലെ ശപിക്കപ്പെട്ടവനാണെന്ന് സ്വഹീയായ ഹദീസ് തെളിയിച്ചിട്ടുണ്ട്. ഇതിനു മറുപടി: പലിശയെ സംബന്ധിച്ച് ആ പറഞ്ഞത് മുഹമ്മദു നബി ﷺ ആകുന്നു. സ്ത്രീധനം അതുപോലെയാണെന്ന് പറയാൻ നിങ്ങൾക്കെന്തധികാരം? ഒരു ബാപ്പ മകളെ കെട്ടിച്ചപ്പോൾ ആഭരണവും മുതലും കൊടുത്താൽ അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കുമെന്ന് യാതൊരു തെളിവും ഇല്ല. കാരുണ്യത്തിന്റെ

മതമായ പരിപാവനമായ ഇസ്ലാമിന് അതൊരിക്കലും യോജിക്കുന്നതല്ല. അതുകൊണ്ട് ഈ ഖിയാസ് (പലിശയോടൊപ്പിച്ചുപറയൽ) ഒരിക്കലും ശരിയല്ല. കൂടാതെ പലിശകൊടുക്കുന്നവനും വാങ്ങുന്നവുനും ഒരുപോലെയാണെന്ന് ആരുപറഞ്ഞു? അങ്ങിനെ ആവാൻ ഒരിക്കലും നിവൃത്തിയില്ല. പരിശുദ്ധ ഖുർആനിൽ പലിശവാങ്ങി തിന്നുന്നവരെ അവിടെ കൂട്ടിപ്പറഞ്ഞിട്ടില്ല. അവരെ കുറ്റക്കാരാക്കിയിരിക്കുന്നത് സ്വഹീഹായ ഹദീസിൽ ആകുന്നു. അതോടുകൂടി കൊടുക്കുന്നവൻ നഷ്ടക്കാരനും വാങ്ങുന്നവൻ നേട്ടക്കാരനുമാകുന്നു. നേട്ടവും നഷ്ടവും ഏതായാലും ഒരുപോലെയല്ല. മാത്രമല്ല കൊടുക്കുന്നവൻ പലപ്പോഴും അതിന് നിർബന്ധിതനായിത്തീരും. വാങ്ങുന്നവൻ നിർബന്ധിതനാകുകയില്ലല്ലോ.

## 16 കോപത്തിനുകാരണമായ മറ്റൊരു സംഗതി

(നെരിയാണിക്കുതാഴെ വസ്ത്രം താഴ്ത്തിഇടുന്നവൻ, ധർമ്മം കൊടുത്തിട്ട് അതെടുത്തുപറഞ്ഞ് അഭിമാനിക്കുന്നവൻ, കള്ളസത്യം ചെയ്ത് കച്ചവടച്ചരക്ക് ചിലവാക്കുന്നവൻ ഈ മൂന്നുകൂട്ടർ (മഹാദുഷ്ടന്മാരാകുന്നു.) ഖിയാമത്തുനാളിൽ അല്ലാഹു അവരോട് ഉരിയാടുകയില്ല. അവരുടെ നേരെ നോക്കുകയില്ല. അവരെ നന്നാക്കുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്.) എന്ന് നബി ﷺ പറഞ്ഞിരിക്കുന്നു.

മുഅ്മിനുകൾ അല്ലാഹുവിനെ നേരിൽ കാണാതെ വിശ്വസിച്ചവരാണല്ലോ. കാര്യം അങ്ങേയറ്റം ബോധ്യപ്പെട്ടിട്ടുണ്ട്. ഏതുപോലെയെന്നു വെച്ചാൽ: കാറ്റ് എന്നൊരുവസ്തു ഉണ്ടെന്നുള്ളതിൽ ആരെങ്കിലും സംശയിക്കുന്നുണ്ടോ? കാറ്റ് തട്ടി നാം കുളിർമ്മ അനുഭവിക്കുന്നു, ഇല അനങ്ങുന്നു, മരം ചായുന്നു, മരം വീഴുന്നു, കപ്പൽ മുങ്ങുന്നു, അതിനാൽ കാറ്റുണ്ട് തീർച്ച. എന്നാൽ കാറ്റിനെ ആരെങ്കിലും കണ്ടുവോ? ഇല്ല. കാണാൻഒക്കുകയില്ല. കാറ്റിനും നിറമില്ല. നിറമുണ്ടെങ്കിലേ കാണാൻ ഒക്കുകയുള്ളു. എന്നാൽ സർവ്വശക്തനായ സൃഷ്ടികർത്താവ് കാറ്റിന് നിറം കൊടുക്കുകയോ നിറമില്ലാതെ കാണാൻ കഴിവ് നമ്മുടെ കണ്ണിനു നൽകുകയോ ചെയ്താൽ കാറ്റിനെ കാണാം. എന്നാൽ ഇതുവരെ നമ്മുടെ ദൃഷ്ടിക്ക് ഗോചരമാകാത്തതു കൊണ്ട് കാറ്റ് എന്നൊരുവസ്തു ഇല്ലെന്നു ആരെങ്കിലും പറയുകയാണെങ്കിൽ നാമെന്തുചെയ്യും? അവനെ കയ്യൊഴിക്കുകയേ നിവൃത്തിയുള്ളൂ. ഇതുപോലെ ദൈവത്തെ കണ്ണിൽ കാണാത്തതുനിമിത്തം ദൈവമില്ലെന്ന് പറയാൻ സത്യബോധവും, നീതിബോധവും മര്യാദയുമുള്ള ഒരു ബുദ്ധിജീവിക്ക് കഴിയുമോ? ഇത്രയും ദൃഢമായിട്ടുള്ള യാഥാർത്ഥ്യമാണ് ദൈവത്തിന്റെ ആസ്തിക്യം. എന്നാൽ കാണാതെ വിശ്വസിച്ചു എന്നുള്ളതിനെ അല്ലാഹു വളരെ കാര്യമായി കണക്കിലെടുത്തിരിക്കുന്നു. അക്കാരണത്താൽ വിശ്വാസികൾക്ക് ഒരു ഉയർന്ന

നിലപാട് കൽപിച്ചരുളിയിരിക്കുന്നു. കൂടിക്കാഴ്ച അനുവദിക്കുകയും ചെയ്തിരിക്കുന്നു. സത്യവിശ്വാസികൾക്ക് ഖിയാമത്തുനാളിൽ അവന്റെ പരിശുദ്ധമായ മുഖത്തെ കാണിച്ചുകൊടുക്കുകയും, അഭിമുഖ സംഭാഷണം അനുവദിക്കുകയും, അതിമഹത്തമായ സൽക്കാരം നൽകുകയും ചെയ്യു ന്നതാകുന്നു. അവർണ്ണനീയവും അത്യാനന്ദകരവുമായ ഈ അനുഭവമു ണ്ടാകുമ്പോൾ അതുവരെ അനുഭവിച്ച എല്ലാ സുഖസന്തോഷങ്ങളും ആളു കൾ മറന്നു പോകും. ഇതനുഭവിക്കാൻ അല്ലാഹു നമുക്കു ഭാഗ്യം നൽകട്ടെ.

ഈ മഹത്തായ ഭാഗ്യം നഷ്ടപ്പെടുകയെന്നുവെച്ചാൽ അതിനു തുല്യമായ ഒരു നഷ്ടം വേറെയില്ല. അതിനാൽ ഈ ഹദീസിൽ പറഞ്ഞ മുന്നുകൂട്ടർ മാഹാനിർഭാഗ്യവാന്മാരാകന്നു. ഇവരോട് അല്ലാഹുവിന്റെ കഠി നമായ കോപം ഇവിടെ തെളിഞ്ഞുകാണുന്നു. നെരിയാണിയുടെ താഴെ തുണി താഴ്ത്തിയിടുവാനുള്ള വാസന എങ്ങിനെയുണ്ടാകുന്നു എന്ന തിനെപ്പറ്റി ഞാൻ വളരെ അധികം ചിന്തിച്ചു. മനുഷ്യൻ താമസിക്കന്ന സ്ഥലത്തും ഉപയോഗിക്കുന്ന സാധനങ്ങളിലും ചേറും ചളിയുംതട്ടി വൃത്തി കേടാകുന്നത് വെറുക്കുകയയും സൂക്ഷിക്കുകയും ചെയ്യുന്നല്ലോ. പൊടി തട്ടിക്കളയുവാനും നനച്ചുതുടക്കുവാനും പ്രത്യേകം ശ്രദ്ധിക്കുകയും ഓഫീ സുകളിലും വീടുകളിലും ശമ്പളക്കാരെ വെക്കുകയും ചെയ്യുന്നല്ലോ. ചെരിപ്പ് തുടച്ച് പോളീഷിടുന്നല്ലോ. ഉടുത്തതുണിയുടെ താഴ്ഭാഗം വൃത്തികേടാ കുന്നത് മനുഷ്യർ ഇഷ്ടപ്പെടുന്നതെന്ത്? എത്ര ആലോചിച്ചിട്ടും എനി ക്കൊരു പിടിയും കിട്ടിയില്ല. ഇസ്ലാമിന്റെ പഴയ ആചാരങ്ങളിൽ തന്നെ ഉറച്ചുനിൽക്കുന്ന യഥാസ്ഥിതികനല്ല ഞാൻ എന്ന് പ്രകടിപ്പിച്ച് അഭി മാനംകൊള്ളുക എന്നൊരു കാര്യം ഇതിലുണ്ട്. പൈശാചികവും അത്യാ പൽക്കരവുമായ ഈ ദുരഭിമാനത്തിനുവേണ്ടിയാണ് മനുഷ്യൻ ഈ വൃത്തികേട് ഇഷ്ടപ്പെടുന്നത്. ഇസ്ലാമിനേട് അതികഠിനമായ വെറുപ്പും വിരോധവുമാണ് ഇവിടെ പ്രകടമാകുന്നത്. വ്യഭിചാരം, പലിശ മുതലായ മഹാപാപങ്ങളിൽ താൽകാലികമായി ഭൗതിക നേട്ടമുണ്ട്. തുണിതാഴ്ത്തി യിട്ട് വലിച്ചിഴച്ച് വൃത്തികേടാക്കുന്നതിൽ യാതൊരുനേട്ടവുമില്ല. അതിലു ള്ളത് മേൽപറഞ്ഞതു മാത്രമാണ്: "നെരിയാണിയുടെ താഴെ തുണിതാ ഴ്ത്തിയിടുന്നത് ഇസ്ലാം വിരോധിച്ചിരിക്കുന്നു, അല്ലേ. ഞാനത് പുച്ഛി ക്കുന്നു" എന്ന് ധിക്കാരപൂർവ്വം അനക്ഷരഭാഷയിൽ അഭിമാനം പറയുക യാണ്. പിശാചിന്റെ തലച്ചോറുമായി നടക്കുന്ന ഈ ദുഷ്ടൻ ചെയ്യുന്നത് നിയന്ത്രിക്കാൻ കഴിയാത്ത വികാരത്തള്ളൽ നിമിത്തമോ താൽക്കാലിക മായ നേട്ടങ്ങൾക്കു വേണ്ടിയോ ശരിക്ക് ആലോചിക്കാതെ ചെയ്തുപോ യെന്ന് പറയാൻ നിവൃത്തിയില്ല. അങ്ങനെയുള്ള യാതൊന്നും ഇവിടെയി ല്ല. മതത്തെ പുച്ഛിക്കലാണ് ഇവിടത്തെ ആവശ്യം. ഇത്തരക്കാരുടെ കാര്യം

മഹാകഷ്ടം തന്നെ. ഇവരോട് അല്ലാഹു വെറുക്കലും കോപിക്കലും അവരെ ശിക്ഷിക്കലും സ്വഭാവികവും അനിവാര്യവുമാകുന്നു. അല്ലാഹു മാപ്പു നൽകിയവരൊടൊഴികെ.

## 17. ദാനത്തിലൂടെ ഉപദ്രവം

ഇസ്‌ലാമിന്റെ സിദ്ധാന്ത പ്രകാരം ധനത്തിന്റെ ഉടമസ്ഥൻ അല്ലാഹുവാകുന്നു. പരീക്ഷാർത്ഥം അല്ലാഹു മനുഷ്യനെ കൈവശക്കാരനാക്കിയിരിക്കുകയാണ്. എന്തെങ്കലും ധർമ്മം കൊടുക്കുവാനുള്ള കഴിവ് ലഭിച്ചത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്. കൊടുത്തിട്ടില്ലെങ്കിൽ അവൻ നന്ദികെട്ടവനും കുറ്റക്കാരനുമാകുന്നു. അതിനാൽ വല്ലതും കൊടുക്കുവാൻ സാധിച്ചാൽ അതിനെപ്പറ്റി നന്ദിപൂർവ്വം അല്ലാഹുവിനെ സ്തുതിക്കുകയാണ് വേണ്ടത്. അഭിമാനം പറയാൻ ഒരിക്കലും പാടില്ലാത്തതാണ്. അപരനെ ധർമ്മംവാങ്ങുന്ന അവസ്ഥയിലും തന്നെ ധർമ്മം കൊടുക്കേണ്ടുന്ന അവസ്ഥയിലുമാക്കിയത് അല്ലാഹുവാണെന്ന് ഓർമ്മിക്കേണ്ടതാണ്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകൽ വിദൂരമല്ല. വളരെയധികം അനുഭവങ്ങൽ നാം കണ്ടുകഴിഞ്ഞു. അതിനാൽ ധർമ്മംവാങ്ങിയവനോട് അതെടുത്തുപറഞ്ഞ് അവനെ നിന്ദിക്കുകയും ആത്മപ്രശംസ നടത്തുകയും ചെയ്യൽ ആ പാവത്തിന്റെ മനസ്സിനെ വളരെയധികം വേദനിപ്പിക്കും. അല്ലാഹുവേ, ഞാൻ ദരിദ്രനായതുനിമിത്തം ഇദ്ദേഹത്തിന്റെ ഔദാര്യം സ്വീകരിക്കേണ്ടതായും വന്നല്ലോ എന്ന്, അതിന്റെ പേരിൽ ഈ ആക്ഷേപം കേൾക്കേണ്ടതായും വന്നല്ലോ എന്ന് അവന്റെ മനസ്സ് മന്ത്രിക്കും. അത് അല്ലാഹു അറിയുകയും അതിനിടവരുത്തിയവനെ വെറുക്കുകയും ചെയ്യും. അപ്പോൾ ഈ അഭിമാനം പറച്ചിലും നിന്ദിക്കലും മൂലം ധർമ്മത്തിന്റെ പുണ്യം നഷ്ടപ്പെടുന്നു എന്നുമാത്രമല്ല, അല്ലാഹുവിന്റെ ശിക്ഷക്കും കോപത്തിനും ഈ ധർമ്മിഷ്ടൻ അവകാശിയായിത്തീരുകയും ചെയ്യുന്നു. ഇതിനേക്കാൾ നല്ലത് ഒന്നും കൊടുക്കാതെ നല്ലവാക്കു പറയലാകുന്നു.

## 18. കള്ളക്കച്ചവടം

കള്ളസത്യംചെയ്തു ചരക്കു ചിലവാക്കുന്ന കച്ചവടക്കാരന്റെ സ്ഥിതി അതിഭയങ്കരമാണ്. അതിരുകവിഞ്ഞ ധനമോഹം, പരോപകാരത്തിനുപകരം പരദ്രോഹം, കളവുപറയൽ, കള്ളസത്യംചെയ്യൽ, വിശ്വാസവഞ്ചന, ഹറാമായമുതൽ തിന്നുകയും തീറ്റിക്കുകയുംചെയ്യൽ, ഇങ്ങിനെ ഒരുപാട് മഹാദോഷങ്ങൾ അവൻ പേറുന്നു. "തനിക്കുവേണ്ടി താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെട്ടെങ്കിലല്ലാതെ ആരും മുഅ്മിനാകുകയില്ല" എന്ന് നബി ﷺ പറഞ്ഞിരിക്കുന്നു . "വിശ്വാസ്തത പാലിക്കാത്തവന് ഈമാനില്ല" എന്നും നബി ﷺ പറയുന്നു. കള്ളസത്യം മഹാപാപമാണെന്ന് ഖുർആനും ഹദീസും തെളിയിച്ചിരിക്കുന്നു. ചുരുക്ക

ത്തിൽ ഇവന്റെ കാര്യം മഹാകഷ്ടം തന്നെ. ഇങ്ങനെയുള്ളവരെ അല്ലാഹു വെറുക്കുകയും ശിക്ഷിക്കുകയും ചെയ്യാത്തപക്ഷം സത്യം , നീതി ഇവക്കൊന്നും യാതൊരു സ്ഥാനവുമില്ലെന്നുവരും. അങ്ങിനെ വരാൻ ഒരിക്കലും നിവൃത്തിയില്ലല്ലോ. എന്നാൽ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും വിശാലമായതാകുന്നു.

അവസാനമായി ഒരു കാര്യം ഉണർത്തുന്നു. വിമർശനം വേണ്ടഎന്ന് ചലർ പറയാറുണ്ടല്ലോ. എന്തിന് മറ്റുള്ളവരുടെ മനസ്സ് വേദനിപ്പിക്കുന്നു. നല്ലതും വേണ്ടപ്പെട്ടതും ഏതാണെന്ന് നോക്കി അത് മുറുകെപിടിക്കുകയും , ചീത്തയും വേണ്ടാത്തതുമായ കാര്യങ്ങളെപറ്റി മൗനം ദീക്ഷിക്കുകയും ചെയ്താൽ പോരെയോ എന്നാണ് അവരുടെ ന്യായീകരണം. അത് ശരിയാണെങ്കിൽ "നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗം" എന്നു മാത്രം പറഞ്ഞ് മതിയാക്കാമായിരുന്നു. "കോപിക്കപ്പെട്ടവരുടെയും വഴി പിഴച്ചവരുടെയും മാർഗ്ഗമല്ല" എന്ന് പറയേണ്ടതില്ലായിരുന്നു. അങ്ങിനെ അല്ലാഹു പഠിപ്പിച്ചിരിക്കുന്നസ്ഥിതിക്ക് ന്യായമായ വിമർശനം കൂടാതെ കഴിയുകയില്ലെന്ന് വന്നിരിക്കുന്നു.

### വഴിപിഴച്ചതല്ലാത്തവരുടെ മാർഗ്ഗം

സന്മാർഗ്ഗത്തിലാക്കിതരേണമേ എന്നുള്ള പ്രർത്ഥനക്ക് ശേഷം സന്മാർഗ്ഗത്തെ സംബന്ധിച്ച് അല്ലാഹു ഒരു വിശദീകരണം പറഞ്ഞുതന്നു അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗ്ഗമാണതെന്ന്. ഇവിടെ ഉദ്ദേശിക്കുന്ന അനുഗ്രഹം ഏതാണെന്നും ആ അനുഗ്രഹീതർ ആരാണെന്നും നോക്കിയപ്പോൾ ഖുർആനിൽനിന്ന് നമുക്ക് മറുപടികിട്ടിയതിപ്രകാരമാണ്. അല്ലാഹു അവതരിപ്പിച്ച യഥാർത്ഥവിജ്ഞാനവും അതനുസരിച്ചുള്ള ജീവിതവുമാണ് അനുഗ്രഹം. അനുഗ്രഹീതർ പ്രവാചകന്മാരും അവരുടെ അനുയായികളും.

സന്മാർഗ്ഗത്തെ സംബന്ധിച്ച് അല്ലാഹു വീണ്ടും ഒരു വിശദീകരണം നമുക്കുനൽകി. കോപിക്കപ്പെട്ടവരല്ലാത്തവരുടെ മാർഗ്ഗം എന്ന്. അല്ലാഹുവിന്റെ കോപകാരണങ്ങൾ ഏതൊക്കെയാണെന്നു പഠിക്കേണ്ടതായി വന്നു. അത് ഖുർആനിൽനിന്നും ഹദീസിൽനിന്നും കുറെ നാം പഠിച്ചു വീണ്ടും ഒരു വിശദീകരണം ഇതാ "വഴിപിഴച്ചതല്ലാത്തവരുടെ മാർഗ്ഗം" എന്താണിവിടെ ഉദ്ദേശിക്കുന്ന വഴിപിഴവ്?

ഈ ലോകത്ത് ജനവാസം തുടങ്ങിയതോടുകൂടിതന്നെ അല്ലാഹു മനുഷ്യർക്ക് നേർവഴികാണിച്ചുകൊടുക്കുവാനായി പ്രവാചകന്മാരെ നിയ

മിക്കുകയും അവർക്ക് അവന്റെ മഹത്തായ വചനം അവതരിപ്പിക്കുകയും ചെയതുപോന്നിട്ടുണ്ട്. ഓരോപ്രവാചകന്റെയും കാലം കഴിയുമ്പോൾ ജിന്നു പിശാചിന്റെ ഉപദേശപ്രകാരം മനുഷ്യപ്പിശാചുകൾ പ്രവാചകൻമാരെ പഠിപ്പിച്ചതാണെന്നപേരിൽ പലേ പുതിയതും കൊണ്ടുവരും .സാധാരണക്കാർ മയങ്ങിപ്പോകത്തക്കവണ്ണം സുന്ദരങ്ങളായിരിക്കും അവ. അങ്ങനെ കുറച്ചു കഴിയുമ്പോൾ പ്രവാചകൻ പഠിപ്പിച്ചതേത് പിന്നിട് കൂട്ടിച്ചേർക്കപ്പെട്ടതതേത് എന്നു തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥ ഉണ്ടാകും. അങ്ങിനെ ആളുകൾ പുണ്യവും നന്മയും ആഗ്രഹിച്ചുകൊണ്ട് പല പുതിയതും ആചരിക്കാൻ തുടങ്ങും. അതാണ് മർമ്മപ്രധാനമായ മാർഗ്ഗഭ്രംശം. ഈ നിലയിൽ പഴയ കാലത്തുണ്ടായ ഒന്നാണ് ബ്രഹ്മചര്യം. ബ്രഹ്മചര്യം കണ്ടുപിടിച്ചവർ അല്ലാഹുവിന്റെ തൃപ്തിയെ ആണ് ആഗ്രഹിച്ചത്. ആ പേരിലാണ് അതു പ്രചരിപ്പിച്ചത് .അവർക്കു യാതൊരു ദുരുദ്ദേശവുമുണ്ടായിരുന്നില്ല. അവരുടെ മനസ്സിൽ അതിന്നു പ്രേരണനൽകിയ പിശാചാണ് ദുരുദ്ദേശക്കാരൻ. അതൊരു ദുർമ്മാർഗ്ഗമാണെന്ന് മാത്രമല്ല. ആളുകൾക്ക് അത് ശരിക്ക് പാലിക്കാൻ കഴിയാതെയായിത്തീരുകയും കള്ളത്തരവും കാപട്യവും അവരിൽ വേരൂന്നുവാൻ അതുകാരണമായിത്തീരുകയും ചെയ്തു.

## ബിദ്അത്തുകൾ

നബി ﷺ യുടെ സഹാബികളിൽപെട്ട മൂന്നാളുകൾ ഒരവസരത്തിൽ നബി ﷺ യുടെ വീട്ടിൽചെന്ന് വീട്ടുകാരോടു നബിയുടെ ഇബാദത്തുകളെ സംബന്ധിച്ച് അന്വേഷിച്ചു. അവർ വിവരമെല്ലാം പറഞ്ഞുകൊടുത്തു അപ്പോൾ ഇവർക്കുതോന്നി, നബി ﷺ ചെയ്തുവരുന്നത് കുറഞ്ഞ പരിപാടിയാണെന്ന് നമ്മളും നബി ﷺ യുമായി എവിടെ കിടക്കുന്നു. നബി ﷺ പരിപൂർണ്ണത പാലിച്ച ആളാണ്. എല്ലാപോരായ്മകളും അല്ലാഹു പരിഹരിച്ചു കൊടുത്തിട്ടുണ്ട്. അതിനാൽ നബി ﷺ അങ്ങനെയൊക്കെ ചെയ്താൽ മതി. നമ്മൾ അതുപോലെയല്ലല്ലോ. ഒന്ന് കാര്യമായി അദ്ധ്വാനിക്കുകതന്നെവേണം എന്നവർ പറയുകയും ചെയ്തു. അങ്ങിനെ അവരിൽ ഒരാൾപറഞ്ഞു "ഞാൻ എല്ലാദിവസവും നേരം പുലരുന്നതുവരെ നമസ്കരിക്കുന്നതാകുന്നു" മറ്റൊരാൾ പറഞ്ഞു. "ഇടവിടാതെ കൊല്ലം മുഴവൻ നോമ്പു നോൽകുന്നതാകുന്നു" മുന്നാമൻ പറഞ്ഞു. "ഞാൻ സ്ത്രീകളിൽനിന്ന് അകന്നു ജീവിക്കുന്നതാകുന്നു" നബി ﷺ ഈവിവരമെല്ലാം അറിഞ്ഞു. അവരോടു ചോദിച്ചു. "നിങ്ങളാണോ ഇന്നപ്രകാരമെല്ലാം പറഞ്ഞത്" അതെ. എന്നവർ പറഞ്ഞു: നബി ﷺ പറഞ്ഞു: "ശ്രദ്ധിക്കുക! അല്ലാഹുവിനെതന്നെയാണേ സത്യം; നിശ്ചയമായും ഞാൻ നിങ്ങളെല്ലാവരേക്കാളും അല്ലാഹുവിനെ ഭയപ്പെടുന്നവനും സൂക്ഷ്മതപാലിക്കു

ന്നവനുമാകുന്നു. ഞാൻ കുറേനേരം ഉറങ്ങി പിന്നെ നമസ്കരിക്കുന്നു. ചില ദിവസങ്ങളിൽ നോമ്പുനോൽക്കുകയും, ചില ദിവസങ്ങളിൽ നോമ്പു വിടുകയും ചെയ്യുന്നു. വിവാഹം ചെയ്ത് ഭാര്യമാരുടെ കൂടെ ജീവിക്കുകയും ചെയ്യുന്നു. എന്റെ നടപടിയെ ആരെങ്കിലും ഇഷ്ടപ്പെടാതിരിക്കുന്ന പക്ഷം അവർ ഞാനുമായി യാതൊരു ബന്ധവുമുള്ളവനല്ല". (ബു: മു:)

നോക്കുക, ഈ മുന്നാളുകൾക്കും യാതൊരു ദുരുദ്ദേശവുമില്ലെന്ന് തീർച്ചയാണ്. അതിപുണ്യത്തിനുവേണ്ടിയാണ് അവരിങ്ങനെ ഓരോന്നാലോചിച്ചത്. പക്ഷെ നബി ﷺ അതിനെപ്പറ്റി പറഞ്ഞത് എത്ര ഗുരുതരമാണ്. നബി ﷺ യുടെ കൂട്ടത്തിൽനിന്ന് പിരിഞ്ഞുപോകുക എന്നുവെച്ചാൽ അതിനേക്കാൾ വലിയൊരു നഷ്ടമുണ്ടോ. അല്ലാഹുവിന്റെ പൊരുത്തവും സ്വർഗ്ഗത്തിൽ ഉയർന്നിനിലപാടും ലഭിക്കുവാൻവേണ്ടി നേരം പുലരുന്നതുവരെ നമസ്കരിച്ചാൽ ആ ഉദ്ദേശം നിറവേറുകയില്ലന്ന് മാത്രമല്ല. നമ്മുടെ പ്രിയപ്പെട്ട പ്രവാചകനുമായി ബന്ധം മുറിഞ്ഞുപോകും എന്നാണല്ലോ പറയുന്നത്. മറ്റേ രണ്ടുവിഷയങ്ങളും ഇതുപോലെതന്നെ. ഇതാണ് ളലാലത്ത്.(മാർഗ്ഗഭ്രംശം) 'നല്ല ബിദ്അത്ത്' വാദക്കാരായ ആളുകൾ അവിടെ ഒന്നുചിന്തിക്കട്ടെ. മൗലൂദും, മാലയും, റാത്തീബുമൊക്കെ നല്ല ബിദ്അത്താണെന്ന് പറഞ്ഞ് ന്യായീകരിക്കാറുണ്ടല്ലോ. പ്രധാന സഹാബികളിൽപെട്ട ചിലർക്ക് മേൽ പ്രകാരം ഒരു പാളിച്ചപറ്റുകയും പ്രവാചകൻ അതിനെപ്പറ്റി മേൽപ്രകാരം പ്രസ്താവിക്കുകയുംചെയ്തത് മുസ്‌ലിംകൾക്ക് മഹത്തായൊരു പാഠമാകുന്നു. പ്രവാചക ചര്യയിൽനിന്നു പാഠമുൾക്കൊള്ളുന്നവർ നല്ല ബിദ്അത്ത്വാദം ഒരിക്കലും ഉന്നയിക്കുകയില്ല. എല്ലാബിദ്അത്തും ദുർമാർഗ്ഗമാണെന്ന് നബി ﷺ പറഞ്ഞിരിക്കുന്നു. എന്നാൽ നമ്മുടെ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പറയുന്നത് എല്ലാ ബിദ്അത്തും ദുർമാർഗ്ഗമാണെന്നുപറയുന്നത് തെറ്റാകുന്നു; ചില ബിദ്അത്ത് സന്മാർഗ്ഗമാകുന്നു എന്നാണ്. ഇവരുടെ കാര്യം കഷ്ടം തന്നെ. ആരെയാണിവരെതിർക്കുന്നതെന്ന് ഇവർ ചിന്തിക്കുന്നില്ല.

നബി ﷺ വഫാത്തായി കുറച്ചുദിവങ്ങൾ കഴിഞ്ഞതേയുള്ളു. അബൂമൂസൽ അശ്അരി رضي الله عنه ഒരിക്കൽ പാതിരാവിന്നു ശേഷം മദീനത്തെ പള്ളിയിലേക്കുചെന്നപ്പോൾ ആളുകൾ വട്ടമിട്ടിരിക്കുന്നത് കണ്ടു. എന്താണ് ഇവർ ചെയ്യുന്നതെന്ന് ഉറ്റുനോക്കി. അപ്പോൾ അവരിൽ പ്രധാനിയായ ഒരാൾ "സുബ്ഹാനല്ലാഹ് നൂറുവട്ടം അൽഹംദുലില്ലാഹ് നൂറുവട്ടം, അല്ലാഹുഅക്ബർ നൂറുവട്ടം" ഇങ്ങനെ പറയുന്നതും അതനുസരിച്ച് ആളുകൾ ചൊല്ലുന്നതും കണ്ടു. ചരൽ കല്ലുകളെക്കൊണ്ട് എണ്ണം കണക്കുപിടിക്കുന്നതും കണ്ടു. അദ്ദേഹം ആലോചിച്ചു. ഇതെന്താണിങ്ങനെ ഒരു പുതിയത്? പുതിയാതതണെങ്കിലും കാര്യം നല്ലതാണല്ലോ. കയ്ച്ചിട്ട് ഇറക്കാനും

വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്നുപറഞ്ഞതു പോലെ അദ്ദേഹം കുറേ ആലോചിച്ചു. അവസാനം അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه എന്നവരുടെ വീട്ടിൽ പോയി വിവരമെല്ലാം പറഞ്ഞു. കാര്യം നല്ലതുതന്നെ. എങ്കിലും പുതിയ സമ്പ്രദായമാണ് എന്നു പറഞ്ഞു. അങ്ങിനെ അവരിരുവരും പള്ളിയിൽചെന്നു. അപ്പോൾ ഈ റാത്തീബിന്റെ മജ്ലിസു പിരിഞ്ഞിട്ടുണ്ടായിരുന്നില്ല. അങ്ങനെ ഇബ്നുമസ്ഊദ് رضي الله عنه അവരോടു ചോദിച്ചു "എന്താണ് നിങ്ങൾ ചെയ്യുന്നത്?" ഞങ്ങൾ തസ്ബിഹ് തക്ബീർ ദിക്ർ ചൊല്ലുകയാണ് "എന്താണീചരൽക്കല്ലുകൾ?" അതുകൊണ്ട് എണ്ണം പിടിക്കുകയാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു. "നിങ്ങൾ തെറ്റായ വല്ലതും പ്രവൃർത്തിക്കുകയോ പറയുകയോ ചെയ്യുമ്പോൾ അത് എണ്ണം പിടിക്കുക. പുണ്യത്തിന്റെ ഇനത്തിൽ പെട്ട വല്ലതും നിങ്ങൾ ചെയ്യുന്ന പക്ഷം അതൊന്നും നിങ്ങൾക്കു നഷ്ടപ്പെടുകയില്ലെന്നു ഞാൻ ജാമ്യം നിൽക്കാം . അല്ലാഹുവിനെതന്നെയാണ് സത്യം. നിങ്ങൾ മഹമ്മദ് നബി ﷺ കൊണ്ടുവന്നതിനേക്കാൾ വിശിഷ്ടമായമാർഗ്ഗം കണ്ടുപിടിച്ചവരാകുന്നു. അല്ലെങ്കിൽ നിങ്ങൾ ളലാലത്തിന്റെ വാതിൽ തുറന്നവരാകുന്നു" അപ്പോൾ അവർ പറഞ്ഞു. "വന്ദ്യഗുരുനാഥരേ, ഞങ്ങൾ യാതൊരു തിന്മയും ഉദ്ദേശിച്ചിട്ടില്ല, നന്മയും പുണ്യവും മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ" അപ്പോൾ അദ്ദേഹം പറഞ്ഞു: "നന്മ ഉദ്ദേശിക്കുന്ന പലർക്കും കൈവരുന്നത് തിന്മയായിപോവാറുണ്ട്. സഹോദരന്മാരെ, നിങ്ങൾക്കെന്തുപറ്റി?. നബി ﷺ വഫാത്തായിട്ട് അധികം നാളായിട്ടില്ല. നബി ﷺ ഉപയോഗിച്ചിരുന്ന പാത്രങ്ങൾ ഉടഞ്ഞിട്ടില്ല. നബി ﷺ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ പഴകിയിട്ടില്ല, സഹാബികളിതാ നിറഞ്ഞുകിടക്കുന്നു. നിങ്ങൾ ഇത്രവേഗം നാശമടഞ്ഞോ? " ഇതിലൊക്കെയും ദൃക്സാക്ഷിയായ അംറുബ്നു അബസത് رضي الله عنه പറയുന്നു. അന്നിവിടെ വട്ടമിട്ടിരുന്ന് ദിക്റു ചൊല്ലിയിരുന്ന ആളുകൾ പിന്നീട് ഖവാരിജുകളേടൊപ്പം ചേർന്ന് നഹ്റുവാനിൽ വെച്ച് അലി رضي الله عنه യോട് യുദ്ധത്തിന് വന്നത് ഞാൻ കണ്ടു. അപ്പോൾ നോക്കുക, ഇബ്നു മസ്ഊദ് رضي الله عنه പറഞ്ഞതുപോലെ അവർ ളലാലത്തിന്റെ വാതിൽതുറന്നു മുന്നോട്ടുനീങ്ങി ഇസ്ലാമിന്റെ ഖലീഫയോട് യുദ്ധം ചെയ്യുന്നകൂട്ടത്തിലാണ് എത്തിയത്. അണപൊട്ടിയതുപൊലെയാണിതിന്റെ കാര്യം. ഖുർആനിന്റെയും ഹദീസിന്റെയും വിജ്ഞാനങ്ങൾ ഭദ്രമായ അണക്കെട്ടുപോലെയാകുന്നു. അണക്കെട്ട് സുരക്ഷിതമായിരിക്കുന്നേടത്തോളം അളുകൾക്ക് വെള്ളം ക്രമപ്രകാരം ഉപയോഗിക്കാം. കെട്ടിനു ഒരു ചെറിയ വിള്ളൽ ഉണ്ടായാൽ ഗതിയെന്തായിരിക്കും? ഖുർആനിന്റെയും ഹദീസിന്റെയും മാർഗ്ഗത്തിൽനിന്ന് അൽപമൊന്ന് വ്യതിചലിച്ചാൽ വളരെ വേഗത്തിൽ അതു വികസിക്കുകയും സർവ്വത്ര നാശം സംഭവിക്കുകയും ചെയ്യുന്നതാകുന്നു. അതിന്റെ ഉദാഹരണമാണ് മേൽപറഞ്ഞ റാത്തീബ് സംഘ

ത്തിൽ നാം കണ്ടത് അവർ ഉപയോഗിച്ച ചരൽകല്ല് പരിഷ്ക്കരിച്ചതാണ് ദസ്വിമാല.

ഉലാലത്ത് എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് അജ്ഞതയും ആലോചനപ്പിഴവും നിമിത്തം അബദ്ധം ചെയ്തുപോകൽ എന്നാകുന്നു.ഇതു നാലുവിധമുണ്ട്.

**ഒന്ന്:** തൗഹീദിന്നു വിരുദ്ധമായിട്ടുള്ള ശിർക്കിന്റെ പ്രവൃത്തി സദുദ്ദേശാർത്ഥം പുണ്യം ആഗ്രഹിച്ചു ചെയ്യുക. ഈ ഇനത്തിൽപ്പെട്ട പലതും നമ്മുടെ സമുദായത്തിൽ ഉണ്ട്. മാഹാന്മാരുടെ ഖബറുകളിന്മേൽ ജാറം കെട്ടിപൊന്തിക്കുക, ജാറം മൂടുക, ജാറത്തിങ്കൽ ഖുർആൻ ഓതുക, ഉലുവാൻ പുകയിക്കുക. ഇതൊക്കെ വലിയ്യിന്റെ പൊരുത്തം ആഗ്രഹിച്ചുകൊണ്ടാണെന്ന് പറയേണ്ടതില്ലല്ലോ. അതിനാൽ ഇതൊക്കെ ശിർക്കാകുന്നു. ആളുകൾ ഇതൊക്കെ ചെയ്യുന്നത് സദുദ്ദേശത്തോടുകൂടിയും പുണ്യത്തിനുവേണ്ടിയുമാണ്. സിയാറത്തിന്റെ പേരുപറഞ്ഞാണ് അവിടെ പോകുന്നതെങ്കിലും സിയാറത്തല്ലാത്ത ഉദ്ദേശം ഉണ്ടെന്ന് തീർച്ചയാണ്. സുജൂദുവരെയുള്ള പലതും അവിടെയുണ്ട്. ജനാബ് എം ശൈഖ് മുഹമ്മദ് മൗലവിയും M.C.C. അബ്ദുറഹ്മാൻ മൗലവിയും നാഗൂർ ജാറത്തിങ്കൽ ആളുകൾ സുജൂദ്ചെയ്യുന്നതുകണ്ടു. അവിടെ ഒരു ബാഖവി ആലിം സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹത്തോട് അതിനെ സംബന്ധിച്ച് അവർ സംസാരിച്ചു. അപ്പോൾ ആ M.F.B.ക്കാരൻ "അതിനെന്താവിരോധം വുളുവോടുകൂടിയല്ലല്ലോ?" എന്നാണ് പറഞ്ഞത്. ഈ പണ്ഡിതന്മാരുടെ കാര്യം മഹാകഷ്ടം തന്നെ. ഗുരുവായൂരപ്പന് നേർച്ചയാക്കുന്നത് വിരോധിക്കുകയും മുഹ്യിദ്ദീൻ ശൈഖിന് നേർച്ചയാക്കുന്നതനുവദിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? ഈ വ്യത്യാസം എങ്ങനെവന്നു? എന്ന് ഒരു മുസ്ല്യാരോട് ഞാൻ ചോദിച്ചു. "അപ്പോൾ ഗുരുവായൂരപ്പൻ അല്ലാഹുവിന് വെറുക്കപ്പെട്ടവനും മുഹ്യിദ്ദീൻ ശൈഖ് അല്ലാഹുവിന് പ്രിയപ്പെട്ടവരുമാകുന്നു" എന്ന് അദ്ദേഹം പറഞ്ഞു അപ്പോൾ ഈസാനബിക്ക് നേർച്ചയാക്കുന്നതും ഈസാനബിയെ വിളിച്ച് തേടുന്നതും വിരോധിക്കുന്നതെന്തുകൊണ്ടാണ്? എന്ന് ചോദിച്ചു. മറുപടിയില്ല. ഈ മുസ്ല്യാക്കളുടെ കാര്യം കഷ്ടംതന്നെ. ഈ കാര്യങ്ങളൊക്കെ ശിർക്കിന്റെ നടപടികളാണെന്ന് അറിഞ്ഞുകൊണ്ട് അനുവദിക്കുന്നവരും ചെയ്യുന്നവരും മുൻവചനത്തിൽ പറഞ്ഞ ദൈവകോപത്തിന് പാത്രമായവരിൽപെട്ടവരാകുന്നു. അജ്ഞത നിമിത്തം സദുദ്ദേശത്തോടുകൂടി പുണ്യം ആഗ്രഹിച്ച് ചെയ്യുന്നവർ ഇവിടെ പറയുന്ന "വഴി പിഴച്ചവരിൽ" പെട്ടവരുമാകുന്നു.

**രണ്ട്:** ശിർക്കിന്റെ നടപടികളിൽ പെട്ടതല്ല; അതോടുകൂടി സദുദ്ദേശത്തോടെ പുണ്യം ആഗ്രഹിച്ചുചെയ്യുന്നു. ഇങ്ങിനെയൊരു വകയുണ്ട് – ഒരാൾ ഒരു പള്ളി ഉണ്ടാക്കി ഉൽഘാടനം വലിയൊരു ഉത്സവമായി നടത്തി; അതിൽ വാദ്യമേളങ്ങളും കരിമരുന്നു കത്തിക്കലും മറ്റും ഏർപ്പാടുചെയ്തു. ഇതിൽ ശിർക്കിന്റെ യാതൊന്നുമില്ല. എങ്കിലും അല്ലാഹു വിരോധിച്ചതാണിതെല്ലാം. പരലോക സംബന്ധമായ സദുദ്ദേശമാണ് ഇതിന്ന് പ്രേരിപ്പിച്ചത്. ഇതുപോലെ പള്ളിയിലെ മിഹ്റാബിലും മിമ്പറിലും മനോഹരമായ കൊത്തുപണികളും അഴകേറിയ ചിത്രപണികളും ചെയ്യുന്നുണ്ട്. ഇതൊക്കെ അല്ലാഹു വിരോധിച്ചതാണ്. വൃത്തിക്കും ഉറപ്പിനും വേണ്ടതു ചെയ്യൽ ആവശ്യമാകുന്നു. എന്നാൽ കേവലം അഴകിനുവേണ്ടിയുള്ള അനാവശ്യ ചിലവ് വിരോധിച്ചതാകുന്നു.

**മൂന്ന്:** അല്ലാഹു അനുവദിച്ചകാര്യം സദുദ്ദേശത്തോടുകൂടെപുണ്യം ആഗ്രഹിച്ച് ചെയ്യൽ, രാത്രിയുടെ ഒരു ഭാഗം ഉറക്കമൊഴിക്കൽ അനുവദനീയമാണ് എന്നാൽ അതിന്റെ പുണ്യം ആഗ്രഹിച്ച് രാത്രി മുഴുവനും ഉറക്കമൊഴിഞ്ഞ് പതിവായി നമസ്കരിക്കൽ തെറ്റാകുന്നു. മുമ്പ് ഇതിനെ പറ്റി പറഞ്ഞിട്ടുണ്ട്. പുണ്യം ആഗ്രഹിച്ച് വിവാഹം ഉപേക്ഷിക്കുക എന്ന ബ്രഹ്മചര്യം തെറ്റാകുന്നു. അതുപോലെ വെയിൽ കൊള്ളൽ അനുവദനീയമാണെല്ലോ. ഒരാൾ വെയിലത്ത് നിൽക്കുന്നത് നബി ﷺ കണ്ടു. അതിനെപ്പറ്റി അന്വേഷിച്ചു. അപ്പോൾ വെയിലത്തുനിൽക്കാൻ നേർച്ചയാക്കിയതാണെന്ന് പറഞ്ഞു. നബി ﷺ അത് വിലക്കി. നോക്കുക! അനുവദനീയമായകാര്യം പുണ്യം ആഗ്രഹിച്ച് ചെയ്തപ്പോൾ തെറ്റായിമാറി. പരലോകമോക്ഷവും അല്ലാഹുവിന്റെ തൃപ്തിയും ആഗ്രഹിച്ചുകൊണ്ട് കേവലം ഹലാലായ ഒരു കാര്യം ചെയ്യൽ വഴികേടാകുന്നു. പരലോക മോക്ഷം കിട്ടാൻ വേണ്ടി നമുക്ക് തോന്നുന്നത് ചെയ്താൽ ഒക്കുകയില്ല. പരലോകത്തിന്റെ ഉടമസ്ഥനും മോക്ഷം നൽകുന്നവനുമായ അല്ലാഹു നിയമിച്ചതുതന്നെ ചെയ്യണം. ഇതിനു വ്യത്യസ്തമായതെല്ലാം ളലാലത്താകുന്നു,

**നാല്:** സമയവും രൂപവും നിർണ്ണയിക്കപ്പെടാത്തതും ഏതുസമയത്തും ഏതുരൂപത്തിലും സൗകര്യം പോലെചെയ്യാവുന്നതുമായ ചില ഇബാദത്തുകളുണ്ട്. അതിന് പ്രത്യേകരൂപവും സമയവും നിർണ്ണയിച്ചാൽ അത് ബിദ്അത്തും ളലാലത്തുമായിത്തീരും. ബറാത്തുരാവിൽ യാസീനും സൂറത്തുദുഖാനും ഓതുന്നുണ്ടല്ലോ. യാസീൻ ഓതുന്നതിനെന്താവിരോധം? ശഅ്ബാൻ 15–ാം രാവിൽ ഓതരുതെന്നില്ലല്ലോ? എന്നൊക്കെ ബിദ്അത്ത് പ്രേമികൾ തർക്കിക്കും. ഇസ്‌ലാമിന്റെ ഭദ്രതയെ സംബന്ധിച്ചുള്ള വിവരക്കേടാണ് ഈ തർക്കത്തിന് കാരണം. എന്നാൽ ഇത് ളലാലത്താ

കുന്നു. ഈ രണ്ട് സൂറത്തു തെരഞ്ഞടുത്തു, യാസീൻ സൂറത്ത് മൂന്ന് തവണ ഓതുമെന്ന് വെച്ചു, ശഅ്ബാൻ 15 -ാം രാവിൽ എന്നു സമയം നിർണ്ണയിച്ചു; ആയുസ്സ് ദീർഘിക്കുക, ഭക്ഷണം സൗകര്യപ്പെടുക, മുതലായ ഭൗതിക ആവശ്യമാണ് ലക്ഷ്യമാക്കുന്നത്. ഇതിനൊന്നും നബി ﷺ യുടെ മാതൃകയില്ല. അതിനാൽ ഇത് ബിദ്അത്തും ളലാലത്തുമാകുന്നു.

ദിക്റ്ചൊല്ലൽ എപ്പോഴും ഏതുരൂപത്തിലും ആകാവുന്നതാണ്. എന്നാൽ 11 ാം രാവിന് ചൊല്ലിവരുന്ന ദിക്ർ ബിദ്അത്തും ളലാലത്തുമാകുന്നു. കാരണം ആ സമയവും രൂപവും റസൂൽ നിർണ്ണയിച്ചതല്ല. സൗകര്യംപോലെ ഏതുസമയത്തും എത്രവേണമെങ്കിലും ചെയ്യാമായിരുന്നത് പലവിധത്തിലും പരിമിതമാക്കി, സമയം നിർണ്ണയിച്ചു, എണ്ണം കണക്കാക്കി, ഇന്നതിന്റെ പിറകെ ഇന്നത് എന്ന് ക്രമപ്പെടുത്തി. റാത്തീബുകളിലെ ദിക്റുകളെല്ലാം ഇങ്ങനെ തന്നെ വാരിദായ (പ്രമാണപ്പെട്ട) ദിക്റായാലുള്ള നിലയാണ് ഈ പറഞ്ഞത്. അപ്പോൾ പിന്നെ വാരിദല്ലാത്ത (പ്രമണപ്പെടാത്ത) കടത്തിക്കൂട്ടിയ "ലാഅന ഇല്ലാ അൻത" എന്നും "ഹഖ്ഖുൻ ഹഖ്ക്" എന്നും "ഹാഹൂഹീ" എന്നും മറ്റുമുള്ള ദിക്റുകളുടെ നില പറയേണ്ടതില്ലല്ലോ. ചത്ത പന്നിയുടെ മാംസം എന്നതുപോലെയാണിതിന്റെ സ്ഥിതി. പന്നിമാംസം തന്നെ ഹറാം, ചത്താലോ? ഈതരത്തിൽ പെട്ട ധാരാളം കള്ളദിക്റുകൾ നമ്മുടെ റാത്തീബുകളിലുണ്ട്. റാത്തീബുകളുടെ കൂട്ടത്തിൽ നിർദ്ദോഷമായിട്ടുള്ളതാണ് ഹദ്ദാദ്റാത്തീബ് എന്ന് ഇസ്ലാമിന്റെ ഭദ്രത മനസ്സിലാക്കാത്ത ജാഹിലുകൾ പറയാറുണ്ട്. അത് ശരിയല്ല. കാരണം, അതിലുള്ളത് വാരിദായ ദിക്റുകൾ തന്നെയാണെങ്കിലും മൂന്നു കാരണങ്ങളാൽ അത് ബിദ്അത്തും ളലാലത്തുമാകുന്നു. ഒന്ന്: സമയം നിർണ്ണയിച്ചത്. രണ്ട് : ഇന്നതിന്റെ പിറകെ ഇന്നത് എന്ന് ക്രമപ്പെടുത്തിയത് മൂന്ന്:ഓരോന്നും ഇത്രയെന്ന് എണ്ണം നിശ്ചയിച്ചത്. ഇതൊന്നും റസൂൽ ﷺ ചെയ്തതല്ല. അതിനാൽ ഇതു വർജ്ജിക്കേണ്ടതാകുന്നു.

ദിക്ർചൊല്ലൽ നല്ലതല്ലേ എന്നു പറഞ്ഞു കൊണ്ട് മയ്യിത്തു കൊണ്ടുപോകുമ്പോൾ ആളുകൾ ഉറക്കെ ദിക്ർ ചൊല്ലുന്നുണ്ടല്ലോ. എന്നാൽ ഏതുസമയത്തും ചെയ്യാമായിരുന്ന പൊതുവായ ഇബാദത്തിനെ സന്ദർഭംകൊണ്ടും രൂപംകൊണ്ടും പരിമിതപ്പെടത്തുകയും അതെടുക്കാതിരുന്നാൽ ഒരു വീഴ്ചയായി കണക്കാക്കത്തക്കവണ്ണം സമുദായത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിരിക്കുന്നതിനാലും നബി ﷺ യും സഹാബികളും മയ്യിത്ത് കൊണ്ടുപോകുമ്പോൾ മൗനം ദീക്ഷിക്കുകയാണ് ചെയ്തത് എന്നു സ്ഥിരപ്പെട്ടിട്ടുള്ളതിനാലും ഈ ദിക്ർചൊല്ലൽ ബിദ്അത്തും ളലാലത്തുമാകുന്നു.

'സ്വലാത്തുർ റഗാഇബ്' എന്നുപേരായി ഒരു നമസ്കാരമുണ്ട് നബി ﷺ യുമായി അതിനു യാതൊരു ബന്ധവുമില്ല സമയംകൊണ്ടും രൂപംകൊണ്ടും അതിനെ പരിമിതപ്പെടുത്തിയിരിക്കുതിനാൽ അത് ബിദ്അത്തും ഉലാലത്തുമാകുന്നു. 'ദലാഇലുൽഖൈറാത്ത്' എന്നുപേരായി ഒരു സ്വലാത്തിന്റെ ഏടുണ്ടല്ലോ. നബി ﷺ തങ്ങളുടെപേരിൽ സ്വലാത്ത് ഏതു സമയത്തും ചൊല്ലാവുന്നതാണ്. അതിന്റെ പുണ്യം അതിമഹത്താണ്. എന്നാൽ ,സമയവും രൂപവും നിർണ്ണയിക്കുകമൂലം ബിദ്അത്തും ഉലാലത്തുമായിപ്പോയി. ഖബർ സിയാറത്തിൽ ചെയ്യാനുള്ളത് ഖബ്റാളികൾക്ക് സലാംചൊല്ലലും അവർക്കുവേണ്ടി പ്രർത്ഥിക്കലുമാകുന്നു. ഫത്തിഹായും യാസീനും ഓതി "ഔസ്വിൽ മിസ്ലസവാബി" എന്ന് ദുആ ഇരക്കൽ പ്രവാചകചര്യയിൽനിന്നു വ്യത്യസ്തമാകുന്നു. അതിനാൽ അത് ബിദ്അത്തും ഉലാലത്തുമാകുന്നു.

## ബിദ്അത്തുകാരനെ ഒറ്റപ്പെടുത്തുക

നബി ﷺ ഉപദേശിക്കുകയോ മാതൃക കാണിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്ത പുതിയ മതാചാരങ്ങൾക്കാണ് ബിദ്അത്ത് എന്നുപറയുന്നത്. അങ്ങിനെയുള്ളതെല്ലാം ഉലാലത്താകുന്നു. അതൊക്കെയും വർജ്ജിക്കേണ്ടതുമാകുന്നു നമ്മുടെ ഈ മതവിഷയത്തിൽ ആരെങ്കിലും അതിലില്ലത്തത് പുതുതായി കൊണ്ടുവരുന്നപക്ഷം അത് തള്ളപ്പെടേണ്ടതാകുന്നു എന്ന് നബി ﷺ പറയുന്നു. ഇവിടെ "അത്" അർത്ഥം പറഞ്ഞ സ്ഥാനത്ത് അവൻ എന്നും അർത്ഥം പറയാം. അതായത് ആ പുതിയത് കൊണ്ടുവന്നവൻ എന്നു സാരം. അപ്പോൾ അവൻ തള്ളപ്പെടേണ്ടവനാകുന്നു എന്നർത്ഥമായി. അതായത് മതത്തിൽ പുതിയതുക്കൊണ്ടവരുന്നവനെ നിങ്ങളുടെ കൂട്ടത്തിൽ കൂട്ടാൻ പാടില്ല. അവനെ ഒറ്റപ്പെടുത്തണം എന്നു സാരം .ഈ അർത്ഥമാണ് കുടുതൽ ശരിയായിട്ടുതെന്ന് തോന്നുന്നു. കാരണം, ആ വിഷയം തള്ളിക്കളയണം എന്നുള്ളതും ഇവിടെ ലഭിക്കുമല്ലോ. അപ്പോൾ ഈ തിരുവചനത്തിന്റെ അർത്ഥപുഷ്ടി വർദ്ധിക്കുന്നു കൂടുതലായി ഇവിടെ ലഭിക്കുന്ന വിഷയം അതായത് ബിദ്അത്തിന്റെ അവതാരകനെ ഒറ്റപ്പെടുത്തണം എന്നുള്ളത് വളരെ പ്രധാനപ്പെട്ടതുമാകുന്നു . ബിദ്ത്തുകാരനെ ആരെങ്കിലും ബഹുമാനിച്ചാൽ ഇസ്‌ലാംദീൻ പൊളിക്കുന്നതിന് അവൻ സഹായിച്ചു എന്ന് നബി ﷺ പറഞ്ഞിരിക്കുന്നു. ബിദ്അത്തുകാരൻ എന്നുപറഞ്ഞതിൽ ബിദ്അത്ത് അവതരിപ്പിച്ചവനും അത് പ്രചരിപ്പിച്ചവനും ഉൾപ്പെടുന്നു. അവർ ഇസ്‌ലാംദീൻ പൊളിക്കുന്നവരും അവരെ ബഹുമാനിക്കുന്നവർ ഇസ്‌ലാംദീൻ പൊളിക്കാൻ സഹായിക്കുന്നവരുമാകുന്നു. അതിപുരാതനകാലംമുതൽക്കേ ബിദ്അത്തിന്റെ വേലിയേറ്റം മതസത്യത്തെ നിഷ്പ്രഭമാക്കിക്കൊണ്ടിരുന്നിട്ടുണ്ട്. ബിദ്അത്ത്നിമിത്തം മതത്തെ ബാധിക്കുന്ന പൊളിവിന്

ഒരു ആധുനിക ഉദാഹരണം പറയാം. സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ അഹ്ലുസുന്നത്ത് വൽ ജമാഅത്തിന്റെ ആചാരങ്ങളായി അംഗീകരിച്ച മാല മൗലിദ് റാത്തീബുകളിൽ പ്രധാനമായ ഒന്നാണ് മുഹ്‌യിദ്ദീൻമാല യഥാർത്ഥത്തിൽ ശിർക്കിന്റേയും കളവിന്റേയും അന്ധവിശ്വാസങ്ങളുടേയും സമാഹാരമാണത്. സമൂഹത്തിൽ മതവിരുദ്ധമായ നിലപാട് പ്രചരിപ്പിച്ചതിൽ ഈ മാലക്ക് വലിയ പങ്കുണ്ട് അല്ലാഹുവിനെ ഭയപ്പെടുകയും അവനോട് പ്രാർത്ഥിക്കുകയും ചെയ്യേണ്ടതിനുപകരം ജനഹൃദയങ്ങളെ മുഹ്‌യിദ്ദീൻ ശൈഖിന്റെ നേരെ തിരിച്ചുവിട്ടത് ഈ മാലയാണെന്ന് പറയാം. മാല എന്ന് അറബിയിൽ ഒരു പദമുണ്ട് , തെറ്റി എന്നും വ്യതിചലിച്ച് എന്നുമാണ് അർത്ഥം. സത്യത്തിൽനുള്ള തെറ്റലും വ്യതിചലിക്കലുമെന്ന് അർത്ഥമാക്കുന്നപക്ഷം ഈ പാട്ടിനു മാല എന്നുള്ളപദം വളരെ യോജിക്കും അതിലെ ഒരുവരി ഇപ്രകാരമാണ് :-

"മൊളിയൊന്നും പിളയാതെ കളയാതെ ചൊന്നോർക്ക്

മണിമാടം സ്വർഗ്ഗത്തിൽ നായൻ കൊടുക്കുമേ"

സാരം വ്യക്തമാണ്, നോക്കുക, എല്ലാവർക്കും വേണ്ടത് സ്വർഗ്ഗമാണ്. സമസ്തക്കാരുടെ സത്യസമ്പൂർണ്ണമായ മുഹ്‌യിദ്ദീൻമാലയിൽ പറയുന്നത് സ്വർഗ്ഗം കിട്ടാൻ മുഹ്‌യിദ്ദീൻമാല പിഴക്കാതെയും കളയാതെയും പാടിയാൽ മതി എന്നാണ്. അപ്പോൾ പിന്നെ നമസ്കരിക്കാനും നോമ്പ് നോക്കാനും ഹറാമിനെ ഉപേക്ഷിക്കാനും ശ്രദ്ധിക്കാത്തതിന്റെ കാരണം വ്യക്തമാണല്ലോ. ഈ തരത്തിൽ സമൂഹത്തിൽ ദീൻ പൊളിഞ്ഞുപോയിരിക്കുന്നു. സമസ്തക്കാരോടൊന്ന് ചോദിക്കുക: "ഖുർആൻ ഓതിയാൽ സ്വർഗ്ഗം കിട്ടുമോ "കിട്ടുകയില്ല" എന്നവർ പറയും അപ്പോൾ "ഖുർആനെക്കാൾ ഉയർന്നതാണോ മുഹ്‌യിദ്ദീൻമാല?" ഈ മുസ്‌ലി യാക്കളുടെ ദ്രോഹത്തിൽനിന്ന് ഇസ്‌ലാമിനെ അല്ലാഹു കാക്കട്ടെ.

ഉലാലത്തിനെ അംബന്ധിച്ചുള്ള മുൻ വിവരണത്തിൽനിന്ന് ഇവിടെ പ്രധാനമായും നാം ശ്രദ്ധിക്കേണ്ടത് ബിദ്അത്തിനെപ്പറ്റിയാണെന്ന് വ്യക്തമായിട്ടുണ്ട്. നമ്മുടെ ആളുകൾ ബിദ്അത്ത് സംബന്ധിച്ച് വലിയ ചിന്താക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കയാണ്. യഥർത്ഥത്തിൽ ബിദ്അത്തായിട്ടുള്ള സംഗതികളെപ്പറ്റി സുന്നത്ത് എന്നും, യാഥാർത്ഥത്തിൽ സുന്നത്തായിട്ടുള്ള (ബിദ്അത്തല്ലാത്ത) സംഗതികളെപ്പറ്റി ബിദ്അത്ത് എന്നും പറയുന്നവരുണ്ട്. അജ്ഞതയും ആലോചനപ്പിഴവുമാണിതിന്റെ കാരണം. നബി ﷺ എല്ലാ ബിദ്അത്തും ദുർമ്മാർഗ്ഗമാണെന്ന് പറഞ്ഞത് അറിഞ്ഞുകൊണ്ട് ചില ബിദ്അത്തുകൾ നല്ലതാണെന്ന് മിക്കവരും വാദിക്കുന്നു. ചുരുക്കത്തിൽ വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണിത് അതിനാൽ ബിദ്അത്തിനെ സംബന്ധിച്ച് വസ്തുനിഷ്ഠമായി മനസ്സിലാക്കൽ വളരെ ആവശ്യമാകുന്നു.

നബി ﷺ ൽനിന്ന് തെളിവില്ലാത്തതും പരലോകമോക്ഷത്തിന്നു വേണ്ടി എന്ന പേരിൽ കൈക്കൊള്ളുന്നതുമായ പുതിയ മതവിഷയമാണ് ബിദ്അത്ത്. വിശ്വാസങ്ങളിലു ആചാരങ്ങളിലും ഇതുണ്ട്. വിശ്വാസപരമായ ബിദ്അത്ത് മതത്തിന്റെ അത്മാവിനെ ബാധിക്കുന്ന ഒരു കാൻസറാകുന്നു. ആചാരപരമായ ബിദ്അത്ത് മതത്തിനെ ബാധിക്കുന്ന കാൻസറുമാകുന്നു. ആചാരപരമായ ബിദ്അത്തിനെ സംബന്ധിച്ച് ആദ്യം പറയാം. ഒരു ആചാരം ബിദ്അത്തായിത്തീരുന്നതിന് രണ്ടുസംഗതികൾ യോജിച്ചിരിക്കണം ഒന്ന് നബി ﷺ യിൽനിന്ന് തെളിവില്ലാത്ത പുതിയതായിരിക്കുക. ഉദാഹരണം:- ഇന്ന് നമ്മുടെ രാജ്യങ്ങളിൽ ജുമുഅഃയുടെ ശർത്ത് എന്ന പേരിൽ നടത്തിരുന്ന ഖുത്തുബഃ ഓതൽ ബിദ്അത്താകുന്നു. ഇബ്നുനുബാത്തത്തുൽ മിസ്രിയുടേതാണ് ഈ ഖുത്തുബഃ നബി ﷺ ഈ കൃത്യം നിർവ്വഹിച്ചത് ഇങ്ങിനെയല്ല. സന്ദർഭംപോലെ ആവശ്യമായ കാര്യങ്ങളെ സംബന്ധിച്ച് പ്രസംഗിക്കുകയാണ് നബി ﷺ ചെയ്തത്. ഇപ്പോൾ നടന്നു വരുന്നത് അതല്ലല്ലോ ഇതുകൊണ്ട് ജുമുഅഃയുടെ ശർത്ത് (നിബന്ധന) നിറവേറുന്നില്ലെന്ന് മാത്രമല്ല. ഒരു ബിദ്അത്ത് അനുഷ്ഠിച്ച ദോഷം വന്നു കൂടുകയും ചെയ്യുന്നു. മറ്റൊരു ഉദാഹരണം:- നമസ്ക്കാരത്തിനുശേഷം ഇമാം ഉറക്കെ പ്രാർത്ഥിക്കുകയും മഅ്മൂമുകൾ ആമീൻ ചൊല്ലുകയും ചെയ്യുന്ന സംഘടിതരൂപം പുതിയതാകുന്നു. നബി ﷺ ഒരിക്കലും അങ്ങിനെ ചെയ്തിട്ടില്ല, ചെയ്യാൻ ഉപദേശിച്ചിട്ടില്ല, മറ്റാരെങ്കിലും ചെയ്യുന്നതറിഞ്ഞിട്ട് മൗനാനുവാദം നൽകുക എന്നതും ഉണ്ടായിട്ടില്ല. നബി ﷺ യിൽ നിന്നുള്ള തെളിവ് ഈ മൂന്നുവിധത്തിലാണല്ലോ. അതിനാൽ ഇത് ബിദ്അത്താകുന്നു. നമ്മുടെ നാട്ടുകാരെ സംബന്ധിച്ച് മറ്റൊരു യാഥാർത്ഥ്യം കൂടി മനസ്സിലാക്കേണ്ടതുണ്ട് കുറേ ദുആയുടെ വാചകങ്ങൾ മനഃപാഠമാക്കിയിട്ടുണ്ട്. അതങ്ങനെ ഓതും ശ്വാസംമുട്ടുമ്പോൾ നിർത്തും. അപ്പോൾ മറ്റുള്ളവർ ആമീൻപറയും. എന്താണ് പ്രർത്ഥിച്ചതെന്ന് പലപ്പോഴും രണ്ടുകൂട്ടരും അറിയുകയില്ല. ഇങ്ങിനെയുണ്ടോ ഒരു പ്രാർത്ഥന? മനസ്സറിയാത്തനിലയിലുള്ള പ്രാർത്ഥനക്ക് എന്തൊരു വിലയാന്നുള്ളത്? ഇമാമും മഅ്മൂമുകളിൽപെട്ട ആരെങ്കിലും ഒരാളും തമ്മിൽ കോടതിയിൽ ഒരു കേസ് നടക്കുന്നുണ്ടെന്ന് വിചാരിക്കുക. അദ്ദേഹത്തിന്റെ പ്രതി ആമീൻ പറയുകയില്ലേ. എന്തൊരു കഥകേടാണിത് .ബിദ്അത്ത് എന്ന കാൻസർ സമൂലം ബാധിച്ചിരിക്കുകയാണ്.

### സംഘടിത തറാവീഹ് ബിദ്അത്തല്ല

റമളാൻമാസത്തിൽ സംഘടിതമായി തറാവീഹ് നമസ്കരിക്കൽ ബിദ്അത്താണെന്ന് ചിലർ പറയാറുണ്ട്. അതൊരിക്കലും ശരിയല്ല. കാരണം നബി ﷺ അതു ചെയ്തിട്ടുണ്ട് നബി ﷺ ചെയ്ത ഒരു ഇബാദത്തിനെ സംബന്ധിച്ച് ബിദ്അത്താണെന്ന് പറയാൻ പാടില്ല. അങ്ങനെ പറ

യുന്നപക്ഷം കാര്യമാകെ അവതാളത്തിലായിപ്പോകും ഉമർ رضي الله عنه
അങ്ങനെ പറഞ്ഞിട്ടുണ്ടെന്നുള്ള റിപ്പോർട്ടിനെ സംബന്ധിച്ച് നാം എന്താണ്
പറയേണ്ടത്. എല്ലാ ബിദ്അത്തും ദുർമ്മാർഗ്ഗമാണെന്ന് നബി ﷺ പറഞ്ഞി
തിനെ എതിർക്കുന്ന കൂട്ടർ ഈ റിപ്പോർട്ടിനെ വല്ലാതെ പൊക്കിപ്പിടിച്ചി
ട്ടുണ്ട്. ചില ബിദ്അത്തുകൾ സന്മാർഗ്ഗമാണെന്നുള്ള അവരുടെ വാദത്തിനു
തെളിവായി അവർ അവതരിപ്പിക്കുന്ന പ്രധാനരേഖ ഇതാണ്. ഇതിനെ
അടിസ്ഥാനമാക്കി നബി ﷺ യുടെ വാക്കിനെ തള്ളിക്കളയുകയാണവർ
ചെയ്തിരിക്കുന്നത്. അത് മഹാ അപകടമാകുന്നു. പ്രവാചക വചനത്തെ
മുന്തിക്കുകയും പ്രമാണമാക്കുകയും അതിനെതിരായി കാണുന്നത് തള്ളി
ക്കളയുകയുമാണ് നാം ചെയ്യേണ്ടത്. എല്ലാ ബിദ്അത്തും ദുർമ്മാർഗ്ഗമാ
ണെന്നുള്ള പ്രവാചകവചനം അങ്ങേയറ്റം സ്ഥിരപ്പെടുകയും തെളിഞ്ഞു
കിടക്കുകയും ചെയ്യുന്നു. അപ്പോൾ അതിന് വിപരീതമായി കാണുന്നത്
നാം എങ്ങിനെ സ്വീകരിക്കും? സ്വീകരിക്കുന്നപക്ഷം അശ്ഹദുഅന്നമു
ഹമ്മദൻ റസൂലുല്ലാഹ് എന്നു പറയുന്നതിന് എന്തൊരു പൊരുളാണുള്ളത്?
"വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും, അവന്റെ റസൂലിന്റെയും മുമ്പാകെ
(യാതൊന്നിനെയും) നിങ്ങൾ മുന്തിക്കരുത്. അല്ലാഹുവിനെ സൂക്ഷിക്കുക.
നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവ
നുമാകുന്നു". (ഹുജുറാത്ത്: 1) അപ്പോൾ പ്രവാചകവചനത്തേക്കാൾ മറ്റേ
തൊരാളുടെ വാക്കിനെയും മുന്തിക്കാൻ ഒരിക്കലും പാടില്ല. അതാരാ
യാലും ശരി. എല്ലാബിദ്അത്തും ദുർമാർഗ്ഗമാണെന്ന് പ്രവാചകൻ പറഞ്ഞി
ട്ടുണ്ടെന്നതിൽ ആർക്കും സംശയമില്ല. സംഘടിതമായി തറാവീഹ് നമ
സ്ക്കരിക്കുന്നതിനെപ്പറ്റി ബിദ്അത്ത് എന്ന് ഉമർ رضي الله عنه പറഞ്ഞതാ
യികാണുകയും ചെയ്യുന്നു. ഇവിടെ നാം എന്താണ് വേണ്ടത്. നബി ﷺ
പറഞ്ഞു എന്ന് സ്ഥിരപ്പെട്ട വിഷയം അതേപടി നിരുപാധികം സ്വീകരി
ക്കുക. വ്യത്യസ്തമായി പറപ്പെടുന്നത് തള്ളിക്കളയുക. ഇതല്ലാതെ നമുക്കു
നിവൃത്തിയില്ല. സർവ്വസമ്മതമായിട്ടുള്ള നീക്കുപോക്കില്ലാത്ത സിദ്ധാന്ത
മാണിത്. എന്നാൽ നബി ﷺ യുടെ വാക്കിനെതിരായി ഉമർ رضي الله
عنه പറഞ്ഞിട്ടുണ്ടെന്ന് വാദിക്കുന്നത് ശരിവെക്കാൻ നിവൃത്തിയില്ല. ഉമർ رضي
الله ഒരിക്കലും അങ്ങനെ പറയുകയില്ല. സുന്നികളെന്ന് പറയുന്ന
വർക്കുള്ള വാദം എല്ലാ ബിദ്അത്തും ദുർമ്മാർഗ്ഗമെന്ന് പറയാൻ പറ്റുകയി
ല്ല. ചില ബിദ്അത്തുകൾ സന്മാർഗ്ഗമാണെന്നാണല്ലോ. ഉമർ رضي الله عنه
ഒരിക്കലും അതു പറഞ്ഞിട്ടില്ല.

## ബിദ്അത്തിൽ നല്ലതോ?

ഇത് എത്ര നല്ല ബിദ്അത്ത് എന്നൊരുവാക്കു അദ്ദേഹം പറഞ്ഞ
തായി ഉദ്ധരിക്കപ്പെടുന്നു. ഏതിനെപ്പറ്റിയാണ് ഈ പറഞ്ഞതെന്ന് നോക്കാം.
മദീനത്തെ പള്ളിയിൽ ഒരേ സമയത്ത് പലേ സംഘങ്ങളായി വേറിട്ട് തറാ

വീഹ് നമസ്ക്കരിക്കുന്നത് അദ്ദേഹം കണ്ടു മനഃപ്രയാസംതോന്നി അതു വേണ്ടന്നുവെച്ച് ഒരോറ്റ ജമഅത്തായി നമസ്കരിക്കാൻ ഏർപ്പാടുചെയ്തു .അപ്പോൾ ഒരവസരത്തിൽ ഒരേ പള്ളിയിൽ പലേ ജമഅത്തുകളായി നമസ്കരിക്കുന്നതോ നല്ലത്? അഥവാ എല്ലാവരും കൂടി ഒരൊറ്റ ജമഅത്തായി നമസ്കരിക്കുന്നതോ നല്ലത്? എന്നതായിരുന്നു പ്രശ്നം. രണ്ടാമത്തേതാണ് ഉമർ رضي الله عنه പറഞ്ഞത്. പിന്നെ അതിനെപ്പറ്റി ബിദ്അത്ത് എന്ന വാക്ക് ഉപയോഗിക്കാൻ കാരണമെന്ത്? ബിദ്അത്തിന്റെ ഭാഷാർത്ഥമോ, സാങ്കതികാർത്ഥമോ ഒന്നും ഇവിടെ യോജിക്കുന്നില്ല. മുൻ മാതൃകയില്ലാത്തനിലയിൽ പുതുതായുണ്ടായതെന്നാണ് ഭാഷാർത്ഥം. കുടയോ, വടിയോ എന്തായാലും തരക്കേടില്ല, ഭാഷാർത്ഥപ്രകാരം ബിദ്അത്ത് എന്നു പറയാം . മുൻ മാതൃകയില്ലാത്തതായിരിക്കണമെന്ന് മാത്രം. ഇവിടെ യഥാർത്ഥത്തിൽ മാതൃകയുണ്ടല്ലോ. അതായാത് നബി ﷺ യുടെ പക്കൽനിന്ന് തെളിവൊന്നും ഇല്ലാത്തനിലയയിൽ പരലോകഗുണത്തിനുവേണ്ടി എന്ന പേരിലുള്ള പുതിയ മതവിഷയമാണ് സാങ്കേതിക ബിദ്അത്ത്. ഇവിടെ നബി ﷺ യിൽ നിന്ന് തെളിവുള്ളതിനാൽ ഈ അർത്ഥപ്രകാരവും തറാവീഹിന്റെ ജമാഅത്തിനെപ്പറ്റി ബിദ്അത്ത് എന്നു പറയാൻ പാടില്ല. പിന്നെ ഏതുനിലക്കാണ് ഉമർ رضي الله عنه ബിദ്അത്ത് എന്നുപറഞ്ഞത്? ഒരേ പള്ളിയിൽ ഒരേ സമയത്ത് പലേ ജമാഅത്തുകളായി നമസ്കാരം നടക്കുന്നത് ആദ്യം കണ്ട് അദ്ദേഹത്തിന് മനഃപ്രയാസമുണ്ടായി. അനഭിലഷണീയമായ ഈ കാഴ്ച അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അങ്ങിനെയിരിക്കെ പിന്നീട് എല്ലാവരും കൂടി വലിയ ജമാഅത്തായി നമസ്കരിക്കുന്നത് കണ്ടപ്പോൾ വലിയ കൗതുകവും തൃപ്തിയും തോന്നി. അങ്ങിനെ പ്രസ്തുതവാക്ക് പറഞ്ഞതാണ്. ആദ്യം കണ്ടത് അനഭിലഷണീയവും രണ്ടാമത് കണ്ടത് അഭിലഷണീയവുമാണ്. ആദ്യത്തിനെക്കാൾ പുതിയതാണല്ലോ രണ്ടമത്തേത്. രുപത്തിൽ മാത്രമാണ് ഇതു ബിദ്അത്തായത്. യഥാർത്ഥത്തിൽ അതൊരിക്കലും ബിദ്അത്തല്ല. ഒരു പുതിയ ആചാരം അംഗീകരിക്കാൻ വേണ്ടിയല്ല ഉമർ رضي الله عنه ഇതുപറഞ്ഞത്. ഈ വാചകം അടിസ്ഥാനമാക്കി പുതിയ മതാചാരങ്ങൾക്ക് അംഗീകാരം നൽക്കുന്നവർ വഴിപിഴച്ചവരാകുന്നു. രൂപത്തിൽ മാത്രം ബിദ്അത്ത് എന്നും യഥാർത്ഥത്തിൽ ബിദ്അത്തല്ലെന്നും പറഞ്ഞതിനെപ്പറ്റി ആരും ആശ്ചര്യപ്പെടേണ്ടതില്ല. അങ്ങനെയുള്ള പ്രയോഗം ഖുർആനിൽ ധാരാളമുണ്ട്. "തിന്മയുടെ പ്രതിഫലം അതിനു തുല്യമായ തിന്മയാകുന്നു. എന്നാൽ ഏതൊരുത്തൻ മാപ്പുനൽകുകയും നന്മയുണ്ടാക്കുകയും ചെയ്യുന്നുവോ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാകുന്നു. നിശ്ചയമായും അല്ലാഹു അക്രമികളെ സ്നേഹിക്കുന്നില്ല." (ശുറാ 40) അതായത് ഒരാളൊരു ദ്രോഹം ചെയ്താൽ തുല്യനിലയിൽ പകരംവീട്ടുന്നതിന് വിരോധമില്ല. അധികം ചെയ്യരുത്. എന്നാൽ മാപ്പുനൽകൽ വളരെ നല്ലതാകുന്നു.

അല്ലാഹു മഹത്തായ പ്രതിഫലം നൽകും എന്ന് സാരം . അപ്പോൾ അക്ര മി മുൻകടന്ന് ചെയ്യുന്നതിനെ സംബന്ധിച്ച് തിന്മയെന്ന് പറഞ്ഞു . അത് തിന്മയാണെന്നുള്ളതുവ്യക്തവും നിസ്തർക്കവുമാണ്. എന്നാൽ പ്രതികാ രത്തിന്റെ നിലയിൽ മറ്റവൻ ചെയ്യുന്നത് ന്യായവും അനുവദനീയവുമാണ്. അതിനാൽ യഥാർത്ഥത്തിൽ അതു തിന്മയല്ല. അതിനെപറ്റി തിന്മയെന്നു പറഞ്ഞതു ബാഹ്യമായ തുല്യത നോക്കിയിട്ടുമാത്രം. രൂപത്തിലാണ് തിന്മ യായത് യഥാർത്ഥത്തിൽ തിന്മയല്ല.

“നിങ്ങളോട് ആരെങ്കിലും അക്രമം ചെയ്താൽ അവൻ നിങ്ങളോട് ചെയ്ത അക്രമത്തിന് തുല്യമായി നിങ്ങൾ അവനോടും അക്രമം ചെയ്തു കൊള്ളുക” (ബഖറ 194) നോക്കുക. ഇങ്ങോട്ടുചെയ്യുന്നത് അക്രമമാണെ ന്നുള്ളതു വ്യക്തമാണ്. പകരം അങ്ങോട്ടുചെയ്യുന്നുതു അക്രമമല്ലല്ലോ. അതിനെപ്പറ്റി ഇവിടെ അക്രമം എന്ന് പറഞ്ഞിരിക്കുന്നു. രൂപത്തിൽ മാത്ര മാണത്. യഥർത്ഥത്തിലല്ല. അതുപോലെ യാഥാർത്ഥത്തിൽ ബിദ്അത്ത ല്ലാത്ത. നബിയുടെ സുന്നത്താണെന്ന് സ്ഥിരപ്പെട്ടി ഒരു കാര്യത്തെ സംബ ന്ധിച്ച് ബിദ്അത്ത് എന്ന പദം ഉമർ رضي الله عنه ഉപയോഗിച്ചു എന്നു ള്ളതുമാത്രമായിത്തീർന്നു പ്രശ്നം. വേറെ ഇതിൽ യാതൊന്നുമില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കരണീയമായിട്ടുള്ളതെന്തെ ന്നാൽ നബി ﷺ യുടെ പക്കൽനിന്നുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ സുന്നത്താണെന്ന് സ്ഥിരപ്പെട്ട ഒരുകാര്യം ഇപ്പോൾ നടപ്പില്ല. അതു പുതു തായിനടപ്പിൽവരുത്തി. അതിനെപ്പറ്റി നല്ല ബിദ്അത്ത് എന്ന് ഒരാൾ പറഞ്ഞു, എങ്കിൽ അതിനെ ആപക്ഷിപിക്കേണ്ടതില്ല. ഉദ:- ഒരു നാട്ടിൽ കുറെ പള്ളികളുണ്ട്. ഓരോ പള്ളിയിലും പെരുന്നാൾ നമസ്കാരം നട ത്തിയിരുന്നു. ഒരുസ്ഥലത്ത് ഒരുമിച്ചുകൂടി പെരുന്നാൾ ആഘോഷിച്ചു. ഇതൊരു പുതിയ കാഴ്ചയയതിനാൽ വളരെ നല്ല ബിദ്അത്ത് എന്നൊ രാൾ പറഞ്ഞു. അതുപോലെ മഴക്കുവേണ്ടിയുള്ള നമസ്ക്കാരം, ഗ്രഹണ നമസ്കാരം മുതലായത് ചെറിയ ചെറിയ ജമാഅത്തുകളായി ഒരു സ്ഥലത്ത് നടന്നിരുന്നു. അത് മാറ്റി എല്ലാവരേയും പങ്കെടുപ്പിച്ച് ഒരു വലിയ ജമാഅത്തായി നടത്തി. ഈ പുതിയ കാഴ്ചയിൽ കൗതുകം തോന്നി . വളരെ നല്ല ബിദ്അത്ത് എന്നൊരാൾ പറഞ്ഞു. ഇവിടെയൊന്നും ബിദ് അത്ത് എന്ന പദം ഉപയോഗിച്ചതിനെപറ്റി ആക്ഷേപിക്കേണ്ടതില്ല. കാരണം ഉമർ رضي الله عنه അതുപോലെ പറഞ്ഞിട്ടുണ്ട്. ഇതിലപ്പുറം ഇവിടെ യാതൊന്നും ഇല്ല.

ഇങ്ങിനെയെല്ലാമാണെങ്കിലും ഉമർ رضي الله عنه വിന്റെ അ വാക്കിനെ അടിസ്ഥാനപ്പെടുത്തി പിന്നീടുണ്ടായ ഫിത്ത്നയുടെ ആഴവും

പരപ്പും കാണുമ്പോൾ അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന് തോന്നിപ്പോകയാണ് . പിൽക്കാലങ്ങളിൽ ബിദ്അത്ത് പ്രേമികൾ ഇതിനെതുടർന്ന് പറഞ്ഞുപരത്തിയ വിഷയങ്ങളെ സംബന്ധിച്ച് ദീർഘവീക്ഷണത്തിൽ അദ്ദേഹത്തിനു ഊഹിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ അങ്ങനെ പറയുകയില്ലായിരുന്നു. ചില ബിദ്അത്തുകൾ സന്മാർഗ്ഗമാണെന്ന് ഉമര رضي الله عنه പറഞ്ഞിട്ടുണ്ടെന്ന് ബിദ്അത്ത് പ്രേമികൾ ജൽപിക്കുകയും കീശയും, വയറും, വീർപ്പിക്കുവാൻ ഉതകുന്നതും അവർ ഇഷ്ടപ്പെടുന്നതുമായ പലതും ആ വകയിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അങ്ങനെ നാം നിരുപാധികം അനുസരിക്കേണ്ടതായ പുണ്യപ്രവാചകന്റെ പ്രഖ്യാപനം എതിർക്കുതിനു നേതൃത്വം നൽകിയത് ഉമർ رضي الله عنه ആണെന്ന് അവർ നടിക്കുന്നു. ഉമർ رضي الله عنه ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. പറഞ്ഞതെന്താണെന്നു നാം വ്യക്തമാക്കിക്കഴിഞ്ഞു. വക്രതയും പാളിച്ചയും കൂടാതെ സത്യം മനസ്സിലാക്കുവാനും അനുഷ്ഠിക്കുവാനും അല്ലാഹു അനുഗ്രഹി ക്കട്ടെ.

ഒരു കാര്യം ബിദ്അത്തായി പരിഗണിക്കുന്നതിന് രണ്ടു സംഗതികൾ യോജിപ്പിക്കേണ്ടതുള്ളതിൽ ഒന്നാമത്തേതിനെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. അഥവാ നബി ﷺ യിൽനിന്ന് തെളിവില്ലാത്തതാവുക. ഇനി രണ്ടാമത്തേത്: മതത്തിന്റെപേരിലും പരലോക ഗുണത്തിനു വേണ്ടിയും ചെയ്യുക എന്നതാകുന്നു. മതാചാരമല്ലാത്ത പുതിയ കാര്യം ബിദ്അത്തല്ല. ബസ്സ്, തീവണ്ടി, വിമാനം മുതലായ വാഹനങ്ങൾ നബി ﷺ ഉപയോഗിച്ചിട്ടില്ലല്ലോ. അതുകൊണ്ട് അതൊക്കെ ബിദ്അത്താണെന്ന് ചിലർ പറയാറുണ്ട്. യഥാർത്ഥത്തിൽ അതൊന്നും ബിദ്അത്തല്ല. കാരണം അതൊന്നും ദീനിൽ പുതിയതല്ല. ദുൻയാവിൽ പുതിയതാണ്. "നമസ്കാരം എപ്രകാരം ദീനിൽപെട്ടതാണോ, അതുപോലെ തീവണ്ടി കയറലും ദീനിൽപെട്ടതാണ്" എന്ന് കേരള ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപക അമീർ എന്നോടു പറയുകണ്ടായി. അപ്പോൾ ഞാൻ പറഞ്ഞു: അങ്ങനെയാണെങ്കിൽ തീവണ്ടി ഡ്രൈവർ ദീൻ നടത്തുന്നവനാണെന്ന് വരുമല്ലോ? എന്താണ് നിങ്ങൾ പറയുന്നത് ഇസ്‌ലാംദീനിൽ പൊളിച്ചുഴുത്തുനടത്താൻ ഒരുങ്ങിയിരിക്കുകയാണോ നിങ്ങൾ ? അപ്പോൾ ദീനും ദുനിയാവും രണ്ടാക്കിയെന്ന് പറഞ്ഞ് അദ്ദേഹം കുറേ ആക്ഷേപിച്ചു. ഇത് ജമാഅത്തെഇസ്ലാമിയുടെ വലിയൊരു സിദ്ധാന്താമാണ്. ദീനും ദുനിയാവും രണ്ടല്ല എന്നാണ് അവർ പറയുന്നത്. രണ്ടാണെന്നുപറയൽ ഇസ്‌ലാംദീനിനെ കണ്ടംമുറിക്കലാണെന്ന് അർത്ഥംവരുന്ന ഒരു പാട്ടുണ്ടവർക്ക് (ദീനും ദുൻയാ രണ്ടാക്കി ഇസ്‌ലാം ദീനിനെ തുണ്ടാക്കി .... )

## ദീനിൽ പുതിയതും ദുൻയാവിൽ പുതിയതും

യഥാർത്ഥത്തിൽ ദീനും ദുൻയാവും രണ്ടാക്കിയത് അല്ലഹുവും റസൂലുമാണ്. പരിശുദ്ധ ഖുർആനിൽ ദീൻ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ള സ്ഥലത്ത് അതുമാറ്റി പകരം ദുൻയാ എന്നു പറഞ്ഞുനോക്കുക. ശരിയാകുമെങ്കിൽ ഇവരുടെ വാദം നമുക്ക് അംഗീകരിക്കാം.

"നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ സ്വീകര്യമായ ദീൻ ഇസ്ലാമാകുന്നു." (ആലുംറാൻ:19) എന്നു പറഞ്ഞേടത്ത് അല്ലാഹുവിന്റെ അടുക്കൽ സ്വീകര്യമായ ദുൻയാ എന്നാക്കിയാലൊക്കുമോ?

"നിശ്ചയമായും അല്ലാഹു നിങ്ങൾക്ക് ദീനിനെ തെരഞ്ഞെടുത്തു തന്നിരിക്കുന്നു" (ബഖറ:132) എന്നു പറഞ്ഞേടത്തു ദുൻയാവിനെ തെരഞ്ഞെടുത്തുതന്നു എന്നാക്കിയാലൊക്കുമോ ? കൂടാതെ ദീനിനെ സ്നേഹിക്കുന്നവൻ എന്നുപറയൽ പ്രശംസയും ദുൻയാവിനെ സ്നേഹിക്കുന്നവൻ എന്നുപറയൽ ആക്ഷേപവുമാണ്. ഇങ്ങനെയെല്ലാമായിട്ടും ജമാഅത്തെ ഇസ്ലാമിക്കാർ പറയുന്നു: ദീനും ദുൻയാവും ഒന്നാണെന്ന്, ഇവർക്കെന്തു പറ്റി? എന്തിനാണ് ഇവർ ഒരുങ്ങിയിരിക്കുന്നത് ? കഷ്ടം! നല്ല ബിദ് അത്ത്വാദക്കാരെ സഹായിക്കാൻ വേണ്ടിയാണിതെന്ന് തോന്നുന്നു.

നബി ﷺ വഫാത്തായപ്പോൾ ഖലീഫയെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ആദ്യം അഭിപ്രായവ്യത്യാസമുണ്ടായെങ്കിലും അവസാനം അബൂബക്കർ رضي الله عنه വിനെ നിശ്ചയിക്കുന്നതിൽ എല്ലാവരും യോജിച്ചു. അതിന്ന് അവർ പറഞ്ഞ ന്യായം വളരെ ശ്രദ്ധേയമാണ്.

"റസൂലുല്ലാഹി ﷺ നമ്മുടെ ദീനിന്നുവേണ്ടി അദ്ദേഹത്തെ ത്രപ്തിപ്പെട്ടു. അപ്പോൾ നമ്മുടെ ദുൻയാവിനുവേണ്ടി അദ്ദേഹത്തെ നാം തൃപ്തിപ്പെടാതിരിക്കുകയോ ?" എന്നാണവർ പറഞ്ഞത് നബി ﷺ മിന്ന് ദീനം കലശലായപ്പോൾ നമസ്കാരത്തിൽ ഇമാമത്ത് നിൽക്കാൻ അബൂബക്കർ رضي الله عنه വിനോട് അവിടുന്ന് കൽപിച്ചു. ദീനിന്നുവേണ്ടി നബി ﷺ തൃപ്തിപ്പെട്ടു എന്നു പറഞ്ഞത് ഇതിനെപറ്റിയാണ്. നമ്മുടെ ദുനിയാവ് എന്നു പറഞ്ഞത് ഭരണത്തെ പ്പറ്റിയുമാണ്. ഇതാണ് മുസ്ലീംകളുടെ ആദർശം. എന്നാൽ ജമാഅത്തെഇസ്ലാമിക്കാർ പറയുന്നു: നമസ്കാരം എപ്രകാരം ദീനാണോ അപ്രകാരംതന്നെ തീവണ്ടിയും ദീനാകുന്നു. ജമാഅത്തെ ഇസ്ലാമിയെ എല്ലാവരും മനസ്സിലാക്കുക.

തരീഖത്തുകളും, ഔറാദുകളും, റാത്തീബുകളും, മൗലൂദുകളു മൊക്കെ പരലോകഗുണത്തിന്റെ പേരിലാണ് നിലനിന്നുവരുന്നത്. അതു കൊണ്ട് അതൊക്കെ ബിദ്അത്തുകളും ളലാലത്തുകളുമാണ്.

ചുരുക്കത്തിൽ നബി ﷺ യിൽനിന്ന് തെളിവില്ലാത്തതും പരലോ കഗുണത്തെ ഉദ്ദേശിച്ച് കൈക്കൊള്ളുന്നതുമായ പുതിയ മതവിഷയമാണ് ബിദ്അത്ത്. നമ്മുടെ ആളുകൾ ഈ വിഷയത്തിൽ നേരിട്ട ഏറ്റവും വലിയ ചിന്താക്കുഴപ്പം ദീനിൽ പുതിയതും ദുൻയാവിൽ പുതിയതും വേർതിരിച്ച് മനസ്സിലാക്കാതിരുന്നതാണ്. അതുപോലെ നബി ﷺ കൽപിച്ചതും വേർതി രിച്ചില്ല. എത്രത്തോളമെന്ന് വെച്ചാൽ, പരിശുദ്ധഖുർആൻ ഒരു മുസ്ഹ ഫിൽ എഴുതിവെച്ചത് ബിദ്അത്താണെന്ന് അവർ പറഞ്ഞുകളഞ്ഞു. യഥാർത്ഥത്തിൽ നബി ﷺ കൽപിച്ചതും നടപ്പിൽവരുത്തിയതുമായ കാര്യ മാണത്. അതുകൊണ്ട് ബിദ്അത്ത് എന്ന് അതിനെപറ്റി പറയാൻ ഒരി ക്കലും പാടില്ല. റോഡുണ്ടാക്കൽ, പാലംകെട്ടൽ മുതലായതിനും ബിദ് അത്ത് എന്ന് ആളുകൾ പറഞ്ഞുകളഞ്ഞു. അതുംതെറ്റാണ്. കാരണം അത് ദീനിൽ പുതിയതല്ല; ദുൻയാവിൽ പുതിയതാണ്. യാഥാർഥത്തിൽ ബിദ്അത്തല്ലാത്തതും നമുക്ക് വളരെ ആവശ്യമായിട്ടുള്ളതുമായ കാര്യ ങ്ങളെസംബന്ധിച്ച് ബിദ്അത്തെന്ന് പറയുകയും, ബിദ്അത്തുകളിൽ നല്ല തും ഉണ്ടെന്ന് വാദിക്കുകയും ചെയ്തുകൊണ്ട് ബിദ്അത്തിനെപ്പറ്റിയുള്ള അറപ്പും വെറുപ്പും ഇല്ലാതാക്കുവാനാണ് ചെകുത്താൻ ശ്രമിച്ചത്. മിക്ക വാറും അവൻ വിജയംവരിച്ചിരിക്കുന്നു. അല്ലാഹു നമ്മെ കാക്കട്ടെ.

മദീനത്തെ പള്ളിയിൽ ഒരു സമയത്ത് പലേ ജമാഅത്തുകളായി തറാവീഹ് നമസ്കരിക്കുന്നത് ഒറ്റ ജമാഅത്തായി നമസ്കരിക്കുവാൻ കൽപിച്ചു; ഒരു ഇമാമിനെ നിശ്ചയിച്ചുകൊടുത്തു. ആ നിലയിൽ പിന്നീട് നമസ്കരിക്കുന്നത് കണ്ടപ്പോൾ വളരെ സന്തോഷം തോന്നി; വളരെ നല്ല ബിദ്അത്ത് എന്ന് പറഞ്ഞതിൽ ബിദ്അത്ത് പ്രേമികൾക്ക് പിടിച്ചുതൂങ്ങാൻ യാതൊന്നുമില്ലെന്നും മരുഭൂമിയിലെ കാനൽകണ്ട് വെള്ളമെന്നു ധരിച്ച് ഓടുന്നവരെപ്പോലെയാണ് അവരെന്നും മുമ്പ് തെളിയിച്ചു. ഭാഷാർത്ഥപ്ര കാരവും സാങ്കേതികാർത്ഥപ്രകാരവും അത് ബിദ്അത്തല്ല. രൂപത്തിൽ മാത്രമാണ് അത് ബിദ്അത്തായത്. എന്നു പറഞ്ഞതിനുശേഷം അതിന് രണ്ട് ഉദാഹരണങ്ങൾ ഖുർആനിൽനിന്ന് ഉദ്ധരിച്ചു തിന്മക്കുപകരം തിൻമ അക്രമത്തിന് പകരം അക്രമം എന്നതാണ് ആ രണ്ടു വചനത്തിലെയും ഉള്ളടക്കം. യഥാർത്ഥത്തിൽ ആന്തരമായി വൈരുദ്ധ്യവും ബാഹ്യമായി തുല്യതയുമുള്ളതാണത്. ഈനിലയിലുള്ളതല്ലാത്ത ഉദാഹരണം ചൂണ്ടി ക്കാണിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു രണ്ട് ഉദാഹരണങ്ങൾ ഹദീസിൽനിന്ന് ഉദ്ധരിക്കുന്നു:

"രണ്ടു വിഷയങ്ങളിലല്ലാത്ത അസൂയ പാടില്ല. ഒരാൾക്ക് അല്ലാഹു ധനംകൊടുത്തു. സത്യത്തിന്റെ മാർഗ്ഗത്തിൽ അത് ചെലവഴിക്കുവാൻ അയാളെ അല്ലാഹു സ്വാധീനിച്ചു. ഒരാൾക്ക് അല്ലാഹു വിജ്ഞാനം നൽകി. അതനുസരിച്ച് അദ്ദേഹം വിധിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നു" എന്ന് നബി ﷺ പറഞ്ഞിരിക്കുന്നു. (ബുഖാരി) അപ്പോൾ ഒരു ധനികൻ നല്ല വഴിയിൽ ചിലവഴിക്കുന്നത് കണ്ടിട്ട് എനിക്ക് ധനമുണ്ടായാൽ ഇതു പോലെ ചിവഴിക്കാമല്ലോ എന്ന് ആഗ്രഹിക്കുന്നതിനെപ്പറ്റി അസൂയ എന്നു പറഞ്ഞു. യാഥാർത്ഥത്തിൽ അത് അസൂയയാണോ? ഒരിക്കലുമല്ല. മറ്റവന്റെ ഗുണം നശിച്ചുകാണാൻ ആഗ്രഹിക്കലാണ് അസൂയ. അങ്ങനെ ഇവിടെ ആഗ്രഹിക്കുന്നില്ല. അതുപോലെ തനിക്കും കിട്ടണമെന്നു മാത്രമേ ആഗ്രഹിക്കുന്നുള്ളു. ഒരു പണ്ഡിതന്റെ നല്ല നില കണ്ടിട്ട് അങ്ങനെ ആകുവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി അസൂയ എന്നിവിടെ പറഞ്ഞല്ലോ. യാഥാർത്ഥത്തിൽ അത് അസൂയയാണോ? ഒരിക്കലുമല്ല. അപ്പോൾ ഇത് രണ്ടും അസൂയയാത് യാഥാർത്ഥത്തിലല്ല. രൂപത്തിൽ മാത്രമാണ് . ഇതുപോലെയാണ് തറവീഹിന്റെ ജമാഅത്തായത്. യഥാർത്ഥത്തിലല്ല. രൂപത്തിൽ മാത്രം.

ഇബ്രാഹീം നബി عليه السلام മൂന്ന് കളവ് പറഞ്ഞുവെന്ന് ഒരു ഹദീസുണ്ട്. ഭാര്യയെപ്പറ്റി സഹോദരിയെന്ന് പറഞ്ഞതാണ് ഒരു കളവ്. യഥാർത്ഥത്തിൽ ഇത് കളവാണോ? ഒരിക്കലുമല്ല. പ്രസംഗപീഠങ്ങളിൽവെച്ച് സഹോദരൻമാരേ എന്ന് വിളിക്കാറുണ്ടല്ലോ. സദസ്സിൽപിതാവ്, മതാവ്, ഭാര്യ, മക്കൾ തുടങ്ങിയവരുണ്ടാവുമല്ലോ. അവരൊക്കെ സഹോദരൻമാരാണോ? അത് കളവാണോ? അല്ല. അപ്പോൾ ഇബ്റാഹീംനബി عليه السلام ന്റെ വാക്ക് കളവായത് രൂപത്തിൽ മാത്രമാണ്. യഥാർത്ഥത്തിലല്ല. പിന്നെ ഒന്ന്:- എനിക്ക് സുഖമില്ല എന്ന് ഇബ്റാഹീംനബി عليه السلام പറഞ്ഞതാകുന്നു തന്റെ പിതാവും കുടുംബങ്ങളും നാട്ടുകാരും വിഗ്രഹങ്ങൾക്ക് വഴിപാട് നടത്തി ഉപേക്ഷിച്ചുപോയ നിവേദ്യങ്ങൾ കണ്ട് അവരുടെ വഴികേടിനെപ്പറ്റി ചിന്തിച്ച് നബി അവർകൾ വളരെയധികം മനഃക്ലേശം അനുഭവിച്ചു ക്ളേശഭാരത്താൽ ക്ഷീണവും അനുഭവിച്ചിട്ടുണ്ടായിരിക്കും. അങ്ങനെയാണ് എനിക്ക് സുഖമില്ല എന്ന് പറഞ്ഞത്. അപ്പോൾ അത് കളവല്ല. കളവായത് രൂപത്തിൽമാത്രം യഥാർത്ഥത്തിലല്ല ഖുർആനിലും ഹദീസിലും ഇതുപോലെ ഇനിയും ധാരാളം ഉദാഹരണങ്ങൾ കാണാം.

## വിശ്വാസങ്ങളിലെ ബിദ്അത്ത്

ബിദ്അത്ത് രണ്ടുവിധമെന്നു പറഞ്ഞു. ഒന്ന്: ആചാരപരം. അത് വിവരിച്ചു. ഇനി വിശ്വാസപരമായ ബിദ്അത്തിനെപ്പറ്റി പറയാം നമ്മുടെ

മതരംഗത്ത് വിശ്വാസവിഭാഗം വളരെ അലങ്കോലപ്പെടുകയും, കലങ്ങിമറിയുകയും ചെയ്തിരിക്കുന്നു.

## 1 അല്ലാഹു മുകളിൽ

മതത്തിന്റെ ആത്മാവിനെ ബാധിച്ച അതിമാരകമായ കാൻസറാണ് വിശ്വാസപരമായ ബിദ്അത്ത്. ഈ കാൻസറിന്റെ കാഠിന്യം മനസ്സിലാക്കുന്നതിന് ഒരു ഉദാഹരണം പറയുന്നു: "ഒരു സഹാബിക്ക് ഒരു മുസ്‌ലിം അടിമയെ മോചിപ്പിക്കേണ്ട ആവശ്യം നേരിട്ടു. അദ്ദേഹം ഒരു അടിമസ്ത്രീയെയും കൊണ്ട് നബി ﷺ യുടെ അടുക്കൽ വന്നു. അവൾ മുസ്‌ലിംതന്നയാണോ എന്ന് പരിശോധിച്ച് തീരുമാനംകൊടുക്കുവാൻ നബിയോടാവശ്യപ്പെട്ടു. നബി ﷺ ആ സ്ത്രീയോട് ചോദിച്ചു. അല്ലാഹു എവിടെ? എന്ന്. അപ്പോൾ അവൾ ആകാശത്തിലേക്ക് ചൂണ്ടിക്കാട്ടി. പിന്നെ ഞാനാരാണെന്ന് ചോദിച്ചു. അല്ലാഹുവിന്റെ റസൂൽ എന്ന് അവൾ പറഞ്ഞു. അവൾ സത്യവിശ്വാസിനിയാണെന്ന് നബി ﷺ വിധിക്കുകയും, അങ്ങനെ അദ്ദേഹം അവളെ മോചിപ്പിക്കുകയും ചെയ്തു. ഇമാം മുസ്‌ലിം ഈ ഹദീസ് രേഖപ്പെടുത്തിയിരിക്കുന്നു, അഹ്‌ലുസ്സുന്നത്ത് ഈ ഹദീസിനെ നേർക്കുനേരെ സ്വീകരിച്ചിരിക്കുന്നു. അതായത് അല്ലാഹു എവിടെ എന്ന് ചോദിക്കുന്നതിനെപ്പറ്റി അവർ ആക്ഷേപിക്കുകയില്ല. അല്ലാഹു ആകാശത്തിലാണെന്ന് വിശ്വസിക്കുന്നതിൽ യാതൊരു ദോഷവും അവർ കാണുന്നില്ല. പരിശുദ്ധ ഖുർആനിലും, സ്വഹീഹായ ഹദീസുകളിലും അല്ലാഹുവിനെസംബന്ധിച്ച് എന്താണോ പറഞ്ഞത്, എത്രത്തോളമാണോ പറഞ്ഞത് അത് അത്രത്തോളം സ്വീകരിക്കുന്നവരാണ് അഹ്‌ലുസ്സുന്നത്ത്. യാതൊന്നും അവർ വ്യാഖ്യാനിക്കുകയില്ല; വന്നുകിട്ടിത് അതോന്നും അവർ കുടുതൽ വിശദീകരിക്കുകയുമില്ല. വന്നുകിട്ടിയത് അതേ രൂപത്തിൽ ഉറപ്പിക്കുവാൻവേണ്ടി വിശദീകരണവും ന്യായീകരണവും നൽകാമെന്ന് മാത്രം. അതിന്റെ ആവശ്യം നേരിടുമ്പോൾ. അതിനാൽ അല്ലാഹു ആകാശത്തിലാണെന്ന് വിശ്വസിക്കലും ആ അർത്ഥത്തിൽ ആംഗ്യം കാണിക്കലുമൊക്കെ അഹ്‌ലുസ്സുന്നത്തിന്റെ നിലപാടാകുന്നു. എന്നാൽ നമ്മുടെ സുന്നീമുസ്‌ലിയാക്കളാകട്ടെ, അല്ലാഹു എവിടെയെന്ന് ചോദിക്കാൻ പാടില്ലെന്ന് വാദിക്കുന്നു. ആകാശത്തിലാണെന്നു പറഞ്ഞാൽ ഈമാൻ തെറ്റി കാഫിറായിപ്പോകുമെന്ന് ജൽപിക്കുന്നു. അപ്പോൾ പ്രസ്തുത ഹദീസിൽകണ്ട പ്രകാരം നബി ﷺ ചോദിച്ചതിനെപ്പറ്റി അവർ എന്തായിരിക്കും പറയുക? ആ സ്ത്രീ സത്യവിശ്വാസിനിയെണെന്ന് വിധിക്കുവാൻ ആധരാമായ തെളിവെന്തെന്ന് നോക്കുക. അല്ലാഹു ആകാശത്തിലാണെന്ന് അവൾ വിശ്വസിക്കുന്നു. മുഹമ്മദ് നബി ﷺ റസൂലാണെന്നു വിശ്വസിക്കുന്നു. ഈ തെളിവ് കൊണ്ട് നബി ﷺ തൃപ്തിപ്പെട്ടു. ഇന്നാകട്ടെ ആദ്യവിശ്വാസം കുഫ്‌രിയ്യത്താണെന്നു വാദിക്കപ്പെടുന്നു. എത്ര ഗുരുതരമായ പാടു

മാറ്റം! എന്റെ ചെറുപ്പകാലത്ത് ഇംഗ്ലീഷ് പഠിക്കുന്നത് ഹറാമാണെന്നു മുസ്‌ലിയാക്കൾ പറഞ്ഞിരിന്നു. അതിന് അവർ പറഞ്ഞ ഒരു കാരണം ഇംഗ്ലീഷ്പുസ്തകത്തിൽ അല്ലാഹു ആകാശത്തിലാണെന്ന് പറഞ്ഞിട്ടുണ്ടെന്നാ കുന്നു. അന്ന് ഞാനത് വിശസിച്ചുപോയി. ആ ജാഹിലിയ്യത്തിൽനിന്ന് മോചനം ലഭിച്ചതിന്ശേഷം ഖുർആൻ ഓതിയപ്പോൾ സൂറത്തുൽ മുൽക്കിൽ "മൻ ഫിസ്സമാഇ" എന്നു രണ്ടു തവണ വന്നിട്ടുള്ളത് എന്റെ ശ്രദ്ധയിൽപെട്ടു. ആകാശത്തിലുള്ളവൻ എന്നാണ് ആ പദത്തിന്റെ അർത്ഥം അല്ലാഹുവിനെ സംബന്ധിച്ചാണ് ആ പറഞ്ഞത്. വാചകഘടന അത് തെളിയിക്കുന്നു. അപ്പോൾ ഒരു ഇംഗ്ലീഷ് പുസ്തകത്തിൽ അല്ലാഹു ആകാശത്തിലാണെന്ന് പറഞ്ഞതിനാൽ ഇംഗ്ലീഷ് ഭാഷ പാടില്ലെന്ന് പറയുന്ന മുസ്‌ലിയാക്കൾ ഖുർആൻ പഠിക്കുന്നതിനെപറ്റിയും അറബിഭാഷ പഠിക്കുന്നതിനെപറ്റിയും എന്തായിരിക്കും പറയുക? യഥാർത്ഥത്തിൽ അല്ലാഹു ആകാശത്തിലാണെന്നുള്ളത് ഒരു പച്ചപ്പരമാർത്ഥമാകുന്നു.അത് അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസവുമാകുന്നു. ഖുർആനിലും ഹദീസിലുമുള്ള തെളിവുകൾക്ക് പുറമെ പ്രകൃതിയിലും അതിന് തെളിവുണ്ട്. ഊമകൾ അല്ലാഹുവിനെ ഉദ്ദേശിച്ച് ആംഗ്യം കാണിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? ചൂണ്ടാണിവിരിൽ മേൽപോട്ട് ചൂണ്ടിക്കാട്ടുകയാണ് ഇവർ ചെയ്യുന്നത്. ഇതിൽ രണ്ടു സംഗതികൾ ഉണ്ട്. ഒന്ന് അല്ലാഹു മേലെയാണ്, അഥവാ ആകാശത്തിലാണ് എന്ന്. രണ്ട് അല്ലാഹു ഏകനാണെന്ന് ഈ രണ്ടു വിഷയവുമ ഇവർ എവിടെനിന്നാണ് പഠിച്ചത്? ആരാണ് പഠിപ്പിച്ചത്? അങ്ങനെയൊന്നുമല്ല. ജന്മവാസനയാണ്; പ്രകൃതിദത്തമാണ്. ഈ പ്രകൃതിയെ അലങ്കോലപ്പെടുത്തരുതെന്നാണ് അല്ലാഹു കൽപിക്കുന്നത്.

സത്യവിശ്വാസികൾക്ക് കൂടുതൽ വെളിച്ചംനൽകുന്ന രണ്ടു വിഷയങ്ങൾകൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

**ഒന്ന്:** മുഅ്മിനുകൾ പ്രാർത്ഥിക്കുമ്പോൾ മേൽപോട്ട് കൈ ഉയർത്തുന്നല്ലോ. മുകളിൽനിൽനിന്നു ഇറങ്ങിവരുന്ന എന്തോ സാധനം ഏറ്റുവാങ്ങുവാനെന്നവണ്ണം രണ്ടുകയ്യും കൂടി ഒരു പാത്രത്തിന്റെ രൂപത്തിൽ കൂട്ടിപ്പിടിക്കുന്നു. ഇതിന്റെ കാരണമെന്തന്ന് നിർമ്മലമായ മനസ്സുകൊണ്ട് ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഈ പ്രാർത്ഥനകേട്ട് ആവശ്യം നിറവേറ്റിക്കൊടുക്കുന്ന അനുഗ്രഹകർത്താവ് മേൽഭാഗത്താകുന്നു എന്ന്.

**രണ്ട:** മഹാകാരുണികനായ അല്ലാഹു മുഹമ്മദ് നബിയെ അവന്റെ മഹോന്നതമായ സന്നിധാനത്തിലേക്കുക്ഷണിച്ചുവരുത്തിയ മിഅ്റാജിന്റെ സംഭവം എല്ലാവരും അറിയുമല്ലോ. കൂടിക്കാഴ്ച നടന്നിട്ടുണ്ടോ എന്നകാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇബ്നുഅബ്ബാസ് رضي الله عنه പറയുന്നത് നബി ﷺ അല്ലാഹുവിനെ കണ്ടു എന്നാണ്. ആഇശ رضي الله عنه പറ

യുന്നത് കണ്ടിട്ടില്ല എന്നുമാണ്. സംഭാഷണം നടന്നു എന്നതിൽ യാതൊ രഭിപ്രായവ്യത്യാസവുമില്ല. മിഅ്റാജിന്റെ വിവരം പറയുന്നേടത്ത് നബി ﷺ യെ ആകാശത്തിലേക്ക് കൊണ്ടുപോയി എന്ന് വ്യക്തമാക്കിയിരിക്കു ന്നു. നബി ﷺ നടത്തിയത് ശാരീരികയാത്രതന്നെയാണെന്നുള്ളതാണ് സത്യം. ഏതായാലും ഈ സംഭവത്തിൽനിന്നു അല്ലാഹു മേൽഭാഗത്താ ണെന്ന് അങ്ങേയറ്റം തെളിയുന്നു.അല്ലെങ്കിലെന്തിനു മേൽപോട്ട് നബി ﷺ യെ കൊണ്ടുപോകണം?

ഇസ്‌ലാമിൽ നാം നിരുപാധികം മാതൃകയായി സ്വീകരിക്കേണ്ട പുണ്യപ്രവാചകൻ ഒരാളെ മുസ്‌ലിമായി അംഗീകരിക്കുന്നതിന് അല്ലാഹു ആകാശത്തിലാണെന്നും മുഹമ്മദുനബി റസൂലാണെന്നുമുള്ള വിശ്വാസം മതിയായ തെളിവായി സ്വീകരിച്ചു. ഇന്നിപ്പോൾ അതിനെപ്പറ്റിയുള്ള കണ ക്കുകൂട്ടൽ നേരെമറിച്ചായിത്തീർന്നിരിക്കുന്നു. ഇതിനേക്കാൾ ഭയങ്കരമായ ഉലാലത്ത് ഇനിയെന്താണ്.?

## 2. അൻപത് അഖീദ

അൻപത് അഖീദ പഠിക്കാതെ ഒരാളും മുസ്‌ലിമാകയില്ലപോൽ. ഞാൻ പള്ളിദർസിൽ കിതാബ് ഓതിക്കൊണ്ടിരിക്കുന്ന കാലത്ത്, അൻപത് അഖീദ ക്രമപ്രകാരം കാണാപാഠമാക്കാൻവേണ്ടി വളരെയധികം ബുദ്ധി മുട്ടിയിട്ടുണ്ട്. അത് വേഗം ശരിയാകാത്തതിൽ വളരെയധികം മനഃപ്രയാസം ഉണ്ടായിട്ടുണ്ട്. അവസാനം 'കിഫായത്തുൽ അവാമ്മി' എന്ന പദ്യകിതാബിലെ വരികൾ ഹൃദിസ്ഥമാക്കി രക്ഷപ്പെട്ടു. അത് വലിയ ഒര നുഗ്രഹമായി കണക്കാക്കി. എന്റെ വന്ദ്യമാതാവിനോട് നിങ്ങൾ അൻപത് അഖീദ മനഃപാഠമാക്കിയിട്ടുണ്ടോയെന്ന് ഞാൻ ചോദിച്ചു. ഇല്ലെന്ന് മാത്ര മല്ല, അതിനെപ്പറ്റി ഒന്നും അറിയുകയുമില്ല. പിതാവും അങ്ങനെതന്നെ. സഹോദരങ്ങളും അതെ. അപ്പോൾ ഇവരെയെല്ലാം മുസ്‌ലിംകളായി കണ ക്കാക്കുന്നതെങ്ങനെയെന്നത് വലിയ ഒരു ചിന്താവിഷയമായി. എല്ലാവരും തീരാദുഃഖത്തിലായി.

ഇങ്ങനെ അത്യധികം മനോവേദനയോടും, അമ്പരപ്പോടുംകൂടി കഴിഞ്ഞുകൂടിയ കാലത്താണ് ബഹുമാനപ്പെട്ട ഇമാം ഗസ്സാലിയുടെ 'ഇഹ്‌യാഅ്' ഞാൻ ഓതിയത്. അതിൽ വിശ്വാസകാര്യങ്ങൾ വിവരിച്ചേ ടത്ത് അൻപത് അഖീദ കണ്ടില്ല. അൻപതു അഖീദയെപ്പറ്റി യാതൊന്നും കണ്ടില്ല. അപ്പോൾ കുറേ ആശ്വാസമായി. എന്നാലും ഒരു ചിന്താകുഴപ്പം ബാക്കി. നമ്മുടെ ആലിംകളുടെ നിലയെന്താണെന്ന്. അങ്ങനെ ചിന്തിച്ചു കൊണ്ടിരുന്ന കാലത്താണ്, പഴയ ജാഹിലിയ്യത്തിന്റെ ചുറ്റുപാടിൽ നിന്ന് മോചനം നേടി പുതിയതെന്ന് വെറുതെ പറയപ്പെടുന്ന ഏറ്റവും പഴയ

യഥാർത്ഥ ഇസ്ലാമിലേക്കു ഞാൻ മാറിയത്. അനന്തരം മൗലാനാ ചാലില കത്ത് കുഞ്ഞഹമ്മദ് ഹാജി അവർകൾ പ്രാഥമിക മദ്രസകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി തയ്യാറാക്കിയ ദീനിയ്യാത്ത് എന്ന ചെറുപുസ്തകം കണ്ടു. അൻപത് അഖീദ അതിലും ഇല്ല. അങ്ങനെ വലിയ മനഃസ്സമാധാനമുണ്ടായി.

വിശ്വാസ വിഭാഗത്തിൽ കടന്നുകൂടിയ വലിയ ബിദ്അത്താണ് ഈ അൻപത് അഖീദ. ഇതിന്റെ ഉള്ളടക്കം ഒന്നു പരിശോധിച്ചുനോക്കാം. വിശ്വാസത്തിന്റെ ആവശ്യം ഇതുകൊണ്ട് നിറവേറുന്നില്ലെന്നു ആദ്യംതന്നെപറഞ്ഞുകൊള്ളട്ടെ. നാം ഏതൊരവസ്ഥയിലായാലും എത്ര കഠിനമായ ഇരുട്ടിലായാലും അല്ലാഹുവിന്റെ കാഴ്ചയിൽനിന്നു മറയുക സാദ്ധ്യമല്ല. നമ്മെ സംരക്ഷിക്കുകയും അങ്ങേയറ്റം സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ യജമാനനായ അല്ലാഹുവിന്റെ കൽപനകളെ ധിക്കരിക്കൽ മഹാ അപകടമാണ്. അവനെ നാം ഭയപ്പെടുകയും അവന്റെ മുമ്പിൽ നാം ലജ്ജിക്കുകയും അങ്ങേയറ്റം അവനെ സ്നേഹിക്കുകയും ചെയ്യേണ്ടതാണ്. അവന്റെ രക്ഷയല്ലാതെ നമുക്ക് യാതൊന്നും ആശിക്കാനില്ല. അവന്റെ ശിക്ഷയല്ലാതെ ഭയപ്പെടാനുമില്ല. മറ്റുള്ളവരുടെ ഉപകാരവും ഉപദ്രവവും നിയന്ത്രിക്കാൻ കഴിയുന്നവനാണവൻ. നാം മനസ്സിൽ വിചാരിക്കുന്നതുപോലും അവൻ അറിയുന്നു. എല്ലാ ബന്ധുക്കളും സ്നേഹിതന്മാരും അകന്നുപോകുകയും അവൻമാത്രം ബാക്കിയാവുകയും ചെയ്യും. അതുകൊണ്ട് അവന്റെ തൃപ്തിക്കുവേണ്ടി ഏതു കഷ്ടവും നഷ്ടവും സഹിക്കാം. നമുക്ക് അവന്റെ തൃപ്തികിട്ടിയാൽ മതി. ഈ നിലയിലുള്ള മാനസികനിലപാടാണ് വിശ്വാസത്തിന്റെ ഫലമായുണ്ടാകേണ്ടത്. അതുപോലത്തന്നെ, പ്രവാചകന്മാരോട് മറ്റേതൊരു സൃഷ്ടിയേക്കാളും കൂടുതൽ സ്നേഹവും ബഹുമാനവും അവരെ പിന്തുടർന്നു ജീവിക്കുന്നതിനുള്ള ഉത്സാഹവും നമ്മുടെ മനസ്സിൽ സ്ഥലംപിടിക്കണം. അവരെ നിരാകരിക്കൽ സർവ്വനാശത്തിനും കാരണമാണെന്ന് ബോദ്ധ്യമാകണം. അവരുടെ മാതൃകക്ക് വിപരീതമായി കാണുന്നത് എത്ര ആകർഷകമായാലും അതിനെ വെറുക്കണം. ഇതാണ് പ്രാവാചകന്മാരെ സംബന്ധിച്ചുള്ള വിശ്വാസത്തിന്റെ അനിവാര്യമായ അനന്തരഫലം. അൻപത് അഖീദമുഖേന ഇതൊന്നും നിറവേറുന്നില്ല.

അൻപത് അഖീദയിൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് വളരെ അപര്യാപ്തമായ നിലയിലാകുന്നു. ഉദാഹരണം: അല്ലാഹു അന്ധനല്ല, മൂകനല്ല, ബധിരനല്ല, അൻപതിൽ ആറെണ്ണമാണിത്. ബിദ്ധിയുള്ളവരേ, ഒന്നു ചിന്തിക്കുമോ? ചക്രവർത്തിമഹാരാജാവ് നമ്മുടെ നാട്ടിൽ എഴുന്നെള്ളിയെന്ന് വെക്കുക. അദ്ദേഹത്തിനു സ്വീകരണം നൽകാൻ ഒരു മഹാ സമ്മേളനം കൂടി. സ്വാഗതം പറയുകയും പരിചയപ്പെടുത്തുകയും ചെയ്തു

കൊണ്ട് ഒരാൾ പ്രസംഗിച്ചു. അതിൽ അദ്ദേഹം പറഞ്ഞു. "നമ്മുടെ ചക്രവർത്തിമഹാരാജാവ് അന്ധനല്ല, അദ്ദേഹത്തിന് അന്ധതയില്ല. അദ്ദേഹം ബധിരനല്ല. അദ്ദേഹത്തിന് ബധിരതയില്ല...." എങ്കിൽ എന്തായിരിക്കും നില.

എണ്ണം ഒപ്പിച്ചത് വളരെ വ്യഥാസ്ഥൂലവും നിരർത്ഥകവുമായ നിലയിലാകുന്നു. ഉദാ:- കാഴ്ചയെസംബന്ധിച്ച് നാലു അഖീദകൾ അക്കമിട്ട് പഠിക്കണം. ഒന്ന: അല്ലാഹു കാഴ്ചയുള്ളവനാകുന്നു. രണ്ട്: അല്ലാഹുവിന് കാഴ്ചയുണ്ട്. മൂന്ന്: അല്ലാഹു അന്ധനല്ല. നാല്: അല്ലാഹുവിന് അന്ധതയില്ല. നാലും ഒന്നല്ലേ. ഇൽമിനെപറ്റിയുമുണ്ട് നാലെണ്ണം. ഒന്ന്: അല്ലാഹു ആലിമാണ്. രണ്ട്: അല്ലാഹുവിന് ഇൽമുണ്ട്. മൂന്ന: അല്ലാഹു ജാഹിലല്ല. നാല: അല്ലാഹുവിന് ജഹ്ലില്ല. നാലും ഒന്നുതന്നെ. എണ്ണം പൂർത്തിയാക്കുന്ന കോലമാണിത്. 50ൽ 8 എണ്ണമാണ് മേൽപറഞ്ഞത്. എന്തിനുകൊള്ളും ഈ വിശ്വാസം! ഇത് ഇങ്ങനെ എണ്ണിപൂർത്തിയാക്കി മനഃപാഠമാക്കാതിരുന്നാൽ മുഅ്മിനാകയില്ലെന്ന് പറയുകയും ചെയ്യുന്നു! ഖുർആനിൽ നിന്നും ഹദീസിൽനിന്നും മതം പഠിക്കാത്തതിന്റെ ദോഷമാണിത്.

ഖുർആനിലും ഹദീസിലും അല്ലാഹുവിനെ സംബന്ധിച്ച് വളരെയധികം ആവർത്തിച്ചുപറഞ്ഞിട്ടുള്ള കാര്യമാണ് അവന്റെ കാരുണ്യം. മറ്റൊരു വിഷയം ഇത്രത്തോളം ആവർത്തിച്ചിട്ടില്ല. അതു ശരിക്ക് മനസ്സിലാക്കുകയും വിശ്വസിക്കുകയുംചെയ്യൽ വളരെ ആവശ്യമാണ്. ആ വിശ്വാസം മനുഷ്യന്റെ മനസ്സിൽ അല്ലാഹുവിനോട് സ്നേഹവും നന്ദിയും ഉളവാക്കുകയും സൂക്ഷ്മക്കേടും മര്യാദക്കേടും നിമിത്തം അല്ലാഹുവിന്റെ കാരുണ്യം നഷ്ടപ്പെട്ടുപോകുന്നതിനെപ്പറ്റി ഭയം ജനിപ്പിക്കുകയും ചെയ്യും. മനുഷ്യന്റെ ജീവിതത്തിൽ ഈ വിശ്വാസത്തിന്റെ സ്വാധീനം വിളയാടുമെന്നതിൽ സംശയമില്ല. അതുപോലെ അല്ലാഹുവിന്റെ കോപത്തേയും ശിക്ഷയേയും സംബന്ധിച്ച് ഖുർആനിലും ഹദീസിലും വളരെയധികം പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റിയുള്ള വിശ്വാസം മനുഷ്യന്റെ ആട്ടവും അനക്കവും നിയന്ത്രിക്കുവാൻ പര്യാപ്തമാണ്. ഇങ്ങനെയുള്ള യാതൊന്നും 50 അഖീദയിൽ പരാമർശിച്ചിട്ടില്ല. വെയിലത്തിട്ടാൽ ഉണങ്ങുകയില്ല, വെള്ളത്തിലിട്ടാൽ നനയുകയുമില്ല എന്നുപറഞ്ഞതുപോലെയാണ് 50 അഖീദയുടെ സ്ഥിതി.

50 അഖീദാ ബിദ്അത്ത് മതവിശ്വാസത്തിൽ കടന്നുകൂടി വളരെ ശക്തിയായി പടർന്നുപിടിച്ചിരിക്കുന്നു. അതുസംബന്ധിച്ച് ധാരാളംഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും പ്രചാരമുള്ള ഒന്നാണ് സനൂസി എന്ന പേരിലറിയപ്പെടുന്ന കിതാബ്. അതിന്റെ പ്രചാരം വിപുലമാക്കാൻവേണ്ടി എന്തെല്ലാം കളവുകളാണ് കെട്ടിച്ചമച്ചിരിക്കുന്നത്. ഇബ്റാഹീം നബി عليه السلام ആത്മലോകത്തു കുട്ടികൾക്ക് സനൂസീ

ദർസ് നടത്തുന്നുണ്ടെന്ന് പറഞ്ഞുപരത്തിയിരിക്കുന്നു. ഖബ്റിൽവെച്ച് ഒരാളെ മലക്കുകൾ ചോദ്യംചെയ്തപ്പോൾ എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം നൽകിയെങ്കിലും സനൂസി ഓതീട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നു മറുപടിപറഞ്ഞതു നിമിത്തം അടിച്ചു എന്നൊരു കഥയുണ്ട്. പാവങ്ങളെ വശീകരിക്കാൻ ഇതിലപ്പുറം എന്തുവേണം.

എന്തായാലും ഈ ബിദ്അത്ത് മുഖേന ഈമാൻതെറ്റിപ്പോകയില്ലെന്ന് ആശ്വസിക്കാം. എന്നാൽ ഈമാൻ തെറ്റിപ്പോകുന്ന ബിദ്അത്തും ഉണ്ട്. അതാണ് ഏറ്റവും ഭയങ്കരമായത്.

## ഇടയാളൻമാർ

അല്ലാഹുവിന്റെ അടുക്കലേക്ക് മദ്ധ്യസ്ഥന്മാരും ശുപാർശക്കാരും കൂടാതെ ഒക്കുകയില്ല എന്നുള്ളത് മനുഷ്യനെ കാഫിറാക്കുന്ന ബിദ്അത്താകുന്നു. സുന്നീമുസ്‌ലിയാക്കൾ ഈ വിശ്വാസക്കാരാകുന്നു. ഇത് ഭയങ്കരമായ കുഫ്റാണെന്നതിൽ അഭിപ്രായവ്യത്യാസമില്ലെന്ന് ഇമാം ഇബ്നുഹജർ ഹൈതമീ 'അൽഇഅ്ലാമി'ൽ പറഞ്ഞത് വളരെ ശരിയാകുന്നു. എല്ലാ പ്രവാചകന്മാരും പ്രബോധനംചെയ്തിട്ടുള്ള അടിസ്ഥാനതത്വത്തിന് കടകവിരുദ്ധമായി പുരാതനകാലംമുതൽക്കേ മുശ്രിക്കുകൾ പറഞ്ഞുപോന്നതിനെ ഇതു ശരിവെക്കുന്നു. അത് ന്യായീകരിക്കുവാൻവേണ്ടി അവർ വളരെയധികം സാഹസപ്പെടുന്നുണ്ട്. കൽപിച്ചുകൂട്ടി ഖുർആൻആയത്തുകളുടെ അർത്ഥം മാറ്റിയിട്ടുണ്ട്. കഷ്ടം! മഹാകഷ്ടം!. പണ്ഡിതന്മാരുടെ നില ഇങ്ങനെയിരിക്കെ ഈ സമുദായം എങ്ങനെ രക്ഷപ്പെടും? വിശ്വാസപരമായ ബിദ്അത്തുകൾ ഇനിയും വളരെ പറയാനുണ്ട്. അധികം ദീർഘിപ്പിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഇവിടെ അവസാനിപ്പിക്കുന്നു.

## തഖ്ലീദ്

ബിദ്അത്തിനെ സംബന്ധിച്ച വിവരണത്തിൽ നിന്ന് ബിദ്അത്ത് മൂന്നു വിധമുണ്ടെന്ന് മനസ്സിലാക്കാം.

തനി ശിർക്കും കുഫ്റുമായിട്ടുള്ളത് ഒന്ന്: ഇസ്തിഗാസ,നേർച്ച, മാല, മൗലിദ്, റാത്തീബ്, ജാറംകെട്ടിപൊന്തിക്കൽ, ജാറത്തിലേക്കുള്ള യാത്ര മുതലായതൊക്കെ ഈ ഇനത്തിൽ പെടുന്നു.

രണ്ട : ശിർക്കും കുഫ്റുമല്ല, പക്ഷെ കുഫ്റിലേക്ക് വഴിവെക്കും. അങ്ങനെ ഒരു വക. തഖ്ലീദ് ഈ ഇനത്തിൽപെട്ടതാണ്. ഇമാമിന്റെ അഭിപ്രായം തെളിവുനോക്കാതെ സ്വീകരിക്കലാണ് തഖ്ലീദ്. അദ്ദേഹം വിശ്വസ്തനും യോഗ്യനുമാണെന്നുള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ അഭി

പ്രായം സ്വീകരിക്കുന്നത്. അദ്ദേഹത്തെപ്പറ്റിയുള്ള മതിപ്പും ബഹുമാനവും ചിലപ്പോൾ അതിരുകവിഞ്ഞ് അപകടനില പ്രാപിക്കും. അതായത് അദ്ദേഹത്തിന്റെ അഭിപ്രായത്തിന്നെതിരായി ഖുർആനിൽനിന്നോ ഹദീസിൽനിന്നോ തെളിവുകിട്ടിയാൽ അത് അവഗണിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നതിന് ഇമാമിനോടുള്ള ബഹുമാനം പ്രേരിപ്പിക്കും. അത് കുഫ്റാണെന്നതിൽ യാതൊരുസംശയവുമില്ല. ഇമാമിന്റെ അഭിപ്രായം തെറ്റാണെന്ന് പറയുന്ന പക്ഷം അപകടം സംഭവിക്കുമെന്നും, ആ ഇമാമിന്റെ കുരുത്തക്കേടും ശാപവും ഏൽക്കുമെന്നും ഭയപ്പെടുന്നു. അദൃശ്യമായ മാർഗ്ഗത്തിൽ അപകടം ഭയന്നുകൊണ്ട് താഴ്മകാണിക്കൽ ശരിയായ ആരാധനയാണ്. അപ്പോൾ ഇവിടെ ശിർക്ക് വന്നുകൂടുന്നു. ഇമാമിന്റെ അഭിപ്രായം തള്ളിക്കളഞ്ഞതിനാൽ ഇമാം അവർകൾ തന്നോട് വെറുപ്പുവിചാരിക്കും എന്ന് മുഖല്ലിദ് ഭയപ്പെടുന്നു. അതിന് ഇമാം ഇതറിയണമല്ലോ. അത് അദൃശ്യജ്ഞാനമാണ്. അല്ലാഹു അല്ലാത്തവർ അദൃശ്യം അറിയും എന്ന് വിശ്വസിക്കൽ കുഫ്റാകുന്നു. ഈ നിലയിൽ തഖ്ലീദ് കുഫ്റിലേക്കും ശിർക്കിലേക്കും വഴിവെക്കുന്നു. തഖ്ലീദ് നിമിത്തം നമ്മുടെ സമൂഹത്തിൽ വിളയാടുയുന്ന മറ്റൊരു കുഫ്റിനെപ്പറ്റിയും നാം ഉണരേണ്ടതുണ്ട്. എന്റെ ഒരനുഭവം പറയുന്നു: ഞാൻ കൊച്ചി മട്ടാഞ്ചേരി പുതിയപള്ളിയിൽ ഇമാമായപ്പോൾ, എന്റെ മുൻഗാമി ചെയ്തിരുന്നതിന്നെതിരായി സുബ്ഹിനമസ്കാരത്തിൽ ഞാൻ ഖുനൂത്ത് ഉപേക്ഷിച്ചു. അത് വലിയ ഒച്ചപ്പാടിന് കാരണമായി. അടുത്തുതന്നെയുള്ള പഴയ പള്ളിയിൽ മുമ്പുതന്നെ ഖുനൂത്തില്ല. അതിനെപ്പറ്റി യാതൊരാക്ഷേപവുമില്ല. പുതിയപള്ളിയിൽ ഖുനൂത്ത് ഓതാത്തതിനെപ്പറ്റി വലിയആക്ഷേപം. പഴയ പള്ളിയിൽ ഖുനൂത്തോതാതെ നിൽക്കുന്ന മുസ്ല്യാർക്കുംകൂടി വലിയ ആക്ഷേപം. അപ്പോൾ ഇതിന്റെ കാരണമെന്താണെന്ന് ഞാനന്വേഷിച്ചു. ഇതിനു മറുപടികിട്ടിയതിപ്രകാരമാണ്. പഴയ പള്ളിയിൽ ഖുനൂത്തോതാത്തത് ഹനഫീമദ്ഹബിന്റെ അടിസ്ഥാനത്തിലാണ്. അതിനാൽ അത് സന്മാർഗ്ഗം. പുതിയ പള്ളിയിൽ ഖുനൂത്തോതാത്തത് നബിചര്യയുടെ അടിസ്ഥാനത്തിലാണ്. അതിനാൽ അത് ദുർമാർഗ്ഗം. ഇതാണ് നിലവിലുള്ള ചിന്താഗതി. ഇതിനേക്കാൾ നാശകരമായ വഴികേടും കുഫ്റും എന്താകുന്നു! വ്യക്തമായ കുഫ്റിന് വഴിവെച്ചത് തഖ്ലീദാണ്. ആളുകൾക്ക് പരിചയമില്ലാത്ത ഒരു സംഗതി ഒരാൾ ചെയ്താൽ എന്താണിങ്ങനെ ചെയ്യാൻ കാരണമെന്നു ചോദിക്കും. ഇന്ന മദ്ഹബിന്റെ അടിസ്ഥാനത്തിലാണെന്നു പറഞ്ഞാൽ സന്തോഷമായി. നബിചര്യയുടെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞാൽ ആക്ഷേപവും ആരോപണവുമായി. ഈ നില ഒരിക്കലും ശരിയല്ല. ശഹാദത്ത് കലിമക്കുതന്നെ എതിരാണിത്.

മൂന്ന്: ശിർക്കും കുഫ്റുമല്ല, ശിർക്കിലേക്കും കുഫ്റിലേക്കും വഴിവെക്കുകയുമില്ല. അങ്ങനെ ഒരിനമുണ്ട് ബിദ്അത്തിൽ. മയ്യിത്ത് കൊണ്ടുപോകുമ്പോൾ ദിക്ർ ചൊല്ലൽ, ഖബറടക്കിയതിനുശേഷം തൽഖീൽ ഫാത്തിഹയും മറ്റും ഓതി മയ്യിത്തിന് ഹദ്യഃ ചെയ്യൽ, ചാവടി യന്തിരം കഴിക്കൽ, ഖുത്ബഃ ഓതൽ, നമസ്കാരത്തിന്റെ പിറകെയുള്ള കൂട്ടുപ്രാർത്ഥന മുതലായതെല്ലാം ഈ ഇനത്തിൽ പെട്ടതാകുന്നു.

ഈ മൂന്നു ഇനങ്ങളും ദുർമാർഗ്ഗമാകുന്നു. "ഇങ്ങനെയുള്ളതിലൊന്നും അകപ്പെട്ടുപോകാതെ ഞങ്ങളെ കാക്കണേ" എന്നാണിവിടെ സദാപ്രാർത്ഥിക്കുന്നത്. എന്നിട്ടോ വളരെ വാശിയോടുകൂടി ബിദ്അത്തുകളിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു. എന്താണിതിന്റെ അർത്ഥം? വിവാഹം ചെയ്യുവാനും, വേണ്ടത് പ്രവർത്തിക്കുവാനും, ചുമതലകൾ വഹിക്കുവാനും, ബുദ്ധിമുട്ടുകൾ സഹിക്കുവാനും തയ്യാറാവാതെ മക്കളുണ്ടാവാൻവേണ്ടി പ്രാർത്ഥിക്കുന്നവൻ മഹാ വിഡ്ഢിയാകുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലാമയുടെ അൽബയാൻ മാസികയിൽ മുമ്പുവന്ന ഒരു വിഷയം ഇവിടെ എനിക്കോർമ്മവരുന്നു. " നബി ﷺ യുടേയും സഹാബികളുടെയും കാലത്ത് മയ്യിത്ത് കൊണ്ടുപോകുമ്പോൾ മൗനംദീക്ഷിക്കലായിരുന്നു പതിവ് " എന്ന് പത്രാധിപർ എഴുതി. ഈ ലേഖനം പുറത്തുവന്നപ്പോൾ സമൂഹം ആകെ ഇളകിവശായി. അടുത്തലക്കത്തിൽ ഒരു തിരുത്തൽ വന്നു. "നബി ﷺ യുടേയും സഹാബികളുടെയും കാലത്ത് നടപടി മൗനം ദീക്ഷിക്കൽതന്നെയായിരുന്നുവെങ്കിലും ഇന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ ഉറക്കെ കലിമചൊല്ലേണ്ടതാകുന്നു" എന്ന്. "അല്ലാഹുവേ കിത്താബും സുന്നത്തും അനുസരിച്ച് ഞങ്ങളെ ജീവിപ്പിക്കേണമേ" എന്ന് എല്ലാവരും പ്രാർത്ഥിക്കാറുണ്ട്. അതായത് "പരിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ളതനുസരിച്ചും നബി ﷺ യുടേയും സ്വഹാബികളുടേയും മാതൃകയനുസരിച്ചും ഞങ്ങളെ നടത്തേണമേ" എന്നു സാരം. എന്നാൽ ഈ പ്രാർത്ഥിക്കുന്നവരുടെ സ്വഭാവം എന്താണ്? മക്കളുണ്ടാകാൻവേണ്ടി പ്രാർത്ഥിക്കുന്നു. വിവാഹം ചെയ്യാൻ നിർബന്ധിച്ചാലും വഴിപ്പെടുകയില്ല. ഇതുപോലെത്തന്നെയാണ് ഇവിടെ നാം മനസ്സിലാക്കേണ്ടത്. നേർവഴിയിലാക്കിത്തരുവാനായി പ്രാർത്ഥിക്കുമ്പോൾ നേർമാർഗ്ഗം ഏതാണെന്ന് പഠിക്കുവാനും അവലംബിക്കുവാനും നാം പരിശ്രമിക്കേണ്ടതാകുന്നു. അല്ലാഹുവിന്റെ കോപത്തിന് പാത്രമായവരുടെ വഴിയിൽനിന്ന് രക്ഷപ്പെടുത്തുവാൻ വേണ്ടി പ്രാർത്ഥിക്കുമ്പോൾ അല്ലാഹുവിന്റെ കോപകാരണങ്ങളെകുറിച്ച് പഠിക്കുകയും കഴിവത് സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു. വഴിപിഴച്ചവരുടെ മാർഗ്ഗത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനായി പ്രാർത്ഥിക്കുമ്പോൾ ദുർമാർഗ്ഗങ്ങൾ ഏതെല്ലാ മാണെന്ന് പഠിക്കുകയും

ശരിക്ക് സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു. ഇതൊന്നും കൂടാതെ മന സ്സറിയാത്തനിലയിൽ നാവിന്റെ മുനകൊണ്ട് പ്രാർത്ഥനാവചനം ഉരുവിടു ന്നതിൽ യാതൊരർത്ഥവുമില്ല. ഉദാഹരണത്തിൽ സൂചിപ്പിച്ചതുപോലെ അത് മഹാവിഡ്ഢിത്തമാകുന്നു.

നമസ്കാരത്തിന് പറഞ്ഞ സൽഫലം നമുക്കനുഭവപ്പെടാത്ത തിന്റെ കാരരണം ഇവിടെ മനസ്സിലാക്കുക. ഹൃദയസാന്നിധ്യത്തോടെ ഫാത്തിഹ ഓതി നമസ്കരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. അതിന്റെ ദൂരവ്യാപകമായ നല്ല പ്രതികരണങ്ങൾ നമ്മുടെ ജീവിതത്തിൽ വിളയാടുമാറാവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ!

# ഫാത്തിഹയുടെ തീരത്ത്

കെ. ഉമർ മൗലവി

അനുവാചകന്റെ മനസ്സിൽ ജ്ഞാനത്തിന്റെയും
ചിന്തയുടെയും തേൻതുള്ളികൾ ഉറ്റിക്കുന്ന
ആദർശ വിശുദ്ധിയുടെ മഹിതഭാവം
പ്രകടമാക്കുന്ന ഉത്തമകൃതി.

പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുള്ള
ഒരു മഹാതൂലികയിൽനിന്നും ഉതിർന്നുവീണ
അക്ഷരമുത്തുകളാണ് ഇതിലെ ഓരോ വരിയും

ഗ്രന്ഥകർത്താവിനോടൊപ്പം വിജ്ഞാനപർവത്തിൽ
ജീവിക്കുകയാണെന്ന പ്രതീതി
അനുവാചകർക്ക് ഈ കൃതി പ്രദാനം ചെയ്യുന്നു

KNM
PUBLISHING WING
KERALA NADVATHUL MUJAHIDEEN

**കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്**
മുജാഹിദ് സെന്റർ, കോഴിക്കോട് - 2